SREERAJAN
KALADY

കലാകൗമുദി

309

എല്ലാ ഞായറാഴ്ചയും പ്രസിദ്ധപ്പെടുത്തുന്നത്
ജൂലൈ 26, 1981
വില: 1 രൂപ 30 പൈസ

എഡിറ്റർ: എം. എസ്. മണി
സഹപത്രാധിപന്മാർ:
എസ്. ജയചന്ദ്രൻ നായർ
എൻ. ആർ. എസ്. ബാബു

കൗമുദി ന്യൂസ് സർവീസിന്റെ സ്പെഷ്യൽ ഫീച്ചർ

ആടിക്കാറുകൾ എവിടെപ്പോയി? 5

മിഥുനമായി. കാലവർഷം ഒളിച്ചുകളിക്കുന്നതേയുള്ളൂ. ഈ മഴക്കാലം കളിപ്പിക്കുമോ? കൗമുദി ന്യൂസ് സർവീസിന്റെ വിശകലനം.

സ്പെഷ്യൽ റിപ്പോർട്ട്

വി. സി. വിപ്ലവം 8

കേരള യൂണിവേഴ്സിറ്റി വൈസ് ചാൻസലർ നിയമനത്തെപ്പറ്റി ഉയർന്നുവന്ന വിവാദത്തെക്കുറിച്ച് ശ്രീ. പി. ഫസിലുദീൻ എഴുതുന്നു.

കർണ്ണാടകത്തിലെ കള്ളച്ചാരായദുരന്തം 10

പാവങ്ങൾക്ക് ഒരല്പം ആശ്വാസം നൽകിയിരുന്ന മദ്യം മരണമായി മാറിയപ്പോൾ, ബാംഗ്ളൂരിന്റെ തെരുവുകളിൽ മൃതദേഹങ്ങളെക്കൊണ്ട് നിറഞ്ഞു. ഇന്ത്യയിലെ ഏറ്റവും വലിയ മദ്യദുരന്തത്തെപ്പറ്റി.

**പൂക്കച്ചവടം
അമേരിക്കൻ സ്റ്റൈൽ 15**

അമേരിക്കയിൽ വൻ ബിസിനസ്സായി മാറിയ പൂന്തോട്ടക്കൃഷിയാണ് ഈ റിപ്പോർട്ടിൽ ചർച്ച ചെയ്യുന്നത്.

**ആ വീട്ടിലേക്ക് ഞാൻ
എങ്ങനെ മടങ്ങും 16**

പണത്തിനുവേണ്ടി ആരെയും കൊല്ലാൻ മടിക്കാത്തവർ പെൻഷൻപറ്റിയ ഒരു അദ്ധ്യാപകന്റെ ശേഷിച്ച ജീവിതത്തെ ദുഃഖമയമാക്കി. ആ സംഭവത്തെക്കുറിച്ച്.

ആചാര്യനില്ലാത്ത ആശ്രമം 22

പൂനയിലെ രജനീഷ് ആശ്രമം സന്ദർശിച്ച ശ്രീ. എൻ. പി. ഹാഫിസ് മുഹമ്മദിന്റെ റിപ്പോർട്ട്.

കവിത

ഉഴുത്രവാരിയരും ഉണ്ണിക്കണ്ണനും
സാമൂതിരിപ്പാട്ടും ശ്രീ. എം. ഗോവിന്ദൻ 26

നോവലെറ്റ്

പാവങ്ങളുടെ പാഞ്ചാലി
ശ്രീ. ജോസഫ് വൈറ്റില 32

ലേഖനം

നൂറു പൂക്കൾ വിരിയട്ടെ
ശ്രീ. എം. പി. നാരായണപിള്ള 20
കവിയും കവിതയും സ്വക്ഷേത്രത്തിൽ
ഡോ: കെ. രാഘവൻപിള്ള 24
കടലിലെ താറാവ്
ശ്രീ. കെ. രാജേന്ദ്രബാബു 28

കഥ

വിശപ്പ് ശ്രീ. നീല പത്മനാഭൻ 30
പുനർജന്മം ശ്രീമതി ശോഭാ വാരിയർ 40

നോവൽ

അമ്മ ശ്രീമതി മഹാശ്വേതാദേവി
പരിഭാഷ: ശ്രീമതി ലീലാ സർക്കാർ 36
ദൈവമക്കൾ ശ്രീമതി സാറാ തോമസ് 38

യാത്രാവിവരണം

ഒരു മുത്തശ്ശി അമേരിക്കയിൽ
മിസസ് എം. പി. പോൾ 42

സിനിമ

മരിച്ചവന്റെ തിരിച്ചുവരവ്
കോഴിക്കോടൻ 46

പലവക

കത്തുകൾ 4
പുതിയ പുസ്തകങ്ങൾ കെ. എൻ. എസ്. 45
നിങ്ങളുടെ വീട്ടിൽ ഒരു ഡോക്ടർ
ഡോ: ജി. വേലായുധൻ എം. ഡി. 50

മുഖചിത്രം

ഫോട്ടോ: കെ. എൻ. എസ്. പിക്ചർ ഗ്യാലറി

കത്തുകൾ

മൗനം എന്ന കുററം

“...മൗനമായി അദ്ദേഹം അടിയന്തരാവസ്ഥക്കാലത്തെ ഹീനപാതകങ്ങൾ നോക്കിനില്ക്കുകയാണുചെയ്തതു്. ഇത്തരുണത്തിൽ പ്രസിദ്ധമായൊരു ജർമ്മൻ നാടകമാണു് ഞാൻ ഓർക്കുന്നതു്. (അതിന്റെ പേരു മറന്നുപോയി) നാസിഭരണം. ഹിററ്ലർഭരണം. ജൂതന്മാരെ ഒന്നടങ്കം കൊന്നൊടുക്കിക്കൊണ്ടിരിക്കുന്നു. യൂറോപ്പാകെ മരവിച്ചുനിൽക്കുകയാണു്. മനുഷ്യസ്നേഹത്തിന്റെ പ്രതീകമായ യേശുദേവന്റെ പ്രതിപുരുഷനായ പോപ്പ്, ആ സംഭവങ്ങളെപ്പററി ഒരക്ഷരം ഉരിയാടിയില്ല. അർത്ഥഗർഭമായ ആ മൗനത്തിലൂടെ ഹിററ്ലറുടെ ചെയ്തികൾക്കു പോപ്പ് അംഗീകാരം നൽകിയെന്നതാണു് ആ നാടകത്തിൽ പ്രതിപാദിച്ചിട്ടുള്ളതു്. അടിയന്തരാവസ്ഥക്കാലത്തു് അച്ചുതമേനോന്റെ പങ്കും അതായിരുന്നില്ലേ?” (ജി. വി. മോഹൻദാസ്, പൂന. കലാകൗമുദി, ലക്കം 305) റോൾഫ് ഹൊഷുത്ത് എഴുതിയ ആ നാടകത്തിന്റെ പേർ: “പ്രതിപുരുഷൻ” (Deputy). “മൗനം എന്ന കുററം” എന്ന തലക്കെട്ടിൽ എം. ഗംഗാധരൻ ഈ നാടകത്തെക്കുറിച്ചു വിദഗ്ദ്ധമായി ഉപന്യസിച്ചിട്ടുണ്ടു് (സമീക്ഷ—ലക്കം 12. 1965). അതിലെ ചില ഭാഗങ്ങൾ ഇപ്പോഴും പ്രസക്തമാണു്.

“...നാസികളാൽ കൊല്ലപ്പെട്ട ജൂതന്മാരുടെസംഖ്യ 57 ലക്ഷത്തിലധികം വരുമെന്നു കണക്കാക്കിയിരിക്കുന്നു. യൂറോപ്പിലെ ജൂതന്മാരിൽ ഏഴിൽ ആറു വീതം ഇക്കാലത്തു കൊല്ലപ്പെട്ടു. ...മനുഷ്യസഹജമായ അനുകമ്പയുടെ പേരിലെങ്കിലും ഇതെല്ലാം തടയാൻ ഉത്തരവാദിത്വമുള്ള ആരും യൂറോപ്പിൽ ഉണ്ടായിരുന്നില്ലേ? ഈ ചോദ്യമാണു് റോൾഫ് ഹൊഷുത്ത് എന്ന ജർമ്മൻ യുവാവിനെ 1959–63–ൽ “പ്രതിപുരുഷൻ” എന്ന നാടകമെഴുതാൻ പ്രേരിപ്പിച്ചതു്. ഹൊഷുത്ത് കണ്ടെത്തിയതു് പലരേയും നടുക്കുന്ന വാസ്തവങ്ങളായിരുന്നു. നാസികളുടെ കീഴിൽ നടന്ന ഹീനമായ ജൂതവധം തടയാനുള്ള കെല്പും ഉത്തരവാദിത്വവും മാർപ്പാപ്പയ്ക്കുണ്ടായിരുന്നുവെന്നാണു് അന്വേഷണങ്ങൾക്കുശേഷം ഹൊഷുത്തിനു തോന്നിയതു്. 50 കോടി കത്തോലിക്കർ, ദൈവത്തിന്റെ പ്രതിപുരുഷനെന്നു കരുതി ആരാധിക്കുന്ന മാർപ്പാപ്പ, മനുഷ്യരുടെയെല്ലാം സാഹോദര്യത്തെ അടിസ്ഥാനമായി കരുതുന്ന ഒരു മതത്തിന്റെ സുശക്തമായ സംഘടനയുടെ അഗ്രിമസ്ഥാനത്തിരിക്കുന്ന മാർപ്പാപ്പ, ജൂതന്മാരുടെ കൂട്ടക്കൊലയ്ക്കെതിരായി എന്തുകൊണ്ടു് ശബ്ദമുയർത്തിയില്ലെന്ന ചോദ്യം തികച്ചും പ്രസക്തമാണെന്നു ഹൊഷുത്ത് മനസ്സിലാക്കി. ഹൊഷുത്തിന്റെ നാടകത്തിൽ മാർപ്പാപ്പ തിരുമേനി പീയൂസ് പന്ത്രണ്ടാമൻ പ്രതിക്കൂട്ടിലാണു്; പൈശാചികത്വത്തിനു മുമ്പിൽ മൗനം അവലംബിച്ചുവെന്നതാണു് കുററാരോപണം.

“മൗനം എന്ന കുററ”ത്തിന്റെ അവസാനഭാഗം പ്രത്യേകം ശ്രദ്ധേയമാണു്, അടിയന്തരാവസ്ഥയുടെ പശ്ചാത്തലത്തിൽ. “എന്നത്തേക്കാളുമധികം ഇന്നു്, പ്രത്യേകിച്ചും നമ്മുടെ നാട്ടിൽ നാടകത്തിന്റെ സന്ദേശം പ്രസക്തമാണു്. ലക്ഷക്കണക്കിനു സഹജീവികൾ വിവരിക്കാനാവാത്ത ദുരിതങ്ങളനുഭവിക്കുമ്പോൾ കുറച്ചുപേർ ഭോഗങ്ങളിൽ മുഴുകയെന്നതു് ഇന്നാട്ടിലെ സാധാരണ സംഭവമായിരിക്കുന്നു. ഇതിനെതിരായ സ്വരങ്ങൾ ഇന്നാട്ടിൽ ക്രമേണ നേർത്തുവരികയാണു്. ഒരർദ്ധനഗ്നന്റെ നേതൃത്വത്തിൽ നിരന്തരം സ്വരമുയർത്താൻ തുനിഞ്ഞിറങ്ങിയവർ പല സംഘടനകളിലായി കുടുങ്ങിക്കിടക്കുകയാണു്. പീയൂസ് പന്ത്രണ്ടാമനെപ്പോലെ തൽക്കാലം മൗനമാണു് ഭൂഷണമെന്നു വാദിക്കാനും ഇവരാരംഭിച്ചിരിക്കുന്നു. ഇന്നാട്ടിലെ ഭൂരിപക്ഷം ജനങ്ങൾ ദാരിദ്ര്യംകൊണ്ടു് മൃഗങ്ങളെക്കാൾ ഹീനമായ രീതിയിൽ ജീവിക്കുന്നതു് അടിയന്തരമായി അവസാനിപ്പിക്കണമെന്ന ബോധം പൊതുവേ നഷ്ടപ്പെട്ടിരിക്കയാണു്. അടിയന്തരാവസ്ഥ എന്നതു്, അതിർത്തിക്കപ്പുറത്തുള്ള ശത്രുക്കളോടു സമരം ചെയ്യുമ്പോൾ മാത്രമുണ്ടാകുന്നതാണെന്നാണു് പൊതുധാരണ. ഈ നില ദുസ്സഹമെന്നു കരുതി മൗനം ഭഞ്ജിക്കാത്ത നമ്മളോരുത്തരും—ഇന്നാട്ടിലെ ആത്മീയാഭ്യാസികളായ ആനന്ദന്മാരും ധർമ്മിഷ്ഠരായ മാധിപന്മാരുമടക്കം എല്ലാവരും—അടുത്തൊരു തലമുറയുടെ മുന്നിൽ അസഹ്യമായ അസമത്വത്തിൻമുന്നിലെ മൗനം എന്ന കുററം ആരോപിക്കപ്പെട്ടു് പ്രതിക്കൂട്ടിൽ നിൽക്കേണ്ടിവരില്ലെന്നു കരുതിക്കൂടാ.”

കെ. വി. ജോസഫ്,
കോഴിക്കോട്.

കോഴിക്കോടും കേണിച്ചിറയും

ചുവന്ന വാക്കുകൾകൊണ്ടു വായാടുന്നതിനിടയിൽ സച്ചിദാനന്ദൻ ചിലതൊക്കെ സൂചിപ്പിക്കുന്നു. ചാരുമജുംദാറെ താഴ്ന്ന ധൈഷണികതയുള്ള (ബുദ്ധികുറഞ്ഞ) ഒരു ആക്ടിവിസ്റ്റായി അദ്ദേഹം കണക്കാക്കുന്നു. ഉന്മൂലന–ഗറില്ലാസമരരൂപങ്ങളെ, വൈരാഗ്യംപോക്കുന്ന ഗൂഢവാദപരമായ പ്രവർത്തനങ്ങളായി മുദ്രയടിക്കുന്നു. ചാവേറുകളുടെ പാരമ്പര്യമുള്ള നമുക്കു ചേർന്നതു് നേരിട്ടു വെട്ടിമരിക്കുകയാണെന്നു് തട്ടിമൂളിക്കുന്നു. സർവ്വോപരി, ജനമർദ്ദകനായ മഠത്തിൽ മത്തായിയെപ്പോലുള്ള വ്യക്തികളോടുള്ള ഹിംസാത്മകമായ സമീപനവും വിപ്ലവാനന്തര ഫാസിസവുമായി ബന്ധമുണ്ടെന്നും ബഹുമാന്യനായ ഈ കവിക്കു ബുദ്ധി തോന്നുന്നു.

എന്നാൽ, പാവനനായ മററൊരു ‘വ്യക്തി’—കോഴിക്കോട്ടെ ഡോ: ജോർജ്—സാംസ്കാരികവേദിയുടെ നേതൃത്വത്തിൽ വിചാരണ ചെയ്യപ്പെട്ടതിൽ അദ്ദേഹത്തിനു സന്തോഷമുണ്ടു്. ഡോ: ജോർജ് ഒരു തവണയേ വിചാരണ ചെയ്യപ്പെട്ടുള്ളു. മഠത്തിൽ മത്തായി ആകട്ടെ, രണ്ടു തവണയും. അതിനുശേഷമാണു് അയാൾ കൊല്ലപ്പെടുന്നതു്.

കോഴിക്കോടും കേണിച്ചിറയും തമ്മിൽ വലിയ വ്യത്യാസമുണ്ടെന്നുള്ളതു പ്രകടമാണു്. ഡോക്ടർമാരുടെ അഴിമതി വളരെ വ്യാപകവും ഈ നാട്ടിലെ എല്ലാവർക്കും അനുഭവമുള്ളതുമാണു്. അതുകൊണ്ടുതന്നെ മുഴുവൻ നാടും ആ അഴിമതിവീരനെ അപമാനിച്ചതിൽ ആവേശംകൊണ്ടു. എന്നാൽ മഠത്തിൽ മത്തായിയെപ്പോലുള്ള ഫ്യൂഡൽ ചൂഷകർ നമ്മുടെ സംസ്ഥാനത്തു കുറവാണു്. കേരളത്തിൽ കാർഷികമേഖലയിലെ വർഗ്ഗബന്ധങ്ങളിലുണ്ടായ മാററമാണു് അതിനു കാരണം. ചിലയിടങ്ങളിലെ ചില വ്യക്തികളിലൂടെമാത്രം ഫ്യൂഡലിസം അതിന്റെ മൃഗീയരൂപത്തിൽ ഇവിടെ നിലനിൽക്കുന്നു. എങ്കിലും അതു വ്യാപകമല്ല. അതുകൊണ്ടുതന്നെ ഡോക്ടറുടെ വിചാരണയ്ക്കു കിട്ടിയമിതിരി ദേശവ്യാപകമായ ജനപിന്തുണ, കേണിച്ചിറയിലെ വിചാരണകൾക്കോ അതിനുശേഷം ഗറില്ലകൾ നടപ്പാക്കിയ ജനവിധിക്കോ ഇന്നു കിട്ടണമെന്നില്ല. കേണിച്ചിറസമരം ‘ജനകീയ’മല്ലെന്നു തോന്നുവാനുള്ള കാരണമതാണു്.

എന്നാൽ ജനകീയവിചാരണകളെ പ്രായോഗിക വിപ്ലവപ്രവർത്തനങ്ങളിൽ നിന്നും അന്യമായി കണ്ടുകൂടാ. വിചാരണ ചെയ്യപ്പെടുന്നയാൾ ജനങ്ങൾക്കനുകൂലമായ വിധത്തിൽ സ്വയം മാറുവാൻ പ്രേരിപ്പിക്കപ്പെടുന്നു. എത്ര വലിയ കുററക്കാരനും നന്നാകുവാൻ അവസരങ്ങൾ കൊടുത്തേ പററൂ. കുററം ആവർത്തിക്കുന്നതിനെതിരെ അയാൾ കർശനമായി താക്കീതു ചെയ്യപ്പെടുന്നു. കോഴിക്കോട്ടെ ഡോക്ടർ ജോർജ് നന്നായോ എന്നറിഞ്ഞുകൂടാ.

കോഴിക്കോട്ടുനിന്നും കേണിച്ചിറ ഗുണപരമായി ഇങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു. ഇതു വീണ്ടും വികസിക്കേണ്ടതുണ്ടു്.

വിപ്ലവം ധൈഷണികമായ ഒരു കസർത്തായിരിക്കാം, സച്ചിദാനന്ദനു്. അതുകൊണ്ടാണു് പീഡനകാലത്തെ ഈ നിലവിളി. എന്നാൽ അദ്ദേഹം ഒരു കാര്യം ഓർക്കുന്നതു നന്നായിരിക്കും. നിലനില്പിനു് അവശ്യം വേണ്ട പ്രാഥമികങ്ങളെങ്കിലും നേടിയെടുക്കാൻ സമരംചെയ്യുന്നവരാണു് നമ്മുടെ ജനങ്ങളിൽ ഭൂരിപക്ഷം. വർഗ്ഗശത്രുക്കളുടെ ജീവനു നേരെയുള്ള ചുമപ്പു ഭീഷണിയുടെ നീതി ഒരു അക്കാഡമിക് വിപ്ലവകാരിയായ സച്ചിദാനന്ദനറിഞ്ഞുകൂടായിരിക്കാം. പക്ഷേ, ഞങ്ങളുടെ നാട്ടുകാർ അതറിഞ്ഞുകഴിഞ്ഞു.

ബാലൻ, കണ്ണൂർ.

കവർ സ്റ്റോറി

എങ്ങു മിഥുനക്കാറുകൾ പോയി?


അനേകമാസങ്ങളിലേക്കുള്ള ജലനിധിയുമായി നിരക്കുന്ന കാലവർഷമേഘങ്ങൾ

“...കാലവർഷം വരുന്നതും പ്രതീക്ഷിച്ചു ഞാനിരുന്നു, ആകാശവും നോക്കി നോക്കി. ആക്രമണത്തിന്റെ മുന്നോടിയായി വരുന്ന ആ കാഹളമൂത്തുകാർ എവിടെ? അവരെ എനിക്കു കാണണം. ഒന്നുരണ്ടു് ചാററൽ മഴ വന്നു. ഓ, ഇതു നിസ്സാരം; ആരോ പറഞ്ഞു. കാലവർഷം ഇനിയാണു്. കുറെക്കൂടി കനത്ത മഴ പിന്നെ പെയ്തു. പക്ഷേ, അവയെ ഞാൻ അവഗണിച്ചതേയുള്ളൂ. അസാധാരണമായ ‘മഴസ്സംഭവങ്ങൾ’ വരാൻ ഞാൻ കാത്തിരുന്നു.

എവിടെ, കാത്തിരുന്ന ആ ആക്രമണത്തിന്റെ പ്രൗഢിയും ഗാംഭീര്യവും ആഡംബരവും? എവിടെ, മേഘവും ഭൂമിയും പതഞ്ഞടിക്കുന്ന സാഗരവും തമ്മിലുള്ള സംഗരം?...മറെറാരു മിഥ്യ തകർന്നു.”

ഇതു പറഞ്ഞതു് ജവഹർലാൽ നെഹ്റുവാണു്. 1939–ൽ. കാലവർഷം എന്ന മഹാഗാംഭീര്യത്തെക്കുറിച്ചു്, അന്നുവരെ കേട്ടുമാത്രം അറിവുണ്ടായിരുന്ന നെഹ്റു, കാലവർഷം കാണാൻ ബോംബെയിൽ വന്നു കാത്തിരുന്നു നിരാശനായതിനെപ്പററിയാണു്, ഒരു കവിയെപ്പോലെ ഇങ്ങനെ നെടുവീർപ്പിട്ടതു്. അന്നു മഴ വന്നില്ലെന്നല്ല, നെഹ്റു ഉറങ്ങിക്കിടന്നപ്പോൾ കള്ളനെപ്പോലെ പതുങ്ങിപ്പതുങ്ങിവന്നു പെയ്തിട്ടു് കടന്നുകളഞ്ഞു!

●

ഇടവപ്പാതിതൊട്ടു് ആവണിപ്പിറവിയോളവും തകർത്തു നർത്തനമാടി കേരളത്തിനു് ഒരാണ്ടിലേക്കുള്ള വെള്ളം വാരിക്കോരിത്തന്നുപോകാറുള്ള ഔദാര്യനിധിയാണു് കാലവർഷം. ഇക്കൊല്ലവും മഴ വന്നു. കാലേക്കൂട്ടിത്തന്നെവന്നു. മേയിൽ മണ്ണും മരങ്ങളും തപിച്ചുകിടന്നപ്പോൾ, ജീവജാലങ്ങൾ മാനത്തുനിന്നും അമൃതവർഷത്തിനായി തപസ്സിരുന്നപ്പോൾ ഒരു ദിവസം പൊടുന്നനേ ആ കാഹളമൂത്തുകാർ വീശിക്കടന്നുവന്നു. വിധുരമായി കാത്തുനിന്ന മരച്ചില്ലകളെ ആവേശത്തോടെ കെട്ടിപ്പിടിച്ചുമ്മവച്ചു കാലവർഷക്കാറുകൾ പറഞ്ഞു: നോക്കൂ, ഇനി നമ്മുടെ കാലമായി.

പിന്നാലെ വർഷംവന്നു. രാവിനും പകലിനും ധാരകോരി. മരങ്ങൾ നിശ്ചലം നിന്നുകൊടുത്തു. മണ്ണും വിണ്ണും തമ്മിലുള്ള ആ മോഹനസമാഗമവേളകളിൽ കിളികൾപോലും പാറിയില്ല. കുളങ്ങളും പുഴകളും തോടുകളും നിറഞ്ഞുകവിഞ്ഞു. കായലുകൾ പുതുവെള്ളപ്രവാഹമേററു് പുളകംകൊണ്ടു. കടൽ മതിവരാതെ ഇരമ്പി; ആയിരം കൈകളാൽ കരയെ മാന്തി...

മനുഷ്യർ മഴക്കാലത്തിനു തയ്യാറായി.

●

പക്ഷേ, ഉറക്കത്തിൽ അന്നു് നെഹ്റുവിനെ കബളിപ്പിച്ചു കടന്നുപോയ മഴക്കാറുകൾ, ഉണർവിൽ ഇതാ ഇന്നു് നമ്മെ കബളിപ്പിക്കുന്നു! നാലഞ്ചുദിവസം തകർത്തുപെയ്തു മഴ ഒളിച്ചുകളിക്കുന്നു! മോഹിപ്പിച്ചു കടന്നുവരും. അങ്ങുമിങ്ങും തൊട്ടു് ഇക്കിളിയിട്ടശേഷം എങ്ങോ ഓടിമറയും. എവിടെ കാലവർഷക്കാറുകളേ, നിങ്ങളുടെ ശക്തിയും പ്രതാപവും? എവിടെ, നിങ്ങളുടെ കാരുണ്യവും ഔദാര്യവും? എവിടെ, ഞങ്ങളെ മാസങ്ങളിലൂടെ ഊട്ടിവളർത്തുന്ന ആ ദുഗ്ദ്ധനിർഝരി? എവിടെ ഞങ്ങളുടെ പാതകങ്ങൾക്കു് ഞങ്ങളെ ശിക്ഷിക്കുന്ന ആ നിശിതക്രൗര്യം? ആകാശത്തു് കരിയാനക്കൂട്ടങ്ങൾപോലെ നീങ്ങാറുണ്ടായിരുന്ന മിഥുനക്കാറുകളെവിടെ? തോരാതെപെയ്തു്, തുള്ളിക്കൊരുകുടമെന്ന മട്ടിൽ പെയ്തു് രാത്രികളിൽ ഈ മണ്ണിനും മരങ്ങൾക്കും ഇവിടത്തെ ജന്തുജാലങ്ങൾക്കും ജീവിതംനൽകുന്ന മഹേന്ദ്രജാലം എവിടെ? ഇവിടെ ഇപ്പോൾ ആനിയായി. ആടി ആവാറാവുന്നു. ഉറവുണ്ടാകാൻ രത്നഗർഭ കാത്തിരിക്കുന്നു.

●

വരേണ്ടനാളുകളിൽ വരാതെ, വരൾച്ചയുടെ രാക്ഷസീയനിഴലുകൾ മാത്രം

കൗമുദി ന്യൂസ് സർവീസ്



ശാപമായിവന്ന് അനുഗ്രഹമായി മാറുന്ന മഴവെള്ളം

വീശുന്ന വന്ധ്യമേഘങ്ങൾ ഞങ്ങൾക്ക് പുതിയ അനുഭവമല്ല. കാലവർഷം വരാൻ മടിക്കുന്നതും വന്നാൽത്തന്നെ പതിവുപോലെ ചൊരിയാൻ കഴിയാതാവുന്നതും പുതിയ അനുഭവമല്ല. ഒരുപക്ഷേ ഇനി ആടി കഴിഞ്ഞ് ശ്രാവണത്തിന്റെ മഞ്ഞ വെയിൽപ്പകലുകളിൽ പനിനീർ മാരിക്കു പകരം പെരുവെള്ളപ്പാച്ചിലുകൾ സൃഷ്ടിച്ച് ശിക്ഷിക്കാനായി വർഷമേഘങ്ങൾ തക്കം പാർത്തിരിക്കുന്നതാവുമോ? കിഴക്കൻ മലകളിൽ പച്ചമരക്കൂട്ടങ്ങളെ വെട്ടിയിറക്കിയവർ, അങ്ങനെ മണ്ണൊലിപ്പിച്ച്, മണ്ണിനടിയിൽ തലതാഴ്ത്തിക്കിടന്ന പാറക്കൂട്ടങ്ങളെ നഗ്നരാക്കി പുറത്താക്കിയവർ, മേഘമാലകൾക്ക് ശീതള സ്വാഗതം നൽകാൻ പരസഹസ്രം വർഷങ്ങളായി പ്രകൃതി ഒരുക്കിയ പച്ചമേലാപ്പുകളെ പണമാക്കി മാററിയവർ—അവർ മേട പണിഞ്ഞ് സുഖിച്ചുകഴിയുന്ന സമതലങ്ങളെ ശിക്ഷിക്കാൻ കാളക്കൂടവർഷമേഘമായെങ്കിലും വരുമോ കാലമേ, നീ?

●

രണ്ടുവർഷം മുമ്പ് ബ്രിട്ടനിലെ പ്രഖ്യാതമായ 'നേച്ചർ' എന്ന മാസികയിൽ ഡോക്ടർ ഡെറക് വിൻസ്റ്റൻലി ഒരു ലേഖനമെഴുതിയിരുന്നത് ഞങ്ങൾ ഒരു ഞെട്ടലോടെ ഓർമ്മിക്കുന്നു. ലോകമാസകലം കാലാവസ്ഥയ്ക്ക് മാററം സംഭവിച്ചുകൊണ്ടിരിക്കുന്നു; അദ്ദേഹമെഴുതി. അതിന്റെ രൂക്ഷമായ പ്രത്യാഘാതങ്ങൾ കാലവർഷമേഘങ്ങളുടെ കാരുണ്യത്തിൽ കഴിയുന്ന പ്രദേശങ്ങളെയാണ് കൂടുതൽ ശിക്ഷിക്കാൻ പോകുന്നത്, അദ്ദേഹം മുന്നറിയിപ്പു നൽകി. അന്തരീക്ഷത്തിലെ കാററിന്റെ ഗതി വടക്കേ അർദ്ധഗോളത്തിലാകെ മാറിമറിഞ്ഞു കഴിഞ്ഞുവെന്നും, ആ കാററുകൾ തെക്കോട്ട് അതിക്രമിക്കുകയാണെന്നും ഇതിന്റെ ഫലമായി കാലവർഷക്കാററുകളുടെ ചിട്ടയൊത്ത വരവ് തകരുവാനിടയുണ്ടെന്നും വിൻസ്റ്റൻലി പറഞ്ഞു. 1957 മുതലുള്ള മഴവീഴ്ചയുടെ തോതു നോക്കുമ്പോൾ ഭയാനകമായ ഒരു ഭാവിയാണ് ചുരുൾനിവരുന്നത്. കാലവർഷം ആടിത്തകർക്കുന്ന തീരങ്ങളിലും കരകളിലുമാകെ കടുത്ത വരൾച്ചയുടെ തോതു കൂടിവന്നുകൊണ്ടിരിക്കുന്നു. പടിഞ്ഞാറേ ആഫ്രിക്കയിലെ മൗറിററാനിയമുതൽ വടക്കുപടിഞ്ഞാറേ ഇന്ത്യയും വടക്കുകിഴക്കേ ഇന്ത്യയും ഉൾപ്പെടുന്ന പ്രദേശങ്ങളിലാകെ വരണ്ടദിനങ്ങളാണ് ആണ്ടിൽ ഏറിയകൂറും. 1957-നുശേഷം വേനൽമഴയുടെ തോതാവട്ടെ നേർപകുതിയായിത്തീർന്നിരിക്കുന്നു—വിൻസ്റ്റൻലി കണക്കുപറഞ്ഞു.

കഴിഞ്ഞ 50 കൊല്ലക്കാലമായുള്ള കാലവർഷഗതി പഠിച്ചുപോരുന്നയാളാണ് ഡോക്ടർ വിൻസ്റ്റൻലി. എ. ഡി. 1700-നു ശേഷം ഭൂഗോളം ഇത്രയും കടുത്ത ഒരു വരൾച്ച ആദ്യമായാണ് നേരിടുന്നതെന്ന് അദ്ദേഹത്തോടൊപ്പം, ഡോക്ടർ ലാംബ് എന്ന മറെറാരു വിദഗ്ധനും പറഞ്ഞു.

രണ്ടുകൊല്ലം മുമ്പാണ് ഈ വിദഗ്ധന്മാർ ഭാവിയിലേക്ക് വിരൽ ചൂണ്ടി അപകടങ്ങൾ എണ്ണിയെണ്ണിപ്പറഞ്ഞത്.

തള്ളയെത്തല്ലിയ പാപം തീരാൻ പളനിമല കയറുന്നവരെപ്പോലെ ഇവിടെ ഞങ്ങൾ കിഴക്കൻമലകളെ വെട്ടിയിറക്കിയ പാപം തീരാൻ സമതലങ്ങളിൽ മരത്തൈകൾ നടുന്നു! കബാബുളിനെ സുബാബുൾ ആക്കുന്നു. വനമഹോത്സവവാരം ഘോഷിച്ച് നഗരഹൃദയങ്ങൾ കുളംകോരുന്നു. വനംവകുപ്പ് പോസ്റ്ററൊട്ടിച്ച് വനം രക്ഷിക്കൂ എന്ന് ജനങ്ങളെ ആഹ്വാനം ചെയ്യുകയും, അതോടൊപ്പം വനം വെളുപ്പിക്കാൻ പാസുകൾ തുരുതുരെ നൽകുകയും ചെയ്യുന്നു. എവിടെനിന്നോ ഉണർന്നെത്തിയ മരപ്രേമികൾ നഗരങ്ങളിലെ യോഗശാലകളിൽ പ്രബന്ധങ്ങൾ വായിച്ച് മരോപാസന നടത്തുന്നു. നഗരങ്ങൾ നടന്നുപോയ വഴിത്താരയിലൂടെ മരുഭൂമികൾ ഇഴഞ്ഞുകയറുന്നത് നിർവിഘ്നം തുടരുകയും ചെയ്യുന്നു.

അച്ഛന കോപംവന്ന നാളിൽ അമ്മയുടെ കൺകോണുകളിലൂറിക്കൂടുന്ന ദുഃഖബിന്ദുക്കൾപോലെങ്കിലും നീ കടന്നുവരുമോ വർഷമേഘമേ?

●

മരങ്ങളെ തൽക്കാലം മറക്കാം. അടുത്ത നൂററാണ്ടിലോ മറേറാ മാത്രമല്ലേ, അതും മനുഷ്യവിവേകം തോൽക്കാതെ തുടരുന്നുവെങ്കിൽ മാത്രം, ഇപ്പോഴത്തെ മരക്കുഞ്ഞുങ്ങൾ വരദാനങ്ങളാവൂ. മരങ്ങൾ മായുമ്പോഴേക്കും, അന്തരീക്ഷത്തിൽ കാർബൺ ഡയോക്സൈഡിന്റെ തോത് ഉയരുമ്പോഴേക്കും തകിടംമറിയുന്ന പ്രതിഭാസമാണു മഴയെങ്കിൽ ഇതു കേൾക്കൂ:

നമ്മുടെ മഴ സൂര്യനിൽനിന്നും വരുന്നു. കടലിലൂടെ, മലകളിലൂടെ, ഇന്ത്യാസമുദ്രത്തിലൂടെ, സഹ്യനിലൂടെ, ഹിമാലയത്തിലൂടെ. സൗരപ്രഭാപ്രകിരണവും, പർവ്വതപ്രകൃതങ്ങളും ഭൂതല താപപ്രസരണവുമൊക്കെ മഴമേഘങ്ങളുടെ പിറവിക്കു കാരണമാവുന്നു. മഹാസമുദ്രങ്ങളും, കരയും കടലും തമ്മിലുള്ള സംഘർഷപ്രത്യാഘാതങ്ങളും അതിനു കൂട്ടുനിൽക്കുന്നു. ഇന്ത്യയുടെ കാലവർഷക്കഥയിൽ ഹിമാലയപർവ്വതം എത്രമാത്രം വലിയ ഒരു പങ്കാണ വഹിക്കുന്നതെന്നറിയാമോ? പൂനയിലെ ഉഷ്ണമേഖലാ കാലാവസ്ഥാ നിരീക്ഷണകേന്ദ്രം ഇതു സംബന്ധിച്ച് ഒരു പഠനം നടത്തിയിരുന്നു. ഇലക്ട്രോണിക് കമ്പ്യൂട്ടറുകൾ ഉപയോഗിച്ചായിരുന്നു പഠനം. ഹിമാലയമെന്ന പർവ്വതനിരകൾ ഇല്ലായിരുന്നെങ്കിൽ കാലവർഷമെന്ന അനുഭവമേ ഇന്ത്യയ്ക്കുണ്ടാവുകയില്ലായിരുന്നു എന്നാണ് പഠനം തെളിയിച്ചത്. ഹിമാലയപ്പാറകളുടെ തെർമൽ-ഡൈനമിക് ഇഫക്ടുകൾ കാലവർഷക്കാററുകളുടെ പോക്കുകളെ എന്തെന്നില്ലാതെ സ്വാധീനിക്കുന്നതായി ഈ പഠനം വ്യക്തമാക്കി. നമ്മുടെ കാലവർഷത്തെ നിയന്ത്രിക്കുന്ന മറെറാരു ഘടകം ടിബററൻ പീഠഭൂമിയിലുണ്ടാവുന്ന താപനിലയാണത്രെ. ഉഷ്ണകാലത്ത് 'ഉയരെയുള്ള' ഒരു ഉഷ്ണപ്രഭവമായി നിലകൊള്ളുന്ന ടിബററൻ പീഠഭൂമി, കാലവർഷക്കാററുകളെ സഹ്യനപ്പുറത്തേക്ക് വിളിച്ച് ഉത്തരേന്ത്യൻ സമതലങ്ങളിലേക്ക് പടർത്തുന്നതിൽ മുഖ്യമായ പങ്കുവഹിക്കുന്നുവെന്ന് ചില പ്രമുഖഗവേഷകർ പറയുന്നുണ്ട്.

മരങ്ങൾ, അതിനാൽ മഴയുടെ വരവിൽ ഒരു ചെറിയ പങ്കുമാത്രം വഹിക്കുന്നു. ചെറിയ പങ്കുമാത്രമുള്ള മരങ്ങളെ അരിഞ്ഞു വീഴ്ത്തുന്നതു വഴി, മഴവരവിൽ ഇത്രയും കുറവുണ്ടാവുന്നുവെന്നാണെങ്കിൽ, ബാക്കി മരങ്ങൾ കൂടി നശിക്കുകയും ഭൂതലത്തിന്റെ താപനില മാറിമറിയുകയും ചെയ്യുമ്പോൾ 'വലിയ പങ്കുകാർക്കും' പ്രാധാന്യമില്ലാതാവുന്നു. വലുതു ചെറുതാവുകയും ചെറുതു വലുതാവുകയും ചെയ്യുന്ന ഈ ഡൈനാമിക്സ് ഭരണാധികാരികൾ അറിയുന്നതെന്തിന്? ഉദ്യോഗസ്ഥപ്രമുഖർ ചുററും നിൽക്കെ, ക്യാമറക്കണ്ണുകൾ മിന്നൽ വീശവെ, കുനിഞ്ഞിരുന്ന് മരത്തൈകൾ കുഴിച്ചുവയ്ക്കുന്നവർ അതൊന്നുമറിയണമെന്നുമില്ല. ആണ്ടുതോറും മരത്തൈകൾ നടാൻ ആ കുഴികൾ പററുമല്ലോ എന്നെണ്ണി ചുററും നിൽക്കുന്ന ഉദ്യോഗസ്ഥവര്യന്മാരും അറിയണമെന്നില്ല. ആകാശത്തിലെ പറവകളും രാഷ്ട്രീയത്തിലെ നേതാക്കളും അന്നന്നത്തെ കാര്യങ്ങളല്ലേ ശ്രദ്ധിക്കാറുള്ളൂ?

●

എല്ലാം നഷ്ടമാക്കുന്നതാണെങ്കിലും മഴ അവർക്ക് ഒരുത്സവം!

കേരളമെന്ന സങ്കല്പം തന്നെ മാറിക്കൊണ്ടിരിക്കുന്നു. നാട്ടിൻപുറങ്ങൾ നഗരസമ്പർക്കാഘാതം കൊണ്ട് വാഷിങ്ടന്റേയും ബ്രസൽസിന്റേയും ന്യൂയോർക്കിന്റേയും ബീജങ്ങളെ അവിഹിതഗർഭമായി പേറുന്നു. കാററുവീശുമ്പോൾ കളയാടുന്ന പ്ലാവുകളും പൂവിടുന്ന പുളിമരങ്ങളും വേരററുവീഴുന്നു. ഒന്നാന്തരം ഗ്രാമഭംഗികളിൽ കാൺക്രീററു രാക്ഷസന്മാരും ജീൻസിന്റേയും ഡിസ്കോയുടേയും മരിയുവാനയുടേയും ആരാധകരും വിഷധൂമങ്ങൾ ഉയർത്തുന്നു. നഗരവും ഗ്രാമവും പടിഞ്ഞാറൻ പ്രഹരമേററു പിടഞ്ഞുമയങ്ങുന്നു. ഇനിയെന്തിനിവിടെ കാലവർഷക്കാററുകൾ? ആനിമഴകൾ? ആടിക്കാറുകൾ? ഉഷ്ണം വരുമ്പോൾ തണുപ്പിച്ച മുറികൾ. ദാഹംവരുമ്പോൾ കടലാസ്സുരച്ച് പാലിലും ക്രീമിലും കലക്കിയ ഐസ്ക്രീം. വിശക്കുമ്പോൾ ഡിഡ്കോ ദീവാനേ!

മരങ്ങൾക്കും മലകൾക്കും വേണ്ടി ആരെങ്കിലും ശബ്ദമുയർത്തുമ്പോൾ അതിനാൽ നമുക്ക് അതിനെ ബുദ്ധിജീവികളുടെ ഭ്രാന്തജല്പനങ്ങൾ എന്നു പറഞ്ഞ് അധിക്ഷേപിക്കാം. നാട്ടിൽ വ്യവസായശാല തുടങ്ങാൻ കറണ്ടില്ലാതെ കിടക്കുമ്പോൾ ചില കുരങ്ങന്മാർക്കും മരച്ചില്ലകൾക്കും ചീവിടുകൾക്കും വേണ്ടി വാദിക്കുന്ന വിവരദോഷികൾ എന്നു പറഞ്ഞ് കളിയാക്കാം.

എവിടെയോ എന്തോ കുഴപ്പമുണ്ട്, അല്ലേ?

വർഷങ്ങൾക്കു മുമ്പ് ഇടുക്കി മലയോരങ്ങളിൽ ഉരുൾപൊട്ടലുണ്ടായപ്പോൾ അതിവർഷമെന്നു മാത്രം കണ്ട് ദുരിതാശ്വാസനിധി പിരിച്ചു.

പിന്നീടാരോ പറഞ്ഞു: മുപ്പത്തിനാലു ശതമാനം കാടുകളുണ്ടായിരുന്ന ഇടുക്കി ജില്ലയിൽ ഇപ്പോൾ പതിനെട്ടുശതമാനമായി കാടുകൾ ചുരുങ്ങിപ്പോയതാണ് ഉരുൾപൊട്ടലിനു കാരണം. കാടുകൾ പോയപ്പോൾ മലകളുടെ പശിമയാണ് മേൽമണ്ണിളകിയൊഴുകിയത്. പെരുമഴവെള്ളം പാറയട്ടികൾക്കുള്ളിലേക്ക് ആണ്ടിറങ്ങി മലഞ്ചെരിവുകളെ സമതലങ്ങളിലേക്കു പായിച്ചു. അതിനാൽ നമുക്ക് മരങ്ങളെ രക്ഷിക്കാം.

പശ്ചിമഘട്ടം മൊട്ടപ്പാറകളായി നിരന്നുനിൽക്കുന്നതു കണ്ടാലറിയാം, നാം മരങ്ങളെ രക്ഷിച്ച അദ്ഭുതകഥ!

ആടിക്കാറുകളേ, കടലിനുമീതേതന്നെ നിങ്ങൾ പെയ്തു തീർക്കൂ.



വി.സി. വിപ്ലവം

പി. ഫസിലുദീൻ
കൗമുദി ന്യൂസ് സർവീസ്

വിപ്ലവവാദികളുടെ കിൻറർഗാർട്ടനായ കൊച്ചുകേരളത്തിൽ കഴിഞ്ഞയാഴ്ച ഒരു കൊച്ചുവിപ്ലവം നടന്നു—ഒരു രക്തരഹിതവിപ്ലവം. ഭൂരിപക്ഷംപേരുടെ താല്പര്യത്തിനും തീരുമാനത്തിനും ശ്രമത്തിനും വിരുദ്ധമായി ഒരു ന്യൂനപക്ഷത്തിൻെറ തീരുമാനവും ശ്രമവും യാഥാർത്ഥ്യമാക്കിക്കൊണ്ട്, കേരള സർവ്വകലാശാലയുടെ വൈസ് ചാൻസലറായി, അപ്രതീക്ഷിതമായി അപരിചിതനായ ഡോ: വർഗീസ് നിയമിക്കപ്പെട്ടു. പ്രതിപക്ഷത്തെ ഒരു കക്ഷി, ഇന്ദിരാകോൺഗ്രസ്, ഭരണമുന്നണിക്കെതിരായി (മുന്നണിയിലെ എല്ലാ ഘടക കക്ഷികൾക്കും എതിരായിട്ടല്ലെങ്കിലും), സംസ്ഥാന മന്ത്രിസഭയ്ക്കെതിരായി (എല്ലാ മന്ത്രിമാർക്കും എതിരായിട്ടല്ലെങ്കിലും) നടത്തിയ ഒരു അട്ടിമറിയായിരുന്നു ഈ 'വി. സി. വിപ്ളവം'. ഈ അട്ടിമറി വിപ്ളവപ്രതിഭാസം, ഇത്തരം കാര്യങ്ങളിൽ ഇതേ മാതൃകയിൽതന്നെ ഇനിയും ആവർത്തിക്കുമെന്നാണോ മുന്നറിയിപ്പു നൽകുന്നതു്? ഈ സംഭവത്തിൽ പല വിഭാഗങ്ങളും പ്രകടിപ്പിക്കുന്ന തീവ്രവികാരത്തിൻെറ വിദൂര പ്രതിദ്ധ്വനികൾ രസകരമായ രാഷ്ട്രീയ സംഭവങ്ങളായി രൂപാന്തരപ്പെടുകയോ, വരുംകാല രാഷ്ട്രീയത്തിൻെറ ഗതിവിഗതികളെ സാരമായി സ്വാധീനിക്കുകയോ ചെയ്തേക്കും. വി. സി. നിയമനം ഒരു രാഷ്ട്രീയ നിയമനമാണോ? കണിശമായ ഉത്തരം ആവശ്യപ്പെട്ടാൽ 'അല്ലെ'ന്നായിരിക്കും രാഷ്ട്രീയക്കാർ പറയുക. ഇപ്പോൾ വി. സി. നിയമനത്തിലെ രാഷ്ട്രീയ തിരിമറികളെപ്പററി വാതോരാതെ പരിതപിക്കുന്ന അക്കാഡമിക് മുനികൾപോലും വി. സി. പോസ്റ്റിനുവേണ്ടി രാഷ്ട്രീയക്കാരുടെ പടിവാതിലുകൾ മുട്ടിവിളിച്ചവരാണ്. രാഷ്ട്രീയക്കാർ വി. സി. നിയമനത്തിൽ കൈകടത്താതിരിക്കുകയുമില്ല. കൈകടത്താതിരിക്കാൻ അവരെ അനുവദിക്കുകയുമില്ല. അത്രയേറെ രാഷ്ട്രീയവൽക്കരിക്കപ്പെട്ടുകഴിഞ്ഞു നമ്മുടെ പൊതുജീവിതം. എങ്കിലും, നമ്മുടെ വിദ്യാഭ്യാസരംഗത്തെ ഒരു സുപ്രധാനസ്ഥാപനമായ സർവ്വകലാശാലയുടെ നായകൻ ആരായിരിക്കണമെന്നു രാഷ്ട്രീയനേതാക്കന്മാർ തീരുമാനിക്കുന്നതു് മനസ്സിലാക്കാം. പക്ഷേ, അതു രാഷ്ട്രീയസൃഷ്ടിസ്ഥിതിസംഹാരവാഞ്ഛയുടെ പോർക്കളമായി മാറുന്നതോ!

വി. സി. യെ നിയമിക്കേണ്ടതു് എങ്ങനെയെന്നു് സർവ്വകലാശാലാ നിയമത്തിൽ വ്യക്തമായി നിർവ്വചിക്കപ്പെട്ടിട്ടുണ്ടു്. മൂന്നപേരടങ്ങിയ ഒരു കമ്മിററിയെ നിയമിക്കുകയാണ് ആദ്യത്തെ നടപടി. ഒരാൾ സർവ്വകലാശാലാ സെനററിൻെറ പ്രതിനിധി, രണ്ടാമൻ ഗവൺമെൻറ് പ്രതിനിധി. മൂന്നാമൻ യൂണിവേഴ്സിററി ഗ്രാൻറ്സ് കമ്മിഷൻെറ പ്രതിനിധി. സെനററിൻെറ പ്രതിനിധി തിരഞ്ഞെടുക്കപ്പെടുന്നു. മററു രണ്ടുപേരും നോമിനേററ് ചെയ്യപ്പെടുന്നു. ഇത്തവണ സെനററിൽ നിന്നും എസ്. രാമചന്ദ്രൻപിള്ള തിരഞ്ഞെടുക്കപ്പെട്ടു. സർവ്വകലാശാലസിൻഡിക്കേററ് അംഗമായ എസ്. രാമചന്ദ്രൻപിള്ള ഒരു രാഷ്ട്രീയക്കാരനാണ്—മാർക്സിസ്ററ്പാർട്ടിയുടെ ആലപ്പുഴ ജില്ലാ സെക്രട്ടറിയും സംസ്ഥാന കൗൺസിൽ അംഗവുമാണ് അദ്ദേഹം. ഒരു രാഷ്ട്രീയനേതാവിനെ സെനററ് തിരഞ്ഞെടുക്കുന്നതു് ഇതാദ്യമായിട്ടല്ലതാനും. ഗവൺമെൻറ് പ്രതിനിധിയായി, പതിവുപോലെ ഉന്നതവിദ്യാഭ്യാസവകുപ്പ് സെക്രട്ടറിയായ മോഹൻകുമാർ നോമിനേററ് ചെയ്യപ്പെട്ടു. അങ്ങനെ രണ്ടുപേരായി. ഇവർ കമ്മിററിയിലേക്കു വന്ന രീതിയെപ്പററി അസാധാരണമായി ആർക്കും ഒന്നും തോന്നിയില്ല. പക്ഷേ, യു. ജി. സി. നോമിനിയുടെ പേരു കേട്ടപ്പോൾ പലരും പുരികങ്ങളുയർത്തി. വി. കെ. കുര്യൻ! കോൺഗ്രസ്-ഐ.യുടെ കോട്ടയം ജില്ലാ പ്രസിഡൻറും കെ. പി. സി. സി.—ഐ. എക്സിക്യൂട്ടീവ് കമ്മിററി അംഗവുമാണ് അദ്ദേഹം. തൊഴിൽപരമായി, ഒരു സ്കൂൾ ഹെഡ്മാസ്റ്ററും. മറെറാരു മേന്മകൂടിയുണ്ട് അദ്ദേഹത്തിന്. ഒരിക്കൽ കേരള സർവ്വകലാശാലാ സിൻഡിക്കേററിൽ അദ്ദേഹം അംഗമായിരുന്നു. ഇത്തവണയും മത്സരിച്ചു; ജയിച്ചില്ല. സർവ്വകലാശാലാവിദ്യാഭ്യാസത്തെപ്പററി രാഷ്ട്രീയാതീതമായി ചിന്തിക്കുന്നവർക്കെല്ലാം ഒരു സർപ്രൈസ് ആയിരുന്നു ആ പേരു്. ഒരു വിദ്യാഭ്യാസവിചക്ഷണനായി ദേശീയതലത്തിൽ ആരാലും കരുതപ്പെടാനിടയില്ലാത്ത വി. കെ. കുര്യൻ ദേശീയ പരമോന്നതവിദ്യാഭ്യാസനയരൂപീകരണ സമിതിയുടെ പ്രതിനിധിയായി വന്നു. കേരള സർവ്വകലാശാല വൈസ്ചാൻസലർ നിയമനത്തിലെ രാഷ്ട്രീയ കള്ളക്കളിയുടെ ആരംഭം അവിടെനിന്നായിരുന്നു എന്നുവേണം കരുതാൻ.

ഇതിനിടയിൽ കാലവർഷം കടന്നുവന്ന് കരയിലും കടലിലും പല വികൃതികളും പതിവുവിപ്ലവവും നടത്തിയെങ്കിലും, അങ്ങനെയൊന്നുംതന്നെ വി. സി. നിയമനത്തിൽ ആരും പ്രതീക്ഷിച്ചില്ല. വി. സി. സ്ഥാനത്തേക്കു് അർഹതയുള്ളവരുടെ പേരുകൾ നിർദ്ദേശിക്കാൻ നിയുക്തമായ മൂന്നംഗകമ്മിററി പലതവണ യോഗം ചേർന്നു. ഏപ്രിൽ 29, മേയ് 12, മേയ് 22, ജൂൺ 12 എന്നീ തീയതികളിൽ അവർ യോഗംചേർന്ന് പല പേരുകളും കൂലങ്കഷമായി പരിഗണിച്ചു. എസ്. രാമചന്ദ്രൻപിള്ള ആദ്യം മൂന്നുപേരുകൾ നിർദ്ദേശിച്ചു. വിദേശകാര്യസർവീസിലായിരുന്ന അമ്പാടി ദാമോദരൻ, നാരായണൻ നായർ (ലാ അക്കാഡമി പ്രിൻസിപ്പൽ), ഉത്തരേന്ത്യയിൽ പ്രൊഫസറായി കഴിയുന്ന ജോർജ്. പിന്നീട് ഒരു പേരുകൂടി അദ്ദേഹം ചേർത്തു—ടി. കെ. എൻ. ഉണ്ണിത്താൻ. ഗവൺമെൻറ് പ്രതിനിധിയായ മോഹൻകുമാർ ഐ. എ. എസ്. നിർദ്ദേശിച്ചവരിൽ കേരളത്തിലെ മൂന്നു സർവ്വകലാശാലകളിൽ ഇപ്പോൾ പ്രോ-വൈസ് ചാൻസലർമാരായി പ്രവർത്തിക്കുന്ന ഡോക്ടർ എൻ. എ. കരീം, ഡോക്ടർ കെ. ഐ. വാസു, പ്രൊഫസർ പുരുഷോത്തമൻ എന്നിവർക്കു പുറമേ, സുകുമാർ അഴീക്കോട്, ഡോക്ടർ ബാലകൃഷ്ണൻ നായർ തുടങ്ങിയവർ ഉണ്ടായിരുന്നു. വി. കെ. കുര്യൻ അവതരിപ്പിച്ച പട്ടികയിൽ ശങ്കരദാസൻ തമ്പി, ഡോക്ടർ പി. കെ. ഗോപാലകൃഷ്ണൻ, സി. ഇസഡ്. സക്കറിയ, വെള്ളായണി അർജ്ജുനൻ, കെ. സി. നമ്പ്യാർ എന്നീ പേരുകൾ ഉൾപ്പെട്ടിരുന്നു. ജൂൺ 25-ാം തീയതി കമ്മിററി യോഗംചേർന്ന് അഞ്ചു പേരിൽ ശ്രദ്ധകേന്ദ്രീകരിക്കാൻ തീരുമാനിച്ചു—നാരായണൻനായർ, കെ. സി. നമ്പ്യാർ, ഡോക്ടർ വാസു, എസ്. ശങ്കരദാസൻ തമ്പി, ടി. കെ. എൻ. ഉണ്ണിത്താൻ. 29-ാം തീയതി യോഗം ചേർന്ന് അന്തിമതീരുമാനമെടുക്കാമെന്ന പൊതുധാരണയിൽ അന്ന് കമ്മിററി യോഗംപിരിയുകയും ചെയ്തു. ജൂൺ 30-ാം തീയതി ആയിരുന്നു കമ്മിററിയുടെ കാലാവധി അവസാനിക്കുന്നതു്.

സർവ്വകലാശാലകൾക്കു് സ്വതന്ത്രപ്രവർത്തനാധികാരം ഉണ്ടെങ്കിലും അവയ്ക്കു് പ്രവർത്തിക്കാൻ പണം നൽകുന്നതു് അതതു സംസ്ഥാനഗവൺമെൻറുകളാണല്ലോ. അക്കാരണത്താൽതന്നെ സംസ്ഥാനഗവൺമെൻറിനു് സർവ്വകലാശാലയുടെ മേൽ കുറച്ചു നിയന്ത്രണാധികാരവും ഉണ്ടു്. മാത്രമല്ല, സംസ്ഥാന ഗവൺമെൻറും സർവ്വകലാശാലാ ഭരണാധികാരികളും തമ്മിൽ അഭിപ്രായൈക്യം ഉണ്ടാകുന്നതു് കാര്യങ്ങൾ നേരേയാക്കാൻ സഹായകവുമാണല്ലോ. അതിലുപരി കേരളത്തെ സംബന്ധിച്ചിടത്തോളം മറെറാരു പ്രത്യേകതകൂടിയുണ്ടു്. സംസ്ഥാന ഭരണകൂടത്തിൻെറ തീരുമാനപ്രകാരം, സർവ്വകലാശാലാഭരണസംവിധാനത്തിൽ മൗലികമായ മാററങ്ങൾ കൂടുതൽ നടപ്പിലാക്കിയിട്ടുള്ള ഇന്ത്യയിലെ ഏകസംസ്ഥാനവും കേരളമാണ്. അത്ര നിർണ്ണായകമായ ഒരു സ്വാധീനം സംസ്ഥാനഭരണകൂടം സർവ്വകലാശാലാഭരണ സംവിധാനത്തിൽ ആവർത്തിച്ചാവർത്തിച്ചു ചെലുത്തിയിട്ടുണ്ട്. വർഷങ്ങളായി സംസ്ഥാനഗവൺമെൻറ് ഇവിടത്തെ സർവ്വകലാശാലകളുടെ ജനാധിപത്യപരമായ പ്രവർത്തനത്തിൽ പുലർത്തുന്ന ജാഗ്രത സ്വാഭാവികമായി വി. സി. നിയമനത്തിലും നിഴലിക്കുന്നുണ്ടായിരുന്നു. വൈസ് ചാൻസലറെ നിയമപ്രകാരം നിയമിക്കേണ്ടതു് ചാൻസലർകൂടിയായ ഗവർണർ ആണെങ്കിലും, ഗവർണർ സംസ്ഥാനഗവൺമെൻറിൻെറ അഭിപ്രായം ആരായുന്ന ഒരു കീഴ്വഴക്കം മറെറല്ലാ സംസ്ഥാനങ്ങളിലുമെന്നപോലെ ഇവിടെയും ഭദ്രമായി നിലനിന്നുപോരുന്നു. ഈ കീഴ്വഴക്കത്തിന് നിയമപരമായ പരിവേഷം കൂടിയുണ്ട്. സംസ്ഥാന നിയമസഭ നിർമ്മിച്ച ഒരു നിയമത്തിൻെറ ഫലമായാണ് ഗവർണർക്ക് ചാൻസലർ പദവി ലഭിച്ചതു്. തന്മൂലം ഗവർണർ പദവിയിലിരിക്കുന്നതു കൊണ്ടുമാത്രം അദ്ദേഹത്തിന് ചാൻസലർപദവികൂടി ലഭിക്കുന്നു. ഗവർണർ, സംസ്ഥാനഭരണനിർവ്വഹണകാര്യങ്ങളിൽ നിലവിലുള്ള സംസ്ഥാനഗവൺമെൻറിൻെറ ഇംഗിതമാണു നടപ്പിലാക്കേണ്ടതെന്ന് ഭരണഘടനവ്യവസ്ഥ ചെയ്യുന്നുണ്ട്. ആ വ്യവസ്ഥ അനുസരിച്ചുതന്നെ, സംസ്ഥാനഭരണത്തിൻെറ ഭാഗമായ സർവ്വകലാശാലാഭരണകാര്യങ്ങളിലും ഗവർണർ എന്ന ചാൻസലർ, സംസ്ഥാന ഗവൺമെൻറിൻെറ ഇംഗിതം നടപ്പിലാക്കണമെന്നതാണ് ജനാധിപത്യപരമായ ബാദ്ധ്യതയും മര്യാദയും. ഈ സംസ്ഥാനത്തു മുമ്പു നടന്ന വി. സി. നിയമനങ്ങളിലെല്ലാം ഈ കീഴ്വഴക്കവും ബാദ്ധ്യതയും മര്യാദയും അഭംഗുരം നിലനിന്നുപോന്നു. ഇപ്പോഴത്തെ ഗവർണർതന്നെ ഇതിനുമുമ്പു നടന്ന എല്ലാ വി. സി. നിയമനങ്ങളിലും സംസ്ഥാന ഗവൺമെൻറിൻെറ ഇംഗിതം ആരായുകയും അതു നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെ ഗവർണർക്ക് സംസ്ഥാനഗവൺമെൻറിൻെറ ഇംഗിതം നടപ്പിലാക്കണമെങ്കിൽ, അതിനു് ഒരൊററ മാർഗ്ഗമേയുള്ളു. അതായതു്, വി. സി. സ്ഥാനത്തേക്കു് പേരുകൾ നിർദ്ദേശിക്കാൻ ഔദ്യോഗികമായി നിയമിക്കപ്പെടുന്ന പാനൽകമ്മിററി സംസ്ഥാനഗവൺമെൻറിൻെറ ഇംഗിതം ആരായണം. അതും എല്ലായിടത്തുമെന്നപോലെ ഇവിടെയും നടന്നുപോരുന്ന ഒരു ജനാധിപത്യപരമായ ബാദ്ധ്യത മാത്രം.

പാനൽ കമ്മിററിയുടെ കാലാവധി ജൂൺ 30-ാം തീയതി അവസാനിക്കുന്നതുകൊണ്ട്, അതിനുമുമ്പായിത്തന്നെ ഗവൺമെൻറ് ഒരു തീരുമാനമെടുത്തു്, അതു് പാനൽകമ്മിററിയുടെ അറിവിൽ കൊണ്ടുവരണമല്ലോ. ജൂൺ 23-ാം തീയതി കൽക്കത്തയിൽ പോയിരുന്ന മുഖ്യമന്ത്രി 28-ാം തീയതി തിരിച്ചുവന്ന ഉടനെതന്നെ കാബിനററ് സബ്കമ്മിററി കൂടി വി. സി. നിയമനം ചർച്ച ചെയ്തു. കാബിനററിൻെറ അഭിപ്രായം എന്നാൽ മന്ത്രിമാരുടെ—രാഷ്ട്രീയപ്പാർട്ടികളുടെ—അഭിപ്രായമാണല്ലോ. അതു് തീരുമാനിക്കുന്ന സംവിധാനമായ ഭരണമുന്നണിയുടെ ഏകോപനസമിതിയും ഇക്കാര്യത്തിൽ നേരത്തേ ഒരു പൊതുസമ്മതത്തിൽ എത്തിച്ചേർന്നിരുന്നു. മാർക്സിസ്റ്റ് പാർട്ടി നിർദ്ദേശിച്ച കൊച്ചി സർവ്വകലാശാലാ പ്രോ-വൈസ്ചാൻസലർ ഡോക്ടർ കെ. ഐ. വാസുവിനെയായിരുന്നു ഇങ്ങനെ ഭരണമുന്നണിയും മന്ത്രിസഭാ സബ്കമ്മിററിയും വി. സി. സ്ഥാനത്തേക്കു് അംഗീകരിച്ചതു്. 29-ാം തീയതി മന്ത്രിസഭാ സബ് കമ്മിററി നടത്തിയ പ്രാരംഭചർച്ചകൾക്കുശേഷം 30-ാം തീയതി വീണ്ടും യോഗം ചേർന്നാണ് ഡോക്ടർ വാസുവിൻെറ പേരു് കാബിനററ് സബ്കമ്മിററി അംഗീകരിച്ചതു്.

ഡോക്ടർ വർഗീസ്

ഇവിടെ ഒരു സംശയം പ്രസക്തമായി അവശേഷിക്കുന്നു. ഒരാളുടെ പേരു് നിർദ്ദേശിക്കണമെന്ന് തീരുമാനിച്ചു. ഒന്നിൽ കൂടുതൽ പേരു് നിർദ്ദേശിക്കണമെന്ന് നിർബ്ബന്ധവും ഇല്ല. ആ സ്ഥിതിക്കു് മററു പേരുകൾ എന്തിനു് കാബിനററ് സബ്കമ്മിററി പരിഗണിച്ചു? ഡോക്ടർ വാസുവിൻെറ പേരു് പാനൽ കമ്മിററിയിലെ അംഗമായ ഇന്ദിരാകോൺഗ്രസ് നേതാവു് എതിർക്കുമെന്ന് കാബിനററ് സബ്കമ്മിററിക്കു് അറിവുണ്ടായിരുന്നോ? എങ്കിൽ, സ്വന്തം തീരുമാനം തന്നെ നടപ്പിലാകണമെന്ന ഇച്ഛാശക്തിയോടുകൂടി വേണമായിരുന്നു കാബിനററ് സബ്കമ്മിററി മററു രണ്ടു പേരുകളും തിരഞ്ഞെടുക്കേണ്ടിയിരുന്നതു്. ഭരണമുന്നണിയിലെ ഏതു പാർട്ടിക്കാണോ ഇക്കാര്യത്തിൽ മുൻഗണന നൽകിയതു്, ആ പാർട്ടിയായിരുന്നു മററു രണ്ടുപേരുകൾകൂടി നിർദ്ദേശിക്കേണ്ടിയിരുന്നതു്. അത്തരം ഒരു കരുതൽ നടപടി ആവശ്യമാണെന്നു കരുതാതിരുന്നതാണ് ആ പാർട്ടിക്കു് പററിയ ഒരു പ്രധാനവീഴ്ച.

അതല്ല, മററു രണ്ടു പേരുകളും—എൻ. കാളീശ്വരൻെറയും ഡോക്ടർ വർഗീസിൻെറയും പേരുകൾ—കാബിനററ് സബ്കമ്മിററിയുടെ അറിവു കൂടാതെയാണോ എഴുതിച്ചേർത്തതു്? അങ്ങനെയായിരുന്നെങ്കിൽ ഈ രണ്ടു പേരുകളോടു് പാനൽ കമ്മിററിയിലെ അംഗമായ ഇന്ദിരാ കോൺഗ്രസ് നേതാവു് എതിർപ്പു പ്രകടിപ്പിക്കുമായിരുന്നില്ലല്ലോ. ഇവർ രണ്ടുപേരുടേയും ബയോ-ഡാററാ, സമ്മതപത്രം എന്നിവ കണ്ടില്ലെന്നും, അവർക്കു് വി. സി. സ്ഥാനം സ്വീകരിക്കാൻ സമ്മതമില്ലെന്നും പറഞ്ഞുകൊണ്ടു് അദ്ദേഹം ഗവർണർക്കു് പരാതി എഴുതിക്കൊടുക്കുമായിരുന്നില്ല. മാത്രമല്ല, അതിനുമുമ്പു് ഏററവും ഒടുവിലായി പാനൽകമ്മിററി യോഗം ചേർന്നപ്പോൾ ഡോക്ടർ വർഗീസിൻെറയും കാളീശ്വരൻെറയും പേരുകൾ പരിഗണിക്കപ്പെട്ടിരുന്നില്ലെന്നും, ആ പേരുകൾ കാബിനററ് സബ്കമ്മിററിയിലെ മററു് രണ്ടു് അംഗങ്ങളുടെയും മേൽ അടിച്ചേല്പിച്ചതാണെന്നും വി. കെ. കുര്യൻ പരാതിപ്പെടുമായിരുന്നില്ല. അങ്ങനെനോക്കുമ്പോൾ, കാബിനററ് സബ്കമ്മിററിയിലെ എല്ലാ അംഗങ്ങളുടേയും, അല്ലെങ്കിൽ ഏതെങ്കിലും ഒരംഗത്തിൻെറമാത്രം, അറിവോടുകൂടിയാണ് ഈ രണ്ടുപേരുകളും പാനലിൽ കടന്നുകൂടിയതെന്ന് വ്യക്തമാകുന്നു. അതെന്തായാലും വി. സി. നിയമനത്തിൽ നിഴലിക്കുന്ന സംഭവവൈകൃതങ്ങൾക്കു് ഭാഗികമായിട്ടെങ്കിലും കാബിനററ് സബ്കമ്മിററി ഉത്തരവാദിയാണ്.

ഡോക്ടർ വാസു, എൻ. കാളീശ്വരൻ, ഡോക്ടർ വർഗീസ് എന്നീ പേരുകൾ ജൂൺ 30-ാം തീയതി ഉച്ചയ്ക്കുശേഷം പാനൽ കമ്മിററി അവസാനമായി പരിഗണിക്കുമ്പോൾ വി. കെ. കുര്യൻ തന്ത്രപരമായ ഒരു നീക്കം നടത്തി. അദ്ദേഹം ഡോക്ടർ വാസുവിൻെറ പേരിനോടു വിയോജിച്ചുകൊണ്ട് ഭിന്നാഭിപ്രായക്കുറിപ്പെഴുതുകയും, പകരം ഡോക്ടർ ശങ്കരദാസൻതമ്പിയുടെ പേരു നിർദ്ദേശിക്കുകയും ചെയ്തു. അതുകൊണ്ടും നിറുത്താതെ അദ്ദേഹം ഒരു പടികൂടി മുന്നോട്ടു പോയി. പാനൽ കമ്മിററിയിലെ മററു രണ്ടു് അംഗങ്ങളും "ബാഹ്യശക്തികളുടെ സ്വാധീനത്തിനു്" വഴിപ്പെട്ടുവെന്നും അതുകൊണ്ടു് ഈ പാനലിലെ പേരുകൾ അസാധുവായി കരുതണമെന്നും ഈ പാനൽ കമ്മിററി പിരിച്ചുവിട്ടു് മറെറാരു പാനൽ കമ്മിററി രൂപീകരിക്കണമെന്നും അദ്ദേഹം ഗവർണർക്കു് പരാതി എഴുതിക്കൊടുത്തു. ഏകോപനസമിതിയുടേയും കാബിനററ് സബ് കമ്മിററിയുടേയും നിർദ്ദേശങ്ങളെ "ബാഹ്യശക്തികളുടെ സ്വാധീന"മായിട്ടാണ് അദ്ദേഹം ഗവർണർക്കു നൽകിയ പരാതിയിൽ ചിത്രീകരിക്കുന്നതു്. അതായതു്, ഭരണകക്ഷികൾക്കും, മന്ത്രിസഭയ്ക്കും വി. സി. നിയമനത്തിൽ ഒരു കാര്യവുമില്ലെന്നാണ് അദ്ദേഹത്തിൻെറ വാദം. ഭരണകക്ഷിക്കാർ തൻെറ രാഷ്ട്രീയ എതിരാളിക

(ശേഷം 47-ാം പേജിൽ)

കൗമുദി ന്യൂസ് സർവീസ്
ബാംഗ്ളൂർ

കണ്ണാടകത്തിലെ കള്ളച്ചാരായ ദുരന്തം

മഴയും തണുപ്പും മരണവും ബാംഗ്ളൂർ നഗരത്തെ ശോകാകുലമാക്കി മാററിയിരിക്കുന്നു. കണ്ണീരണിഞ്ഞ അന്തരീക്ഷത്തിൽ വിഷച്ചാരായം കുടിച്ചു മരിച്ചവരുടെ, ജീവിച്ചു മതിയാകാത്ത ആത്മാവുകൾ അനാഥമായി അലഞ്ഞുതിരിയുന്നു. നഗരത്തിൻെറ സൗന്ദര്യത്തിനു മുന്നിൽ നോക്കുകുത്തികളായി ജീവിക്കുന്ന പാവപ്പെട്ടവരുടെ കുടിലുകളിൽ നിലവിളിയും തേങ്ങലുകളും ഇനിയും അവസാനിച്ചിട്ടില്ല. നിരാശയും ദാരിദ്ര്യവും നിറഞ്ഞ ജീവിത സാഹചര്യങ്ങളിൽ നിന്ന് അല്പ നേരത്തെ ആശ്വാസം കൊതിച്ചുകൊണ്ട് ഒരിറക്കു ചാരായം കുടിച്ചുപോയതാണ് അവർ ചെയ്ത ഏക തെററ്. ഭയാനകമായ ലഹരിയുടെ അന്ത്യത്തിൽ അവരിൽ പലർക്കും ജീവിതത്തോടു തന്നെ എന്നെന്നേക്കുമായി വിടപറയേണ്ടിവന്നു. എണ്ണമററ ജീവിതങ്ങളെ അനാഥമാക്കിക്കൊണ്ട് അഞ്ഞൂറോളം പേർ ബാംഗ്ളൂരിൽ മരിച്ചുവീണു. തീരാത്ത വേദനകളോടെ, കാഴ്ചനഷ്ടപ്പെട്ടും ശരീരം സ്തംഭിച്ചും അന്ത്യനിമിഷങ്ങൾ എണ്ണിക്കഴിയുന്ന ഏറെപ്പേർ ഇപ്പോഴും ആശുപത്രികളിലുണ്ട്.

ആശുപത്രിയിൽ എത്തേണ്ടി വന്നില്ല; കൂട്ടുകാരുടെ കൈയിലിരുന്നു പിടഞ്ഞു മരിക്കാൻ.

ലോകം കണ്ട ഏററവും ദയനീയമായ വിഷമദ്യദുരന്തമാണ്, കഴിഞ്ഞയാഴ്ച ബാംഗ്ളൂരിൽ നടന്നത്. മനുഷ്യർ മഴപ്പാററകൾ കണക്കെ ചിറകററുവീണതറിഞ്ഞ് നമ്മൾ നടുങ്ങി. എത്രയൊക്കെ നടുങ്ങിയിട്ടും ഇനിയും നമ്മുടെ നടുക്കത്തിൻെറ ഞരമ്പുകൾ തളർന്നില്ലല്ലോ എന്നതാണ് അദ്ഭുതം.

എല്ലാം വളരെ അപ്രതീക്ഷിതമായിരുന്നു. പതിവുപോലെ കഴിഞ്ഞ ജൂലായ് 6-ാംതീയതി തിങ്കളാഴ്ചയും, ബാംഗ്ളൂർ നഗരത്തിനു ചുററുമുള്ള ചേരികളിൽ താമസിക്കുന്ന തോട്ടിപ്പണിക്കാരും കൂലിപ്പണിക്കാരും കഠിനാദ്ധ്വാനം കഴിഞ്ഞു വന്ന് അന്നത്തെ യാതന മറക്കാൻ ഓരോ ഗ്ലാസ് 'ബെട്ടിസാരായം' കുടിച്ച്, മിച്ചമുള്ള ത്രപ്തിയ്ക്ക് അത്താഴത്തിനുള്ള സാധനങ്ങളുമായി കുടിലുകളിലേക്കു മടങ്ങി. പക്ഷേ, പതിവിനു വിപരീതമായി പലർക്കും അന്ന് എരിചാരായത്തിൻെറ കത്തുന്ന ലഹരി മൂർദ്ധാവിൽ കയറിയില്ലെന്നു പറയുന്നു. ചിലർക്ക് വല്ലാത്ത തളർച്ച തോന്നി. മററു ചിലക്ക് കാഴ്ച മങ്ങുന്നതായിത്തോന്നി. വേറെ ചിലർക്ക് കാലുകൾ മരവിക്കുന്നതായിത്തോന്നി. കുടിലുകളിലും വഴിവക്കിലുമായി ആ പാവങ്ങൾ തളർന്നു കിടന്നു. എല്ലാവരും കുടലടക്കം ഛർദ്ദിക്കാനും തുടങ്ങി. അപ്രതീക്ഷിതമായ ഈ ആലസ്യങ്ങളും, ഭയാനകലക്ഷണങ്ങളും ഒരു ഇടിമിന്നൽപോലെ അവരെ ഓർമ്മിപ്പിച്ചു. ഏതാനും മാസങ്ങൾക്കു മുമ്പ് നഗരത്തിൽ പത്തൊമ്പതു പേരുടെ ജീവനപഹരിച്ച വിഷച്ചാരായ ദുരന്തം! മരണം സിരകളിലൂടെ അലറിപ്പായുന്നതു മനസ്സിലാക്കി അറിയാതെ വിഷം കുടിക്കേണ്ടിവന്ന ആ സാധുക്കൾ ജീവൻ രക്ഷിക്കണേ എന്നു വിലപിച്ചുകൊണ്ട് ആശുപത്രികളിലേക്കും, സുഹൃത്തുക്കളുടെ വീടുകളിലേക്കും പാഞ്ഞുചെന്നു. പലരും ആ വിലാപയാത്രയ്ക്കിടയിൽ പാതിവഴിക്ക് തളർന്നു വീണു.

ആശുപത്രികൾ കവിഞ്ഞ ദിവസം

അന്നു രാത്രി ഒമ്പതു മണിക്കാണ് ആദ്യത്തെ മരണവാർത്ത പുറത്തുവരുന്നത്. വഴിവക്കിൽ അവശനായിക്കിടന്ന ഒരു വൃദ്ധനെ ആശുപത്രിയിൽ എത്തിച്ചപ്പോഴേക്കും അയാൾ അന്ത്യശ്വാസം വലിച്ചിരുന്നു. ഉടൻതന്നെ രക്തം ഛർദ്ദിക്കുന്ന ഒമ്പതുപേർ ബൗറിങ്ങ് ആശുപത്രിയിലെത്തി. വിഷമദ്യം, ദുരന്തം സൃഷ്ടിക്കുന്ന വാർത്ത കാട്ടുതീപോലെ നഗരത്തിൽ പടർന്നു. അന്നു സന്ധ്യയ്ക്ക് മദ്യം കുടിച്ചവരെല്ലാം ആശുപത്രികളിലേക്ക് പിടഞ്ഞോടിത്തുടങ്ങി. അവശരായവരെ ആശുപത്രികളിലെത്തിക്കാൻ പൊലീസ് സംഘവും, നാട്ടുകാരും ചേരിയിലെ കുടിലുകൾതോറും കയറിയിറങ്ങി. ചാരായം കുടിച്ചുവെന്ന് സംശയമുള്ളവരെയെല്ലാം ആശുപത്രികളിലെത്തിച്ചു. അന്നുമാത്രം സ്ഥിരം മദ്യപാനികളുടെ കുഴയുന്ന കാലുകളെല്ലാം ആശുപത്രികളിലേക്കായിരുന്നു.

ഏതാനും മണിക്കൂറുകൾക്കുള്ളിൽ നഗരത്തിലെ ബൗറിങ്ങ്, വിക്ടോറിയ, ലേഡി കഴ്സൺ തുടങ്ങിയ ആശുപത്രികൾ വിഷബാധയേററവരെക്കൊണ്ടു നിറഞ്ഞു. ഉറക്കം നഷ്ടപ്പെട്ട നഗരാന്തരീക്ഷത്തിൽ അന്ത്യമടുത്ത വിലാപങ്ങൾ നിലയ്ക്കാതെ മുഴങ്ങിക്കൊണ്ടിരുന്നു.

സ്ത്രീകളിൽ പലരും അപമാനഭീതികൊണ്ട് ചാരായം കുടിച്ച വിവരം വെളിയിൽ പറഞ്ഞില്ല. ഒടുവിൽ ഛർദ്ദിയും വേദനയും സഹിക്കാനാവാതെ അവസാന നിമിഷങ്ങളിലാണ് പ്രാണൻ രക്ഷിക്കാനായി ആശുപത്രികളെ അഭയം പ്രാപിച്ചത്. പക്ഷേ, അപ്പോഴേക്കും സമയം അതിക്രമിച്ചിരുന്നു. സമയത്തിന് ആശുപത്രിയിലെത്താൻ മടി കാണിച്ചതുകൊണ്ടാണ് ലഘുവായ രീതിയിൽ മദ്യം കഴിച്ച അധികം സ്ത്രീകളും മരണപ്പെട്ടതെന്ന് ഡോക്ടർമാർ പറയുന്നു.

വെളുപ്പിന് ഒരു മണിയായപ്പോഴേക്കും 134 പേർ മരിച്ചുകഴിഞ്ഞിരുന്നു. അവരിൽ 34 പേരും സ്ത്രീകൾ. മരിച്ച സ്ത്രീകളിലധികവും ഗർഭിണികളുമായിരുന്നു. ഗർഭരക്ഷയ്ക്ക് ചാരായം കുടിക്കുന്നത് ചേരിപ്രദേശങ്ങളിൽ ജീവിക്കുന്നവരുടെ നാട്ടുചികിത്സയാണത്രേ!

പരിഭ്രാന്തമായ നിലവിളികൾക്കിടയിൽ നേരം പുലർന്നു. വിഷച്ചാരായം കുടിച്ച് അവശരായവരെ കൂട്ടത്തോടെ ആശുപത്രികളിൽ എത്തിച്ചുകൊണ്ടിരുന്നു. ഓരോ അഞ്ചുമിനിററിലും ഒരാൾ വീതം മരിച്ചുകൊണ്ടിരുന്നു. ആശുപത്രി പരിസരം ഒരു ശ്മശാനംപോലെ ഭീകരമായി. ശവഗന്ധം അന്തരീക്ഷത്തിൽ തങ്ങിനിന്നു.

ഭാഗ്യത്തിന് ആശുപത്രികളിൽ മരുന്നുകൾ വേണ്ടത്ര സ്റ്റോക്കുണ്ടായിരുന്നു. മുപ്പതിലേറെ ഡോക്ടർമാരും, അമ്പതിലേറെ നഴ്സുമാരും ഓരോ ജീവനും രക്ഷിക്കുന്നതിനുവേണ്ടി കഴിയുന്നതെല്ലാം ചെയ്തു. എത്തിച്ചേരുന്ന രോഗിയെ ആദ്യമായി വയറു കഴുകി വിഷാവശിഷ്ടങ്ങൾ നീക്കംചെയ്യും. പിന്നെ വേദനതീരാനുള്ള ഇൻജക്ഷൻ കൊടുക്കും. ഓക്സിജനും ഗ്ലൂക്കോസും രക്തവും കൊടുക്കും. രോഗി, മരണത്തിലേക്ക് കുഴയുന്നുവെന്നു കണ്ടാൽ ഉടനെ ശവത്തെ തിരിച്ചറിയുന്നതിനുവേണ്ടി പേരും വിലാസവുമെഴുതിയ കടലാസ് ആ നീലിച്ച നെററിയിൽ പതിക്കും. പലരുടെ നെററിയിലും വിലാസമെഴുതിയ കടലാസൊട്ടിക്കാൻ കഴിഞ്ഞില്ല. അവരെയെല്ലാം വഴിവക്കിൽനിന്നും, കാനകളിൽനിന്നും എടുത്തുകൊണ്ടുവന്നതായിരുന്നു. അനാഥശവങ്ങളായി, എപ്പോഴെങ്കിലും വന്നെത്തുന്ന ബന്ധുക്കളെ കാത്ത് ആ ശവശരീരങ്ങൾ ആശുപത്രിമുററത്തെ നനഞ്ഞ പുല്ലിൽ ദുർഗന്ധം വമിച്ചുകൊണ്ടു കിടന്നു. മരിച്ചവരുടെ ബന്ധുക്കൾപോലും മൂക്കുപൊത്തിയാണ് പ്രിയപ്പെട്ടവരെ സമീപിച്ചിരുന്നത്.

ബാംഗ്ളൂരിൽ വിഷമദ്യം അറുനൂറിൽപരം പേരുടെ ജീവൻ അപഹരിച്ചു. ഇങ്ങനെയൊരു ദുരന്തം മുൻകാലത്തൊന്നും ഉണ്ടായിട്ടില്ല.

ബൗറിങ് ആശുപത്രിയിലെ കാഴ്ച! ഹൊ! മനുഷ്യർ എത്ര നിസ്സഹായരാണ്!

മരണത്തിൽനിന്നു ജീവിതത്തിലേക്കു തിരിച്ചുവരാനുള്ള വെപ്രാളവും വേദനയും ഒരു വശത്ത്. ബന്ധുക്കളുടെ കൂട്ടക്കരച്ചിൽ മറുവശത്ത്. ഒരു തുവാലകൊണ്ടുപോലും മുഖംമൂടാതെ ശവങ്ങൾ നിരത്തിയിട്ടിരിക്കുന്നു. ഓരോ മുഖവും തിരിച്ചറിയുമ്പോൾ നീണ്ട നിലവിളികളുയരുന്നു. അച്ഛനും മക്കളും അമ്മയും സഹോദരങ്ങളും ഭാര്യാഭർത്താക്കന്മാരും തമ്മിൽ കെട്ടിക്കരയുന്നു. വിഷനിറം വ്യാപിച്ച, ദുർഗന്ധം വമിക്കുന്ന മൃതദേഹങ്ങളെ വിളിച്ചുണർത്താൻ ചിലർ യത്നിക്കുന്നു. മരവിച്ച ശരീരങ്ങളിൽനിന്ന് സ്ത്രീകളേയും കുട്ടികളേയും പൊലീസുകാർ വലിച്ചുകററുന്നു. പ്രപഞ്ചത്തിൻെറ കണ്ണുനീർപോലെ ചാററൽമഴ തോരാതെ നിൽക്കുന്നു.

ഇടനാഴിയിലും വാർഡുകളിലുമായി വേദനിച്ചു കരയുന്ന, അന്ത്യനിമിഷങ്ങളെണ്ണുന്ന പാവങ്ങൾ, സ്ത്രീപുരുഷഭേദമില്ലാതെ ചിതറിക്കിടക്കുന്നു. പ്രായംചെന്ന ഒരു നഴ്സ്, പേക്കാഴ്ചകൾ സഹിക്കാനാവാതെ ആശയററ് ദൈവത്തെ വിളിക്കുന്നു. അവരുടെ ഔദ്യോഗിക ജീവിതത്തിൽ ഇത്രയേറെ മനുഷ്യർ കൂട്ടത്തോടെ ചത്തൊടുങ്ങുന്ന കാഴ്ച ആദ്യമായാണത്രേ. ശവങ്ങൾ അപ്പപ്പോൾ നീക്കംചെയ്ത്, അവിടെ അവശനായ പുതിയ രോഗിയെ കിടത്തുന്നു. നെററിയിൽ മരണത്തിൻെറ മുദ്രയെന്നതുപോലെ പേരും വിലാസവുമെഴുതിയ കടലാസ് പതിക്കുന്നു.

ആശുപത്രിയിൽ മരുന്നുകളും ഗ്ലൂക്കോസും രക്തവും വേണ്ടത്ര ഉണ്ടായിരുന്നെങ്കിലും സ്റ്റാൻഡുകൾ വളരെ കുറവായിരുന്നു. സ്റ്റാൻഡുകൾക്കു പകരം, നഴ്സുമാരും രോഗികളുടെ ബന്ധുക്കളും ഗ്ലൂക്കോസ് കുപ്പിയും രക്തക്കുപ്പിയും മററും കൈ

മരിച്ചപ്പോൾ ഇവരെ തിരിച്ചറിയാൻ നെററിയിൽ ഒട്ടിച്ച ഒരു കടലാസുതുണ്ടുമാത്രമേ ഉണ്ടായിരുന്നുള്ളൂ

കയ്യിൽ ഉയർത്തിപ്പിടിച്ച് സ്റ്റാൻഡുകളായി ചലനമററ് നിലകൊള്ളുകയായിരുന്നു.

മരണക്കെണി ഒരുക്കിയ വിഷം

എട്ടുവയസ്സുകാരി ലക്ഷ്മി, മുത്തച്ഛന്റെ രോഗവിവരം അറിയാനാണ് വാർഡിനകത്തേക്കു കടന്നുവന്നത്. നഴ്സ് അവളുടെ കൈയിലും ഒരു ഗ്ളൂക്കോസ് കുപ്പി കൊടുത്തു. കുപ്പിയും ഉയർത്തിപ്പിടിച്ച് ഗ്ളൂക്കോസ് വററിത്തീരുന്നതുവരെ കൈ താഴ്ത്താതെ ആ ബാലിക പ്രതിമ പോലെ നിന്നു.

മുനിസ്വാമി എന്ന വൃദ്ധൻ ആശുപത്രിയിലെത്തിയതോടെ മരണത്തിൽ നിന്നു രക്ഷപ്പെട്ടെന്നു കരുതി. 'ഗോവിന്ദാ... ഗോവിന്ദാ...'എന്നു ജപിക്കാൻ തുടങ്ങി. പക്ഷേ, വൃദ്ധന് ശ്വാസതടസ്സം വർദ്ധിച്ചുവന്നു. അല്പസമയത്തിനകം അധികൃതർ മുനിസ്വാമിയെ ശവമുറിയിലേക്കു നീക്കം ചെയ്തു.

മയക്കത്തിൽനിന്നു ഞെട്ടിയുണർന്ന്, ജയശീലൻ എന്ന ചെറുപ്പക്കാരൻ ഉറക്കെ ചിരിച്ചുകൊണ്ടും കരഞ്ഞുകൊണ്ടും താൻ മരിച്ചിട്ടില്ലെന്ന് സ്വയം ബോദ്ധ്യപ്പെടുത്തുന്നു. ബന്ധുക്കളെ ബോദ്ധ്യപ്പെടുത്തുന്നു.

സീന എന്ന കൂലിപ്പണിക്കാരൻ സ്വന്തം ബുദ്ധിശക്തികൊണ്ടാണ് മരണത്തിൽ നിന്നു രക്ഷപ്പെട്ടതെന്ന് അവകാശപ്പെട്ടു. ചാരായം കടിച്ചതിനുശേഷം നിലയ്ക്കാത്ത ഛർദ്ദി തുടങ്ങിയതോടെ പന്തികേടു മനസ്സിലാക്കിയ അയാൾ ഒരുപാത്രം സോപ്പുവെള്ളം കുടിച്ചു. വീണ്ടും വീണ്ടും ഛർദ്ദിച്ച് അയാളുടെ വയറു ശുദ്ധമാക്കി. അങ്ങനെ മരണത്തിൽ നിന്നു രക്ഷപ്പെട്ടു.

"നീ കുടിക്കുമെന്ന് ഞാൻ സ്വപ്നത്തിൽപ്പോലും കരുതിയില്ല മകനേ..." ജീവൻ തിരിച്ചുകിട്ടിയ മകന്റെ അരികിൽ നിന്ന് അമ്മ വിതുമ്പി. വേദന തളംകെട്ടിയ കണ്ണുകൾ ചിമ്മിത്തുറന്ന് മകൻ തളർന്ന ശബ്ദത്തിൽ അമ്മയെ വിശ്വസിപ്പിക്കാൻ ശ്രമിക്കുന്നു:

"ജീവിതത്തിൽ ആദ്യമായാണമ്മേ, ഞാൻ ഇന്നലെ കുടിച്ചത്...കൂട്ടുകാർ നിർബ്ബന്ധിച്ച് എന്നെ കുടിപ്പിക്കുകയായിരുന്നു...ഇനി മദ്യം ഞാൻ തൊടുകപോലുമില്ല..."

ജൂലൈ 7-ാംതീയതി പകൽ അവസാനിച്ചതോടെ, ഡോക്ടർമാരെപ്പോലും പരിഭ്രമിപ്പിച്ചുകൊണ്ട് മരണസംഖ്യ ഇരുനൂററി ഇരുപതോളമായി. ഏറെപ്പേർ അവശനിലയിൽ അപ്പോഴും ആശുപത്രികളിൽ എത്തിക്കൊണ്ടിരുന്നു. മൈസൂറിലും വ്യാജമദ്യം കഴിച്ച് കുറെപ്പേർ മരിച്ചതായി വാർത്ത പരന്നു. ശവങ്ങൾക്കു പിറകേ മാറത്തലച്ചു കരഞ്ഞുകൊണ്ട് നിഴലുകൾ, അവസാനിക്കാതെ നീങ്ങിപ്പൊയ്ക്കൊണ്ടിരുന്നു.

നഗരത്തിലെ ഓട്ടോറിക്ഷക്കാർക്ക് ആ ദിവസങ്ങളിൽ വിശ്രമമില്ലായിരുന്നു. അവശരായവരെ ആശുപത്രിയിലെത്തിക്കാനും, രോഗികളുടെ ബന്ധുക്കളെ കൊണ്ടുവരാനും, മൃതദേഹങ്ങൾ നീക്കം ചെയ്യാനും റിക്ഷകൾ നഗരത്തിൽ ഇരമ്പിപ്പാഞ്ഞുനടന്നു.

വിഷവും രക്തവും ഛർദ്ദിച്ചെത്തിയ രോഗികൾ ഒരേ രീതിയിലുള്ള പരാതികളാണു പറഞ്ഞിരുന്നത്. കണ്ണിനു കഠിനമായ വേദന...അന്ധത...വയററിൽ വേദന...ശരീരത്തിന് മരവിപ്പ്...ഡോക്ടർമാർ മരണമടഞ്ഞവരുടെ ആമാശയത്തിൽ നിന്നെടുത്ത അവശിഷ്ടങ്ങളും രക്തവും, മൂത്രവും പരിശോധനയ്ക്കയച്ചു. മീഥൈൽ ആൽക്കഹോളും, ലോഹവിഷവുമാണത്രേ ഈ കൂട്ടമരണത്തിനു കാരണമായത്.

ബാംഗ്ളൂർ നഗരത്തിലെ ചില രാസവ്യവസായശാലകളിൽനിന്ന് റെക്ടിഫൈഡ് സ്പിരിററും, മീഥൈൽ ആൽക്കഹോളും ചേർന്ന മിശ്രിതം നിയമവിരുദ്ധമായി ചില ചാരായമുതലാളിമാർക്ക് വില്പന ചെയ്തുവരുന്നതായി പൊലീസ് സംശയിക്കുന്നുണ്ട്. ചാരായവില്പനക്കാർ ഈ മിശ്രിതം വാങ്ങി വെള്ളവും ചേർത്ത് സാധുക്കളായ തൊഴിലാളികൾക്ക് ചുരുങ്ങിയ വിലയ്ക്കു വിൽക്കുന്നു. മരത്തിൽനിന്നു വാററിയെടുക്കുന്ന മീഥൈൽ ആൽക്കഹോൾ അന്ധതയും, തളർച്ചയും, മരണം തന്നെയും വരുത്തിത്തീർക്കുന്നു. വെറുംവയററിൽ ഒരു തുള്ളി കഴിച്ചാലും, നിറവയററിൽ 100 മില്ലി കഴിച്ചാലും മരണം സുനിശ്ചിതമാണത്രേ! മീഥൈൽ ആൽക്കഹോളിനു പുറമേ ബാംഗ്ളൂരിൽ മരണംവിതച്ച വ്യാജമദ്യത്തിൽ, മദ്യം സൂക്ഷിച്ചിരുന്ന പാത്രത്തിലെ ലോഹവിഷംകൂടി ഉൾക്കൊണ്ടിരുന്നതായി സംശയിക്കുന്നുണ്ട്.

ബാംഗ്ളൂർ നഗരത്തിലെ ഒരു പ്രധാന കുടിൽവ്യവസായമാണ് വ്യാജമദ്യവില്പന. മുനിറെഡ്ഡിപ്പാളയത്തും, ചിന്നപ്പ ഗാർഡനിലുമായി വ്യാജമദ്യവില്പനയുള്ള 25 വീടുകളുണ്ടത്രേ!

ആശുപത്രി കാമ്പൗണ്ടിൽ നിരത്തിയിട്ട അനാഥ പ്രേതങ്ങൾ

എത്ര പെട്ടെന്നാണ് മരണം ഈ ജീവിതങ്ങളെ ആക്രമിച്ചു കീഴടക്കിയത്

വ്യാജമദ്യവില്പനയുമായി ബന്ധപ്പെട്ട് പൊലീസ് ഇതുവരെ 47 യുവാക്കളേയും 18 യുവതികളേയും അറസ്റ്റ് ചെയ്തിട്ടുണ്ട്.

ജൂലൈ ഒന്നു മുതൽ കർണ്ണാടകത്തിൽ ലൈസൻസുള്ള ചാരായത്തിന്റെ വില, മില്ലിക്ക് 4 രൂപ 55 പൈസയാണ്. ആദ്യം 3.60 ആയിരുന്നു വില. പിന്നീട് 5.40 ആക്കി വർദ്ധിപ്പിച്ചു. വീണ്ടും ജൂലൈ ഒന്നാംതീയതി മുതൽ 4.55 ആക്കിക്കുറച്ചു. പക്ഷേ, 4.55 ന്റെ സർക്കാർ ചാരായം കുടിച്ചാൽ ഒരു ചൂടും എരിവും കിട്ടാറില്ലെന്നതാണ് ബാംഗ്ളൂരിലെ കൂലിപ്പണിക്കാരുടെ അനുഭവം. അഞ്ചു രൂപയിൽതാഴെ ദിവസവരുമാനമുള്ള ഈ സാധുക്കൾക്ക് സർക്കാർ ചാരായം കുടിക്കാനുള്ള സാമ്പത്തിക പരിതഃസ്ഥിതിയുമില്ലല്ലോ. അതേ സമയം ഒരു വലിയ ഗ്ലാസ് നിറയെ ബെട്ടിസാരായ (മാണ്ഡ്യ)ത്തിന് രണ്ടു രൂപയിൽ കൂടുതലില്ല. കത്തുന്ന ലഹരിയുമാണ്. കഠിനാദ്ധ്വാനത്തിലും, കത്തുന്ന ചാരായത്തിലും ശാന്തരുമായി ഈ ചേരിപ്രദേശത്തുകാരുടെ ജീവിതം നീങ്ങിക്കൊണ്ടിരിക്കെയാണ്, അപ്രതീക്ഷിതമായി ഒരു സന്ധ്യയിൽ മരണം ബലഹീനമായ ആ ജീവിതങ്ങൾക്കു നേരേ കൊടുങ്കാററഴിച്ചു വിട്ടത്.

ലോകംകണ്ട ഏററവും വലിയ ഈ വിഷമദ്യ ദുരന്തത്തിൽ ഒട്ടാകെ അഞ്ഞൂറോളംപേർ മരിച്ചിരിക്കുമെന്നാണ് പറയപ്പെടുന്നത്. ആശുപത്രികളിലെ മരണക്കണക്ക് 325 ആണ്. ആശുപത്രിയിലെത്താതെ കുടിലിൽകിടന്നും, വഴികളിൽവീണും വളരെപ്പേർ മരിച്ചിട്ടുണ്ട്. നൂറോളം സ്ത്രീകളും ഈ മദ്യദുരന്തത്തിന് ഇരകളായി. ഓരോ സ്ത്രീയുടെ മരണവും ഇരട്ടിയായി എണ്ണണം. മരിച്ചസ്ത്രീകളിൽ അധികംപേരും ഗർഭിണികളായിരുന്നു. കാഴ്ച നഷ്ടപ്പെട്ടും, ശരീരം തളർന്നും ഇപ്പോഴും വളരെപ്പേർ ആസന്നനിലയിൽ ആശുപത്രികളിലുണ്ട്. ദിവസങ്ങൾ കഴിയുംതോറും മരണസംഖ്യ വർദ്ധിക്കുകയാണ്.

ഈ ദുരന്തവാർത്ത പരന്നതിനു ശേഷവും വിഷമദ്യം കുടിച്ച് ചിലർ ആശുപത്രികളിൽ എത്തിച്ചേരുന്നുണ്ട്. പൊലീസ് വാനുകൾ ചേരിപ്രദേശങ്ങളിൽ പാഞ്ഞുനടന്ന് വ്യാജച്ചാരായം കുടിക്കരുതെന്ന് ജനങ്ങളോട് അപേക്ഷിക്കുന്നുണ്ട്. പക്ഷേ, മൂന്നു പൊലീസ് ഉദ്യോഗസ്ഥന്മാർ—ഒരു ഹെഡ്കോൺസ്റ്റബിളും ഒരു ആംഡ് റിസർവ് കോൺസ്റ്റബിളും, ഒരു ഫയർ ബ്രിഗേഡ് കോൺസ്ററബിളും, ഈ തിരക്കുകൾക്കിടയിലാണ് വിഷമദ്യം കുടിച്ചു മരണപ്പെട്ടത്. ഇവരിൽ പൊലീസ് കോൺസ്ററബിൾ സുന്ദരം, യൂണിഫോമിലിരിക്കെത്തന്നെയാണു മരിച്ചുവീണത്.

നഗരത്തിലെ ആശുപത്രികളിൽ നിലവിളികൾ ഇനിയും അവസാനിച്ചിട്ടില്ല. അമ്മയുടെ, അച്ഛന്റെ, ഭർത്താവിന്റെ, മക്കളുടെ, ജന്മം തിരിച്ചുനൽകാൻ അപേക്ഷിച്ചുകൊണ്ട് നിസ്സഹായരായ മനുഷ്യർ ഡോക്ടർമാരുടെ കാലുകളിൽ കെട്ടിപ്പിടിച്ചു കരയുന്നു. അവസാനത്തെ വേദനയിൽ കണ്ണു തുറിച്ച്, മുഖം പൈശാചികമാക്കി, വീർത്തവയററിൽ നഖങ്ങൾ കോർത്ത് ഒരു ഗർഭിണി മരിച്ചു കിടക്കുന്നു. ശവമുറി സൂക്ഷിപ്പുകാരൻ സ്വന്തം ചുമൽ വസ്ത്രമെടുത്ത് ആ ശവശരീരത്തെ പുതപ്പിക്കുന്നു.

ആ കാഴ്ചകണ്ട് ഹൃദയംതകർന്ന ഒരു പൊലീസ് ഓഫീസർ നെടുവീർപ്പിടുന്നതു കേട്ടു:

'രണ്ടു മാസം ഒരു ലോക്കൽ സ്റ്റേഷനിൽ ജോലി ചെയ്തിട്ടുള്ള പൊലീസുകാരന് അറിയാം, എവിടെയാണ് വേശ്യാലയങ്ങളെന്നും വ്യാജമദ്യവില്പനയെന്നും... പക്ഷേ, അവർ ഇതെല്ലാംകണ്ട് കണ്ണടയ്ക്കുന്നു...അവർക്കും ഇതിൽനിന്ന് വരുമാനമുണ്ടായിരിക്കണം...ഈ കൂട്ടമരണങ്ങൾ ഒഴിവാക്കാമായിരുന്നു.'

ഇതേ വർഷം ഏപ്രിൽ മാസത്തിലാണ് ബാംഗ്ളൂർ നഗരത്തിൽ 19 പേരുടെ ജീവനപഹരിച്ച വിഷമദ്യദുരന്തമുണ്ടായത്. ഒരു പ്രഭാതത്തിൽ പത്തൊമ്പതു കൂലിപ്പണിക്കാർ വഴിവക്കിൽ മരിച്ചു കിടക്കുന്നതായി കണ്ടെത്തുകയായിരുന്നു.

കോവിലൻ എഴുതിയ നോവൽ

ജന്മാന്തരങ്ങൾ

കലാകൗമുദിയിൽ പ്രസിദ്ധീകരിക്കുന്നു.

പരിശോധനയിൽ ഇവരുടെ മരണം വിഷച്ചാരായം കുടിച്ചതുമൂലമാണെന്നു തെളിഞ്ഞു. പക്ഷേ, വ്യാജമദ്യവില്പനക്കാർക്കെതിരെയുള്ള അന്വേഷണങ്ങളെല്ലാം പിന്നീട് തണുത്തുപോവുകയാണുണ്ടായത്.

ചൂടുള്ള ലഹരി പകരുന്ന ബെട്ടി സാരായം

മുനിറെഡ്ഡിപ്പാളയം, ശിവാജിനഗർ, ബയ്യപ്പനഹള്ളി, അൾസൂർ, കെ. ആർ. പുരം, മൈസൂർ തുടങ്ങിയ സ്ഥലങ്ങളിലെ തോട്ടിപ്പണിക്കാരായ ഹരിജനങ്ങളാണ് ഏറെ മരിച്ചത്. മുപ്പത്തിയഞ്ചുകാരിയായ യശോദമ്മയുടെ സഹോദരന്റെ വിവാഹമായിരുന്നു തലേദിവസം. ആരോ നിർദ്ദേശിച്ചു, ഈ സന്തോഷം ചാരായം കുടിച്ചുതന്നെ ആഘോഷിക്കണമെന്ന്. എല്ലാവരും ആ നിർദ്ദേശം ശരിവച്ചു. ആംസ്ട്രോങ് റോഡിലെ വ്യാജവില്പനശാലയിൽ നിന്ന് ബെട്ടിസാരായം എത്തിച്ചേർന്നു. നവവിവാഹിതരുടെ ആരോഗ്യത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രാർത്ഥിച്ചുകൊണ്ട് ആ കുടുംബത്തിലെ എല്ലാ അംഗങ്ങളും കുടിച്ചു. അന്നത്തെ രാത്രി അവസാനിക്കുന്നതിനു മുമ്പേ യശോദമ്മയ്ക്ക്, വൃദ്ധമാതാവും മൂന്നു സഹോദരിമാരും നഷ്ടപ്പെട്ടു. ഒമ്പതുമാസം ഗർഭിണിയായ യശോദമ്മ ബൗറിങ് ഹോസ്പിറ്റലിൽ സുഖം പ്രാപിച്ചു വരുന്നു. രോഗശയ്യയിൽ തളർന്നുകിടക്കെ യശോദമ്മ തേങ്ങലടക്കി: “മരിച്ച എന്റെ ഒരു സഹോദരിക്ക് എട്ടു പെൺമക്കളാണ്. അമ്മയില്ലാത്ത ആ കുട്ടികളെ ഇനി ആരു നോക്കി വളർത്തും?”

കുറേ നാളായി രോഗം ബാധിച്ചു കിടക്കുകയായിരുന്ന കണ്ണപ്പന്റെ ഭാര്യ കഴിഞ്ഞ ദിവസം മരിച്ചു. ജീവിതത്തിൽ ഏകനായിത്തീർന്ന അയാൾ വ്യാജമദ്യം കഴിച്ച് ദുഃഖത്തിൽനിന്നു രക്ഷപ്പെടാമെന്നു കരുതി. പക്ഷേ, ഭാര്യയുടെ ചിതയ്ക്കു തീകൊളുത്തുന്നതിനു മുമ്പ് കണ്ണപ്പന്റെ ജഡവും ബന്ധുക്കൾ ശ്മശാനത്തിലെത്തിച്ചു.

മറ്റൊരാളുടെ ഭാര്യ പൊലീസ് കമ്മീഷണറുടെ വീട്ടിലെ തൂപ്പുകാരിയാണ്. അയാൾ അന്നും മുനിറെഡ്ഡിപ്പാളയത്തെ പതിവു സ്ഥലത്തുനിന്നും ചാരായം കുടിച്ചു. അല്പം കഴിഞ്ഞപ്പോൾ വയറുവേദനയും ഛർദ്ദിയുമുണ്ടായി. അയാൾ ഭാര്യയെ വിവരമറിയിക്കാൻ കമ്മീഷണറുടെ വീട്ടിലേക്കു പാഞ്ഞുചെന്നു. കമ്മീഷണറുടെ വീട്ടുവളപ്പിൽ വീണ് അയാൾ മരിച്ചു. മറ്റൊരാൾ ബൗറിങ് ആശുപത്രിയിൽ മരിക്കെ, അയാളുടെ ഭാര്യ അതേ ആശുപത്രിയിൽ പ്രസവനിമിഷം കാത്തു കിടക്കുകയാണ്.

വ്യാജച്ചാരായദുരന്തത്തിൽ ജീവൻ ബലിയർപ്പിച്ചവർക്കും, കാഴ്ച നഷ്ടപ്പെട്ടവർക്കും, കർണ്ണാടക സർക്കാർ നഷ്ടപരിഹാരം നൽകിയതുകൊണ്ടുമാത്രം പ്രശ്നം പരിഹരിക്കപ്പെടുന്നില്ല. വ്യാജവാറ്റിനെതിരെ ബന്ധപ്പെട്ടവർ ഇനിയും കണ്ണടയ്ക്കുകയാണെങ്കിൽ, വിഷച്ചാരായം ഇനിയും വില്പനയ്ക്കെത്തുകയാണെങ്കിൽ, ദുരന്തങ്ങൾ തുടർന്നുകൊണ്ടിരിക്കും. പാവങ്ങൾ ദുരിതമനുഭവിക്കാൻ വിധിക്കപ്പെട്ടവരാണ്. ഇന്നത്തെ വേദനയുടെ മുറിവുണങ്ങുമ്പോൾ, ‘ബെട്ടിസാരായം’ സമീപത്തു കിട്ടാനുണ്ടെങ്കിൽ നിർദ്ധനരായ തൊഴിലാളികൾ ഒരു ചൂടുള്ള ലഹരി കൊതിച്ച് ആ വിഷംവാങ്ങി കുടിക്കും. വഴിവക്കിലും, ആശുപത്രിവരാന്തയിലും ശവങ്ങൾ അനാഥമായി വീണുകിടക്കും.

നഗരത്തിലും ഗ്രാമത്തിലും, ഓരോരോ താവളങ്ങളിൽ, പുറമ്പോക്കിലെ ഇരുട്ടു വീണ ഓലപ്പുരകളിൽ വ്യാജച്ചാരായ വാറ്റും വില്പനയും വലിയ തോതിൽ നടക്കുന്നുണ്ട്. കേരളത്തിൽ നിയമവിധേയമായ ചാരായം കിട്ടാനില്ലാത്തതുകൊണ്ട് വ്യാജച്ചാരായത്തിന്റെ അതിവർഷക്കാലമാണിത്. ബാംഗ്ലൂരിൽ ജീവിക്കാൻ നിവൃത്തിയില്ലാത്ത മുനിസിപ്പൽ തൂപ്പുകാരും മറ്റുമാണ് വിഷച്ചാരായം കുടിച്ചു മരിച്ചത്. പക്ഷേ, കേരളത്തിൽ ഇനിയൊരു ചാരായ ദുരന്തം നടക്കുകയാണെങ്കിൽ അപരിഷ്കൃതരും നിർദ്ധനരുമല്ല; പലപല പ്രതിഭാശാലികൾ തന്നേയും കൊഴിഞ്ഞു വീണെന്നിരിക്കും. കണ്ണിലും ചുണ്ടിലും ചാരായത്തിന്റെ മേഘപടലങ്ങളുമായി അലയുന്ന, വ്യാജച്ചാരായത്തിന്റെ അനുഭൂതികളിൽ നിർവൃതികൊള്ളുന്ന താടിക്കാരുടേയും ബുദ്ധിജീവികളുടേയും പ്രതിഭാശാലികളുടേയും ഒരു തലമുറതന്നെ നമുക്കിടയിലുണ്ടല്ലോ. കാറ്റിലാടുന്ന അവരുടെ വിലപ്പെട്ട ജീവിതങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കാൻ മാത്രമേ ഇന്നത്തെ അവസ്ഥയിൽ കഴിയൂ. ഉത്തരവാദപ്പെട്ടവർ ഒരു കൂട്ടമരണത്തിൽ നടുങ്ങാനോ, വ്യാകുലപ്പെടാനോ, നഷ്ടപരിഹാരം നൽകാനോ വേണ്ടി കാത്തുനിൽക്കാതെ വ്യാജച്ചാരായക്കലങ്ങൾ തല്ലിയുടയ്ക്കാനും, വിഷവില്പനക്കാരെ പിടിച്ചു ജയിലിലടയ്ക്കാനും, ഒളിച്ചു കുടിക്കാനെത്തുന്നവരെ ചൂരലുകൊണ്ട് അടിക്കാനും മുന്നിട്ടിറങ്ങിയേ തീരൂ!

മരണം ഒരു വ്യക്തിയുടെ തിരോധാനം മാത്രമല്ല, ഒരു മരണത്തോടെ ഒരു കുടുംബം അനാഥമാകുന്നു. ഒരുകൂട്ടം മനുഷ്യർ കണ്ണീരിലാഴുന്നു. ജീവിതവും സ്വപ്നങ്ങളും നിഷേധിക്കപ്പെട്ടവർ, കറുത്ത ദിനങ്ങൾ എണ്ണിക്കഴിയേണ്ടി വരുന്നു.

മരണമടഞ്ഞവരിൽ നിരവധി സ്ത്രീകളുമുണ്ടായിരുന്നു

പൂക്കച്ചവടം: അമേരിക്കൻ സ്റ്റൈൽ

‘സേ ഇറ്റ് വിഥ് ഫ്ളവേഴ്സ്!’ നമ്മുടെ നാട്ടിൽ ഈ ചൊല്ലിന് നിത്യജീവിതത്തിൽ പ്രസക്തിയില്ല. ‘ആരാമത്തിന്റെ രോമാഞ്ചം’ വാരിപ്പുണരുന്നവരും അന്യോന്യം പകരുന്നവരും ഇവിടെ അപൂർവ്വമാണ്. പാശ്ചാത്യനാടുകളിലും പാശ്ചാത്യം പകർത്താൻ ‘വഹ’യുള്ള നാടുകളിലും സ്ഥിതി ഇതല്ല. അവിടെ പൂങ്കുലയുമേന്തി കുശലമന്വേഷിച്ചു ചെല്ലാൻ അവസരങ്ങൾ ധാരാളം! കാമുകീസമാഗമം, വിവാഹാലോചന, വിവാഹം, വിരുന്ന്, കുഞ്ഞിന്റെ ജനനം, രോഗം, സ്വീകരണം, വിടവാങ്ങൽ...എല്ലാറ്റിനും പൂക്കളില്ലെങ്കിൽ പൂർണ്ണതയില്ലെന്ന മട്ടാണ്. പൂക്കളിലൂടെ അകലങ്ങളിൽ ചെന്നെത്തുന്ന സന്ദേശങ്ങൾക്കുതന്നെ പല നിറവും പല മണവുമാണ്. പ്രോത്സാഹനം, ആശംസ, സ്നേഹം, സ്മരണ, കുറ്റസമ്മതം, ക്ഷമാപണം, സ്വീകാരം എല്ലാം ‘ഭൂമിയിലെ നക്ഷത്രങ്ങളാ’യി മുന്നിലെത്തുമ്പോൾ മാധുര്യം കൂടുന്നു. പൂക്കൾക്ക് എന്നും ഡിമാൻഡാണിവിടങ്ങളിൽ. അതുകൊണ്ടുതന്നെ പൂവുകൾ ബിഗ് ബിസിനസ്സുമാണ്. അമേരിക്കയിൽ മാത്രം, കഴിഞ്ഞവർഷം ബൊക്കേകളും പൂങ്കുലകളുമായി മൂവായിരം കോടിഡോളറിന്റെ പൂക്കൾ വിൽക്കപ്പെട്ടു.

വൻതോതിൽ പൂച്ചെടികൾ നട്ടുവളർത്തുന്നത് ഒരുകാലത്തു പ്രഭുക്കന്മാരുടെമാത്രം വിനോദമായിരുന്നു. 1800 കളിൽ എസ്റ്റേറ്റുകളിൽ പൊട്ടിമുളച്ച ഹരിതഗൃഹങ്ങൾ, സ്വീകരണമുറികളിലും ബാൾറൂമുകളിലും അലങ്കരിക്കാൻ വേണ്ട പലയിനം പൂക്കളെ പോറ്റിവളർത്തി. 19-ാം നൂറ്റാണ്ടോടുകൂടി സാധാരണക്കാരും നിത്യജീവിതത്തിനു വർണ്ണപ്പകിട്ടേകാൻ പൂക്കൾ തേടിത്തുടങ്ങി. അതോടെ പൂക്കടകൾ തുറന്നു. വ്യാപാരം മെച്ചപ്പെട്ടപ്പോൾ മൊത്തക്കച്ചവടക്കാരിറങ്ങി. നട്ടുവളർത്തുന്നവരിൽ നിന്ന് നിറവും മണവും മങ്ങും മുമ്പേ പൂക്കൾ പൂക്കടകളിലെത്തിക്കാൻ മൊത്തക്കച്ചവടക്കാർ തമ്മിൽ മത്സരമായി. വൻനഗരങ്ങളുടെ സമീപത്താണ് പൂന്തോട്ടങ്ങൾ സംഘടിപ്പിച്ചിരുന്നത്. കമ്പോളത്തിലെത്തിക്കുന്നതിൽ സമയനഷ്ടം ഒഴിവാക്കാനായിരുന്നു അത്. വിമാനങ്ങളുടെ ആവിർഭാവത്തോടെ ദൂരം ഒരു പ്രശ്നമല്ലാതായി. പൂക്കൃഷിക്കാർ കൂടുതൽ സൂര്യപ്രകാശവും കൃഷിക്ക് അനുയോജ്യമായ മണ്ണുമുള്ള ഫ്ളോറിഡ, കൊളൊറാഡോ എന്നിവിടങ്ങളിലേയ്ക്ക് ആസ്ഥാനം മാറ്റി. ജെറ്റ് വിമാനങ്ങൾ സംഗതികൾ കുറെക്കൂടി എളുപ്പമാക്കി. അമേരിക്കയിലെ പൂന്തോട്ടങ്ങളുടെ കേന്ദ്രം കാലിഫോർണിയയായി. അമേരിക്കയിൽ നട്ടുവളർത്തുന്ന ലവംഗപുഷ്പങ്ങളിൽ മൂന്നിൽ രണ്ടു ഭാഗവും, റോസാപ്പൂക്കളുടെ പകുതിയും കാലിഫോർണിയൻ തോട്ടങ്ങളിലാണ് വിടരുന്നത്.

ഊർജ്ജച്ചെലവുകൾ ഇന്ന് പുഷ്പവ്യവസായത്തെ നന്നേ ഞെരുക്കുന്നുണ്ട്. സൊസൈറ്റി ഓഫ് അമേരിക്കൻ ഫ്ളോറിസ്റ്റ്സ് എന്ന തൊഴിൽ സംഘടനയുടെ എക്സി: വൈസ് പ്രസിഡന്റ് ജിം വാങ്കോയുടെ വാക്കുകളിൽ, “കുളിരുള്ള രാത്രികളിൽ തങ്ങളുടെ ഹരിതഗൃഹങ്ങളിൽ ചൂടുപകരാൻ രാവുതോറും 1500 ഡോളർ ചെലവാക്കുന്നവരുണ്ട്. പൂക്കൃഷിക്കാരുടെ നടുവൊടിയുന്ന ഏർപ്പാടാണിത്.” കഴിഞ്ഞ ശീതകാലത്ത് രണ്ടേ രണ്ടു രാത്രികളിൽ ചൂടുനൽകിയ പ്രൊപ്പെയ്ൻ ഗ്യാസിന് ഫ്ളോറിഡയിലെ ഒരു കൃഷിക്കാരൻ 16,000 ഡോളറാണു ചെലവാക്കിയത്. കാലിഫോർണിയയിലെ ഏറ്റവും വലിയ പൂന്തോട്ടങ്ങളിൽ ഒന്നിന്റെ ഉടമ മൗണ്ട് ഏദൻ നഴ്സറി ഇൻകോർപ്പറേറ്റഡ് ആണ്. അവർ ലവംഗപുഷ്പങ്ങളും റോസുമാണ് കൃഷിചെയ്യുന്നത്. അവരുടെ ഹരിതഗൃഹത്തിന് 250 ലക്ഷം ചതുരശ്രഅടി വിസ്തൃതിയുണ്ട്. ഈ വർഷം ഹരിതഗൃഹത്തിലെ ഊഷ്മാവ് നിലനിറുത്താൻ പന്ത്രണ്ടരലക്ഷം ഡോളർ ചെലവുവരുമെന്നാണ് മൗണ്ട് ഏദന്റെ തലവൻ യോഷിമി ഷിബാറ്റയുടെ കണക്ക്.

തോട്ടങ്ങളിൽ പൂത്തുലയേണ്ട ചെടികൾ ലബോറട്ടറിയിൽ വേർതിരിയുന്നു

സാമ്പത്തിക പ്രശ്നങ്ങൾ വർദ്ധിക്കാൻ മറ്റൊരു കാരണവുമുണ്ട്. കഴിഞ്ഞ ആറു വർഷത്തിനകം അമേരിക്കയിൽ പുഷ്പങ്ങളുടെ മാർക്കറ്റ് ഒരേ നിലയിൽ നിൽക്കുന്നതേയുള്ളു. മാത്രമല്ല, ഉള്ള മാർക്കറ്റിൽ ആധിപത്യം സ്ഥാപിക്കാൻ പുറം രാജ്യങ്ങളും എത്തിയിട്ടുണ്ട്. കൊളംബിയയിൽ അമേരിക്കയിലേക്കാൾ മെച്ചപ്പെട്ട കാലാവസ്ഥയും കുറഞ്ഞ കൂലിയുമാണ്. അവർക്ക് തണുപ്പകറ്റാൻ വിലകൊടുത്ത് ഊർജ്ജം വാങ്ങേണ്ടതില്ല. ദിവസേന മിയാമി അന്തർദ്ദേശീയ വിമാനത്താവളത്തിൽ ഒരു കൂട്ടം കൂറ്റൻ ജെറ്റ് വിമാനങ്ങൾ പറന്നിറങ്ങും. അവ നിറയെ കൊളംബിയായിലെ പൂക്കളാവും.. ആഴ്ചയിൽ ആറുദിവസം കൊളംബിയ

(ശേഷം 49-ാം പേജിൽ)

ആ വീട്ടിലേക്കു് ഞാൻ എങ്ങനെ മടങ്ങും

കൗമുദി ന്യൂസ് സർവീസ്
കോഴിക്കോട്

> പണംമോഹിച്ചു കവർച്ച നടത്താനെത്തിയവരുടെ കൈകൊണ്ടു് കാത്ത്യായനി ടീച്ചർ കൊല്ലപ്പെട്ടു. മുറിവേററ അവരുടെ ഭർത്താവു് ആശുപത്രിയിലാണ്. ഞാനിനി ആ വീട്ടിലേക്കു് എങ്ങനെ മടങ്ങും: അദ്ദേഹത്തിന്റെ ചോദ്യത്തിനു് ആർക്കു മറുപടി പറയാൻ കഴിയും.

കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ പതിമൂന്നാം വാർഡിൽ കിടന്ന് പാവങ്ങാട്ടെ ഗംഗാധരൻ മാസ്റ്റർ ഇപ്പോഴും ഓർക്കുകയാണ്, ഉൾക്കിടിലത്തോടെ: മുഖംമൂടിയണിഞ്ഞ് അവർ രാത്രി വീട്ടിലേക്കു കയറിവന്നതും തന്നേയും തന്റെ ഭാര്യയേയും അക്രമിച്ചതും, പിടിച്ചുകെട്ടിയതും ആഞ്ഞുകുത്തിയതും രക്തം ചിന്തിയതും എല്ലാം.

അതൊരു ഞായറാഴ്ചയായിരുന്നു. ജൂൺ 21. ആകാശവാണി കോഴിക്കോട് നിലയത്തിൽനിന്നും പ്രക്ഷേപണം ചെയ്ത "തപസ്യ" എന്ന നാടകം ശ്രവിച്ചുകൊണ്ടിരിക്കുകയാണ് ഗംഗാധരൻ മാസ്റ്ററും ഭാര്യ കാർത്ത്യായനി ടീച്ചറും. റേഡിയോ നാടകം കഴിഞ്ഞുവേണം നായ്ക്കളെ കൂട്ടിൽനിന്നും അഴിച്ചുവിട്ട വാതിലടച്ചു കിടന്നുറങ്ങാൻ. അതിനുമുമ്പുതന്നെ പടിപ്പുര അടച്ചു സാക്ഷയിട്ടിരുന്നു. വീടും പറമ്പും മക്കളെ എന്നപോലെ നോക്കിനടക്കാറുള്ള മാസ്റ്റർ വീട്ടിന്റെ സുരക്ഷിതത്വത്തിലും ശ്രദ്ധാലുവായിരുന്നു. വീട് കൊട്ടിയടയ്ക്കപ്പെട്ടാൽ പിന്നെ അതിനകത്ത് ആർക്കും കടക്കാൻ കഴിയുകയില്ല. നാല്പതുകളിലേക്കു കടന്നശേഷം വിവാഹിതരായ ഗംഗാധരൻ-കാത്ത്യായനി ദമ്പതികൾക്കു മക്കളൊന്നുമില്ല. പിന്നെ വീട്ടിലുള്ളത് അദ്ദേഹത്തിന്റെ വിവാഹം കഴിച്ചിട്ടില്ലാത്ത മൂത്ത സഹോദരി കമലാക്ഷിയും ഒരകന്ന ബന്ധുവും സഹായിയുമായ ഗൗരിയും ആണ്. അവർ പതിവായി കിടന്നുറങ്ങാറുള്ള മുറിയിൽ കിടക്കുന്നതിനായി ഒരുങ്ങുകയാണ്. അതിനിടയിൽ റേഡിയോ നാടകം ശ്രദ്ധിക്കുകയും. പെട്ടെന്നാണ് റേഡിയോ നാടകത്തിൽ പന്തിയില്ലാത്ത വിധം ചില കഥാപാത്രങ്ങൾ കടന്നുവന്നതായി കമലാക്ഷിക്കും ഗൗരിക്കും തോന്നിയത്. നായ്ക്കൾ ഇടവിടാതെ കരയുന്നു. റേഡിയോയുടെ ശബ്ദവും കണക്കിലേറെ കൂടിയിട്ടുണ്ട്. ആർത്ത നിലവിളിയും പിടിവലിയും അട്ടഹാസവും നാടകത്തിലുള്ളതല്ലെന്നും ഗംഗാധരന്റെയും കാത്ത്യായനിയുടെയും ശബ്ദങ്ങൾ ഇക്കൂട്ടത്തിൽ കേൾക്കുന്നല്ലോ എന്നും അവർക്കു സംശയമായി. രണ്ടുപേരും മുറിയിൽനിന്ന് ഓടി പുറത്തുവന്നു നോക്കിയപ്പോൾ മുഖംമൂടിയണിഞ്ഞ മൂന്നുനാലു ചെറുപ്പക്കാരും ഗംഗാധരനും കാത്ത്യായനിയും തമ്മിൽ പിടിവലിയും ബഹളവും നടക്കുന്ന കാഴ്ചയാണു കണ്ടത്. റേഡിയോ ഉച്ചത്തിൽ പ്രവർത്തിക്കുന്നുമുണ്ട്. ഇരുവരും ആർത്തുവിളിച്ചുപോയി. മുഖംമൂടികൾ രണ്ടുപേർ അവർക്കു നേരെ ആക്രോശിച്ചു വന്നെങ്കിലും അവർ ഓടി തങ്ങളുടെ മുറിയിൽ ചെന്നു വാതിലടച്ച് ഉറക്കെ നിലവിളിച്ചു. അതിനിടയിൽ അക്രമികൾ അവരുടെ വാതിൽ പുറമേനിന്നു പൂട്ടിക്കളഞ്ഞിരുന്നു. വീട്ടിൽ നടക്കുന്ന കുഴപ്പങ്ങൾ ദൂരെയുള്ളവരെ അറിയിക്കാനെന്നവണ്ണം കമലാക്ഷിയും ഗൗരിയും ജനലിനരികെ വന്നുനിന്ന് ഉച്ചത്തിൽ നിലവിളിച്ചു. പുറത്തു കനത്ത ശബ്ദത്തിൽ പെയ്തുകൊണ്ടിരുന്ന മഴ ഇവരുടെ നിലവിളി ദൂരത്തെങ്ങും കൊണ്ടെത്തിച്ചില്ല. ഇതിനിടയിൽ പുറത്തെ ജനൽക്കൽ വന്ന് ഒരു മുഖംമൂടി അവരെ ഭീഷണിപ്പെടുത്തി: "ഒച്ചയിട്ടാൽ കൊന്നുകളയും." പുറത്തുനിന്ന ജനൽപാളികൾ അടയ്ക്കുകയും ചെയ്തതോടെ അവരുടെ രോദനം പിന്നെ ആരു കേൾക്കാൻ—

ഇതിനിടയിൽ വീട്ടിലെ സ്വീകരണമുറിയിൽ ദാരുണവും ഭീതിദവും ക്രൂരവുമായ കൃത്യങ്ങൾ നടക്കുകയായിരുന്നു. മുഖംമൂടിയണിഞ്ഞ കൊള്ളക്കാർ ദമ്പതികളെ വീട്ടിന്റെ വരാന്തയിൽ നിന്നും പിടികൂടി അകത്തെ സ്വീകരണമുറിയിലേക്കു കൊണ്ടുവന്നു. രണ്ടുപേരും അക്രമികളെ കഴിയുന്നേടത്തോളം ചെറുക്കുന്നുണ്ടായിരുന്നു. പിടിവലി നടക്കുന്നതിനിടയിൽ കസേരകൾ മറിഞ്ഞുവീഴുകയും അതിലൊന്നിന്റെ കൈയൊടിയുകയും ചെയ്തു. കഷണം മററും നിലത്തുവീണു ചവിട്ടിക്കുഴച്ചു പോയിട്ടുണ്ട്. എന്നിട്ടൊന്നും മാസ്ററും ടീച്ചറും കീഴ്പെടുന്നില്ലെന്നുകണ്ട അക്രമികളിൽ രണ്ടുപേർ ഗംഗാധരൻ മാസ്റ്ററെ കയറുകൊണ്ടു വരിഞ്ഞുകെട്ടി. അതു തടയാൻ ശ്രമിച്ച ടീച്ചറെ മററുള്ളവർ ചേന്നു പിടിച്ചുമാററി. ടീച്ചറും മുഖംമൂടികളും തമ്മിലുള്ള പിടിവലിക്കിടയിൽ ഒരാളുടെ മുഖം എങ്ങനെയോ അഴിഞ്ഞുപോയിരുന്നു. ടീച്ചർ ആളെ തിരിച്ചറിഞ്ഞു.

"ഇതു രമേശല്ലേ?" വർഷങ്ങൾക്കു മുമ്പ് യു. പി. സ്ക്കൂളിൽ തന്റെ വിദ്യാർത്ഥിയായിരുന്ന രമേശാണ് കൊള്ളക്കാരിൽ ഒരുവനെന്ന് മനസ്സിലായ ആ അദ്ധ്യാപികയ്ക്ക് അതു സഹിക്കാനായില്ല. പിഴച്ചുപോയ തന്റെ ഒരു ശിഷ്യൻ എന്ന് ആ ഗുരുനാഥ ഒരുനിമിഷം ഓർത്തുപോയിട്ടുണ്ടാകും. അപ്പോഴേക്കും ശിഷ്യന്റെ മട്ടു മാറിയിരുന്നു. തന്റെ മറ നഷ്ടപ്പെട്ടും തന്നെ മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു. ആസൂത്രിതമായ തങ്ങളുടെ ഉദ്യമത്തിന് ഏർപ്പെട്ട ആദ്യപരാജയം. പൊലീസിന്റെയും കേസന്വേഷണത്തിന്റെയും സ്വഭാവത്തെക്കുറിച്ചു ചിന്തിച്ച രമേശിന് ഈ ‘തെളിവ്’’ നശിപ്പിക്കണമെന്നു തോന്നിയിട്ടുണ്ടാകണം. അവൻ തന്റെ കൂട്ടുകാരുടെ മുഖത്തേക്കു നോക്കി. ശരിപ്പെടുത്തിക്കളയാൻ അവരിലൊരാൾ ആംഗ്യം കാണിച്ചു. പിന്നെ ഒട്ടും മടിച്ചുനില്ക്കാതെ ശിഷ്യൻ തന്റെ അദ്ധ്യാപികയുടെ നെഞ്ചിലേക്കു് ആഞ്ഞുകുത്തുകയായിരുന്നു. ആ അമ്പത്തഞ്ചുകാരിയുടെ മുലയ്ക്കു താഴെ പന്ത്രണ്ടു സെൻറിമീററർ ആഴത്തിലേററ മുറിവിൽ നിന്നും രക്തം കുതിച്ചുചാടി. അവർ പ്രജ്ഞയററു വീഴുന്നതുവരെ വീണ്ടും കുത്തി. അതിനിടെ മററൊരാൾ ഗംഗാധരൻ മാസ്റ്ററേയും കുത്തുന്നുണ്ടായിരുന്നു. അദ്ദേഹത്തിന് കഴുത്തിനേററ ഒരു നല്ല മുറിവുകൊണ്ടുതന്നെ ബോധം ഏതാണ്ടു നശിച്ചു. രണ്ടുപേരുടേയും കഥ കഴിഞ്ഞാൽ പിന്നെ അക്രമിയെ തിരിച്ചറിഞ്ഞ ആദ്യത്തെ തെളിവ് നശിപ്പിക്കപ്പെട്ടല്ലോ. രണ്ടുപേരും മരിച്ചെന്ന് ബോദ്ധ്യം വന്നശേഷം അവർ ടീച്ചറുടെ കൈയിൽനിന്നും കഴുത്തിൽനിന്നും കാതിൽനിന്നും ആഭരണങ്ങൾ ഊരിയെടുത്തു. അപ്പോൾ വാവിട്ടു നിലവിളിക്കുന്ന കമലാക്ഷിയുടേയും ഗൗരിയുടേയും ശബ്ദവും റോഡിൽനിന്ന് ആൾക്കാർ ഓടിക്കൂടുന്ന ശബ്ദവും അക്രമികൾ കേട്ടു. കൈയിൽ കിട്ടിയതുമായി അവർ ഓടി രക്ഷപ്പെട്ടു.

കുത്തേററു വീണു കിടക്കുന്നേടത്തുനിന്നു തന്നെ അവർ ഒന്നുരണ്ടുതവണ ഉരുട്ടി നോക്കിയ കാര്യം ഗംഗാധരൻമാസ്റ്റർ ആശുപത്രിയിൽ വച്ച് ഓർത്തു. അനങ്ങാൻ കഴിയാതെ കിടന്ന താൻ മരിച്ചുപോയെന്നുതോന്നിയതിനാലാണ് തന്നെ അവർ ഒഴിവാക്കിയതെന്നും അദ്ദേഹം പറഞ്ഞു.

കോഴിക്കോട് കോർപ്പറേഷൻ അതിർത്തിയിൽ കണ്ണൂർ റോഡിൽ, പാവങ്ങാട് എന്ന സ്ഥലത്ത് റോഡിനടുത്തായി ഏതാണ്ടു മൂന്നരഏക്കർ തെങ്ങിൻതോപ്പിന്നടുവിലാണ് ഗംഗാധരൻ മാസ്റ്ററുടെ തടത്തിൽ എന്ന ഇരുനില വീട്. പഴയരീതിയിൽ പണിത പടിഞ്ഞാറ്റപ്പുരയ്ക്കു നല്ല കെട്ടുറപ്പുണ്ട്. അടയ്ക്കുമ്പോഴും തുറക്കുമ്പോഴും 'കരയുന്ന' കട്ടിയുള്ള വാതിലുകളാണുള്ളത്. റോഡിൽനിന്ന് ഉയരത്തിലുള്ള പറമ്പിലെ വീട് റോഡിൽനിന്നു നോക്കിയാൽ കാണില്ല. എന്നാൽ "നായയെ സൂക്ഷിക്കുക" എന്നെഴുതിയ പടിപ്പുര റോഡിൽനിന്നു കാണാം. പടിപ്പുരയ്ക്കു മുന്നിൽ റോഡിനോടു ചേർന്ന് മണ്ണെടുത്ത ഒരു വലിയ കുഴിയുണ്ട്. കാടുപിടിച്ചു കിടക്കുന്ന ഈ കുഴി യാത്രക്കാർക്ക് എന്നും ഒരു പേടിസ്വപ്നമാണ്.

തടത്തിൽ വീട്ടിൽ എന്തോ ബഹളം കേട്ട് ആദ്യമായി ഓടിയെത്തിയ ചിലർ വീട്ടിൽനിന്നു റേഡിയോയുടെ ശബ്ദം കേട്ടതുകൊണ്ടു മടങ്ങിപ്പോയതാണ്. പിന്നെ കുറച്ചുകഴിഞ്ഞാണ് റോഡിന്റെ എതിർവശത്ത് ഒരു 'ഇൻഡസ്ട്രിയൽസ്'' നടത്തുന്ന കൃഷ്ണനും മററുള്ളവരും വീണ്ടും അങ്ങോട്ടുചെന്നു നോക്കിയത്. അവിടെ കിണററിൽ ആരോ വീണു എന്നാണവർ കരുതിയത്. പടിപ്പുരപൂട്ടിയതുകാരണം അവർക്ക് വീട്ടിലേക്കു കയറിച്ചെല്ലാൻ പററിയില്ല. ഒരാൾ, പടിപ്പുരവാതിലിലൂടെ നോക്കിയപ്പോൾ രണ്ടുമൂന്നുപേർ വീട്ടിൽ നിന്നും ഓടിപ്പോകുന്നതുകണ്ടു. വേലിചാടിക്കടന്ന് അവരും അവരുടെ പിന്നാലെ ഓടി. നാട്ടുകാർ ഓടിയെത്തുമ്പോഴേക്കും അക്രമികൾ വീട്ടുപറമ്പിലൂടെ ഓടിരക്ഷപ്പെട്ടുകഴിഞ്ഞിരുന്നു. എന്നാൽ മതിൽചാടി രക്ഷപ്പെടുന്നതിനിടയ്ക്ക് തെക്കുഭാഗത്തുള്ള ആഴമേറിയ വീതികുറഞ്ഞ ഇടവഴിയിൽ വീണ ഒരു ചെറുപ്പക്കാരനെ പിടികൂടാൻ നാട്ടുകാർക്കു കഴിഞ്ഞു. നല്ല ഒത്ത തടിമിടുക്കുള്ള ഒരു യുവാവ്. കോഴിക്കോട് മാവൂർ റോഡിൽ താമസിക്കുന്ന ലാംബി എന്നുവിളിക്കുന്ന ലാംബ്രട്ട് ആയിരുന്നു അയാൾ. നാട്ടുകാർ വേണ്ടുംവണ്ണം കൈകാര്യം ചെയ്തപ്പോൾ ഈ അരോഗദൃഢഗാത്രൻ ഉറക്കെ കരയുകയായിരുന്നുവത്രേ! ലാംബി പിന്നീട് കാര്യം തുറന്നുപറഞ്ഞു. ആ വീട്ടിൽ രണ്ടുപേർ മരിച്ചുകിടക്കുന്നുണ്ടെന്ന് അറിയിച്ചപ്പോഴാണ് ഗംഗാധരൻ മാസ്റ്ററുടെ വീട്ടിൽ കാര്യമായി എന്തോ നടന്നിട്ടുണ്ടെന്ന് ആളുകൾക്കു മനസ്സിലായത്. ലാംബിയെ രണ്ടുമൂന്നുപേർ പിടിച്ചുവച്ചു. ബാക്കിയുള്ളവർ തടത്തിൽ വീട്ടിലേക്കോടി. അപ്പോൾ അവിടെ കണ്ട കാഴ്ച ആർക്കും മുഴുവനായി വിവരിക്കാൻ കഴിഞ്ഞിട്ടില്ല! ഏതാണ്ടു സമയം രാത്രി പത്തര മണി ആയിട്ടേ ഉള്ളു. അതുവഴി റോഡിലൂടെ പോയവരും അടുത്ത വീടുകളിലുള്ളവരുമെല്ലാമായി ആളുകൾ കുറെയെത്തി. പൊലീസ് കൺട്രോൾ റൂമിൽ വിവരമറിയിച്ചു.



വെട്ടേററ് ആശുപത്രിയിലായ ഗംഗാധരൻ മാസ്റ്റർ

തടത്തിൽ വീട്ടിലെ അലങ്കോലപ്പെട്ടു കിടക്കുന്ന സ്വീകരണമുറിയിൽ തളംകെട്ടിക്കിടക്കുന്ന രക്തത്തിൽ കാത്ത്യായനി ടീച്ചർ ചലനമററു കിടക്കുന്നു. തൊട്ടടുത്ത് കയർകൊണ്ടു കെട്ടിയ നിലയിൽ ബോധമററു കിടക്കുന്ന ഗംഗാധരൻ മാസ്റ്ററും. അയാളുടെ കഴുത്തിൽനിന്നും രക്തം വാർന്നൊഴുകുന്നുണ്ട്. നാട്ടുകാർ ചേർന്ന് ഇരുവരേയും മെഡിക്കൽ കോളേജ് ആശുപത്രിയിലെത്തിച്ചു. അതിനിടയിൽ കാത്ത്യായനി ടീച്ചർ മരിച്ചുകഴിഞ്ഞിരുന്നു. ഗംഗാധരൻ മാസ്റ്ററെ ഒരു ഓപ്പറേഷനു വിധേയനാക്കി വാർഡിൽ കിടത്തി. ഗുരുതരാവസ്ഥയിൽ ബോധരഹിതനായി കിടക്കുകതന്നെ.

അതിനിടയ്ക്ക് കുതിച്ചെത്തിയ പൊലീസ് കൺട്രോൾ പാർട്ടി ലാംബിയെ കസ്റ്റഡിയിലെടുത്ത് ഏലത്തൂർ പൊലീസ്സ്റ്റേഷനിൽ ഏല്പിച്ചു. പൊലീസ് ഉദ്യോഗസ്ഥന്മാർ രാത്രിതന്നെ സ്ഥലത്തെത്തി.

അസിസ്റ്റൻറ് പൊലീസ് കമ്മീഷണർ സി.കെ. മുഹമ്മദിന്റെയും സക്കിൾ ഇൻസ്പെക്ടർ പി. ജെ. ജോസിന്റെയും നേതൃത്വത്തിൽ കേസന്വേഷണം കാര്യക്ഷമമായി നടക്കുകയാണ്. ഇവരോടൊപ്പം എസ്. ഐ. മാരായ അബ്ദുറഹിമാൻകുട്ടി, ചന്ദ്രൻ, ബാലചന്ദ്രൻ, എ. എസ്. ഐ. മാരായ വിജയൻ, പൗലോസ്, വേലായുധൻ എന്നിവർ ഊണും ഉറക്കവുമൊഴിഞ്ഞു പ്രതികളെ പിടികൂടാൻ നടക്കുന്നു. പിടികൂടപ്പെട്ട ലാംബ്രട്ട് കാര്യമായ വിവരങ്ങളൊന്നും നൽകിയിട്ടില്ല. നക്സൽ പ്രവർത്തകനാണു താനെന്ന് ആദ്യം പറഞ്ഞുനോക്കി. പിന്നെ കുറച്ചു സത്യം പറഞ്ഞു. രമേശ് എന്ന തന്റെ ഒരു സുഹൃത്ത് തന്നെ ഇതിനു വിളിച്ചുകൊണ്ടു വന്നതാണെന്നും മററു പ്രതികളുമായി പരിചയപ്പെടാൻ തനി

കാത്ത്യായനി ടീച്ചർ

തടത്തിൽവീട്

ക്ക് അവസരം ലഭിച്ചില്ലെന്നുമാണ് ലാംബി പൊലീസിൽ നൽകിയ മൊഴി. ഇരുപത്തൊമ്പതുകാരനായ ലാംബ്രട്ട് ഇക്കാര്യത്തിൽ കന്നിക്കാരനാണത്രേ. എസ്. എസ്. എൽ. സി. പാസ്സായി ടൈപ്പ് റൈറ്റിങ്ങും ഷോർട്ട്ഹാൻഡും അക്കൗണ്ടൻസിയുമൊക്കെ പഠിച്ച ലാംബി കോഴിക്കോട്ടും മറ്റുമുള്ള ചില സ്ഥാപനങ്ങളിൽ ജോലിചെയ്തിട്ടുണ്ട്. കുറച്ചുകാലം ഒരു കമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിൽ അദ്ധ്യാപകനായിരുന്നു. സാമാന്യം നന്നായി ഇംഗ്ലീഷ് പറയും. ജിംനാഷ്യത്തിൽ അഭ്യസിച്ചു ശരീരസൗന്ദര്യം വർദ്ധിപ്പിച്ചിട്ടുണ്ട്. മോട്ടോർ ഡ്രൈവിങ്ങും മെക്കാനിസവുമറിയുന്ന ലാംബ്രട്ട് പിന്നീട് മോട്ടോർ സൈക്കിൾ വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന ബ്രോക്കർ പണിയിലേർപ്പെട്ടു. അങ്ങനെയാണ് മറ്റൊരു ബ്രോക്കറായ രമേശുമായി പരിചയപ്പെടുന്നത്. മാവൂർ റോഡിലെ സ്റ്റേഡിയം ജങ്ഷനിലുള്ള ഒരു ബ്രോക്കർ വിജയന്റെ കടയിൽ വച്ചാണ് ഇവരുടെ സന്ധിപ്പ്. ചില തട്ടിപ്പുകേസുകളിൽ പ്രതിയായിരുന്ന ആളാണ് വിജയൻ. പട്ടാളത്തിൽവച്ച് ഒരാളെ കുത്തി മുറിവേല്പിച്ചതിനു നാലുകൊല്ലം ജയിൽശിക്ഷ അനുഭവിച്ചുപിരിഞ്ഞുപോന്ന രമേശ് ചിലപ്പോഴൊക്കെ ലോറി ഡ്രൈവറായി ജോലി നോക്കാറുണ്ട്. ഒരു നക്സൽ കേസുമായി ബന്ധപ്പെട്ടിരുന്ന രമേശ് മനുഷ്യാവകാശസംരക്ഷണസമിതിയുടെ പ്രവർത്തകനാണ്. പാവങ്ങാടിനടുത്ത കുണ്ടുപറമ്പു സ്വദേശിയായ ഈ മുപ്പത്തഞ്ചുകാരൻ ഇപ്പോൾ ഒരു മോട്ടോർ ബ്രോക്കറാണ്. വിജയന്റെ കടയിൽവച്ച് വിജയന്റെ തന്നെ പ്രേരണയിലാണ് കൊള്ളയെക്കുറിച്ച് ഇരുവരും ചിന്തിച്ചു തുടങ്ങിയതെന്നു പറയുന്നു. വിജയൻ കുറച്ചുകാലം കാർത്ത്യായനി ടീച്ചറുടെ വീടിനടുത്ത് ബ്രോക്കർ കട നടത്തിയിരുന്നു.

വിജയനെ ചോദ്യംചെയ്യാൻ പൊലീസ് കസ്റ്റഡിയിലെടുത്തു. കൊള്ളയിലും കൊലയിലും നേരിട്ടു ബന്ധമില്ലെങ്കിലും ഇതിന്റെ സൂത്രധാരൻ വിജയൻതന്നെ ആയിരിക്കുമെന്ന് പൊലീസിനു സംശയമുണ്ടായിരുന്നു.

പിറ്റേന്നു കാലത്ത് സംഭവം നടന്ന സ്ഥലത്തെത്തിയ പൊലീസ് നായ കുണ്ടുപറമ്പിലെ രണ്ടു വീടുകൾ കയറിയിറങ്ങി. അവയിലൊന്ന് രമേശിന്റേതായിരുന്നു. അവിടെ കയറിച്ചെന്ന നായ രമേശിന്റെ കിടപ്പുമുറിയിലും കുളിമുറിയിലും ചെന്നു കുരച്ചു. എന്നാൽ അയാൾ തലേന്ന് വീട്ടിൽ നിന്നിറങ്ങിത്തിരിച്ചതാണെന്നാണ് പൊലീസിനു കിട്ടിയ വിവരം.

ടീച്ചറുടെ രക്തം തളംകെട്ടികിടക്കുന്ന കാഴ്ച ഭയാനകമായിരുന്നു. അതുകണ്ടു പലരും ബോധംകെട്ടുവീണു. കൊള്ളക്കാർ കഴുത്തിൽനിന്നും പൊട്ടിച്ചുകൊണ്ടുപോകുന്നതിനിടയിൽ വീണുപോയ ടീച്ചറുടെ കെട്ടുതാലി രക്തത്തിൽ കുളിച്ചു നിലത്തു കിടക്കുന്നു. പിടിവലിക്കിടയിൽ നിലത്തു ചിതറിവീണ കസേരയുടെ കുഷനും കുറേ രക്തം കുടിച്ചിട്ടുണ്ട്. അഴിഞ്ഞുപോയതും അഴിച്ചിട്ടതുമായ മുഖംമൂടുന്നതിനുപയോഗിച്ച കറുത്ത തുണിക്കഷണങ്ങൾ അവിടെക്കാണാം. പറമ്പിൽ ഒരിടത്ത് ഒരു പഴയ കത്തിയും ഒന്നരജോഡി ചെരുപ്പും ഒരു പഴയ ലേഡീസ് കുടയും ഒരു ചാരായക്കുപ്പിയും കാണാനുണ്ടായിരുന്നു. ഇത് അക്രമികൾ ഓടി രക്ഷപ്പെട്ടപ്പോൾ നിലത്തു വീണുപോയതോ ഉപേക്ഷിച്ചതോ ആവാം. ലാംബ്രട്ടിന്റെ മുഖംമൂടി മതിലിൽനിന്നു മറിഞ്ഞുവീഴുന്നതിനിടയിൽ വള്ളികൾക്കിടയിൽ കുടുങ്ങിപ്പോയതു് അവിടെത്തന്നെയുണ്ട്. കൂടാതെ ടീച്ചറുടെ കഴുത്തിലെ കട്ടിയുള്ള സ്വർണ്ണമാലയുടെ ഒരു കഷ്ണവും രണ്ടു സ്വർണ്ണവളകളും വീട്ടുപറമ്പിൽനിന്ന് പൊലീസ് കണ്ടെടുത്തു. പരിഭ്രമത്തിനിടയിലുള്ള ഓട്ടത്തിൽ തൊണ്ടിസാധനം വീണുപോയതാവും.

വീട്ടുപറമ്പു കൂടാതെ തൊട്ടടുത്തും ഗംഗാധരൻമാസ്റ്റർക്ക് സ്ഥലമുണ്ട്. കഴിഞ്ഞ കൊല്ലം വെസ്റ്റ്ഹിൽ ഗവണ്മെന്റ് യു. പി. സ്കൂളിൽനിന്നു പിരിഞ്ഞ അറുപത്താറുകാരനായ ഇദ്ദേഹം പകൽ മുഴുവനും പറമ്പിൽ പണിയെടുക്കും. ധാരാളം വിളവുള്ള തെങ്ങാണവിടെയെല്ലാം. മക്കളില്ലാത്ത ഈ ദമ്പതികൾക്ക് വലിയ ചെലവൊന്നുമില്ല. നിറയെ ആഭരണങ്ങളണിഞ്ഞ് അതേ സ്കൂളിൽ പോകാറുള്ള കാർത്ത്യായനി ടീച്ചർ റിട്ടയർ ചെയ്യുന്നതിനു മുമ്പ് ഉണ്ടായിരുന്ന അവധിയിലായിരുന്നു. അതുകാരണം റിട്ടയർ ചെയ്തെന്നും ചിലർ കരുതി. വളരെ നാളത്തെ കാത്തിരിപ്പിനുശേഷം പ്രേമവിവാഹിതരായ ഈ ദമ്പതികളെക്കുറിച്ച് നാട്ടുകാർക്കും ആക്ഷേപമില്ല. ദോഷത്തിനോ ഗുണത്തിനോ ഇല്ലാത്തവർ എന്നാണ് അവർ പറയുന്നത്.

വീട്ടിൽ ധാരാളം പണം സൂക്ഷിച്ചിട്ടുണ്ടെന്നാണ് ആളുകളുടെ ധാരണ; ടീച്ചറുടെ കൈവശം കുറേ സ്വർണ്ണാഭരണങ്ങളുണ്ടെന്നും. കൂടാതെ ടീച്ചർ പെൻഷൻ പറ്റിയതു കാരണം ഗ്രാറ്റ്വിറ്റിയും മറ്റുമായി കുറേപ്പണം അങ്ങനെയും ഉണ്ടാകും. ഇതെല്ലാം അനുമാനിച്ചാണ് കൊള്ളക്കാർ തങ്ങളുടെ ഉദ്യമം ആസൂത്രണം ചെയ്തത്രേ. പക്ഷേ, അവർ പരാജയപ്പെട്ടു. വലിയ പ്രതീക്ഷയുമായി വന്ന ഈ ചെറുപ്പക്കാർക്ക് കയ്യിൽ കിട്ടിയതുപോലും വഴിക്കുകളഞ്ഞ് ഓടി രക്ഷപ്പെടേണ്ടിവന്നു. തൊട്ടടുത്ത മുറിയിൽ അറുപതു പവനോളം സ്വർണ്ണാഭരണങ്ങൾ സൂക്ഷിച്ചിട്ടുണ്ടായിരുന്നു എന്നാണ്, ഇപ്പോഴും ഉൾക്കിടിലത്തോടെ മാത്രം കാര്യങ്ങളോർക്കുന്ന കമലാക്ഷി പറയുന്നത്. ഒച്ചകേട്ടു പുറത്തുവന്നപ്പോൾ തന്റെ കണ്ണട എടുക്കാതിരുന്നതുകൊണ്ട് ഒന്നും വ്യക്തമായി കണ്ടില്ലത്രെ. അവരിന്നും ഗൗരിയോടൊപ്പം ഇതെല്ലാമോർത്തു വിലപിച്ചു കഴിയുന്നു. എട്ടുവയസ്സുമുതൽ ഈ വീട്ടിൽ വന്നു നിൽക്കുന്ന ഗൗരിക്ക് അടുത്ത കാലത്താണ് പത്ത് സെന്റ് സ്ഥലം ചാർത്തിക്കൊടുത്തത്.

ലാംബി പൊലീസിനു നൽകിയ കഥ അവരത്ര കാര്യമായി കണക്കിലെടുത്തില്ല. തെളിവും കേസ്സിന്റെ സ്വഭാവവും മറ്റും അടിസ്ഥാനപ്പെടുത്തി പൊലീസ് അവരുടേതായ ഒരു കഥ മെനഞ്ഞെടുക്കുകയായിരുന്നു. ലാംബിയുടേയും രമേശിന്റേയും കൂട്ടുകെട്ടും അവരുടെ ജോലിയും അതിന്റെ കേന്ദ്രമായ ബ്രോക്കർ ഓഫീസും പറമ്പിൽനിന്നു കണ്ടെടുത്ത ചാരായക്കുപ്പിയുടെ പ്രത്യേകതയും കെട്ടിയിടാൻ ഉപയോഗിച്ച കയറും മുഖംമൂടിക്കുവേണ്ട കറുത്ത തുണിയും വാങ്ങിയ കടകളിൽ നിന്നു ലഭിച്ച സൂചനകളും, കൂട്ടത്തിൽ ലാംബി പറഞ്ഞ ചില കാര്യങ്ങളുമൊക്കെ വച്ചുകൊണ്ടുള്ള പൊലീസിന്റെ നിഗമനം പൂർണ്ണമായും ശരിയായിരുന്നു. കേസ്സുമായി നേരിട്ടു ബന്ധമുള്ള നാലു പ്രതികളും പിടിക്കപ്പെട്ടു.

സിറ്റി പൊലീസ് കമ്മിഷണർ ജേക്കബ് പുന്നൂസിന്റെ നിർദ്ദേശപ്രകാരം നിയുക്തമായ സ്പെഷ്യൽ സ്ക്വാഡിന്റെ നേതൃത്വത്തിൽ പന്ത്രണ്ടു ടീമുകൾ സംഭവം നടന്നതിന്റെ പിറ്റേദിവസംതന്നെ പല ഭാഗങ്ങളിലേക്കുമായി നീങ്ങിയിരുന്നു. സംഭവത്തിനുശേഷം ഓടി രക്ഷപ്പെട്ട പ്രതികൾ ഓരോരുത്തരും ഓരോ വഴിക്കാണു ചെന്നെത്തിയത്. ആരും പിടിക്കപ്പെടുന്നതുവരെ തമ്മിൽ കണ്ടുമുട്ടിയിരുന്നില്ല.

നിലമ്പൂരിലെ എവറസ്റ്റ് ഹോട്ടലിൽ വച്ചാണ് രമേശിനെ പൊലീസ് പിടികൂടുന്നത്. ഒരു കള്ളപ്പേരിൽ മുറിയെടുത്ത് അവിടെ താമസിക്കുകയായിരുന്ന രമേശിൽ നിന്നും 1300 രൂപയും രക്തം പുരണ്ട കത്തിയും ചെരിപ്പും അടങ്ങിയ ഒരു ബാഗും പൊലീസ് കണ്ടെടുത്തു. അയാളുടെ കാലിന് ഒരു മുറിവുണ്ടായിരുന്നു. തന്റെ ഒരു സുഹൃത്തായ ബെന്നിയെ കണ്ട് ഒളിവിൽ കഴിയാമെന്ന ഉദ്ദേശ്യത്തോടെയാണ് രമേശ് അവിടെ എത്തിയതത്രേ. കുണ്ടുപറമ്പിൽ നിന്നും ഒരന്യമതസ്ഥയെ കല്യാണം കഴിച്ചിട്ടുള്ള ബെന്നി ഈ ഹോട്ടലിൽ ജോലിനോക്കുകയാണ്. രമേശിന്റെ അതേ ഉദ്ദേശ്യത്തോടെതന്നെ ബെന്നിയെ കാണാൻ പിറ്റേദിവസം പ്രസ്തുത ഹോട്ടലിലെത്തിയ ശശി എന്ന ശശിധരനേയും തക്കം നോക്കി പാർത്തിരുന്ന പൊലീസ് വലയിൽ വീഴ്ത്തി. വളരെ സമർത്ഥവും ശാസ്ത്രീയവുമായ വിധത്തിലാണ് പൊലീസ് പ്രതികളെ പിടികൂടിയത്. അടുത്ത ദിവസം കിഷോർ എന്ന കൊച്ചുവിനെ കോഴിക്കോട്ടു വച്ചുതന്നെ പൊലീസിനു ലഭിച്ചു. അതോടെ കേസ്സുമായി നേരിട്ടു ബന്ധമുള്ള നാലുപേരെയും കുരുക്കിലാക്കാൻ പൊലീസിനു കഴിഞ്ഞു. ഇനി സംഭവവുമായി നേരിട്ടല്ലാതെ ബന്ധമുള്ള രണ്ടുപേരെക്കൂടി പിടികിട്ടാനുണ്ട്. ഇതു സംബന്ധിച്ച് എലത്തൂർ പൊലീസ് 394, 397, 302, 449—34 വകുപ്പുകളനുസരിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

പൊലീസ്സിന്റെ ആത്മാർത്ഥമായ പരിശ്രമംകൊണ്ടാണ് ഇത്രയും വേഗം ഈ കേസ്സിനു തുമ്പുണ്ടാക്കാൻ കഴിഞ്ഞതെന്ന് നാട്ടുകാരും, നാട്ടുകാരുടെ സഹകരണം ഒട്ടു വളരെ സഹായകരമായിരുന്നു എന്ന് പൊലീസും പറയുന്നു.

പ്രതികളിൽ ലാംബ്രട്ടൊഴിച്ചു മൂന്നു പേരും ടീച്ചറുടെ വീട്ടിനടുത്ത കുണ്ടുപറമ്പ്, എടക്കാട് സ്വദേശികളാണ്. ശശിധരനും കിഷോറും വേണ്ടത്ര മീശപോലും മുളച്ചിട്ടില്ലാത്ത പയ്യന്മാരാണ്. പത്തൊൻപതു വയസ്സുകാർ. രണ്ടുപേരും ഒരുമിച്ചായിരുന്നു സ്കൂളിൽപോക്ക്. ശശിധരൻ ഈസ്റ്റ്ഹിൽ സ്കൂളിലും കിഷോർ കോഴിക്കോട്ടു ടൗണിലെ മോഡൽ സ്കൂളിലും. കിഷോറിന്റെ അച്ഛനും അമ്മയും സ്വരച്ചേർച്ചയില്ലാതെ മാറിത്താമസിക്കുകയാണ്. മകൻ പതിവായി സ്കൂളിലൊന്നും പോകാതെ കൂട്ടുകാരുമായി കഞ്ചാവു വലിച്ചു നടക്കും. ശശിധരനും കൂട്ടത്തിൽപെട്ടു. കിഷോറിന് അല്പം കളവു പരിപാടി ഉള്ളതുകൊണ്ട് ബന്ധുക്കളാരും വീടുകളിൽ അടുപ്പിക്കാറില്ല. അതുകൊണ്ട് കിഷോറും ശശിയും മിക്കപ്പോഴും മേല്പറഞ്ഞ ബ്രോക്കർ ഓഫീസിൽ സൊറപറഞ്ഞിരിക്കാറുണ്ട്. ഹയർ പർച്ചേസിനു കൊടുക്കുന്ന വണ്ടികൾ അടവു തെറ്റിയാൽ, പിടികൂടുന്ന ഏർപ്പാടും ഈ ബ്രോക്കർ ഓഫീസുമായി ബന്ധപ്പെടുന്നുണ്ടായിരുന്നു. അതിൽ ഈ പ്രതികളൊക്കെ കൂട്ടുകാരുമായിരുന്നു.

വിജയന്റെ കടയിൽ സാധാരണ ഒത്തുകൂടാറുള്ളവരാണ് രമേശും ലാംബിയും ശശിയും കൊച്ചുമെല്ലാം. ചിലർ മദ്യപിക്കും, ചിലർ കഞ്ചാവുവലിക്കും. ബംഗ്ലാദേശ് യുദ്ധത്തിൽ പങ്കെടുത്ത വീരസാഹസികതയും പട്ടാളത്തിൽവച്ച് ഒരാളെ കത്തികൊണ്ടു കുത്തിയ ധീരതയും ജയിലിലെ അനുഭവങ്ങളുമൊക്കെ കൂടിയുള്ള രമേശിന്റെ പട്ടാളക്കഥകൾ എല്ലാവരും കേട്ടിരിക്കും. പട്ടാളത്തിൽ പോയ വിജയനും പറയാനുണ്ടായിരുന്നു ചില അനുഭവങ്ങൾ. കൂടാതെ താൻ പ്രതിയായിരുന്ന കേസ്സുകളെപ്പറ്റിയും എങ്ങനെ കാശുണ്ടാക്കാം എന്ന കാര്യവും വിജയൻ പറഞ്ഞപ്പോൾ ചെറുപ്പക്കാരിൽ ആവേശമുണർന്നു. അങ്ങനെയിരിക്കെ എങ്ങനെ പണമുണ്ടാക്കാം എന്ന മാർഗ്ഗം എല്ലാവരും ഒന്നിച്ചാലോചിച്ചു. എളുപ്പമാർഗ്ഗത്തിൽക്കൂടി പണമുണ്ടാക്കാണം, അതാണെല്ലാവരുടേയും മോഹം.

“ധൈര്യമുണ്ടോ?” അവരിലൊരാൾ വെല്ലുവിളിച്ചു. ലഹരിമൂത്ത എല്ലാവരും ധൈര്യം പൂണ്ടു. “എന്നാൽ ഞാൻ പറഞ്ഞുതരാം.”

അങ്ങനെയാണ് കാർത്ത്യായനി ടീച്ചറുടെ കൊലപാതകത്തിനിടയാക്കിയ സംഭവത്തിന്റെ ആലോചന തുടങ്ങുന്നത്. ഗംഗാധരൻ മാസ്റ്ററുടെ വീട്ടിൽ ധാരാളം പൊന്നും പണവുമുണ്ടെന്നും വളരെ സമർത്ഥമായ രീതിയിൽ അവ കൈക്കലാക്കുകയാണെങ്കിൽ പതിനായിരക്കണക്കിന് രൂപയുണ്ടാകുമെന്നും അവരിലൊരാൾ പറഞ്ഞു. ലാംബ്രട്ട് ഒഴിച്ചു മറ്റുള്ളവർക്കൊന്നും അതിൽ സംശയമുണ്ടായിരുന്നില്ല. കനത്ത സ്വർണ്ണാഭരണങ്ങളണിഞ്ഞ് സ്കൂളിൽ പോകാറുള്ള കാർത്ത്യായനി ടീച്ചർ അവരുടെ മനസ്സിലുദിച്ചുവന്നു. അവർക്ക് മക്കളൊന്നുമില്ല. സമ്പാദ്യങ്ങളത്രയും അവിടെക്കാണും. വലിയ പറമ്പിൽ ഒറ്റവീട്. പരിസരത്ത് തൊട്ടടുത്തൊന്നും വീടുകളില്ല. തകർപ്പൻ മഴ, റോഡിനടുത്താണെങ്കിലും അവിടെ നടക്കുന്നതൊന്നും റോഡിൽ കേൾക്കുകയുമില്ല. എല്ലാം ഒത്തുചേർന്ന ഒന്ന്. എല്ലാവരും ആവേശഭരിതരായി. ലഹരിക്കു മേലേ ലഹരി. ഇതു് ഉടൻ നടപ്പാക്കുകതന്നെ. എല്ലാവരും ഒരുപോലെ യോജിപ്പിലെത്തി. രമേശിന് ഒരു ലോറി വാങ്ങണമെന്ന തന്റെ ചിരകാലാഭിലാഷം സാക്ഷാൽകരിക്കുമെന്ന വിശ്വാസം മനസ്സിലുണർന്നു. അതുപോലെ ഒരു വിവാഹംകഴിക്കണമെന്ന ലാംബിയുടെ മോഹവും തളിരിട്ടു. മറ്റു രണ്ടു ചെറുപ്പക്കാർ എന്തു മോഹിച്ചോ ആവോ!

പിന്നീട് അവരുടെ ആലോചന നഗര

(ശേഷം 35-ാം പേജിൽ)

രക്തം തളംകെട്ടിയ സ്വീകരണമുറി

[illegible]

എം. പി. നാരായണപിള്ള

> നായനാർക്കും, എം. ജി. ആറിനും, ഇന്ദിരാ ഗാന്ധിക്കും ഗുണ്ടുറാവുവിനും സ്പിരിററു പാർട്ടികളുടെ കൈയിൽ നിന്നു സംഭാവന പിരിക്കേണ്ടതുണ്ടു്. നമ്മൾക്കു് ഒരു സ്പിരിററുകാരെയും ആവശ്യമില്ല. പോരെങ്കിൽ ഭരണക്കാരുടെ കൈകളേക്കാൾ ശുദ്ധമാണു് നമ്മുടെ കൈകൾ, അപ്പോൾ യഥാർത്ഥത്തിൽ കമ്മീഷനെ നിയമിക്കേണ്ടതു് നമ്മളല്ലേ?

സാമ്പത്തികമായി എന്റെ ചുററുപാടു് അല്പംകൂടി ഭേദമായിരുന്നെങ്കിൽ സ്പിരിററ് കുംഭകോണക്കേസിൽ ഞാനും ഒരു അന്വേഷണക്കമ്മീഷനെ നിയമിക്കുമായിരുന്നു. ഇന്നത്തെക്കാലത്തു് ഒരു റിട്ടയേർഡ് ഹൈക്കോർട്ട് ജഡ്ജിയെ ശമ്പളത്തിനു വയ്ക്കണമെങ്കിൽ ചുരുങ്ങിയതു് മാസം ഒരു മൂവായിരം രൂപയെങ്കിലും കൊടുക്കണമല്ലൊ.

റിട്ടയേർഡ് ജഡ്ജിയെ കണ്ടെത്താൻ ബുദ്ധിമുട്ടുണ്ടാകില്ല. ഇന്തോ-സോവിയററ് കൾച്ചറൽ സൊസൈററിപോലുള്ള സ്ഥാപനങ്ങൾക്കു് റിട്ടയേർഡ് സുപ്രീംകോടതി ജഡ്ജിയെ കിട്ടുമെങ്കിൽ നമുക്കൊരു റിട്ടയേർഡ് ഹൈക്കോടതി ജഡ്ജിയെ കിട്ടില്ലേ? പിന്നെ, ഒരു ഹാളോ, കല്യാണമണ്ഡപമോ വാടകയ്ക്കെടുക്കണം. അതിന്റെ ദിവസവാടക, ജഡ്ജിയെക്കൂടാതെ മററു് ഉദ്യോഗസ്ഥന്മാർ വേണം. പരസ്യങ്ങൾ വേണം. വാദിയെയും പ്രതികളെയും ക്ഷണിച്ചുവരുത്തണം. എത്ര ചുരുക്കി ചെലവുചെയ്താലും മാസം ഒരു 15,000 രൂപയെങ്കിലും വേണ്ടിവരും. ഇതു് ചില്ലറ തുകയല്ല, എന്നെപ്പോലൊരു സ്വകാര്യ വ്യക്തിയെ സംബന്ധിച്ചിടത്തോളം. എന്നാൽ ഈ തുക ചെലവാക്കാൻ തയ്യാറുള്ളവരാരെങ്കിലും—അവർ കേസിലെ പ്രതികൾതന്നെ ആയിക്കൊള്ളട്ടെ— സ്വന്തമായി ഓരോ കമ്മീഷനുകൾ സ്ഥാപിക്കുന്നതു് നന്നായിരിക്കും. ഈ തുക മുടക്കാൻ കെല്പുള്ള പല പാർട്ടികളും ഈ പട്ടക്കച്ചവടത്തിൽ ബന്ധപ്പെട്ടിട്ടുണ്ടു്. എന്നാൽ അവർക്കൊന്നും സ്വന്തമായിട്ടോ, അല്ലെങ്കിൽ ബേനാമിയായിട്ടോ ഇതുപോലൊരോ കമ്മീഷൻ സ്ഥാപിക്കാൻ തോന്നാത്തതു് ബുദ്ധിയില്ലായ്മയല്ലാതെന്താണു്? അവർ എന്തുകൊണ്ടു് കേരളം, തമിഴ്നാട്, കേന്ദ്രം തുടങ്ങിയ ഗവണ്മെൻറുകളെ കണ്ടുപഠിക്കുന്നില്ല? സ്പിരിററ് വ്യാപാരത്തിൽ സ്വകാര്യവ്യക്തികളെപ്പോലെതന്നെ ഒരു വിധത്തിലല്ലെങ്കിൽ മറെറാരുവിധത്തിൽ പ്രതിക്കൂട്ടിൽ തന്നെയാണു് ഈ ഗവണ്മെൻറുകളും. നമുക്കറിയുന്നതിലും വളരെക്കൂടുതൽ കാര്യങ്ങൾ അവർക്കറിയാം. ഈ ഇനത്തിലുണ്ടായ പൈസയിൽ നിന്നു് കോഴയും സംഭാവനയും പിരിച്ചവരുണ്ടു്. എന്നിട്ടും അവർക്കു് കമ്മീഷനെ നിയമിക്കാൻ സാധിക്കുന്നു. വിരോധമുള്ള കൃഷ്ണൻ തുടങ്ങിയ പാർട്ടികളെ പ്രത്യേകിച്ചുമന്വേഷിക്കാൻ ടി കമ്മീഷനോടാവശ്യപ്പെടാൻ പററുന്നു. അന്വേഷണത്തിലൂടെ എതിരാളികളെ തോല്പിക്കാൻ പററുന്നു.

മേല്പറഞ്ഞ പണം കൈയിലുണ്ടെങ്കിൽ ഇതൊക്കെ നമുക്കും സാധിക്കാവുന്നതല്ലേയുള്ളൂ. പോരെങ്കിൽ ഭരണക്കാരെക്കാൾ ശുദ്ധമാണ് നമ്മുടെ കൈകൾ. നായനാർക്കും എം. ജി. ആറിനും ഇന്ദിരാഗാന്ധിക്കും ഗുണ്ടുറാവുവിനും മററും സ്പിരിററ് പാർട്ടികളുടെ കൈയിൽനിന്നു് തിരഞ്ഞെടുപ്പിനും മററും സംഭാവന പിരിക്കേണ്ടതുണ്ടു്. പിരിക്കാറുണ്ടു്. നമ്മൾ ജനങ്ങൾക്കതിന്റെ ആവശ്യമില്ല. നമ്മൾക്കു് ഒരു സ്പിരിററുകാരെയും ആവശ്യമില്ല. അതുകൊണ്ടുതന്നെ എനിക്കും നിങ്ങൾക്കും, നായനാരെക്കാളും എം. ജി. ആറിനെക്കാളും ഇന്ദിരാഗാന്ധിയെക്കാളും നീതിനിഷ്ഠ അവകാശപ്പെടാം. അപ്പോൾ യഥാർത്ഥത്തിൽ കമ്മീഷനെ നിയമിക്കേണ്ടതു് നമ്മളല്ലെ. കാശില്ല എന്ന ഒററക്കാരണംകൊണ്ടു് നമുക്കതു സാധിക്കുന്നില്ല. വേലയെടുത്തു് കാശുണ്ടാക്കാമെന്നുവച്ചാൽ തന്നെ അവരതു സമ്മതിക്കില്ല. ഉണ്ടാക്കുന്നതിന്റെ മുക്കാലും ആദായനികുതിയായി പിടിച്ചുകൊണ്ടുപോകും.

ഇതൊക്കെയാണെങ്കിലും മൂന്നു കമ്മീഷനുകൾ ഒരേ സമയത്തു് അന്വേഷണം നടത്തുന്നതു് നമുക്കു നല്ലതാണു്. മൂന്നു റിപ്പോർട്ടും വായിച്ചു് നമ്മുടെ ആവശ്യത്തിനു്—സത്യം അറിയുക എന്നതാണല്ലോ നമ്മുടെ ആവശ്യം—നാലാമതൊരു റിപ്പോർട്ടു് നമുക്കുതന്നെ എഴുതിയുണ്ടാക്കാമായിരുന്നു. എന്നാൽ അതിനും പാർട്ടികൾ സമ്മതിക്കില്ലെന്ന നിലയാണിപ്പോൾ. കേന്ദ്ര ചെറുമന്ത്രി മകവാന പറയുന്നതു് ഇന്ദിരാഗാന്ധി, കമ്മീഷനെവച്ചതുകൊണ്ടു് എം. ജി. ആറും നായനാരും അവരുടെ കമ്മീഷനുകൾ പിരിച്ചുവിടണമെന്നാണു്. എത്രയാലോചിച്ചിട്ടും എനിക്കു മനസ്സിലാക്കാൻ വയ്യാത്തതു് ഇതിന്റെ ന്യായമാണു്. പരിശോധിക്കാൻ ഒരു സെററ് ഫയലുകളും രേഖകളും മാത്രമേയുള്ളൂ എന്നതാണു് ഒരു കാരണമായി പറയുന്നതു്. ഇതു പരിഹരിക്കാനാണോ മാർഗ്ഗമില്ലാത്തതു്. ഒരു ഷീററിനു് ഒരു രൂപാ നിരക്കിൽ ഫോട്ടോ കോപ്പി എടുത്തുതരാൻ എത്ര പാർട്ടികളെ വേണമെങ്കിലും തിരുവനന്തപുരത്തു കിട്ടും. അതല്ലെങ്കിൽ ഒരു കമ്മീഷൻ രേഖകൾ പരിശോധിച്ചതിനുശേഷം അടുത്ത കമ്മീഷനു് ആ രേഖകൾ പരിശോധിക്കാം. രാപ്പകൽ ഈ രേഖകൾ വായിച്ചുകൊണ്ടിരിക്കുകയല്ലല്ലോ കമ്മീഷനുകൾ ചെയ്യുന്നതു്. ഇടവേള കാണണമല്ലോ.

ഇതിലൊക്കെ നല്ല മറെറാരു പരിഹാരം എല്ലാ കമ്മീഷന്റെയും ആസ്ഥാനം കഞ്ചിക്കോട്ടു് ചെക് പോസ്റ്റിലാക്കുകയെന്നതാണു്. പാലക്കാടിനും കോയമ്പത്തൂരിനും ഇടയ്ക്കു കേരളത്തിന്റെയും തമിഴ്നാടിന്റെയും അതിർത്തിയിൽ സെയിൽസ്ടാക്സുകാർ ലോറി പിടിച്ചുനിറുത്തുന്ന നോ-മാൻസ്-ലാൻഡ്. ഈ സ്ഥലത്താണെങ്കിൽ കേരള ഗവണ്മെൻറിനും തമിഴ്നാട് ഗവണ്മെൻറിനും സമ്മതമാകണം. പോരെങ്കിൽ എം. ജി. ആറിന്റെ തമിഴ്-മലയാളം ടെറിട്ടറിയും മാർക്സിസ്റ്റ് പാർട്ടിയുടെ ശക്തിദുർഗ്ഗങ്ങളും എല്ലാം കലർന്ന സ്ഥലം. കേന്ദ്രത്തിനെ സംബന്ധിച്ചിടത്തോളം അവരുടെ കമ്മീഷൻ എവിടെയുമാകാം. രാജ്യം മുഴുവൻ അവരുടെയാണല്ലൊ.

മേല്പറഞ്ഞ മൂന്നു സർക്കാർ കമ്മീഷനുകൾ കൂടാതെ എന്നെപ്പോലുള്ള പ്രൈവററ് പാർട്ടികൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന കമ്മീഷനുകളും കഞ്ചിക്കോട്ടു തന്നെയാകാം. എല്ലാ രേഖകളും ഇൻഡെക്സ് ചെയ്തു് ഒരു റഫറൻസ് ലൈബ്രറി ഉണ്ടാക്കാം. അവിടെപ്പോയി ഓരോ കമ്മീഷനും രേഖകൾ പരിശോധിക്കാം. ഒരു സിറോക്സ് മഷീൻ വാങ്ങിയിട്ടാൽ ആവശ്യത്തിനു് ഫോട്ടോ കോപ്പികൾ എടുക്കാം. വിസ്തരിക്കപ്പെടാൻ വരുന്ന സാക്ഷികൾക്കു് ഒന്നൊന്നായി കമ്മീഷനുകളുടെ മുന്നിൽ ഹാജരായതിനു ശേഷം ഒന്നോ രണ്ടോ ദിവസത്തിനകം പണി തീർത്തു് സ്ഥലംവിടാം.

ഇന്ദിരാഗാന്ധി മുതൽ അശോക് മിത്രവരെയുള്ള കഥാപാത്രങ്ങൾ ആഗ്രഹിക്കുന്നതും, ആവശ്യപ്പെടുന്നതും, കേന്ദ്രവും സംസ്ഥാനങ്ങളും പരസ്പരം സഹകരണമനോഭാവത്തോടെ കഴിയണമെന്നാണല്ലോ. ഈ കമ്മീഷന്റെ കാര്യത്തിൽ നമുക്കു സഹകരണത്തിന്റെ ഒരു പുതിയ അദ്ധ്യായം എന്തുകൊണ്ടു കഞ്ചിക്കോട്ടു് ചെക്പോസ്റ്റിൽ തുറന്നുകൂടാ. പക്ഷേ, അതിനു് മകവാനയുടെ ഡയലോഗ് പററില്ല—ഞങ്ങൾ കമ്മീഷനെ നിയമിച്ചതുകൊണ്ടു് നിങ്ങളുടെ കമ്മീഷനെ പിരിച്ചുവിടണമെന്നു്. അതുപോലെ കേന്ദ്രകമ്മീഷനു് രേഖകൾ കൊടുക്കില്ല എന്ന തമിഴ്നാടു-കേരളസർക്കാരുകളുടെ ഭീഷണിയും ശരിയല്ല. ഒറിജിനൽ കൊടുക്കാൻ പററില്ലെങ്കിൽ ഷീററിനു് ഒരു രൂപ എന്ന നിരക്കിൽ ഫോട്ടോ കോപ്പിയെങ്കിലും കൊടുക്കാൻ സംസ്ഥാനങ്ങൾ ബാദ്ധ്യസ്ഥരാണു്. നിയമമെന്തായാലും സാമാന്യമര്യാദ അതാണു്.

അതല്ല, കേന്ദ്രം മേൽക്കോയ്മയുടെ അധികാരങ്ങൾ ഉപയോഗിച്ചു് സംസ്ഥാനകമ്മീഷനുകളെ ബലമായി നിറുത്തൽ ചെയ്താലോ? ഇത്തരം ഒരു പരിതസ്ഥിതി സംജാതമാകുന്നപക്ഷം നായനാരോടും എം. ജി. ആറിനോടും ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഒന്നാംതരം ഒരു കമ്മീഷൻ ഞാൻ സംഘടിപ്പിച്ചുതരാം. അതിനു് നിങ്ങൾ മുടക്കാൻ ഉദ്ദേശിക്കുന്ന പൈസ എന്നെ ഏല്പിച്ചാൽ മതി. (ഖജനാവിൽനിന്നു് പൈസ എടുക്കാൻ കേന്ദ്രം സമ്മതിക്കില്ല. പക്ഷേ, പാർട്ടി ലൈനിൽ ഈ തുക അഡ്ജസ്റ്റ് ചെയ്യാവുന്നതേയുള്ളൂ. നാലുപേരെ വിളിച്ചുപറഞ്ഞാൽ മതിയല്ലൊ.) ഞാനൊരു സ്വകാര്യ പൗരനാണു്. എന്റെ പുറത്തു് ആരുടെയും മേൽക്കോയ്മയില്ല. കേന്ദ്രം പോയിട്ടു് ഒരു ദേവേന്ദ്രന്റെ മേൽക്കോയ്മപോലും എന്റെ പുറത്തു് നടക്കില്ല. അതാണല്ലൊ സ്വകാര്യപൗരന്റെ ബലം. അവനു് ജനകീയ കോടതി നടത്താൻ പാടില്ലെന്ന നിയമം മാത്രമേ വന്നിട്ടുള്ളൂ. കമ്മീഷനുകൾ സംഘടിപ്പിക്കാൻ പാടില്ലെന്നൊരു നിയമം ഇതുവരെയും വന്നിട്ടില്ല.

ഡയറിക്കുറിപ്പുകൾ

രാവിലെ ഉണർന്നു് ചുററും നോക്കുമ്പോൾ കഷ്ടം! രാജ്യം പഴയതുപോലെ അർദ്ധഫ്യൂഡൽ അർദ്ധകൊളോണിയൽ ബൂർഷ്വാ റിവിഷനിസ്റ്റ് വരട്ടുതത്വവാദമായിത്തന്നെ നിലനിൽക്കുന്നു. പീഡനകാല കവിയുടെ അനിവാര്യ ദുരന്തമായ മേലുനൊമ്പരവും കാലവഷ്ത്തിന്റെ ഗൂഢവാദപരമായ ഹ്രസ്വകാല കക്ഷിതാല്പര്യവും പുതിയ പ്രശ്നങ്ങളുണ്ടാക്കുന്നു. നൈതികവും ധൈഷണികവുമായ ജനകീയവികാരം ഇതിനെതിരായി വളർത്തിയെടുക്കാൻ രണ്ടു ലേഖനമെഴുതി. ഒരെണ്ണം വരിമുറിച്ചെഴുതി കവിതയാക്കി. നേരിട്ടു വെട്ടിമരിക്കുന്നതു് മാനമായി കരുതുന്ന മലയാളിക്കു് അതിനു വേണ്ടത്ര കാഷ്വൽ ലീവു കൂടി കൊടുക്കാത്തതിൽ പ്രതിഷേധിച്ചു.

സച്ചിദാനന്ദൻ

ഇല്ലാത്ത ആശ്രമം

എൻ. പി. ഹാഫിസ് മുഹമ്മദ്

റെയിൽവേ പാലത്തിനു ചോട്ടിൽ കെട്ടിയുയർത്തിയ ചെറ്റക്കുടിലുകൾ കടന്ന്, മുന്നോട്ടു പോകുന്തോറും ചുമന്ന നീളക്കുപ്പായമണിഞ്ഞ സന്ന്യാസിമാരുടെ എണ്ണം കൂടിക്കൂടി വന്നു. എണ്ണിപ്പെറുക്കാനായില്ല. ഒരു വളവു തിരിഞ്ഞതോടെ വഴിവാണിഭക്കാരെ കാണായി. നീളക്കുപ്പായങ്ങളും പുസ്തകങ്ങളും പഴവർഗ്ഗങ്ങളും വിൽക്കുന്നവർ. സന്ന്യാസിമാരും സാധാരണക്കാരും നിരത്തിനു വർണ്ണപ്പകിട്ടു നൽകുന്നു. വീണ്ടും ഒരു വളവ്. പിന്നെ, ഓട്ടോ മുരണ്ടുനിന്നു. ആശ്രമം; സംശയമില്ല. കൊത്തുപണികളാൽ അലംകൃതമായ വലിയ കവാടത്തിനു മീതെ വലിയ ബോർഡ്. ചെങ്കുപ്പായമണിഞ്ഞവർ പോയും വന്നും കൊണ്ടിരിക്കുന്നു. ഒരു താടിക്കാരൻ ഓട്ടോറിക്ഷയ്ക്കു വിസിൽ കൊടുത്ത് അരികിലേക്ക് മാറാൻ ആജ്ഞാപിക്കുന്നു.

എന്തുവേണം? മുന്നിൽ ചെറുപ്പക്കാരിയായ സന്ന്യാസിനി. തിളങ്ങുന്ന കണ്ണുകൾ ആ ചോദ്യം ആവർത്തിക്കുന്നു. ബോബ് ചെയ്ത മുടി. ഇന്ത്യക്കാരിയാണ്. തലകുലുക്കി, അല്പം നാടകീയതയോടെ വീണ്ടും ചോദിക്കുന്നു: എന്തുവേണം?

ആശ്രമത്തിലേക്കു വന്നതാണ്.

സന്ദർശകരെ അനുവദിക്കുന്നില്ല.

ഞാൻ...ഞാൻ കേരളത്തിൽനിന്നു വരുന്നു.

സഹോദരൻ ആഫ്രിക്കയിൽ നിന്നായാലും ആശ്രമത്തിലേക്കു പ്രവേശനമില്ല. ഓകെ.

പത്രപ്രവർത്തകർക്കു പ്രവേശനം നൽകിയിരുന്നല്ലോ.

എല്ലാവർക്കും ആശ്രമത്തിൽ പ്രവേശിക്കാമായിരുന്നല്ലോ. ഇപ്പോഴില്ല.

മറ്റൊരുദിവസം...

ഇനിയൊരറിയിപ്പുണ്ടാകുന്നതുവരെ അന്യരെ ആശ്രമത്തിലേക്കു കടത്തുന്നില്ല. ഓകെ. തർക്കിക്കാൻ നേരമില്ലെന്ന കണക്കെ തലകുലുക്കി, ഒന്നാംതരം ഇംഗ്ലീഷിൽ സംസാരിക്കുന്നു.

നോക്കൂ, ആചാര്യൻ ആശ്രമത്തിലില്ലാത്തതുകൊണ്ടാണോ?

നോ, നോ. ഇതിനു പ്രത്യേകിച്ചൊരു കാരണമില്ല.

ആചാര്യനെവിടെയാണ്?

ഭഗവാൻ ഇവിടെയില്ല.

എവിടെയാണ്?

ഒന്നും പറയാനില്ല.

ആശ്രമത്തിലേക്കിനി തിരിച്ചുവരില്ലെന്നു പത്രങ്ങൾ പറയുന്നു.

ഒന്നും പറയാനില്ല.

ആശ്രമം ഒന്നായി ഇവിടെനിന്നു മാറുന്നുവെന്ന്...

പ്ലീസ്, ഒന്നും പറയാനില്ല. ദയവുചെയ്ത് ഇത്തരം ചോദ്യങ്ങൾ ചോദിക്കരുത്.

ദയവുചെയ്ത്, എനിക്ക് ആശ്രമത്തിലെ ആരെയെങ്കിലും കാണാൻ പറ്റുമോ?

ഒരറിയിപ്പുണ്ടാകുന്നതുവരെ കഴിയില്ല. ഓകെ. കണ്ണുകളിൽ നോക്കിപ്പറഞ്ഞു— ഓകെ.

പൂനയിലെ ആശ്രമത്തിൽനിന്ന് ഭഗവാൻ രജനീഷ് അപ്രത്യക്ഷനായവിവരം നാട്ടുകാർ ജൂൺ ഒന്നിനറിയുന്നു. അതിനൊപ്പം ഊഹാപോഹങ്ങൾ കൊറഗോൺ പാർക്കിലെ ആശ്രമ പരിസരത്തിൽനിന്നും പൂനയിലും ഇന്ത്യയിലെവിടെയും ഉയർന്നു. മുമ്പേ, വാർത്തകളിൽ സ്ഥലംപിടിച്ച രജനീഷിന്റെ പുതിയ കഥ അരങ്ങേറുകയായി.

അഭ്യൂഹങ്ങൾക്കു വിലങ്ങുകളില്ല. അതിർവരമ്പുകളുമില്ല. ഭഗവാൻ മരിച്ചുപോയി, ഭഗവാന്റെ സഹോദരങ്ങളാണ് ആശ്രമം നടത്തുന്നതെന്നുപോലും വാർത്തകൾ വന്നു. മഹാരാഷ്ട്രാ ഹെറാൾഡ്പോലും അഭ്യൂഹങ്ങളിൽ ഒന്നായി 'മരണവാർത്ത'വെളിച്ചം കാണിച്ചു. ഈ വിശ്വാസക്കാർ, ആശ്രമം പെട്ടന്നു പൊളിഞ്ഞുപോകാതിരിക്കാൻവേണ്ടിയാണ് മരണവാർത്ത മൂടിവച്ചിരിക്കുന്നതെന്നുപോലും, കരുതുന്നുവത്രെ.

ആചാര്യൻ മാരകമായ രോഗം ബാധിച്ച്, ചികിത്സാർത്ഥം അനുയായികളിൽ ചിലർക്കൊപ്പം ബോംബെയിൽ നിന്ന് അമേരിക്കയിലേക്കു പറന്നതാണെന്ന് പലരും കരുതുന്നു. നേരത്തെ ആസ്ത്മയും ഡയബറ്റിസും രജനീഷിനെ ആക്രമിച്ചുകൊണ്ടിരുന്നുവത്രെ. ഇപ്പോഴത്തെ രോഗങ്ങൾക്ക് കെട്ടുകഥകളിൽ വൈവിദ്ധ്യമുണ്ട്. എന്നാൽ ചിലർ, കേന്ദ്രസർക്കാരുമായി തെറ്റി, ആശ്രമം മാറാൻ നിർബ്ബന്ധിതരായതാണെന്നും, ആദ്യത്തെ പടിയായി ഭഗവാൻ സ്ഥലംമാറ്റപ്പെട്ടതാണെന്നും വിശ്വസിക്കുന്നു. അടുത്തനാളിൽ ആശ്രമം ഇന്ദിരാജി സന്ദർശിച്ചിരുന്നുവെന്നും, അവിടം കണ്ട് അമർഷം പൂണ്ട പ്രധാനമന്ത്രിയുടെ കല്പനയ്ക്കു വിധേയമായതാണ് രജനീഷ് ആശ്രമമെന്ന് കരുതുന്നവരുണ്ട്. അതൊന്നുമല്ല, വെറും ടാക്സ് പ്രോബ്ലം തന്നെ മേജർ പ്രോബ്ലം എന്ന് ഒരുകൂട്ടർ പറയുന്നു.

കഥയിവിടെ അവസാനിക്കുന്നില്ല. നിറംപിടിപ്പിച്ച കഥകൾ ഉയർന്നുകൊണ്ടിരിക്കുന്നു. പക്ഷേ ആചാര്യൻ ആശ്രമത്തിലില്ലെന്ന്, എല്ലാവരും സമ്മതിക്കുന്നു. പിന്നെയെവിടെ?

തമിഴ് നാട്ടുകാരനാണയാൾ. കുറിയ വെളുത്ത താടിയും വെളുത്ത തൊപ്പിയും. പതിനേഴു വർഷമായി, പൂനയിലെത്തിയിട്ട്. നാലുവർഷമായി കൊറഗൺപാർക്ക് പരിസരങ്ങളിലാണ്. ഈ ആശ്രമത്തിന്റെ പടിപടിയായ വളർച്ച കണ്ട അയാൾ തെക്കുനിന്നു വരുന്നതാണെന്നറിഞ്ഞതുകൊണ്ടാവാം, മെല്ലെ സംസാരിക്കാൻതുടങ്ങി. നാട്ടുകാര്യം പറഞ്ഞു. ആശ്രമക്കാര്യത്തിലേക്കെത്തിയപ്പോൾ ചൂണ്ടുവിരൽ ചുണ്ടിണകളോടുചേർത്ത് ശബ്ദമുണ്ടാക്കി. ശ്...സി.ഐ.ഡി.കളാണിവിടെയാകെ, മിണ്ടരുത്. മിണ്ടാതിരിക്കാനാവില്ലല്ലോ. ആചാര്യൻ അമേരിക്കയിലേക്ക് പോയതാണെന്ന് അയാൾ ഉറച്ചു വിശ്വസിക്കുന്നു. ചികിത്സകഴിഞ്ഞുതിരിച്ചുവരുമെന്ന് അയാൾ കരുതുന്നില്ല. നഷ്ടം മറ്റൊരാൾക്കല്ല. നഷ്ടം വരുന്നവരിൽ അയാളും പെടുന്നു. മാസങ്ങൾക്കുമുമ്പ് അഞ്ഞൂറുരൂപയ്ക്കുപ്പുറം പൈനാപ്പിൾ ജ്യൂസ് വിറ്റ അയാൾക്കിന്ന് അമ്പതുരൂപ തികയുന്നില്ല. ആചാര്യൻ മറഞ്ഞതോടെ അന്തേവാസികളുടെ എണ്ണം പത്തിലൊന്നായി ചുരുങ്ങിയിട്ടുണ്ടെന്ന് അയാൾ പറഞ്ഞു. മാസങ്ങൾക്കുമുമ്പായിരുന്നെങ്കിൽ, നിങ്ങൾക്ക്സലാം പറയാൻപോലും സമയം കാണുമായിരുന്നില്ല.

ചെങ്കുപ്പായം വിൽക്കുന്ന മറാത്തിക്ക് സർക്കാരിനോടു ദേഷ്യമുണ്ട്. തിന്നാൻ തരാത്ത സർക്കാർ, തിന്നാൻ സമ്മതിക്കുന്നുമില്ലെന്ന്. സർക്കാരാണീ ആശ്രമസ്ഥലംമാറ്റത്തിനു പിന്നിലെ ശക്തിയെന്ന് അയാൾ പറഞ്ഞു.

ഐസ്ക്രീം വിൽക്കുന്നവർക്കും, ഹോട്ടലുകാർക്കും സ്റ്റോറുകാർക്കും കഴിഞ്ഞുപോയ നല്ലകാലത്തെക്കുറിച്ചു പറയാനുണ്ട്. വർഷങ്ങൾകൊണ്ട് ഏറെ സമ്പാദിച്ചവരാണവർ. സന്ന്യാസിമാരുടെ പ്രധാന പരാതിതന്നെ, അവരിൽനിന്ന് നാട്ടുകാർ കൂടുതൽ വസൂലാക്കുന്നുവെന്നാണ്. മാസം ഏറ്റവും ചുരുങ്ങിയത് മൂവായിരം രൂപയെങ്കിലും ആശ്രമത്തിൽ ഒരാൾ ചെലവഴിക്കുന്നു. നാട്ടുകാർക്ക് വസന്തം നഷ്ടപ്പെട്ട ദുഃഖം.

മദ്ധ്യവയസ്സനായ അയാൾ വൈകുന്നേരങ്ങളിൽ ആശ്രമപരിസരത്തു വരും. കണ്ടാലും മതിവരാത്ത രംഗങ്ങൾ കണ്ടു രസിക്കാനാവാം അയാൾ വിശ്രമിക്കാനവിടെയെത്തുന്നത്. മരം നട്ടുവളർത്തിയ റോഡ്. അതിനപ്പുറം സുന്ദരികളും സുന്ദരന്മാരും ചുമന്ന ഉടയാടയണിഞ്ഞ് നൃത്തംവയ്ക്കുന്നു, തിരമാലകൾപോലെ. ചെറുപ്പക്കാർ സൈക്കിളിലെത്തി ആശ്രമപരിസരത്ത് ചുറ്റിനടക്കുന്നതു കാണാം.

1931 ഡിസംബർ 11-ന് കച്ച്വാരയിലെ ചെറ്റക്കുടിലിൽ ജനിച്ച രജനീഷ് ചന്ദ്രമോഹൻ, ലോകം മുഴുക്കെ വിവാദമുയർത്തും പുരുഷകേസരിയായിത്തീരുമെന്ന് ആരും കരുതിക്കാണില്ല; രജനീഷൊഴിച്ച്. ജനനംതൊട്ടേ, അദ്ഭുതകൃത്യങ്ങളോരോന്നായി ആ ബാലൻ നടത്തിയിരുന്നുവത്രേ. രജനീഷിന്റെ ചരിത്രപുസ്തകത്തിൽ, വർഷങ്ങൾക്കുമുമ്പ് ചരമമടഞ്ഞ ഒരു യോഗിയുടെ പുനരവതാരമാണ് ഭഗവാൻ രജനീഷ് എന്നു പറയുന്നു. ചെറുപ്പകാലങ്ങളിൽ അടിക്കടി വെളിപാടുണ്ടായതായി രേഖപ്പെടുത്തുന്നു. 1953 മാർച്ച് 21-ന് ജബൽപൂരിലെ ഒരു തോട്ടത്തിൽവച്ച് 21-ാം വയസ്സിലാണ് 'പ്രധാന വെളിച്ചം' മിന്നിത്തെറിച്ചത്. പിന്നെ, ഫിലോസഫി എം. എ. ക്കാരനായി, റായ്പൂർ സംസ്കൃതകോളേജിൽ അദ്ധ്യാപകനായി, 1960-ൽ ജബൽപൂർ യൂണിവേഴ്സിറ്റിയിലെ പ്രൊഫസറായി. അക്കാലത്തുതന്നെയാണ് നാടുനീളെ നടന്ന് പ്രസംഗം തുടങ്ങിയതും. അറുപത്തിനാലിൽ, ആദ്യത്തെ മെഡിറ്റേഷൻക്യാമ്പ് രാജസ്ഥാനിൽവച്ചു നടത്തി. രണ്ടുവർഷത്തിനുശേഷം അദ്ധ്യാപനം നിറുത്തി, യാത്ര തുടർന്നു. അറുപത്തെട്ടിലാണ് ബോംബെയിൽ താല്ക്കാലികമായി അനുചരരെ വിളിച്ചുകൂട്ടി സംഘടിപ്പിച്ചത്. അതെ, അന്നുതൊട്ട്, ആചാര്യൻ ഭഗവാനായി, നാടായനാട്ടിലൊക്കെ അനുയായികളായി.

1974-ൽ പൂനയിൽ, കൊറഗോൺ പാർക്ക് പരിസരത്ത്, ആശ്രമം പണിതു. വിദേശികളെണ്ണിയെണ്ണിയെത്താൻ തുടങ്ങിയതോടെയാണ് ഭഗവാൻ നാമം വെണ്ടയ്ക്കു അക്ഷരങ്ങളിലേക്കു മാറിയത്. ആശ്രമം ലൈംഗികഅരാജകത്വത്തിന്റെ കേന്ദ്രമെന്ന് ചിലരും, സ്നേഹത്തിന്റെ അമൂർത്തമായ ആവിഷ്കാരസമ്മേളനമെന്ന് മറുകൂട്ടരും വാദിച്ചു.

എന്നും രാവിലെ ആദ്യകാലങ്ങളിൽ ഭഗവാൻ ദർശനം നൽകിയിരുന്നു. അന്യരെ തിരഞ്ഞെടുത്ത് സൂക്ഷ്മപരിശോധനയ്ക്കു വിധേയമാക്കി അകത്തു കയറ്റും. പ്രഭാതദർശനത്തോടൊപ്പം, സംശയങ്ങൾക്കു നിവാരണങ്ങളും ചോദ്യങ്ങൾക്കുത്തരങ്ങളും നൽകിപ്പോന്നിരുന്നു. ആളു കൂടി, ആ പരിപാടി ഉപേക്ഷിച്ചു. ഒരു പ്രഭാതദർശനത്തിൽ ഭഗവാൻ പറഞ്ഞു: എന്നെ സംബന്ധിച്ച് വാക്കുകൾ വിഷമമേറി വരുന്നു. അവ കൂടുതൽ പരിശ്രമമായി മാറുന്നു. അവസാനം, പക്ഷികളുടെ ശബ്ദം കേൾക്കാൻ, ഒന്നുമല്ലെങ്കിൽ സ്വന്തം ഹൃദയത്തിന്റെ മിടിപ്പുകേൾക്കാൻ ആചാര്യൻ നിർദ്ദേശിക്കുകയുംചെയ്തു. ആചാര്യൻ മൗനംപാലിക്കാൻ പോകുന്നുവെന്ന് സൂചനയുണ്ടായിരുന്നു. ലക്ഷക്കണക്കിനു രൂപ ചെലവാക്കി പരസ്യംചെയ്ത കോളങ്ങളിൽ ഭഗവാനരുളി: ആദിയിൽ വചനമുണ്ടായെന്നവർ പറയുന്നു, ഞാനതിനെ നിഷേധിക്കുന്നു. ആദിയിൽ നിശ്ശബ്ദതയായിരുന്നു. അവസാനത്തിലും. എന്നാലിപ്പോൾ അവസാനം ആചാര്യനെന്തുപറ്റിയെന്നറിയുന്നോരൊക്കെയും നിശ്ശബ്ദത പാലിക്കുന്നു. ആദിമദ്ധ്യാന്തങ്ങളിൽ നിശ്ശബ്ദത.

രണ്ടു മൂന്നു സന്ന്യാസിമാരോട് സംസാരിക്കാൻ ശ്രമിച്ചു. ഒരാൾ പറഞ്ഞു: ഭഗവാൻ തിരിച്ചുവരും. നിങ്ങളൊക്കെ എന്തിന് ഇതിനിത്രമാത്രം പ്രാധാന്യം കൊടുക്കുന്നു. ആരോഗ്യപരമായ ചില കാരണങ്ങളാൽ ആശ്രമംവിട്ട് അല്പകാലം പുറത്തുപോയതാണെന്ന് കരുതിക്കൂടേ. ഭഗവാൻ നാളുകൾക്കകം തിരിച്ചുവരും.

സെക്കൻഡ്ഹാൻഡ് പുസ്തകങ്ങൾ. ഇന്ത്യൻ ചിത്രകലയുടെ ചരിത്രവും, ചേസിന്റെ നോവലുകളും, ബോംബെയുടെ പഴയ ലക്കങ്ങളുമൊക്കെയുണ്ട്. പരിചയംകൂടി. സന്ന്യാസി അമേരിക്കക്കാരനാണ്. ചിത്രകലയെക്കുറിച്ചുള്ള സംഭാഷണം ആചാര്യനിലെത്തിച്ചു. ആചാര്യനിപ്പോഴെവിടെയായിരിക്കും? ഐ ഡോണ്ട് നോ ബ്രദർ.

ആചാര്യനില്ല, എങ്കിൽ ആശ്രമം ആരുടേത്. ആശ്രമം ആരു നടത്തുന്നു. രജനീഷ് ഫൗണ്ടേഷൻ ട്രസ്റ്റിന്റെ ആധിപത്യത്തിലാണ് ആശ്രമം. ആശ്രമം രജനീഷിന്റേതല്ലെന്നാണ് അവരുടെ വാദം. ഭഗവാൻ വെറുമൊരു അതിഥിമാത്രം. അവർക്ക് നിങ്ങളുടെ 'ടാക്സ് പ്രോബ്ലം'ത്തിനും മറുപടിയുണ്ട്. ഭഗവാന് കുപ്പായക്കീശപോലുമില്ല. സർവ്വസ്വത്തും ഫൗണ്ടേഷനു സംഭാവന നൽകിയിട്ടുമുണ്ട്. ഇതൊരു 'ട്രസ്റ്റി' ആയതുകൊണ്ടുതന്നെ ആശ്രമവും, നിസ്വനായതിനാൽ ഭഗവാനും ടാക്സിൽ നിന്ന് മുക്തനാണെന്ന് അവർ പറയുന്നു.

കോടികളുടെ ക്രയവിക്രയം നടത്തുന്ന ആശ്രമം, ആചാര്യനില്ലെങ്കിൽ ആരു നടത്തും? ആചാര്യന്റെ ആദ്യശിഷ്യകളിൽപ്പെടുന്ന മാ. യോഗലക്ഷ്മിയാണ് മാനേജിങ് ട്രസ്റ്റി. ദർശനം കഴിഞ്ഞാൽ രാപകൽ ഏകനായിക്കഴിഞ്ഞിരുന്ന ഭഗവാന് താങ്ങും തണലുമായി വർത്തിച്ചിരുന്നതു നാല്പതുകഴിഞ്ഞ അവരായിരുന്നു. രജനീഷ് വർക്ക്ഷോപ്പുകളും വ്യക്തികൾക്കായുള്ള തെറാപ്പികളും നടത്തുന്ന, രജനീഷ് ഇന്റർനാഷണൽ മെഡിറ്റേഷൻ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറായ ഇന്ത്യക്കാരൻ സ്വാമി സത്യവേദാന്തയും, തൂപ്പുവേലതൊട്ട് ആശ്രമത്തിന്റെ പേരിൽ പത്രപ്രസ്താവനകൾ വരെ നടത്തുന്ന ബ്രിട്ടീഷുകാരൻ സ്വാമി ആനന്ദതീർത്ഥയുമാണ് പ്രധാനികളായ മറ്റു രണ്ടുപേർ. ആരായാലും ട്രസ്റ്റിയായിരിക്കും ആശ്രമം നടത്തുക. വിവിധ വിഭാഗങ്ങളുമുണ്ട്. ഇനിയാരായാലും, സ്ത്രീകൾ ആശ്രമം നടത്തണമെന്നത് ഭഗവാന്റെ ആവശ്യമാണത്രേ. സ്ത്രീകൾക്ക് അതിനാവുമെന്ന് അദ്ദേഹം വിശ്വസിക്കുന്നു.

ആശ്രമപരിസരങ്ങളിൽ കറങ്ങി. ഇന്ത്യക്കാരനെ സംബന്ധിച്ച് പുറംനിരത്തിൽ തന്നെ അദ്ഭുതങ്ങളാണ് അരങ്ങേറുന്നത്. സന്ന്യാസിമാർ സ്വൈരമായി അലയുന്നവിടെ. മരച്ചുവട്ടിലിരുന്നു കണ്ണുകൾ കൊണ്ട് സംസാരിക്കുന്നു. ശരീരംകൊണ്ടു കവിത രചിക്കുന്നു. നടുനിരത്തിൽ മിനിറ്റുകളോളം ആലിംഗനംചെയ്ത് അലിഞ്ഞുചേരുന്നു. പൊട്ടിച്ചിരിക്കുന്നു. തേങ്ങിക്കരയുന്നു. വിലങ്ങുകൾ പൊട്ടിച്ചിറങ്ങിയ, സ്വാതന്ത്ര്യവും സ്നേഹവും കണ്ടെത്തിയ ഒരുകൂട്ടം പേർ. ചുമന്നവസ്ത്രങ്ങളണിഞ്ഞ (ചോരച്ചുവപ്പല്ല, ഓറഞ്ച്നിറം കലർന്ന ചുവപ്പ്) അവരിൽ തൊണ്ണൂറ്റിയൊമ്പതു ശതമാനവും വിദേശികൾതന്നെ. തിബത്തിൽനിന്നുള്ളവരും ജപ്പാനിൽനിന്നുള്ളവരും ആഫ്രിക്കയിൽ നിന്നുള്ളവരും അവരിലുണ്ട്. ഇടയ്ക്കു നിറംമങ്ങിയ ഇന്ത്യക്കാരും. ഇന്ത്യക്കാരിലേറെപ്പേരും മഹാപണക്കാരാണെന്നും, പലരും രതിസുഖമറിയാൻ കയറിപ്പറ്റിയതാണെന്നും ചിലർ കരുതുന്നു. ഒന്നുറപ്പാണ്. അവരിലേറെപ്പേരും യുവത്വം കൈവിടാത്തവരാണ്; വിദേശികളിൽ സുന്ദരികളും സുന്ദരന്മാരുമാണേറെയും. തുടുതുടുത്ത അവരുടെ കൊച്ചുകുട്ടികൾ നിരത്തിലൂടെ, ലാഘവത്തോടെ പുകയൂതി രസിച്ചു നടക്കുന്നു.

മടങ്ങുകയായിരുന്നു. പാതിയടഞ്ഞ മിഴികളോടെ കെട്ടിപ്പിടിച്ചൊന്നായി നില്ക്കുന്ന സന്ന്യാസിനീസന്ന്യാസിമാർ. അപ്പുറം പാലത്തിനു താഴെ ചേരിയിൽ കുടിലിനു മുന്നിലിരിക്കുന്ന സ്ത്രീകൾ അതുകണ്ടു ചിരിക്കുന്നു. കുട്ടികൾ കൗതുകത്തോടെ നോക്കുന്നു.

നാളേക്കു കാത്തുനില്ക്കണ്ട. വിസിലൂതി സാമർത്ഥ്യത്തോടെ സൈക്കിൾ ചവിട്ടിപ്പോകുന്ന ചെറുപ്പക്കാരന്റെ കൈ ഞൊടിയിടകൊണ്ട് അടുത്തുകൂടിപ്പോയ ഓട്ടോറിക്ഷയിലേക്ക് നീളുന്നതു കണ്ടതാണ്. മറ്റൊരാൾ പറഞ്ഞതാണെങ്കിൽ വിശ്വസിക്കാതിരിക്കാം. സ്വന്തം കണ്ണുകളെ അവിശ്വസിക്കാനാവുമോ. സംശയമില്ലായിരുന്നു, ഓട്ടോയിൽ സുന്ദരിയായ ഒരു സന്ന്യാസിനി തന്നെ.

അതെ, ആശ്രമത്തിൽ ആചാര്യനുണ്ടെങ്കിലെന്ത്, ഇല്ലെങ്കിലെന്ത്?

ഡോ: കെ. രാഘവൻപിള്ള

കവിയും കവിതയും സ്വക്ഷേത്രം

ആരാണു കുന്തകൻ എന്ന് ഇന്നത്തെ ചില നിരൂപകന്മാരെങ്കിലും ചോദിക്കും. അതിൽ അദ്ഭുതമില്ല. നമ്മുടെ സാഹിത്യനിരൂപണം പഴയ വഴിയിൽ നിന്നു മാറിപ്പോയല്ലോ. എങ്കിലും പഴയ ചില ചിന്തകന്മാരുടെ ആശയങ്ങൾ ഇന്നു പ്രശസ്തമായ ചില ആശയങ്ങളിൽ അനുരണനം ചെയ്യുകേൾക്കുമ്പോൾ ഒരു സുഖമുണ്ട്. ഫാൺലാ (ഒരു സുഹൃത്ത് ഭാര്യയുടെ അച്ഛനു കൊടുത്ത ചെല്ലപ്പേര്) ഉഗ്രൻ തന്നെയെങ്കിലും ഫാദറും തീരെ മോശമല്ലെന്നു കാണുന്നതും ഒരഭിമാനമാണ്. ക്രിസ്തുവിനു ശേഷം 10-ാംശതകത്തിന്റെ ഉത്തരാർദ്ധത്തിൽ, അതായത് ഒരു തൊള്ളായിരം വർഷങ്ങൾക്കു മുൻപെഴുതിയ ഒരു ചിന്തകന്റെ സമീപനങ്ങളും നിഗമനങ്ങളും ഇന്ന് അധികം പ്രസക്തങ്ങളായി കണ്ടാലോ? മററു മാർഗ്ഗങ്ങളിൽ കൂടി ഇന്നു ചില സാഹിത്യചിന്തകർ ഇതര ദേശങ്ങളിൽ എത്തിച്ചേർന്ന നിഗമനങ്ങളുമായി പൊരുത്തം കണ്ടാലോ? പഴയ ചിന്തകന്റെ സാർവ്വകാലികമായ പ്രസക്തിക്കു തെളിവാണത്. അത്തരമൊരു ചിന്തകനായിരുന്നു തൊള്ളായിരം വർഷങ്ങൾക്കു മുൻപ് "വക്രോക്തിജീവിത"മെഴുതിയ കുന്തകൻ.

എന്നാൽ ഇന്ത്യയിൽത്തന്നെ ആനന്ദവർദ്ധനന്റെ ധ്വനിസിദ്ധാന്തമെന്ന ആശയവാദ (idealism) ത്തിന്റെ പളപളപ്പിൽ കുന്തകന്റെ സിദ്ധാന്തങ്ങൾക്ക് പുറംപന്തികിട്ടിപ്പോയിട്ടുണ്ട്. ഇന്ത്യയിൽ ആത്മാവിനെ തേടിപ്പോകാതെ ഒരു കഥയുമില്ലല്ലോ. ഇവിടത്തെ ഏററവും മാന്യമായ തൊഴിൽ രാഷ്ട്രീയമല്ല, ആത്മാവിനെ തേടിപ്പോകലാണ്. അങ്ങനെ കവിതയിലെ, ആത്മാവിനെത്തേടി രസധ്വനിയിൽ ചെന്നെത്തിയ ആശയവാദം തന്നെ ഇവിടെ കൊടികുത്തിവാഴുന്നത്. ഇതിനിടയിൽ കവിത എന്നു പറഞ്ഞാൽ അസാധാരണമായ ചൊല്ലാണ് എന്ന മർമ്മവേധിയായ പ്രസ്താവന കുന്തകൻ ചെയ്തത് ഏറെ ശ്രദ്ധിക്കാതെ പോയി. ആനന്ദവർദ്ധനൻ തൊട്ട് അരവിന്ദൻവരെയുള്ള കാവ്യദാർശനികന്മാർക്ക് കവിതാനിരൂപണത്തിലെ ആശയവാദം പ്രിയംകരമാണല്ലോ.

എന്നാൽ കവിത വക്രമായ ഉക്തിയാണെന്നു പറഞ്ഞപ്പോൾ കവിതയ്ക്ക് അതിന്റെ നാലതിർത്തികളിൽ നിന്നു കൊണ്ടുള്ള ഒരു നിർവചനമായി. ഇതല്ല, ഇതല്ല എന്ന ആശയവാദത്തിലെ പ്രസിദ്ധമായ നിഷേധപ്രക്രിയയല്ല ഇത്. ഇതാണ് കവിത എന്നു തറപ്പിച്ചു പറയുകതന്നെ. ആ ഇതാകട്ടെ, കവിയുടെ അസാമാന്യമായ ചൊല്ലുതന്നെ. ഈ അസാമാന്യത പറയുന്ന ഭാഷയിലും, പറയപ്പെടുന്ന വസ്തുവിനോടുള്ള സമീപനത്തിലുമാകാം. ഈ അസാധാരണതയുടെ ലക്ഷണം അതിന് സാധാരണയിൽ നിന്ന് വിച്ഛിത്തി, അല്ലെങ്കിൽ വ്യതിയാനം അല്ലെങ്കിൽ ഡീവ്യേഷൻ ഉണ്ടെന്നുള്ളതാണ്. അത്തരം വ്യതിയാനമാണ് കവിതയുടെ സൗന്ദര്യത്തിനാധാരം. ഈവ്യതിയാനവാദത്തിൽ ഇന്നത്തെ സ്ട്രക്ചറലിസത്തിലെ norms, deviation എന്ന രൂപത്തിലുള്ള ഏതെങ്കിലും സമീപനം കാണാൻ കഴിയുന്നോ എന്നു സ്ട്രക്ചറലിസ്ററുകൾ നിർണ്ണയിക്കട്ടെ. സാധാരണവും അസാധാരണവും തമ്മിലുള്ള വഴിത്തിരിവാണ് കവിതയുടെ ഈററില്ലം. അങ്ങനെ കവിതയ്ക്ക് ഒരു സ്വക്ഷേത്രമുണ്ട്; അതിന്റെ ഭാഷ, അംഗീകാരത്തിനുവേണ്ടി സാധാരണഭാഷയുടെ തോളത്തു കൈവയ്ക്കേണ്ടതില്ല.

വാസ്തവത്തിൽ കവി ഉപയോഗിക്കുന്ന പദസമ്പത്ത് പൊതുഖജനാവുകളിൽ ഉള്ളവതന്നെ. ഈ പൊതുസമ്പത്തുപയോഗിച്ച് സ്വന്തം കാവ്യം, കാവ്യഭാഷ (Poetic dialect) കവി വാർത്തെടുക്കുകയാണു ചെയ്യുന്നത്. അതിലാണ് അയാളുടെ വിചിത്രമായ ഭണിതി, ഭാഷ, ഉര.

ഇവിടെ കവിതയുടെ ഗുണത്തിനാധാരം സാധാരണയിൽ നിന്ന് വ്യതിയാനം നേടിയിട്ടുള്ള അയാളുടെ ഉക്തിയുടെ സത്തതന്നെ. അങ്ങനെ കവിത അളക്കാവുന്ന ഒരു വസ്തുവാകുന്നു. ഈ അടിസ്ഥാനത്തിൽതന്നെ തനിക്കു മുൻപെഴുതിയ ധ്വനികാരനെ കുന്തകൻ വിമർശിക്കുന്നു. പ്രസിദ്ധാവയവാതിരിക്തമായി കവികളുടെ വാക്കുകളിൽ ഏതോ മറെറാന്നിന്റെ പ്രതീതി സ്ത്രീയുടെ സൗന്ദര്യംപോലെ സംജാതമാകുന്നു എന്ന ധ്വനികാരന്റെ പ്രസിദ്ധമായ ശ്ലോകം കുന്തകൻ ഉദ്ധരിക്കുന്നു. എന്നിട്ട് ചോദിക്കുകയാണ്, എന്തിന് ഈ പ്രതീതിയുടെ പിറകേയൊക്കെപ്പോകുന്നു? തൊടാവുന്നതും ആസ്വദിക്കാവുന്നതുമായ കവിത എന്ന ഉക്തി വൈചിത്ര്യം കൺമുമ്പിലില്ലേ, എന്ന്. ഇങ്ങനെ കവിതയ്ക്ക് കവിതാമാത്രമായ മാനദണ്ഡങ്ങളേർപ്പെടുത്തുകയാണ് ഈ നിരൂപകൻ. കവിതയിലെയും കവിതാനിരൂപണത്തിലെയും (1) ഒരുതരംവിശുദ്ധിവാദ (Puritanism) വും, സ്വയംഭരണവാദ (Autonomy) വും ആണിത്.

കവിതയുടെ സ്വക്ഷേത്രത്തിൽനിന്നു കൊണ്ടുള്ള ഇത്തരം ഒരു നിർവചനത്തിന്റെ യുക്തിസൗന്ദര്യം കാണാൻ അനുദിന ജീവിതത്തിൽനിന്ന് ഒരു ഉദാഹരണം കൊടുക്കണം. തേങ്ങയുടെ നിർവചനം തന്നെ എടുക്കാം. തെങ്ങിൽ ഉണ്ടാകുന്ന കായ് എന്ന നിർവചനവും, അടുക്കളയിൽ അരയ്ക്കാൻ ഉപയോഗിക്കുന്നത് എന്നും, രണ്ടു നിർവചനങ്ങൾ ഇതിനു കൊടുക്കാം. രണ്ടാമത്തേത് കുറെയൊക്കെ ശരിയാണെങ്കിലും, യുക്തിയില്ലാത്തതാണെന്നു കാണാൻ വിഷമമില്ല. അരയ്ക്കാൻ മററു സാധനങ്ങളും ഉപയോഗിക്കാമല്ലോ. എന്നാൽ, തെങ്ങിൽ ഉണ്ടാകുന്ന കായ് തേങ്ങമാത്രമാണ്. ഏതാണ്ട് ഇതുപോലെയാണ് കവിതയുടെ സ്വക്ഷേത്രത്തിൽ നിലയുറപ്പിച്ചുകൊണ്ടുള്ള കാവ്യനിർവചനവും.

കുന്തകൻ കവിതാപ്രസ്ഥാനങ്ങളെയും കവിതാഗുണങ്ങളെയും നിർണ്ണയിക്കുമ്പോഴും ഈ സ്വക്ഷേത്രവാദം കാണാം. വൈദർഭി, പാഞ്ചാലി, ഗൗഡി എന്നിങ്ങനെ രീതിയെ ആധാരമാക്കി കവിതയെ തരംതിരിക്കുന്നതിനെ അദ്ദേഹം കളിയാക്കുന്നു. കവിതയുടെ കാര്യത്തിൽ ദേശം ഒരു നിയാമകവസ്തുതയല്ല എന്നാണ് വാദം. അമ്മാവൻ അനന്തിരവളെ കല്യാണം കഴിക്കുന്നത് അനുവദിക്കുന്ന പ്രദേശങ്ങളില്ലേ എന്നൊരു ചോദ്യവും ചോദിക്കുന്നു. മററു ദേശങ്ങളിൽ അതു നിഷിദ്ധമാണല്ലോ. അപ്പോൾ ദേശത്തെ ചൊല്ലിയുള്ള സിദ്ധാന്തങ്ങൾ വഴിതെററിക്കുകതന്നെ ചെയ്യും. കവിതയെ മനസ്സിലാക്കാൻ കവിയിലേക്കു പോകുക എന്നാണ് കുന്തകന്റെ സിദ്ധാന്തം. (കവിസ്വഭാവഭേദ നിബന്ധനത്വേന കാവ്യപ്രസ്ഥാന ഭേദഃ സമഞ്ജസതാം ഗാഹതേ) കവിസ്വഭാവമാണ് കവിതയ്ക്കു മാനദണ്ഡം, ദേശവും കാലവുമൊന്നുമല്ല. സുകുമാരപ്രകൃതിയായ ഒരു കവി സുകുമാരമായ കവിത എഴുതും. ഈ യുക്തി ജീവചരിത്രപരമായ (biographical) സാഹിത്യനിരൂപണത്തിനുള്ള ഒരു ക്ഷണമാണ്. കവിയേയും കവിയുടെ ജീവിതത്തേയും അറിയാതെ കവിതയെ നിരൂപണം ചെയ്യാനാവില്ലതന്നെ. ഒരു കവിയെ നിരൂപണം ചെയ്യുമ്പോൾ വ്യക്തിപരമായോ ജാതിപരമായോ എന്തെങ്കിലും പറഞ്ഞുപോയാൽ ഉടനെ അതിനെതിരായി വിരൽചൂണ്ടുന്ന നമ്മുടെ ഇന്നത്തെ സമ്പ്രദായം അശാസ്ത്രീയമാണ്. അവയൊക്കെക്കൂടി കണ്ടാൽ മാത്രമേ കവിയുടെ കവിത മനസ്സിലാകൂ.

ഒരു കവി ഏതുതരം കവിത എഴുതുന്നവരുടെ പ്രസ്ഥാനത്തിൽ ചെന്നുനില്ക്കുന്നു എന്ന കാര്യവും, കുന്തകന്റെ അഭിപ്രായത്തിൽ അയാളുടെ സ്വഭാവത്തെ ആശ്രയിച്ചിരിക്കുന്നു. ഇതു പ്രാധാന്യമർഹിക്കുന്ന ഒരു നിലപാടാണ്. വെണ്ണിക്കുളത്തിനെപ്പോലെ ഒരു കവിയാണ് നമ്മുടെ ഭാഷയിൽ ഈ ലക്ഷണത്തിന് ഉത്തമമായ ഉദാഹരണം. ടി. എസ്. തിരുമുമ്പിനെപ്പോലുള്ളപ്രതിഭാശാലിയായ കവി ഒട്ടനാൾ ഒരു പാളയത്തിൽ കഴിഞ്ഞതിനു ശേഷം സ്വക്ഷേത്രത്തിലേക്കു തിരികെ വന്നിട്ടുള്ളതും മറെറാരു രീതിയിൽ ഒരുദാഹരണമായി. നമ്മുടെ ഇതര കവിമുഖ്യന്മാരിൽ ചിലരുടെയെങ്കിലും വേഷങ്ങൾ ഊരിക്കളഞ്ഞിട്ട് സ്വഭാവത്തിലേക്ക് ഉററുനോക്കിയാലേ അവരുടെ കവിതയുടെ പഠനമാവൂ. ഇത് ചെയ്യേണ്ടിയിരിക്കുന്ന ഒരു കാര്യമാണ്.

ദേശത്തെ അടിസ്ഥാനപ്പെടുത്തിയുള്ള കാവ്യരീതിയുടെ നിർണ്ണയത്തെ നിന്ദിക്കുമ്പോൾ കുന്തകൻ പ്രധാനപ്പെട്ട മറെറാരു കാര്യം പറയുന്നു. ഒരു ദേശത്തെ കവിതയിൽ കണ്ടുവരുന്ന ഗുണവിശേഷങ്ങൾ എന്നു പറയുമ്പോൾ അത് പൊതുവിലുള്ള ഒരു വർണ്ണനയാണല്ലോ. അതു കഴിഞ്ഞകാലത്തെ നേട്ടങ്ങളും സമകാലീനകാലത്തെ അനുഭവങ്ങളുമാണ്. അങ്ങനെ അത് സാധാരണതയുടെ (norm) ചിത്രമാണ്. എന്നാൽ വ്യക്തിത്വമുള്ള ഒരു കവി ഈ സാമാന്യതയിൽനിന്ന് സുന്ദരമായി വ്യതിചലിക്കുന്നവനാണ്, അതിനപ്പുറം പോകുന്നവനാണ്. (ദേശധർമ്മോഹി വൃദ്ധവ്യവഹാരപരംപരാ മാത്ര ശരണഃ ശക്യാനുഷ്ഠാനതാം നാതിവർത്തതേ. തഥാവിധ കാവ്യകരണം പുനഃ ശക്ത്യാദി കാരണകലാപ സാകല്യമപേക്ഷ്യമാണം ന ശക്യതേ തഥാകഥം ചിദനുഷ്ഠാതും). അപ്പോൾ തന്റെ കാലത്തിലെയും ദേശത്തിലെയും സാമാന്യതയെ അതിക്രമിക്കുന്ന പ്രതിഭാഭ്യാസങ്ങളാണ് കവിയെ കവിയാക്കുന്നത്. ദേശകാലങ്ങളെയും പ്രസ്ഥാനഭേദങ്ങളെയും മാപ്പുസാക്ഷികളാക്കിക്കൊണ്ട് കവികളെ തരംതിരിക്കുന്ന കൂട്ടർ ഇത് ധരിക്കുന്നതുകൊള്ളാം.

ഇവിടെ ഒരു പ്രശ്നം ഉള്ളതും കുന്തകൻ കാണുന്നു. ഇങ്ങനെയായാൽ കവികളെ, വകുപ്പുകളിൽപെടുത്താനേ കഴിയുകയില്ലല്ലോ. എത്ര കവികളുണ്ടോ അത്രയും കവികൾക്കും പ്രത്യേകം അദ്ധ്യായങ്ങൾ വേണ്ടിവരുമല്ലോ. കവി സ്വഭാവത്തെ ആശ്രയിച്ചു രൂപംകൊടുക്കുന്ന കവിതാഗുണങ്ങളിൽ ഒന്നിച്ചുനിൽക്കുന്നവരെ ഒററ വകുപ്പിൽപ്പെടുത്താമല്ലോ എന്നാണ് കുന്തകന്റെ ഉത്തരം. സുകുമാരപ്രകൃതികളായ കവിതകൾ എത്രയോ ഉണ്ട്. അവരുടെ കവിതകൾക്കെല്ലാം സുകുമാരമായ കവിത എന്നു പറയാം. അങ്ങനെ സുകുമാരം, വിചിത്രം, മദ്ധ്യമം എന്ന് മൂന്നുതരം കവിതകൾ അദ്ദേഹം കാണുന്നു. കവിതാബാഹ്യമായ ദേശകാലാദികളോ, ദേശീയ പുനരുദ്ധാരണമോ, വിപ്ലവമോ ഒന്നുമല്ല, കവിതയെ കവിതയായി കാണുന്ന ഈ വിശുദ്ധിപക്ഷക്കാരന് എന്നതാണ് ഇവിടെ പ്രസക്തമായുള്ളത്.

കവിതയുടെ ലക്ഷ്യം നിർവചിക്കുമ്പോഴും ഈ കവിതാമാത്രപരത്വം ഈ ദാർശനികൻ ദീക്ഷിക്കുന്നു. ധർമ്മാർത്ഥകാമമോക്ഷങ്ങൾ എന്ന ചതുർവിധ പുരുഷാർത്ഥങ്ങൾക്ക് ഉപകരണമാണു കവിത എന്ന് ചിലർക്ക് അഭിപ്രായമുണ്ടാകാം. വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുക, വിപ്ലവത്തിന്റെ കൊടിപിടിക്കുക എന്നിവയൊക്കെ കവിതയുടെ ഉദ്ദേശ്യമാണെന്ന് ഇന്നു ചിലപ്പോൾ പറയുന്നതിനു തുല്യമായി പണ്ടു പ്രഖ്യാപിക്കപ്പെട്ട ഉദ്ദേശ്യങ്ങളാണിത്. (ഈ നിലപാടുകളുടെ സാധുത്വാസാധുത്വങ്ങളല്ല, ഇവിടെ ചിന്താവിഷയം.) (2) എന്നാൽ ഇത്തരം ലക്ഷ്യങ്ങൾ കാലികപ്രധാനങ്ങൾ മാത്രമാണ്. അവ ഉദ്പാദിപ്പിച്ചു കഴിഞ്ഞാൽ പിന്നെ കവിതയുടെ ഗതിയെന്ത്? അതിനാൽ കവിതയ്ക്ക് അത് അദ്ധ്യയനം ചെയ്യുമ്പോൾ ഉണ്ടാകുന്ന സൗന്ദര്യബോധം (തദാത്വരമണീയ)തന്നെ അന്തിമലക്ഷ്യമായി പറയണം. ഇത് സൗന്ദര്യാധിഷ്ഠിതമായ ഒരു സമീപനം തന്നെ. പക്ഷേ, അത് കവിതയുടെ സ്വക്ഷേത്രത്തിൽ നിന്നുകൊണ്ട് അതിന്റെ ലക്ഷ്യം നിർവചിക്കുന്നു.

ഭിന്നബിംബങ്ങളുള്ള സങ്കീർണ്ണകവിതയിൽ നിന്ന് കാവ്യാവബോധം ജനിക്കുന്ന രീതി കവിതാസ്വാദനരംഗത്തിലെ ഒരു ചർച്ചാവിഷയമാണല്ലോ. എലിയട്ടിന്റെയും മററും കവിതകളിൽ ബിംബങ്ങൾ യുക്ത്യധിഷ്ഠിതമായ സംബന്ധമില്ലായ്മകൊണ്ട് കവിതാസംവേദനം തന്നെ താറുമാറാകുന്നു എന്ന നിരൂപണവുമുണ്ട്. അത്തരം ബിംബങ്ങൾ യുക്തിയാൽ ഘടിതമാണെങ്കിലും അല്ലെങ്കിലും അനുവാചകന്റെ പ്രതിഭയിൽ അവയ്ക്ക് പരസ്പരസംബന്ധമുണ്ടായാൽ മതിയെന്ന് ഈ നിരൂപണത്തിന് മറുപടിയുമുണ്ടായിട്ടുണ്ട്. (3) മഹാവാക്യത്തിൽ നിന്നുള്ള കാവ്യസംവേദനം ചർച്ചചെയ്യുമ്പോൾ കുന്തകൻ ഈ ചിന്തയ്ക്ക് ഭംഗ്യന്തരേണ രൂപം കൊടുക്കുന്നു. "സംസാരം അസാരമാണ്; ത്രിഭുവനം രത്നങ്ങളെല്ലാം അപഹരിച്ചതാണ്; ലോകം പ്രകാശഹീനം; ബന്ധുക്കൾ മരണവശർ, കാമദേവൻ അനഹങ്കാരി; ജനങ്ങളുടെ കണ്ണുകൾ നിഷ്ഫലങ്ങൾ. ഈ ലോകത്തെ ജീർണ്ണമായ അരണ്യമായി എന്തിന് നീ തീർക്കുന്നു" എന്നർത്ഥമുള്ള ശ്ലോകത്തെ വ്യാഖ്യാനിക്കുന്നതാണ് ഘട്ടം. ഈ ഭിന്നവസ്തുതകളും ബിംബങ്ങളും പരസ്പരം ബന്ധിച്ചുനിൽക്കുന്നത് ഒരു മാനസികഘടകത്തിലാണ്. അവയ്ക്ക് പരസ്പരം ബാഹ്യയുക്തിയുണ്ടോ എന്നതല്ല പ്രശ്നം; അവ സംവേദനത്തിന്റെ മൂശയിൽ ഒന്നിച്ചു ചേരുന്നോ എന്നുള്ളതാണ്. ഒരു സുന്ദരിയെ വധിക്കാനൊരുവൻ തയ്യാറാകുന്ന സന്ദർഭത്തിലുള്ള ഈ പദ്യം അവളുടെ സർവോൽകൃഷ്ടമായ സൗന്ദര്യത്തിന്റെ അവബോധം എന്ന ആന്തരികതലത്തിൽ യോജിച്ചിരിക്കുന്നു. ഇവിടെ കാവ്യത്തിലെ വൈവിധ്യങ്ങളെ കൂട്ടിയിണക്കുന്ന അന്തസ്ഥലത്തെയും, സംവേദനത്തിൽ കണ്ണുതെളിഞ്ഞിരിക്കുന്ന അത്തരത്തിലുള്ള പ്രതിഭയെയും വക്രോക്തികാരൻ വിശദമാക്കുന്നു. കാവ്യത്തിലെ ഭിന്നതകളിൽ നിന്ന് ഏകരൂപമായ (4) മറെറാരു പ്രതിഭ ജനിക്കുന്നു. എന്നതാണ് വാദത്തിന്റെ സാരം. എത്ര നീണ്ട് സങ്കീർണ്ണമായ കാവ്യപ്രബന്ധത്തെയോ, ഒററ ശ്ലോകത്തെയോ, കവിതയെയോ ഒരൊററ ജീവഘടക(organism)മായി വിഭാവന ചെയ്യുന്ന ഈ ചിന്തയിൽ ആധുനികമായ ശാസ്ത്രീയയുക്തിയുണ്ട്. മററു വഴികളിൽ കൂടി കടന്നുവന്ന് ആധുനികരും അവിടെ വന്നുനിൽക്കുന്നതു കാണാൻ രസവുമാണ്. എല്ലാംകൊണ്ടും ആധുനിക നിരൂപണസമ്പ്രദായത്തിൽ പ്രസക്തിയേറെയുള്ള ഒരു സിദ്ധാന്തമാണ് വക്രോക്തി.

---

(1) തുല്യമായ ഒരു സമീപനത്തിന് John Crowe Ransome എന്ന നിരൂപകന്റെ Poets without Laurels എന്ന പഠനം നോക്കുക.

(2) ആധുനിക കവിതയ്ക്കു മുൻപ് പ്രചരിച്ചിരുന്ന കവിതയുടെ ലക്ഷ്യങ്ങൾ വർണ്ണിക്കുന്ന കൂട്ടത്തിൽ John Crowe Ransome എഴുതുന്നത് ഇവിടെ കൊടുക്കാം: For they (moderns) have failed more and more flagrantly, more and more deliberately, to identify themselves with the public interests…So I shall try a preliminary definition of the poet's traditional function on behalf of society: he proposed to make virtue delicious. He compounded a moral effect with an aesthetic effect. (Poets without Laurels: World's Body.)

(3) This misconception neglects the fact that a poem, in so far as it is successful, is a unified construct, a psychological whole. And since a poem is an organism it is not only greater than, but different from the sum of its parts. Indeed it can not be too highly emphasised that what we usually think of as the poetic quality resides in a functional combination of factors rather than in the intrinsic nature of any single factor… every successful poem creates a psychological unity. (Cleanth Brooks & Robert Penn Warren: Reading Modern Poetry)

(4) ബദ്ധസ്യ ച രമണീയസ്യ ഏകവാക്യോപയോഗിഷു യുഗപത് പ്രതിഭാസപദവീം അവതരത്സു വാക്യാർത്ഥ പരിപൂരണാർത്ഥം തത്പ്രതിമം പ്രാപ്തും. അപരം പ്രയത്നേന പ്രതിഭാ പ്രസാദ്യതേ. തഥാ ച അസ്മിന്നേവ പ്രസ്തുതവസ്തു സബ്രഹ്മചാരി വസ്ത്വന്തരമപി സുപ്രാപമേവ.

എം. ഗോവിന്ദൻ

ഗുരുവായൂരപ്പനെ കൂപ്പാനും, അമ്പല-
വരവും ചെലവുമറിയുവാനും,
ഒരുനാളെഴുന്നെള്ളീ സാമൂരി, ആളുകൾ
വഴിനീളെ വാഴ്ത്തി വണങ്ങിനിന്നു.
കുന്നലക്കോനല്ലേ, കുന്നംകുളത്തോളം
ചെന്നാറെ ചെറിയതല്ലാൾത്തിരക്ക്.
കുന്നിക്കുരുവൊന്നെറിഞ്ഞാലുമേതൊരു
ചെന്നിയിലെങ്കിലും ചെന്നുവീഴും!
പാറയിലങ്ങാടിപ്പാതയിൽ പൊടിപാററി-
പ്പാറുമറമ്പിക്കുതിരവണ്ടി
നിറുത്തുവാൻ കല്പിച്ച തിരുമേനി, തൻമുന്നിൽ
നിൽക്കുന്നതാരെന്നും ചോദ്യമായി.
അന്തണനൊത്തതാമന്തസ്സിലസ്സലാ-
മങ്കവസ്ത്രം തോളിൽ ഞാത്തിയിട്ട്,
താണുവണങ്ങി യുവാവൊരാൾ, ചേണുററ
വീണതൻ നാദത്തിലോതുകയായ്:
"തങ്കവും വെള്ളിയും വിൽക്കും പറഞ്ചുവിൻ
തമ്പി ഞാൻ, വാറുണ്ണി, തമ്പുരാനേ!
പൂമുള്ളിമനയ്ക്കുലേക്കുണ്ടാക്കി പുത്തനായ്
പുലിനഖമാലയിൽ പുഷ്യരാഗം
ഉരുളിയിൽപ്പടയായ് വന്നുഴത്രനാം വാരിയർ
ഒരു ഞൊടിയിടയിലെടുത്തു പാഞ്ഞു.
ചെമ്പോലക്കുറിവിട്ടും, ചെവിയിലുരച്ചിട്ടും,
ചേരിക്കൽകോൽക്കാരനില്പനക്കം!
ദേവന്റെ കഴകമായ് കഴിയുന്ന കൂട്ടരെ
ദേശക്കാർ ദ്രോഹിച്ചാൽ കലഹമല്ലേ?
സ്നേഹിക്ക, സേവിക്ക, നോവാർക്കുമേകാതെ;
യേശുമിശിഹയരുളിയന്നേ!"
കരളലിഞ്ഞൊരു പുറംകോപവും വിറകൂടി
ഉരിയാടിമലവാരമന്നനേവം:
"കൊള്ളയും കള്ളവുമെന്നാട്ടിൽ പാങ്ങില്ല.
കൊള്ളുന്ന ശിക്ഷ കൊടുത്തുകൊള്ളാം."
ചെവിയോളം വിരിയുന്ന ചിരിതൂകി വാറുണ്ണി,
അരനൂറു പൊൻപുത്തൻ കാഴ്ചവച്ചു.
അതുചെല്ലക്കാരനെയപ്പാടേയേല്പിച്ചാൻ
അലയും മലയും തന്നയലമായോൻ,
ഏഴൂഴി വാഴുന്ന ദേവനെ തൊഴുവാനായ്,
പാഴായ പുന്നത്തൂർ കോട്ടതാണ്ടി,
ഗുരുവായൂരെത്തുന്ന കോലോത്തിറങ്ങുന്നു,
ഒരുകണ്ണിലപ്പോഴും തീത്തിളക്കം.
കുളിയും തേവാരവുമമൃതേത്തുമാവാതെ,
വിരവിൽ വിടുന്നൊരു കൊത്തുവാളെ:
"ഉഴത്രനെ കൈയോടെ കൊണ്ടിങ്ങു വരിക നീ,
കഴുവേറിത്തരമാണോ കഴകവൃത്തി!"
എലിപോലെ വിറയാർന്നു വാരിയരെത്തിനാൻ
എതിരൊലി കലരാതെ കുററമേൽക്കാൻ:
"ഉഴത്രനു പുത്രിയും പുത്രനുമായൊന്ന്.
കഴുത്തിലും കാതിലും മിന്നിയില്ല,
ചൂളംവിളിച്ചും ചുമച്ചും നടകളിൽ
കൂളന്മാർ കുടികൊള്ളും കാലമല്ലേ?
അമ്പലമാടപോൽ തെമ്പും തിണർപ്പുമായ്
അമ്മാളുവെത്രനാൾ കാത്തിരിക്കും!
പയ്യിനെ വാങ്ങുവാനൊരു പയ്യൻ വന്നപ്പോൾ,
ചെയ്യരുതാത്തതും ചെയ്തുപോയ് ഞാൻ."

കൈയാമം കെട്ടിയൊരാനില്പും കൺകളിൽ
പെയ്യും പെരുനീരും കാൺക വയ്യ!
മന്നനും കനിവുണ്ട്; മഞ്ഞിനും കിനിവുണ്ട്,
മിന്നാമിനുങ്ങിനും മിന്നിയുണ്ട്.
നീതിക്കു നീളുന്ന കൈകളും, നീരാളി-
ക്കേളും മുറുക്കുന്ന നാരുമുണ്ട്.
നേരും നെറിയുമടഞ്ഞൊരു കൂമ്പായാൽ
ഊരിൽക്കുറുക്കന്റെ കൂടിയാട്ടം!
ചുള്ളിയും കള്ളിയും മുററിയ കടലോരം
തെള്ളിത്തെറിപ്പിച്ച ചെററുമണ്ണിൽ-
നിന്നേ തുടങ്ങിയ സാമൂരിപ്പാടന്മാർ
ഇന്നോളം ചെററത്തം ചെയ്തതില്ല.
നേരിട്ടെതിർത്തോരെ പോരാടിവീഴ്ത്തിനാർ
നീരോട്ടം കണ്ടേടം ചിറകഴിച്ചു.
വേരോട്ടമെവിടെയും വൃക്ഷങ്ങൾ നട്ടപ്പോൾ,
കൂരടകുന്നിലും കുരുമുളകായ്.
നേരുള്ളോർക്കേവർക്കും പണ്ടാരക്കണ്ടങ്ങൾ;
നെഞ്ചൂക്കുകാർക്കോ കൊട്ടുംതുറുങ്കും.
മാമാങ്കമണലിലെയങ്കങ്ങൾ, ചാവേറിൻ
മാറിലെക്കുരുതിക്കുഴമ്പിഴക്കം,
കന്നിവയലിലെച്ചേറുഴുതോടുന്ന
കന്നിൻകഴുത്തിലെ മണിമുഴക്കം,
മാവേലിവാണ മലയാളനാടിനു
മണവാളൻവന്നതീവാഴ്ചതന്നിൽ,
ആര്യനുമറബിയും പറങ്കിയുമല്ലൊരു
വാര്യരാലല്ലീ നമുക്കുവാട്ടം!
വാറുണ്ണിചെയ്തൊരു തങ്കത്തുടർകൊണ്ടോ
വാരിയപ്പെണ്ണിനു താലികെട്ട്?
വാഴ്വിനും മേനിക്കും വാരഴകുണ്ടെങ്കിൽ
വാഴനാരിഴകളും പൊന്നുനൂല്!

തേവർക്കു പൂമാലകെട്ടുന്ന കൈയുകൾ
തേടിയതെങ്ങനെ കെട്ടുകാര്യം?
കണ്ടിക്കവേണമക്കൈരണ്ടും, തെററിനു
വേണ്ടോളം ശിക്ഷയിതൊന്നുമാത്രം.
വീണ്ടുവിചാരം ചെയ്തപ്പോതിലത്രയും
വേണ്ടെന്നുതോന്നലകംനിറഞ്ഞു,
ഒരു പെണ്ണിൻകണ്ണീരുതിർന്നതുകൊണ്ടല്ലീ
മധുരയും പാണ്ഡ്യനും ചാമ്പലായി?
"ചുററമ്പലത്തിലും ചിററമ്പലത്തിലും
ചുററിപ്രദക്ഷിണം നൂറുവട്ടം.
ഓരോ തവണയും നൂലിന്മേൽ കെട്ടുമി-
ട്ടോടുമ്പോളോരണമൊന്നു രണ്ട്.
ഒന്നുപിഴച്ചാലോ, പിന്നെയും നൂറോട്ടം
മുന്നോട്ടും പിന്നോട്ടുമെണ്ണിവേണം."
കൊത്തുവാളൊന്നിച്ചു വാരിയർ പോകവേ
കോവിൽത്തിരുമണി തേങ്ങിയെന്നോ?
നെയ്യപ്പം കട്ടു മുടികോലെടുത്തന്നു
പയ്യിനെപ്പാലിച്ചോൻ കണ്ണനുണ്ണി!
തന്നെക്കാൾ മൂപ്പുള്ളപെണ്ണിനെ, രാധയെ
കൈയിലെടുത്തതും കണ്ണനുണ്ണി.

അന്തിയായ്നിറമാല്യം ചാർത്തിയ തേവാരം
ചന്തത്തിലെരിയുന്ന നെയ്ത്തിരികൾ,
പന്തിയും പകലാക്കി, പാതിയും മിഴികൂമ്പി
തൻ തൊഴുപാണിയായ് മാനവേദൻ
നന്മണമോലുന്നു, നാലഞ്ചുമാരാന്മാർ
തന്മയിൽ താളമിണക്കിടുന്നു.
അഷ്ടപദികളിലഷ്ടഗന്ധങ്ങളിൽ,
അദ്ഭുതചൈതന്യം വായ്പുയന്നു.
മേശാന്തിസമ്പൂതപൂജാവിധികളായ്
ശ്രീലസൽശാന്തി നിറഞ്ഞൊഴുകി.
കള്ളക്കണ്ണിട്ടെന്തേനോക്കുവാൻ, തൂവെണ്ണ
ക്കള്ളൻ, തൻ കണ്ണിലോ കോട്ടമാവോ!
മങ്ങാട്ടെമൂപ്പിലാൻ തഞ്ചത്തിൽ ചൊല്[illegible]
"മങ്ങാത്തകസ്തൂരിയക്കണ്ണിലുണ്ടേയ്!"

വാരിയരപ്പുറംനൊണ്ടിയും താണ്ടിയും
വാടാതെ, ചക്കിന്റെ കാളപോലെ!
കൂടെയൊരുവനും, ചങ്ങലവട്ടയിൽ
കാണും കഴിയലായ്, എന്തു കൂത്ത്?
കോമാളിരാമനോ, കിറുക്കനാം കോമനോ?
ചോദിക്കാൻതോന്നി, ചോദിച്ചതില്ല.
ഉഴത്രനുടയവരാരുണ്ടൊരുത്തനായ്,
കൊഴുത്തുമിനുങ്ങിയ പെണ്ണൊഴികെ?
കുന്നലക്കോനുള്ള നാളിൽ കൂത്തമ്പലം
തന്നിലവതാരം കൃഷ്ണനാട്ടം.
ഉണ്ണിപിറന്നതും, പൂതനതന്മുല-
ക്കണ്ണുചുരന്നതും കണ്ടുമന്നൻ
നഞ്ഞുണ്ടുകുഞ്ഞുണ്ണിനലംകൊണ്ടു; പൂതന
വന്മലപോലെ മറിഞ്ഞുരുണ്ടു.
പൈക്കളെപ്പേത്തും കറക്കാതെ, ആനായ-
മൈക്കണ്ണി പൈതലെക്കൊഞ്ചിടുമ്പോൾ,
ഊറുംനറുംചിരിപാല്പതമാതിരി,
ഉറിയിലുറചേരും തൈരുപോലെ!
ദേവകിപെററവൻ ഗോവിന്ദൻമറേറാർക്കും
മാറിലെ മാൺപെഴും കുട്ടനായി!
ഉണ്മയിലുറേറാരും മറേറാരുമെന്നുണ്ടോ?
കൺമണി രണ്ടിനുമൊന്നുപോലെ!

ഉള്ളിലെമ്പാടുമേ, അമ്പാടിക്കുഞ്ഞനായ്
പള്ളിക്കുറുപ്പിലമന്നു രാജൻ.
പർവ്വതം പൊക്കിയ കൈയിൽ കുഴലുമായ്
കാർവ്വർണ്ണൻ മുന്നിലേ വന്നുനില്പൂ!
ചെഞ്ചുണ്ടിലഞ്ചിയ പുഞ്ചിരിപ്പൂവൊളി
കൊഞ്ചും മൊഴികളിൽ പിഞ്ചുഗീതം:
"രണ്ടുപേരെന്തേ പ്രദക്ഷിണം? താങ്കളി-
ലുണ്ടായൊരാശങ്ക ഞാനറിഞ്ഞു.
വല്ലൊരുമുള്ളപ്പോൾ വാസ്തവം ചൊല്ലാമോ?
വയ്യ,തുകൊണ്ടു ഞാൻ പൂണ്ടു മൗനം.
പണ്ടം പിടുങ്ങിയ പാവത്താൻ പാതിയെൻ
ഭണ്ഡാരത്തിങ്കൽ പൊലിച്ചുവച്ചു.
താൻപാതി ദൈവംതാൻപാതിയിത്തന്ത്രത്തിൻ
തൻ പാപം പങ്കിടാമെന്നുമോർത്തു.
ഗോക്കളെ പുഴവക്കിൽ നോക്കിയ ഗോപാലൻ
പോക്കിരിത്തങ്ങളും കാട്ടിയില്ലേ?
കാലുപിടിച്ചോനെകാലാൽമെതിക്കുവാൻ
കാലിയെമേച്ചവനാവതല്ല.
കട്ടുമുതൽവാങ്ങിക്കാഞ്ഞാലും കുററം താൻ,
ശിക്ഷയായ് ഞാനും പ്രദക്ഷിണത്തിൽ!
തെററൊരു ചെയ്കിലും ശിക്ഷിച്ചു കൊൾക നീ
തേവരും വാവരും വേറെയല്ല."

തായാട്ടുകാട്ടിയ വേളയിൽ തായയാൾ
താഡിച്ചിട്ടുണ്ടെന്നെയെത്രമാത്രം.
ഉരലിന്മേൽ കെട്ടിയും ഊരമേൽ തട്ടിയും
വിറകിന്റെ കമ്പാലറഞ്ഞുവിട്ടും
വെണ്ണയും പാലും തരാതെ പലനാളും
ഉണ്ണാവ്രതത്തിലിരുത്തിയിട്ടും?
അമ്മയശോദതൻ താരാട്ടിനെക്കാളും
തല്ലും ശകാരവും നല്ലതായി.
മക്കളെ മെറുന്ന മാതാപിതാക്കളെ
താക്കീതു ചെയ്യാഞ്ഞാൽ തലതെറിക്കും!
വലിയോന്റെ ചെക്കന്മാർ വലുതായ ശല്യങ്ങൾ
വഴിപോക്കന്മാർക്കുമാപൽക്കരങ്ങൾ
പഴിപോക്കാനൊക്കുമോ പാവങ്ങൾക്കാർക്കാനും?
കിഴിയുള്ളോർക്കെന്തിനും കഴിവുമുണ്ട്!
മേനോന്മാർ കാട്ടുന്ന മേൽക്കോയ്മകാൺകെ, കാർ
മേനിത്തിറവും കടുംചുവപ്പ്!
മന്നന്റെ മക്കളായ് വന്നുപിറക്കയാൽ
കന്നത്തക്കുത്തെന്നതെന്തുതത്ത്വം?
മാനിച്ചു വിക്രമനരിയിട്ടുതാൻ വാഴ്ച;
മേനോന്മാർക്കഴിമതി വേട്ടവേഴ്ച!
അമ്പലമെന്നാകിലൻപിന്നുറവിടം;
ചെമ്പൊന്നും ചെങ്ങണപ്പുല്ലുമല്ല.
കമ്പിരികുത്തുംതൊഴുതല്ല, തൊഴുന്നവർ-
ക്കിമ്പംപകർന്നിടും താവളങ്ങൾ.
ദൈവവുംതന്റെ പടപ്പുമിടയ്ക്കിടെ
തങ്ങളിൽ തങ്ങളായ് കൂടലുരു!
അഞ്ജനവർണ്ണന്റെ പാദത്തിൽവീഴുന്നി-
തഞ്ജലീബദ്ധനായ് രാജരാജൻ.
തൃച്ചേവടിത്താരിലർപ്പിച്ചുവാറുണ്ണി
കാഴ്ചവച്ചേകിയ തങ്കനാണ്യം.
അന്നേരമരുതെന്നായ് തുമയിൽപ്പീലികൾ
കിന്നരിയാക്കിയ കൃഷ്ണമൂർത്തി:
"വീറുംവിരുതും വിളഞ്ഞവൻ വാറുണ്ണി
വിൽക്കും പൊൽക്കാശിൽ കളങ്കമില്ല
പോകുന്നപോക്കിൽ തിരിച്ചയാൾക്കേകുക;
പൊന്നിനും പെണ്ണിനുമടിമയായാൽ
മന്നവനില്ലൊരുമാനവും; മാററാന്മാർ
വന്നാൽ, നായന്മാർവലിഞ്ഞുമണ്ടും.
കണ്ടതാണെത്ര നാം രണ്ടാളുമിക്കളി,
പണ്ടത്തെപ്പാച്ചന്മാർക്കെന്തുകൂറ്!
ചേറുണ്ണിയായാലും വാറുണ്ണിയായാലും
ചേലുള്ളോരൊക്കെയുമെന്റെയാൾക്കാർ.
വാരിയരായാലും വലിയതാനായാലും
വാരിപ്പിടിത്തക്കാരെൻരിപുക്കൾ!"
കണ്ണുതുറക്കുന്നു സാമൂരി, മുന്നിലെ
മഞ്ഞത്തുകിലണിമേനിയെങ്ങോ!
എങ്ങും നിറഞ്ഞവനെങ്ങും മറഞ്ഞവൻ,
എന്നമറപ്പൊരുളോർപ്പതാര്?
അമ്പലക്കാററിലൊലിക്കുന്നു പൂന്താനം
നമ്പൂരി പാടിട്ട മീരടികൾ:
"മാളികമുകളേറിയ മന്നന്റെ
തോളിൽ മാറാപ്പുകേററുന്നതും ഭവാൻ
രണ്ടുനാലുദിനംകൊണ്ടൊരുത്തനെ
തണ്ടിലേററി നടത്തുന്നതും ഭവാൻ!"

കടലിലെ താറാവ്

കെ. രാജേന്ദ്രബാബു എം. എസ്‌സി.



കുഞ്ഞിനെ ഊട്ടുന്ന കടൽ താറാവ്

വിജനമായ കടലോരം. ആകാശം പ്രസന്നമായിരിക്കുന്നു. കടലിലെ തിരമാലകളുടെ പൊട്ടിച്ചിരി ഒഴികെ അന്തരീക്ഷം പൊതുവേ നിശ്ശബ്ദം. അനന്തമായ നീലാകാശത്തിൽ കാർമേഘത്തിന്റെ യാതൊരു ലാഞ്ഛനയുമില്ല. ന്യൂസിലൻഡിന്റെ ആ സമുദ്രതീരത്ത് അപ്പോൾ മഴപെയ്യാൻ ഒരു സാദ്ധ്യതയുമില്ല. എങ്കിലും, അവിടെനിന്ന ചില വിനോദസഞ്ചാരികൾക്ക് അപ്രതീക്ഷിതമായ ഒരു മഴകണ്ട അനുഭവമുണ്ടായി. വെള്ളത്തുള്ളികൾ ശക്തിയായി കടലിലേക്കു വീഴുന്നതുപോലെ. എല്ലാം നിമിഷത്തിനുള്ളിൽ കഴിഞ്ഞു. വീണ്ടും വീണ്ടും അതു ആവർത്തിക്കപ്പെട്ടു. ആ അപൂർവ്വദൃശ്യം കണ്ട് അദ്ഭുതപ്പെട്ടുപോയ അവർ ഒടുവിൽ കാര്യം എന്താണെന്നു കണ്ടുപിടിച്ചു. ഒരു സംഘം പക്ഷികൾ മിന്നൽവേഗത്തിൽ കടലിലേക്കു പതിക്കുന്ന കാഴ്ചയായിരുന്നു അത്. ഗാനെറ്റ് എന്ന പേരിലറിയപ്പെടുന്ന കടൽ താറാവുകൾ.

ഉയരങ്ങളിൽ നിന്ന് മണിക്കൂറിന് നൂറ്റിയമ്പതു കിലോമീറ്റർ വേഗത്തിൽ കടലിലേക്കുള്ള ഇവറ്റകളുടെ കുതിച്ചുചാട്ടം, അതിശയകരമായ ഒരു പ്രകടനം തന്നെ. പക്ഷികൾ കൂട്ടത്തോടെ വെള്ളത്തിൽ ഇറങ്ങുന്നത് ഒന്നു നന്നായി കാണാൻ ശ്രമിക്കുന്ന പക്ഷിനിരീക്ഷകർ പരാജയപ്പെടുകയേയുള്ളൂ. അവ വെള്ളത്തിൽ വീഴുമ്പോൾ ചിതറിത്തെറിക്കുന്ന ജലരേണുക്കൾ പരിസരമാകെ സൃഷ്ടിക്കപ്പെടുന്ന, മൂടൽമഞ്ഞിനെ ഓർമ്മിപ്പിക്കുന്ന ദൃശ്യം മാത്രം കണ്ട് അവർക്കു തൃപ്തിപ്പെടേണ്ടിവരും. മടക്കിവച്ച ചിറകും, മുമ്പോട്ടു നീട്ടിപ്പിടിച്ച തലയുമായി ഊക്കോടെ വെള്ളത്തിലേക്കു തലകുത്തി വീഴുന്ന പക്ഷികൾ, നീന്തൽക്കുളത്തിലെ അഭ്യാസിയെ ഓർമ്മിപ്പിക്കുന്നു. സാധാരണ ഗതിയിൽ തലയോടു പൊട്ടി തലച്ചോറു ചിതറേണ്ട ഒരു അഭ്യാസമാണിത്. എന്നാൽ ഇരുമ്പിന്റെ ബലമുള്ള തലയോടുള്ളതുകൊണ്ട് വീഴ്ചയിൽ ഇവയ്ക്ക് യാതൊരു പരിക്കും സംഭവിക്കുന്നില്ല. വീണപാടെ ആഴങ്ങളിൽ പോയി, കിട്ടുന്ന മീനിനേയും കൊത്തിയെടുത്തുകൊണ്ട് ആകാശത്തേക്കുതന്നെ അവ മടങ്ങുന്നു. മുട്ടയിടാനും കൊത്തിവിരിക്കാനും മാത്രം കരയ്ക്കണയുകയും ശേഷിച്ച ജീവിതം മുഴുവൻ കടലിൽ കഴിയുകയും ചെയ്യുന്ന കരുത്തന്മാരായ പറവകൾ.

ലോകത്തെ ശീതോഷ്ണ (ടെംപറേറ്റ്) മേഖലാ പ്രദേശങ്ങളിൽ ഇടയ്ക്കിടെ കൂട്ടംകൂടാൻ വരുന്ന ഗാനെറ്റിന്റെ മൂന്നിനങ്ങളാണ് ഇന്നുള്ളത്. ഐസ്‌ലൻഡ്, ബ്രിട്ടീഷ് ദ്വീപുകൾ, നോർവേ, തെക്കേ ആഫ്രിക്ക, ന്യൂസിലൻഡ് എന്നിവിടങ്ങളിൽ അനേകായിരമെണ്ണമടങ്ങുന്ന ഇവയുടെ സംഘങ്ങൾ കുടിയേറാറുണ്ട്. മുട്ടയിൽ നിന്നുണർന്ന് ചിറകുമുളച്ച് പറക്കാനാവുന്നതോടെ ഇക്കൂട്ടരുടെ ദേശാന്തരഗമനം തുടങ്ങുകയായി. ഒറ്റപ്പറക്കലിന് നാന്നൂറു കിലോമീറ്ററിൽപരം ദൂരം ചെന്നെത്താറുള്ള ഈ കടലിന്റെ മക്കൾക്ക് ന്യൂസിലൻഡിൽ നിന്ന് ആസ്ട്രേലിയൻ കടലുവരെയുള്ള അകലം എത്രയോ നിസ്സാരം. ഒരു വലിയ താറാവിനെ ഓർമ്മിപ്പിക്കുന്ന ഗാനെറ്റിന് ഒരു മീറ്ററോളം നീളം കാണും. വെളുപ്പും ചാരനിറവും കലർന്ന തൂവലുകൾ. ഇളം പച്ചനിറത്തിലെ ചുണ്ട്. കുഞ്ഞായിരിക്കുമ്പോൾ മേലാകെ ബ്രൗൺ തൂവലുകൾ കൊണ്ടു പൊതിഞ്ഞിരിക്കും. വളർച്ചയോടൊപ്പം തൂവലുകൾ വെളുത്തുവരും.

ഗാനെറ്റിന്റെ പ്രധാന ആഹാരം മത്സ്യം തന്നെ. തരം കിട്ടിയാൽ കൊക്കിലൊതുങ്ങുന്ന മറ്റു കടൽജീവികളെയും പിടിച്ചുതിന്നും. കടൽതാറാവുകളുടെ മത്സ്യവേട്ടമൂലം മനുഷ്യനു മീൻ കിട്ടാതായിത്തീർന്നിരിക്കുന്നു എന്നൊരു പരാതി, ബ്രിട്ടീഷ്ദ്വീപുകളിലെ മീൻപിടിത്തക്കാർ ഒരിക്കൽ പറഞ്ഞുപരത്തിയിരുന്നു. അന്ന് ചിലയിനം നല്ല മത്സ്യങ്ങൾ ആ കടലിൽ തീരെ കുറഞ്ഞുപോയെന്നതു ഒരു വാസ്തവമാണ്. ആഴക്കടലിലെ അമിതമായ മീൻപിടിത്തംമൂലമാണ്, ആ മത്സ്യങ്ങൾ അവിടെ കുറഞ്ഞുപോയതെന്ന് പിന്നീടു കണ്ടുപിടിക്കുകയുംചെയ്തു. കടലിലെ നല്ലയിനം മത്സ്യങ്ങൾ നശിച്ചിട്ടും ഗാനെറ്റിന്റെ അംഗസംഖ്യ അവിടെ വർദ്ധിക്കുകയാണുണ്ടായത്. അപ്പോൾ ഈ താറാവിന് ആഹാരകാര്യത്തിൽ വലിയ വാശിയൊന്നുമില്ലെന്നും കടലിൽ നിന്നും കിട്ടുന്ന തിന്നാൻ കൊള്ളാവുന്ന എന്തും തിന്ന് ഇവ ജീവിച്ചുകൊള്ളുമെന്നാണ് വിശ്വസിക്കേണ്ടത്.



താവളം ഉറപ്പിക്കാനുള്ള തിരക്ക്

ഫെബ്രുവരി മാസം. കടൽതീരത്തെ പാറക്കെട്ടുകളിൽനിന്ന് മഞ്ഞുപാളികൾ കുറേശ്ശ അലിഞ്ഞുതുടങ്ങുന്നതേയുള്ളൂ. പോയവർഷങ്ങളിൽ തങ്ങൾ ഉയർത്തിയ കൂടുകളുടെ സ്ഥാനം കണ്ടുപിടിക്കാൻ അതാ കുറെ പൂവാലന്മാർ കടൽതീരത്തെത്തിയിരിക്കുന്നു. നേരത്തേ കുടുംബജീവിതം തുടങ്ങിക്കഴിഞ്ഞവനാണെങ്കിൽ ക്ഷണം അവൻ അവിടെ തന്റെ പഴയ കൂടു കണ്ടുപിടിക്കും. ജീവിതത്തിൽ ആദ്യമായി കുടിവയ്ക്കുന്നവനാണെങ്കിൽ അവന് പുതിയ ഒരിടം കണ്ടെത്തേണ്ടിയിരിക്കുന്നു. എത്തിയപാടെ എല്ലാ പക്ഷികളും ആ പ്രദേശമാകെ താണുപറന്ന് താന്താങ്ങളുടെ താവളങ്ങൾ ഉറപ്പിക്കാനുള്ള തിരക്കിലാണ്. ആ അവസരങ്ങളിൽ അവ തമ്മിൽ കടുത്ത പോരാട്ടം ഉണ്ടാവുക സാധാരണമാണ്. ആണുങ്ങളുടെ അതിർത്തിത്തർക്കങ്ങൾ ചിലപ്പോൾ മണിക്കൂറുകളോളം നീണ്ടുനില്ക്കും. ബാസ് റോക്ക് എന്ന സ്ഥലത്ത് പതിവായി കൂടണയാറുള്ള ഗാനെറ്റുകളെക്കുറിച്ച് പ്രത്യേക പഠനം നടത്തിയ ആളാണ് ഡോ: ബ്രിയൽ നെൽസൺ. ആരംഭത്തിലെ സൗന്ദര്യപ്പിണക്കം കഴിഞ്ഞാൽ പിന്നെ ആ പക്ഷികൾ വളരെ സൗഹാർദ്ദപൂർവ്വമായാണ് കഴിയുന്നതെന്ന് ഡോ: നെൽസൺ അവകാശപ്പെടുന്നു. പൂവാലന്മാർ കടൽതീരത്തെത്തി ഒന്നുരണ്ടു ദിവസത്തിനുള്ളിൽ പിടപ്പക്ഷികളും അവിടെ എത്തിച്ചേരും. പിന്നീടൊട്ടും താമസിയാതെ ദമ്പതികൾചേർന്ന് പുതിയ കൂടുകളുണ്ടാക്കാൻ തുടങ്ങുകയായി. കടലിൽ നിന്നു കിട്ടുന്ന എന്തു സാധനവും കൂടിന്റെ നിർമ്മാണത്തിന് ഉപയോഗിക്കുന്നു. കടൽപായൽ, മണ്ണ്, കക്കാത്തോട് ഇവയൊക്കെ ഇതിൽപെടും. ഈ സാമഗ്രികളെല്ലാം ഒരിടത്ത് അടുക്കി വച്ചശേഷം അതിന്റെ പുറത്ത് പതിവായി ഈ പക്ഷികൾ മലവിസർജ്ജനം നടത്തുന്നു. സിമന്റിന്റെ ഫലം ചെയ്യുന്ന കാഷ്ഠം മറ്റു ചപ്പുചവറുകളോടൊപ്പം ചേർന്ന് ഒരു കോൺക്രീറ്റു പ്ലാറ്റ്ഫോം പോലെ ബലമുള്ള ഒന്നായിത്തീരും. ഒരിക്കൽ ഇതിന്റെ ഒരു കൂട് വെട്ടിപ്പൊളിച്ചുനോക്കിയപ്പോൾ മറ്റ് അനുസാരികൾക്കു പുറമേ അതിനുള്ളിൽ ഒരു സ്വർണ്ണ വാച്ചും, ഒരുജോടി വയ്പുപല്ലുകളുമുണ്ടായിരുന്നു.

പ്രായപൂർത്തിയായ പെണ്ണ് ഒരു സീസണിൽ ഒരു മുട്ട മാത്രമേ ഇടാറുള്ളൂ. എട്ടു സെന്റിമീറ്ററോളം വലിപ്പമുള്ള ഈ മുട്ടയ്ക്ക് ഇളം നീലനിറമായിരിക്കും. അടയിരുന്നു തുടങ്ങുന്നതോടെ മുട്ടയുടെ നിറം ബ്രൗണായി മാറും. നാല്പത്തിനാലു ദിവസങ്ങളോളം ആണും പെണ്ണും മാറിമാറി അടയിരുന്ന് മുട്ട കൊത്തിവിരിക്കും. തൂവൽ മുളയ്ക്കാതെ നിസ്സഹായനായി പിറന്നുവീഴുന്ന പാവം കുഞ്ഞിന് മാതാപിതാക്കൾ എപ്പോഴും താങ്ങും തണലുമായി നിൽക്കും. രണ്ടു മാസത്തോളംകാലം കുഞ്ഞ് സദാ കൂട്ടിൽത്തന്നെ വിശ്രമിക്കും. അച്ഛനമ്മമാർ മത്സരിച്ച് അതിന്റെ വായ്ക്കുള്ളിൽ തിരുകിവച്ചുകൊടുക്കുന്ന തീറ്റ ഔചിത്യമില്ലാതെ തിന്നുകമൂലം ആഴ്ചകൾക്കുള്ളിൽത്തന്നെ കുഞ്ഞ് ഒരു കുറ്റനായി മാറും. തന്റെ ശരീരവലിപ്പം പ്രശ്നങ്ങൾ സൃഷ്ടിക്കാൻ പോകുന്നുവെന്ന കാര്യം പാവം കിടാവ് അറിയുന്നില്ല. ഭാരക്കൂടുതൽകാരണം വെള്ളത്തിൽ മുങ്ങിനടന്ന് ഇരതേടാനും ഉയരത്തിൽ പറക്കാനും ഇവയ്ക്കു കഴിയുകയില്ല. ഒരിക്കൽ വെള്ളത്തിൽ വീണുകഴിഞ്ഞാൽ പിന്നെ കരയ്ക്കു കയറാനാവാതെ അവ എട്ടുപത്തു ദിവസം പട്ടിണി കിടക്കും. അതോടെ ഉടലിന്റെ ഭാരം കുറയുകയും, ഒപ്പം ചിറകുകൾ വലുതായി വരികയും ചെയ്യും. ഇതിനകം മീൻവേട്ടയുടെ ബാലപാഠങ്ങൾ മനസ്സിലാക്കുകകൂടി ചെയ്യുന്ന പക്ഷി ഒരുദിവസം ആകാശം നോക്കി അങ്ങു പറന്നുപൊങ്ങും. അതാണ് ആ കൊച്ചുകുഞ്ഞിന്റെ കന്നിപ്പറക്കൽ.



കഥ

വിശപ്പ്

നീല പത്മനാഭൻ

വിയർത്തു തളർന്നു് ഒരു ഫയർ എൻജിനെപ്പോലെ ധൃതിയിൽ അവൻ ഓടിക്കിതച്ചു് നഗരബസ്‌സ്റ്റാൻഡിൽ വന്നു കയറുമ്പോൾ അവിടെ വലിയ തിരക്കില്ലായിരുന്നു.

തീപോലത്തെ വെയിൽ.

വാച്ചിൽനോക്കി. മണി ഒമ്പതു മുപ്പത്തിയഞ്ചു്. സാധാരണയായി അരമണിക്കൂറെങ്കിലും താമസിക്കാതെ ഇവിടെ നിന്നും ഇതുവരെ തിരിച്ചിട്ടില്ലാത്ത ബസ് ഇന്നു പതിവില്ലാതെ സമയനിഷ്ഠ പാലിച്ചിരിക്കുന്നു.

പത്തുമണിക്കു മുമ്പേ അടുത്ത ബസ് ഇല്ല. അങ്ങനെയാണെങ്കിൽ ഇന്നു് അറ്റൻഡൻസ് രജിസ്റ്ററിൽ ലേറ്റ് മാർക്ക് വീണതുതന്നെ. ഒരു കാഷ്വൽ ലീവിന്റെ മൂന്നിൽ ഒന്നു നഷ്ടം.

അവന്റെ ദേഷ്യമെല്ലാം ഭാസ്കരന്റെ നേരെ തിരിഞ്ഞു. മഹാപാപി, ബാല്യകാലസ്നേഹം പുതുക്കുവാൻ തന്റെ വീട്ടിലേക്കു വരാൻ അയാൾക്കു കിട്ടിയ സമയം! അല്ലെങ്കിൽതന്നെ അന്നു വീട്ടിൽനിന്നു് ഇറങ്ങുമ്പോൾ അഞ്ചു മിനിട്ട് ലേറ്റ്, അന്നു വ്യാഴാഴ്ചയാണു്, ഷേവിങ്ദിവസം, ഇവൻ ധൃതിപിടിച്ചു് പടിയിറങ്ങുമ്പോൾ ഒരു കാറ് ഗേറ്റിന്റെ മുന്നിൽ വന്നുനിന്നു. കാറിൽനിന്നു് ഇറങ്ങുന്ന ആളെക്കണ്ടപ്പോൾ ആദ്യം മനസ്സിലായില്ല. സ്കൂളിൽ പഠിക്കുമ്പോൾ ഒടിഞ്ഞു വീഴുമ്പോലെ ഇരുന്ന ഭാസ്കരനാണോ, കുടവയറും, ഉരുണ്ടുതടിച്ച കൈയും കാലും പൊണ്ണത്തടിയുമായി കാറിൽ വന്നിറങ്ങുന്ന ഈ മനുഷ്യൻ?

അവസാനം സംഗതി പിടികിട്ടി. ഭാസ്കരന് ഇപ്പോൾ മദ്രാസിൽ ചമ്പ–ഉണക്കമീൻ വ്യാപാരമാണ്. ഇവിടെനിന്നും ലോറിക്കണക്കിൽ മദ്രാസിലേക്കു കൊണ്ടുപോയി ടിന്നിലടച്ച് മറുനാടുകളിലേക്ക് മീൻ കയറ്റി അയയ്ക്കുന്നു. ഉണക്കമീൻ പൊടിച്ചു് തരംതിരിച്ച് മനുഷ്യർക്കും കന്നുകാലികൾക്കുമെല്ലാം തീറ്റി നൽകുന്നുണ്ട്. വളരെ സന്തോഷം. പക്ഷേ, ദ്രോഹി, കാറ്, ബംഗ്ലാവ്, ഫാക്ടറി, ടി. വി. എന്നൊക്കെ അയാളുടെ പ്രതാപങ്ങളെല്ലാം ഒന്നും വിട്ടുപോകാതെ, തന്നെ പറഞ്ഞുകേൾപ്പിക്കാൻ കിട്ടിയ സമയം...! എല്ലാം പറഞ്ഞുകേൾപ്പിച്ചിട്ട് പോണപോക്കിൽ പൊന്നുപോലത്തെ തന്റെ പ്രഭാതവേളയെക്കൂടി അപഹരിച്ചുകൊണ്ടു് കടന്നുകളഞ്ഞല്ലോ.

മനസ്സിൽ ഭാസ്കരനെ ശപിച്ചുകൊണ്ടു് അടുത്ത ബസ്സിനുവേണ്ടി ഇവൻ കാത്തുനിന്നു.

റോഡിൽ ധൃതിപിടിച്ചു് ഓടുന്ന മനുഷ്യയന്ത്രങ്ങൾ...ഈ വെയിലിനു് ഇപ്പോഴേ എന്തു ചൂടു്.

തറയിൽ പത്രങ്ങൾ, മാസികകൾ, പുസ്തകങ്ങൾ നിരത്തിവച്ചു് വിറ്റുകൊണ്ടിരുന്ന ഒരു ചെറുക്കൻ. ഈ കടലാസുകളെ എന്തിനാണ് ഈച്ചകൾ പറ്റംപറ്റമായി ഇങ്ങനെ ആക്രമിക്കുന്നതെന്നു് ആശ്ചര്യപ്പെട്ടു് കവർപേജുകളെ സൂക്ഷിച്ചു നോക്കിയപ്പോൾ കാര്യം മനസ്സിലായി.

പാമ്പിന്റെ പത്തിപോലെ കൈവിരലുകൾ കൂർപ്പിച്ചു് ഓരോരുത്തരേയും കൊത്തിക്കൊത്തി യാചിച്ചുകൊണ്ടിരുന്നു ഒരു കറുത്തു മുക്കാൽ ദിഗംബര ഭിക്ഷക്കാരൻ.

വളർച്ചകുറഞ്ഞു് ശോഷിച്ച കാലുകളുള്ള വികലാംഗയായ തന്റെ ഭാര്യയെ മുതുകിൽ കയറ്റി, അവളുടെ നീട്ടിയ കരങ്ങൾക്കുവേണ്ടി ഭിക്ഷ ചോദിച്ചുകൊണ്ടിരുന്നു വേറെ ഒരാൾ.

ഒരു ബസ് വന്നു.

ഓടിച്ചെന്നു് ബോർഡ് നോക്കിയപ്പോൾ തന്റെ ബസ്സല്ല.

ഇപ്പോൾ സ്റ്റാൻഡിൽ ആളുകൾ ചെറിയ ചെറിയ സംഘങ്ങളായി വന്നു നിറയുവാൻ തുടങ്ങി.

ഒച്ചയും അനക്കവും.

മണി ഒമ്പതു് നാല്പത്തിയഞ്ചു്; ഇനിയും ബസ് കാണുന്നില്ലല്ലോ. ഇവനു് ആകപ്പാടെ ഒരു അസ്വസ്ഥത.

ഹ്യാ

ഓ...ഓ...കഫ്ഷാ...

പിന്നിൽ നിന്നു്, അക്ഷരത്തിൽ ബന്ധിക്കുവാൻ സാധ്യമല്ലാത്ത ഒരു ശബ്ദകോലാഹലം.

തിരിഞ്ഞുനോക്കിയപ്പോൾ...

ലോട്ടറി ടിക്കറ്റ് വില്പന ചെയ്യുന്ന പെട്ടിക്കടയുടെ പുറകുവശം, ആൾക്കൂട്ടത്തിൽ നിന്നെല്ലാം ഒറ്റപ്പെട്ടു് ഒരു പാവത്താനെപ്പോലെ നിലകൊള്ളുന്ന ചുവന്ന തപാൽപ്പെട്ടിയുടെ വലതുവശം, ആ പച്ച ഷർട്ടുധരിച്ച, വണ്ണമുള്ള വൃദ്ധൻ. കണങ്കാൽ കാണത്തക്കവണ്ണം ഉടുത്തിരിക്കുന്ന നിറം മങ്ങിയ ലുങ്കി, എണ്ണകാണാത്ത തലമുടി. നിബിഡമായ വെള്ളത്താടി, കൈകാലുകൾ എല്ലാം വീങ്ങി തലയണപോലെ.

കണ്ണുകളിൽ വെള്ള മാത്രം...കാഴ്ചയുള്ളതായി തോന്നുന്നില്ല.

തീപോലെ അയാളുടെ മീതെ വീഴുന്ന വെയില്. കണ്ണിലെ വെള്ള തെളിഞ്ഞു കണ്ടുകൊണ്ടിരിക്കവേ അല്പം മുകളിൽ പരിച്ചിരുന്ന മുഖത്തിൽ പലതരം വികാരങ്ങൾ സ്ഫുരിക്കെ, കൈയും കാലും വീറോടെ ചലിപ്പിച്ചു് ദിക്കെല്ലാം മുഴങ്ങുന്ന രീതിയിൽ തൊള്ള തുറന്നു്, എഴുതി അറിയിക്കുവാൻ സാധ്യമല്ലാത്ത ധ്വനിവിശേഷങ്ങൾ തുടരെ പുറപ്പെടുവിച്ചു് പ്രവചിച്ചുകൊണ്ടിരിക്കുകയാണ് അയാൾ. ഭാഷ ഏതാണെന്നു് ഒരു പിടിയുമില്ല.

റോഡേ നടന്നുപോകുന്നവരെല്ലാം അയാളെ ഒന്നു് തിരിഞ്ഞുനോക്കിയിട്ടു്, അതു് ഒരു പതിവുചടങ്ങു് എന്ന രീതിയിൽ അവരവരുടെ പാടുനോക്കി വേഗത്തിൽ നടന്നുപൊയ്ക്കൊണ്ടിരുന്നു.

ഇനിയും ബസ് കാണാനില്ല. ചെയ്യാൻ വേറെ ഒന്നും ഇല്ലാത്തതുകൊണ്ടു് ആ വൃദ്ധനെത്തന്നെ ശ്രദ്ധിച്ചുകൊണ്ടു് ഇവൻ നിൽക്കുകയാണു്.

മുന്നിൽ നിന്നു കേൾക്കുവാൻ ഒരാളുപോലുമില്ലാതിരുന്നിട്ടുകൂടി, എത്ര തീവ്രതയോടെ തന്റെ ശക്തി അത്രയും ഒന്നിച്ചു ചേർത്തു്, കപോല എല്ലുകൾ ഉന്തി നിൽക്കെ, കഴുത്തിലെ ഞരമ്പുകൾ പിടച്ചുകാൺകെ, തൊള്ളതുറന്നു് ഒച്ചകൂട്ടി അയാൾ പ്രവചിച്ചുകൊണ്ടിരിക്കുന്നു.

ചുട്ടുപഴുത്ത വെയിലിൽ ഒലിച്ചിറങ്ങുന്ന വിയർപ്പിൽ നനഞ്ഞു കുതിർന്ന അയാളുടെ കുപ്പായം.



ഛെ...ബസ് ഇനിയും വന്നില്ലല്ലോ. ലോട്ടറിക്കടയുടെ അടുത്തു നീങ്ങിനിന്നു് ഒരു സിഗററ്റ് വാങ്ങിച്ചു കത്തിച്ചു.

ഇപ്പോൾ കൈയിൽ കടയുമായി ഒരാൾ ധൃതിയിൽ വന്നു. വെളുത്ത ഉടുപ്പ്, മുണ്ടു്, മുഖത്തു് കുറുന്താടി. തൊപ്പിയിൽ നിന്നു മുസൽമാനായിരിക്കണമെന്നു് ഊഹിച്ചു. അയാൾ അടുത്തിരുന്ന പെട്ടിക്കടയിൽ നിന്നു ബന്നും പഴവും മേടിച്ചു് വൃദ്ധന്റെ മുന്നിൽ കൊണ്ടുവന്നുവച്ചു. എന്നിട്ടു്, അവിടെയിരുന്ന ഒരു അഷ്ടകോണ അലുമിനിയ ടംബ്ളർ അവകാശത്തോടെ കൈയിലെടുത്തു് പൈപ്പിൽനിന്നു പച്ചവെള്ളം നിറച്ചു് പഴയ സ്ഥാനത്തു കൊണ്ടുവന്നുവച്ചിട്ടു് വേഗത്തിൽ എവിടേക്കോ പോയി.

വൃദ്ധൻ ഇതൊന്നും ശ്രദ്ധിച്ചതായി കണ്ടില്ല. അയാൾ വീണ്ടും വീണ്ടും തൊള്ള തുറന്നു് ദിക്കെട്ടും മുഴങ്ങെ കൈയും കാലുമിട്ടു് ആട്ടി ഒരുവിധ ഗൗരവബുദ്ധിയോടെ അലറിക്കൊണ്ടിരിക്കുകയാണ്. അയാൾ പറയുന്ന ഭാഷ അറബിയോ, അല്ല ഉർദുവോ?

ഇവൻ വൃദ്ധനെത്തന്നെ ശ്രദ്ധിച്ചു് നോക്കിക്കൊണ്ടിരിക്കുന്നതു കണ്ട ലോട്ടറിക്കാരൻ "സാറെ, അങ്ങേര് ആള് വെളിയിൽ കാണുന്നതുപോലെ ഒന്നുമല്ല, വലിയ സിദ്ധനാണ്..." എന്നു പറഞ്ഞു. അവന്റെ ശബ്ദത്തിൽ ഭയഭക്തി.

ഇവൻ ഒന്നും പറഞ്ഞില്ല. വൃദ്ധൻ ആകാശം ഭേദിക്കുമാറ് അലറിപ്പറയുന്നതിൽ ഒരക്ഷരംപോലും തനിക്കു മനസ്സിലാക്കാൻ പറ്റുന്നില്ലല്ലോയെന്നു് മനസ്സിനകത്തു് ഒരു കുണ്ഠിതം. ആരെങ്കിലും മനസ്സിലാക്കണമല്ലോ എന്നു കരുതി, അയാൾ പ്രത്യേകിച്ച് എന്തെങ്കിലും പരിശ്രമിക്കുന്നതായും കാണുന്നില്ല. ആ വക കാര്യങ്ങളെപ്പറ്റിയൊന്നും വിഷമിക്കാതെ, താൻ ഇതിനുവേണ്ടിമാത്രം നിയോഗിക്കപ്പെട്ടവനാണെന്ന രീതിയിൽ കർമ്മത്തിൽ മാത്രം ബദ്ധശ്രദ്ധനായിരിക്കുന്ന ആ ആത്മാർത്ഥത, സമർപ്പണബുദ്ധി തന്നെ പിടിച്ചു് ഒന്നു കുലുക്കിയതുപോലെ...

നേരം ഇത്രയായിട്ടും അല്പംപോലും ഒച്ച കറയ്ക്കാതെ ഇത്രയും ഓങ്കാരമായി അലറാനുള്ള മഹാശക്തി ഇയാളുടെ അടുക്കൽ എവിടെ നിന്നാണു് പൊന്തി പ്രവഹിച്ചുവരുന്നതു്?

സംസാരിക്കുന്നതു് ഒന്നു നിറുത്തിയിട്ടു് കുനിഞ്ഞു് രണ്ടു കൈയുംകൊണ്ടു് ടംബ്ലറിനെ പരതിനോക്കുമ്പോൾ ബന്നും പഴവും അയാളുടെ കൈയിൽ തട്ടിയെന്നു തോന്നി. ഇപ്പോൾ ആ മുഖത്തു് ഒരു വികാരതീവ്രത.

ബന്നു് കൈയിലെടുത്തു് ഒരു ക്ഷണം ശിലപോലെ അയാൾ അനങ്ങാതെ നിന്നു. കണ്ണിലെ വെള്ള, വെയിലിൽ തെളിഞ്ഞു കാണുന്നുണ്ടു്. പെട്ടെന്നു്, കവിളിൽ, കണ്ണിൽ, മുഖത്തു് എല്ലാം ഓങ്ങിയോങ്ങി സ്വയം അടിച്ചു തുടങ്ങി.

തല്ലു വീഴുന്നതിന്റെ മീതെ, മീതെ, വീണ്ടും വീണ്ടും തല്ല്, തല്ല്....

തല്ലെന്നു വച്ചാൽ...

ഇങ്ങനെ ഒരു തല്ല്, ആരും ആർക്കും കൊടുത്തു് ഇന്നേവരെ താൻ കണ്ടിട്ടില്ല. അതിൽ ഒന്നേയൊന്നു് തന്റെ മുഖത്തു വീണാൽ മതി, അത്രതന്നെ, തൽക്ഷണം താൻ ചുരുണ്ടുവീണതുതന്നെ. എന്നിരുന്നാലും, ആ തല്ലുകൾ തന്റെ മുഖത്തു തന്നെ വന്നു പതിക്കുന്നതുപോലെ.

മുഖം രക്തവർണ്ണമായിക്കഴിഞ്ഞു, കണ്ണുനീർ ഒഴുകിക്കൊണ്ടിരുന്നു, എന്നിട്ടും, നിറുത്താതെ ശരമഴയെപ്പോലെ തന്നെത്താൻ മുഖത്തു് തല്ലുകൾ വർഷിച്ചുകൊണ്ടിരിക്കുന്നു കിഴവൻ.

ആത്മപീഡനമാണോ...?

കടക്കാരൻ, അതു കൂടി കിഴവന്റെ പതിവായ പ്രവാചകത്തിന്റെ ഒരു ഭാഗമാണ് എന്ന രീതിയിൽ തന്റെ കച്ചവടം ശ്രദ്ധിച്ചുകൊണ്ടിരിക്കുകയാണു്.

ഇവനു സഹിക്കാൻ കഴിഞ്ഞില്ല.

"എന്തിനു് ഇങ്ങനെ തന്നത്താനെ അടിച്ചു തകർക്കുന്നു?" കടക്കാരനോടു ചോദിച്ചു.

"അതു് അങ്ങേരുടെ ഒരു പതിവാണ് സാർ...എന്തെങ്കിലും കഴിക്കുംമുമ്പെ ഇങ്ങനെ സ്വയം തല്ലും."

തല്ലുന്നതു് ഒന്നു നിറുത്തിയിട്ടു് ബന്നു് ചീന്തി വായ്ക്കരികിൽ കൊണ്ടുചെന്നു. അടുത്ത ക്ഷണം വീണ്ടും കവിളിലും കണ്ണിലും, മുഖത്തും, തലയിലും എല്ലാം ഉഗ്രമായി തല്ലാൻ തുടങ്ങി.

തല്ലിന്റെ മീതെ തല്ല്.

ഉഗ്രൻ തല്ല്.

അടിയുടെ കാഠിന്യത്തിൽ വായ്ക്കകത്തിരുന്ന റൊട്ടിക്കഷണം പോലും വെളിയിൽ തെറിച്ചുപോയി.

നിനക്കു വിശക്കുമോ, വിശക്കുമോ എന്നു് മനസ്സിനകത്തു സ്വയം ചോദിച്ചുകൊണ്ടു് അയാൾ തല്ലുന്നതുപോലെ...

അല്പം കഴിഞ്ഞു് അയാൾ ബന്നു് പിച്ചിച്ചീന്തി തിന്നുതുടങ്ങി.

ബസ്സു വന്നു. തള്ളിക്കയറി സീറ്റിൽ ഇരുന്നിട്ടു് വൃദ്ധൻ നിന്നിരുന്ന ദിക്കിലേക്കു നോക്കിയപ്പോൾ, അയാൾ വീണ്ടും തന്റെ സർവ്വശക്തിയും ഒന്നിച്ചു് തൊള്ളതുറന്നു് ഉച്ചസ്ഥായിയിൽ ഒച്ചവച്ചു് തന്റെ പ്രവാചകവൃത്തി തുടങ്ങിക്കഴിഞ്ഞിരുന്നു.

നോവലെററ്

അവസാനഭാഗം

പാവങ്ങളുടെ പാഞ്ചാലി

ജോസഫ് വൈററില

"നിങ്ങൾക്ക് വിരോധം കാണില്ലെ എനിക്കൊരഭിപ്രായംകൂടെയുണ്ട്," മുകുന്ദൻ പറഞ്ഞു.

"എന്താ?" കൊച്ചുകുട്ടൻ.

"അയാളെ അവൾക്കിഷ്ടപ്പെട്ടാലും ഇല്ലേലും നാളെ നമുക്കവളെ അവരുടെ ഗ്രാമംവരെ കൂട്ടിക്കൊണ്ടുപോണോന്നാ എൻറഭിപ്രായം."

"കൊണ്ടുപോണോന്നു തന്നേണെനിക്കും. ഒരവസരവും ആക്കും നഷ്ടപ്പെടരുത്." കൊച്ചുകുട്ടൻ മുകുന്ദനെ പിൻതാങ്ങി.

"കൊണ്ടുപോകണ്ടന്നാണെനിക്ക്. നിങ്ങളില്ലാത്ത പുലിവാലുണ്ടാക്ക്യേടക്കല്ലേ," വർക്കി പ്രയാസത്തോടെ പറഞ്ഞു. "അവളെങ്ങാൻ കേറി ആ മാഷിനേങ്ങാൻ കെട്ടും. കല്ലുവെട്ടാങ്കുഴീല് പിന്ന ഞാഞ്ചാടണ്ടിവരും."

"വർക്കീങ്ങനെ വെപ്രാളം പിടിച്ചാതീര ശെര്യാകുല്ല."

"വെപ്രാളോന്നുല്ല. നിങ്ങക്കത്ത് മനസ്സിലാകുല്ല. ഇന്നെനിക്ക് ലേശം വലിക്കണം. പിടിച്ചുനിക്കാൻ." വർക്കി പറഞ്ഞു.

പിറേറന്ന് പുലർച്ചെ ഉള്ളതിൽവച്ച് ഏററവും നല്ല വസ്ത്രങ്ങൾ ധരിച്ച് അവർ ഒരു ടാക്സിയിൽ ലേഡീസ് ഹോസ്റ്റലിൽ ചെന്നു. വർക്കിയുടെ ഹൃദയം പെരുമ്പറയടിക്കുംപോലെ അടിച്ചു. അയാൾക്കായിരുന്നു ഏററവും വലിയ സംശയം.

ലീല പ്രസന്നവതിയായി അവരുടെ മുന്നിൽ പ്രത്യക്ഷപ്പെട്ടു. എന്തായിരിക്കും അവളുടെ മറുപടി? എന്തായിരിക്കും ഈ പ്രസന്നതയുടെ അർത്ഥം? ഈ നിമിഷങ്ങളിൽ, അവളുടെ ചുണ്ടുകളിൽനിന്നു പൊഴിയുന്ന ഏതാനും വാക്കുകളുടെ അടിസ്ഥാനത്തിലല്ലേ തങ്ങളുടെ ജീവിതം തളിർക്കുകയും പൂക്കുകയും ചെയ്യുക? അല്ലെങ്കിൽ വാടുകയും കൊഴിയുകയും ചെയ്യുക? എൻെറ പെൺകുട്ടീ, ഈ നിമിഷങ്ങളിൽ സത്യത്തിൽ നിന്നെ നേരിടാനുള്ള ശക്തി ഈ വർക്കിക്കില്ല. ചതിക്കരുതേ നീ.

"എന്തിനാ ഈ കാറ്?" ലീല ചോദിച്ചു.

"ലീലയുടെ ഗ്രാമംവരെ പോകാൻ. പോകണ്ടേ? ആ മാഷെ കണ്ട് ലീല സംസാരിക്കണം," കൊച്ചുകുട്ടൻ പറഞ്ഞു.

"വേണ്ട, അദ്ദേഹത്തെ എനിക്ക് കാണണോന്നില്ല. ഞാൻ..." പിടയുകയും മുറിയുകയുംചെയ്യുന്ന നിമിഷങ്ങൾ. "ഞാൻ നിങ്ങളെ വിവാഹം ചെയ്യാൻ ഒരുക്കമാണ്."

തേൻപോലെ ഇമ്പമായ ലീലയുടെ ആ വാക്കുകൾ പീയൂഷധാരപോലെ അവരുടെ ഹൃദയങ്ങളെ കുളിർപ്പിച്ചു. ആ മൂന്നു മുഖങ്ങളും സന്തോഷംകൊണ്ടു വികസിച്ചു തുടുത്തു. വർക്കി, നിന്ന നില്പിൽ ഒരു ചാട്ടത്തോടെ വട്ടംകറങ്ങി വിളിച്ചു പറഞ്ഞു: "ഇനിക്കിതൊന്നു ലോകത്തോട് വിളിച്ചു പറേണം. ഞങ്ങള് ജയിച്ചിരിക്കുന്നു. ലീല ഞങ്ങളെ ജയിപ്പിച്ചിരിക്കുന്നു!"

"വർക്കീ, ചതിക്കല്ലെ. ഇതൊരു ലേഡീസ് ഹോസ്റ്റലാ," മുകുന്ദൻ വർക്കിയുടെ കൈയിൽ പിടിച്ചുകൊണ്ടു പറഞ്ഞു.

"ഏതായാലും ഒരാഴ്ച്യുള്ളിൽ നമ്മുടെ വിവാഹം നടക്കും. അതിനുമുമ്പ് ആ ഗ്രാമംവരെ ഒന്നുപോകാം. ഞങ്ങൾക്കും കണ്ടിരിക്കാമല്ലോ അവിടമൊക്കെ," കൊച്ചുകുട്ടൻ പറഞ്ഞു.

അവർ സന്തോഷത്തോടെ യാത്ര പുറപ്പെട്ടു. വർക്കിക്കും കൊച്ചുകുട്ടനുമിടയിലായി പിന്നിൽ ലീലയിരുന്നു. മുകുന്ദൻ മുൻവശത്തു കയറി. മൈലുകൾ പിന്നിട്ടു കാറ് പാഞ്ഞു. ഒരു ഗ്രാമപാതയുടെ വളവിലെത്തിയപ്പോൾ ലീലയുടെ മുഖം മ്ലാനമായി.

"എന്താ, ലീലയ്ക്കൊരു പ്രയാസം?" കൊച്ചുകുട്ടൻ ചോദിച്ചു.

"ആ മാഞ്ചുവട്ടീ കാണുന്നതാ ഞങ്ങടെ വീട്. ഞാൻ ജനിച്ച വീട്," ലീല അല്പം പ്രയാസത്തോടെ പറഞ്ഞു.

"ഡ്രൈവർ, വണ്ടി നിറുത്തു," കൊച്ചുകുട്ടൻ പറഞ്ഞു.

"അയ്യോ വേണ്ട. ഞാൻ പിഴച്ചവളല്ലേ? അച്ഛനെനിക്കു പിണ്ഡംവച്ചു കഴിഞ്ഞു."

"ഞങ്ങളിറങ്ങി വല്ല വിശേഷവുമന്വേഷിക്കണോ?" മുകുന്ദൻ ചോദിച്ചു.

"വേണ്ട. വണ്ടി മുന്നോട്ടു പോട്ടെ, കഴിയുങ്കി കൊറെ തെക്ക് ആ മനേടമുന്നി ഒന്ന് നിറുത്ത്യാമതി," ലീല പറഞ്ഞു.

പായലുപിടിച്ച ഭിത്തികളിൽ വിള്ളൽവീണ് ഓടിളകിപ്പോയിട്ടുള്ള പടിപ്പുരയുള്ള ഒരു മനയുടെമുന്നിൽ കാറുനിന്നു. ലീല, വണ്ടിയിൽനിന്നിറങ്ങി. മനയുടെ മുന്നിൽ പശുവിനെ തീററിച്ചുകൊണ്ടു നിന്ന ഒരു ചെറുമച്ചെറുക്കൻെറ സമീപത്തേക്ക് ലീല നടന്നുചെന്നു. അവൾ ചോദിച്ചു:" "ഉണ്ണി നമ്പൂരീണ്ടോ അകത്തളത്തീ?"

"ഉണ്ണിനമ്പൂരി ഇവിടേല്ല താമസം," ചെറുമൻ പറഞ്ഞു.

"പിന്നെവിടേ?"

"ഭാര്യവീട്ടിലാ, തെക്ക്."

കുനിഞ്ഞ ശിരസ്സുമായി ലീല നടന്നു വന്നു.

"കണ്ടില്ലേ അദ്ദേഹത്തെ?" കൊച്ചുകുട്ടൻ തിരക്കി.

"അദ്ദേഹത്തിൻെറ വേളി കഴിഞ്ഞു," ലീല പറഞ്ഞു.

കാറ് വീണ്ടും ലേഡീസ് ഹോസ്ററൽ ലക്ഷ്യമാക്കി ഓടി.

വിവാഹദിവസംവരെ ലീല ഹോസ്റ്റലിൽ നിന്നുകൊള്ളാമെന്നു സമ്മതിച്ചു. അവർ അവൾക്കു നാലഞ്ചു സാരിയും ബ്ലൗസ്പീസുമൊക്കെ വാങ്ങിക്കൊടുത്തു. എല്ലാ ദിവസവും വൈകുന്നേരം അവർ ഹോസ്റ്റലിലെത്തും. ആ കൂടിക്കാഴ്ച അവർക്ക് ആനന്ദകരമായിരുന്നു. സന്ധ്യയ്ക്കുമുമ്പേ അവർ മടങ്ങിപ്പോരും.

ഒരു വീടുകണ്ടുപിടിക്കാനാണ് അവർ ഏറെ ബുദ്ധിമുട്ടിയതു്. ആ ചെറുപട്ടണത്തിൻെറ പ്രാന്തപ്രദേശങ്ങളിൽ പോലും ഒരു വീടിനുവേണ്ടി അവർ അന്വേഷിച്ചു നടന്നു. പക്ഷെ, ഉദ്ദേശിച്ചതുപോലെ ഒരു വീട് അവർക്കു കിട്ടിയില്ല. ഒന്നുകിൽ വളരെ വലിയ വീട്. അല്ലെങ്കിൽ തീരെ സൗകര്യമില്ലാത്തതു്. അതിനുപോലും വലിയ വാടക അഡ്വാൻസായി വേണംതാനും.

വീട് പ്രശ്നവുമായി വന്നപ്പോൾ മുകുന്ദന് ഏറെ വേണ്ടപ്പെട്ടയാളായ ഫിലിപ്പു പറഞ്ഞു: "ഒരു കാര്യം ചെയ്യാം. അവിവാഹിതനായെനിക്ക്, ഞാനിപ്പോൾ താമസിക്കുന്നത്ര സൗകര്യമുള്ളൊരു വീടൊന്നുംവേണ്ട. തൽക്കാലംവേണേ നിങ്ങൾക്കവിടെ താമസിക്കാം."

"അപ്പ സാറ്?" മുകുന്ദൻ ചോദിച്ചു.

"എനിക്ക് തൽക്കാലം മുകുന്ദൻെറ മുറിയായാലും മതി. അഞ്ചാറുമാസത്തിനുള്ളിൽ നിങ്ങൾക്കൊരു വീടു കണ്ടുപിടിക്കാൻ പറേറ്യക്കും," ഫിലിപ്പ് പറഞ്ഞു.

അവർക്ക് ആശ്വാസമായി.

വിവാഹത്തീയതി നിശ്ചയിച്ച് ക്ഷണപത്രിക അടിക്കാൻ ഒരുങ്ങിയപ്പോളാണ് എവിടെവച്ച് വിവാഹം നടത്തും എന്ന പ്രശ്നം പൊന്തിവന്നതു്. എങ്ങനെ നടത്തുമെന്നും.

അതൊരു പ്രശ്നംതന്നെയായി.

ആ ചെറുപട്ടണത്തിലെ കൃഷ്ണൻറമ്പലത്തിലേക്ക് കൊച്ചുകുട്ടനും വർക്കിയും മുകുന്ദനുംകൂടി കടന്നുചെന്നു. സംഘം പ്രസിഡൻറിനെക്കണ്ട് കൊച്ചുകുട്ടൻ പറഞ്ഞു: "അടുത്ത തിങ്കളാഴ്ച, രാവിലെ എട്ടുമണിക്ക് ഇവിടെവച്ചൊരു വിവാഹം നടത്ത്യാകൊള്ളാമെന്നുണ്ട്."

"അതിനെന്താ. വരനും വധുവും ഏതു യോഗത്തിൽ പെട്ടവരാ?".

"വരനും വധുവും ഒരു യോഗത്തിലും പെട്ടവരല്ലെങ്കിലോ?" കൊച്ചുകുട്ടൻ ചോദിച്ചു.

"അങ്ങനെ വരില്ലല്ലോ. നിലവിലുള്ള യോഗത്തിൽ കുടിശിഖവല്ലതും കാണായിരിക്കുമല്ലേ?" പ്രസിഡൻറ് നേരിയൊരു ചിരിയോടെ പറഞ്ഞു.

"കുടിശിഖപ്രശ്നമല്ല."

"അല്ലെങ്കിൽ യോഗം മെമ്പർഷിപ്പെടുത്താൽ മതി. മംഗളപത്രം മുറിച്ചുതരാം," പ്രസിഡൻറ് പറഞ്ഞു.

"യോഗം മെമ്പർഷിപ്പെ [illegible] ൽ ശാന്തി, താലി പൂജിച്ചുതരു [illegible] ാച്ചുകുട്ടൻ ചോദിച്ചു.

"പിന്നെന്താ?"

"തെററിദ്ധരിക്കരുത്. ഞങ്ങള് മൂന്നുപേരുംകൂടിയാണ് ഒരു സ്ത്രീയെ വിവാഹം ചെയ്യാൻ പോകുന്നതു്. ഞങ്ങൾക്കു മൂന്നുപേർക്കും യോഗം മെമ്പർഷിപ്പ് വേണം."

"നിങ്ങളെന്താണീപ്പറയുന്നതു്?" പ്രസിഡൻറിൻെറ കണ്ണും മുഖവും അദ്ഭുതംകൊണ്ടു കൂർത്തു. "മൂന്നുപേർ കൂടി ഒരു സ്ത്രീയെ വിവാഹം ചെയ്യുകയോ? നാട്ടുനടപ്പുള്ള കാര്യം പറയൂ കുട്ടികളേ."

"അടുത്ത തിങ്കളാഴ്ച ഈ നാട്ടിൽ നടക്കാൻ പോകുന്ന കാര്യമാണിതു്," കൊച്ചുകുട്ടൻ പറഞ്ഞു: "ഞങ്ങൾ വധുവും വരന്മാരും പ്രായപൂർത്തിയായവരാണ്."

"ഒരു വിരോധോമില്ല," സംഘം പ്രസിഡൻറ് പറഞ്ഞു: "എവിടെവെച്ച് വേണോങ്കിലും നടത്തിക്കോളൂ, നിങ്ങളീ വിവാഹം. ഇല്ലെങ്കിൽ രജിസ്ട്രാരാപ്പീസുണ്ടല്ലോ. ഇത്തരമൊരു വിവാഹം ഈ അമ്പലത്തിൽ വച്ചു നടക്കില്ല."

"ഞങ്ങൾ യോഗം മെമ്പർഷിപ്പെടുത്തോളാം."

"അതുകൊണ്ടുമാത്രമായില്ല."

"അല്ല. ശാന്തിക്കാരനെക്കൊണ്ട് മൂന്നു താലിയൊന്നു പൂജിച്ചുതന്നൂടെ ഞങ്ങൾക്ക്?"

"കീഴ്‌വഴക്കങ്ങളെ ധിക്കരിക്കാൻ ഞാൻ ഒരുക്കമല്ല കുട്ടികളേ. എനിക്ക് ചില പരിധികളൊക്കെയുണ്ട്," അദ്ദേഹം തീർത്തും ഒഴിഞ്ഞുമാറി.

"ഉറപ്പാണോ?"

"പിന്നെന്തേ? ഞാൻ അവ്യക്തമായി വല്ലതും സംസാരിച്ചോ?"

"ഒന്നുമില്ല. അതല്ല ഞങ്ങൾക്കീവിവാഹമൊന്നു നടത്തണമല്ലോ. ഒന്നു സഹായിച്ചുകൂടേ? ഞങ്ങളിനി എന്തു ചെയ്യണം?" മുകുന്ദൻ ചോദിച്ചു.

"നിങ്ങള് രജിസ്ട്രാരാപ്പീസിച്ചെന്ന് രജിസ്ട്രാറെക്കണ്ട് വിവരങ്ങളന്വേഷിക്കൂ. അതാണ് ഏററവും എളുപ്പം."

അവർ നേരെ രജിസ്ട്രാരാപ്പീസിലേക്കു പോയി.

വിവരങ്ങളറിഞ്ഞപ്പോൾ രജിസ്ട്രാരാപ്പീസിലും അദ്ഭുതമായിരുന്നു. കീഴ്‌വഴക്കങ്ങളെ ധിക്കരിക്കാൻ ഉദ്ദേശിക്കുന്നില്ലെന്ന് രജിസ്ട്രാറും പറഞ്ഞു.

"പിന്നെ ഞങ്ങളിനി എവിടെപ്പോണം?" കൊച്ചുകുട്ടന് ദേഷ്യം വന്നു തുടങ്ങിയിരുന്നു.

"അതെനിക്കറിയില്ല. നിങ്ങൾക്കെവിടെവേണമെങ്കിലുംപോകാം," രജിസ്ട്രാറു പറഞ്ഞു. "അല്ലെങ്കിൽ ഇത്തരമൊരു വിവാഹം നടത്തി തന്നില്ലെന്നു പറഞ്ഞ് നിങ്ങൾക്കെൻെറ പേരിൽ കുററപത്രം സമർപ്പിക്കാമല്ലോ."

"ഞങ്ങളെങ്ങും പോണില്ല. ആരുടെ പേരിലും കുററപത്രോം സമർപ്പിക്കണില്ല. പോരെ?" വർക്കിക്കും ചൂടുപിടിച്ചു. "നിങ്ങള് നടത്തിത്തന്നില്ലെന്നു വച്ച് ഞങ്ങള് കല്യാണം കഴിക്കുന്നില്ലെന്ന് തോന്നുന്നുണ്ടോ നിങ്ങൾക്ക്?"

മുകുന്ദൻ, വർക്കിയേയും കൊച്ചുകുട്ടനേയും ഓഫീസിനുപുറത്തേക്ക് കൊണ്ടുവരാൻ ശ്രമിച്ചു. "തനിക്ക് പ്രയാസം വല്ലതും തോന്നുണ്ടോ?" വർക്കി മുകുന്ദനോടായി ചോദിച്ചു. "എടോ ഇതതിനായിട്ടുള്ളാപ്പീസായതുകൊണ്ടോ നമ്മളിങ്ങോട്ടുവന്ന

കവിതകളെഴുതുന്ന കണ്ണുകൾക്ക്
ഐടെക്സ്
കൺമിഴികൾ വാർത്തകൾ പൊഴിയുന്ന ഐടെക്സ്
സ്ത്രീത്വം തിളങ്ങും യൌവനം കൊഞ്ചും
നാരിയണിതൻ മുഖലാവണ്യം
അഞ്ജനകണ്ണുകൾ കളിനടനം
കാണാൻ ഐടെക്സ് കൺമഷി.
ശാസ്ത്രീയ മുറപ്രകാരം തയ്യാറാക്കിയ
ഐടെക്സ് മഷി, കണ്ണുകൾക്ക്
കുളിർമയേകി കാത്തു രക്ഷിക്കുന്ന
ഒരു വിധത്തിലും ദോഷം ചെയ്യുകയില്ല.
ഐടെക്സ് 38 വർഷങ്ങളായി
നിങ്ങളുടെ പരിപൂർണ്ണ വിശ്വാസ
ത്തിന്റെ മഹത്തായ പ്രതീകം.
EYETEX
REGD.
അരവിന്ദ ലാബോറട്ടറീസ്, മദിരാശി 600 033

ത്ത്. ആപ്പീസുകൾ നമ്മളും കൊറെകണ്ടവരല്ലേ മുകുന്ദാ?''

''വരൂ. നമുക്കു പോകാം. ഒന്നോർത്താൽ ചൂടാവണേലർത്ഥമില്ല,'' കൊച്ചുകുട്ടൻ പറഞ്ഞു.

''ആരു് ചൂടാവണു്? നമ്മളു് കാര്യം പറയ്യേല്ലേ?'' ഓഫീസിനു പുറത്തിറങ്ങിയ വർക്കി തിരികെ ഓഫീസിലേക്കു കയറിച്ചെന്നിട്ട്, രജിസ്ട്രാറോടും അവിടെ കൂടിനിന്നിരുന്ന ആളുകളോടുമായി വിളിച്ചുപറഞ്ഞു: ''തിങ്കളാഴ്ച എട്ടു മണിക്കുള്ള മുഹൂർത്തത്തി, അതു് ശുഭോ അശുഭോന്നൊന്നും അറിയൂല്ല, ഞങ്ങടെ കല്യാണാണു്. അതിലേക്കു് ഇവടേള്ളോരോരുത്തരേം പ്രത്യേകം പ്രത്യേകം ക്ഷണിച്ചേക്കണു്, വരാൻ മറക്കരുതു്. പോട്ടെ?''

അമ്പലത്തിലും രജിസ്ട്രാറാഫീസിലുമുണ്ടായ വാർത്തകൾ ഫിലിപ്പിനെ അങ്ങേയററം ചൊടിപ്പിച്ചു. ഫിലിപ്പ് പറഞ്ഞു: ''ഇനി ഒരു തന്ത്രിയും ഒരു രജിസ്ട്രാറും ഈ വിവാഹത്തിൽ കാർമ്മികത്വം വഹിക്കില്ല. സർവ്വചരാചരങ്ങളെ സാക്ഷി നിറുത്തി ഈ വിവാഹം ഞാൻ നടത്തും. നിങ്ങള് കണ്ടോ.''

മുകുന്ദന്റേയും വർക്കിയുടേയും കൊച്ചുകുട്ടന്റേയും ഓഫീസുകൾവഴി അവരുടെ വിവാഹവാർത്ത ആ കൊച്ചുപട്ടണം മുഴുക്കെ അറിഞ്ഞിരുന്നു. അതുകൊണ്ടാവാം തിങ്കളാഴ്ച, എട്ടുമണിക്കു് വിവാഹപ്പന്തലും പരിസരവും ജനങ്ങളെക്കൊണ്ടു നിറഞ്ഞു കവിഞ്ഞതു്. അസാധാരണ വിവാഹമായിരുന്നതുകൊണ്ടുതന്നെ വാർത്ത നാടുമുഴുവനെത്തിക്കാൻ പത്രക്കാരുടെ തിരക്കുമുണ്ടായിരുന്നു.

ഒരു ചെറുപ്രസംഗത്തോടെ ഫിലിപ്പിന്റെ കാർമ്മികത്വത്തിൽ, മുകുന്ദനും വർക്കിയും കൊച്ചുകുട്ടനും ലീലയുടെ കഴുത്തിൽ താലികെട്ടിയപ്പോൾ ഫ്ളാഷുകൾ പലവട്ടം മിന്നി. ക്യാമറകൾ കുറേനേരത്തേക്കു് അവരുടെ മുഖത്തുതന്നെയായിരുന്നു.

സന്തോഷഭരിതവും ശബ്ദമുഖരിതവുമായിരുന്ന കല്യാണപ്പന്തൽ സന്ധ്യയോടെ നിർജ്ജീവമായി. പക്ഷേ, സജീവമനസ്സോടെ നാലു വ്യക്തികൾ അവിടെ ഉണർന്നിരിപ്പുണ്ടായിരുന്നു. ടെറസ്സിലെ ഏകാന്തതയിൽ നീലാകാശത്തിലെ നക്ഷത്ര സമൂഹങ്ങൾക്കു കീഴെ, ഒരു മേശയ്ക്കു് ഇരുപുറവുമായി തിളക്കമാർന്ന കണ്ണുകളോടെ അവർ ഇരുന്നു. ലീല അവർക്കു് ഭക്ഷണം വിളമ്പിക്കൊടുത്തുകൊണ്ടു പറഞ്ഞു: ''എങ്ങനേണു് പെരുമാറേണ്ടതെന്നും ജീവിക്കേണ്ടതെന്നും എനിക്കറിയില്ല. എല്ലാം എനിക്കു പറഞ്ഞുതരണം.''

അവർ പരസ്പരം നോക്കിയിരുന്നു.

''നാലാമതിനിയെനിക്കൊരു പുരുഷനില്ല. നിങ്ങളൊഴികെ ഒരു ജീവിതോം. ഇതു് സത്യോണു്. കാവിലമ്മേണാ സത്യം.''

''ഞങ്ങളാവലാതികളൊന്നും പറഞ്ഞില്ലല്ലോ. പിന്നെന്തിനാ ഈ സത്യപ്രതിജ്ഞ?'' കൊച്ചുകുട്ടൻ ശബ്ദമടക്കിക്കൊണ്ടു ചോദിച്ചു.

''പറഞ്ഞില്ല. എന്നാലും എനിക്കു് പറയണോന്നു തോന്നി. ഞാൻ കൊള്ളരുതാത്ത സ്ഥലത്തുനിന്നും വന്നോളല്ലേ?''

''അതൊക്കെ മറന്നുകള ലീലേ. നമ്മളു് പുതിയൊരു ജീവിതം തൊടങ്ങ്യേല്ലേ? ഇന്നുമൊതലു് നമ്മളു് പുതിയാളുകളാ,'' വർക്കി പറഞ്ഞു.

''അതെ. പുതിയ ആളുകൾ, പുതിയ മനസ്സുകൾ. പുതിയ നിമിഷങ്ങൾ,'' കൊച്ചുകുട്ടൻ വർക്കിയുടെ സംസാരത്തിന്റെ ചോടുപിടിച്ചുകൊണ്ടു പറഞ്ഞു.

''ഇപ്പേനിക്കു് വിധീലു് വിശ്വാസോയി. വിധിച്ചതേ നടക്കൂ.'' ലീല പറഞ്ഞു.

''അതേ. അല്ലേ ഇതുപോലൊരു കൂടിച്ചേരൽ സംഭവിക്കില്ലായിരുന്നു,'' മുകുന്ദൻ പറഞ്ഞു.

അവർ നിശ്ശബ്ദരായി.

അപ്പോൾ അവക്കു മേലെ മുല്ലപ്പൂക്കൾ പോലെ വിരിഞ്ഞുനിന്നിരുന്ന അനേകായിരം നക്ഷത്രങ്ങളോടുകൂടിയ ഒരു പുതിയ ആകാശമുണ്ടായിരുന്നു. പരസ്പരം മനസ്സിലാക്കാനും ഉൾക്കൊള്ളാനും ശ്രമിച്ചുകൊണ്ടു്, നവമായൊരു ജീവിതത്തിന്റെ തീവ്രാനുഭൂതികൾ സുസ്ഥിരമായി നേടിയെടുക്കാനുള്ള മഹൽപ്രതീക്ഷകളോടെ അവർ പുതിയ ജീവിതത്തിനു നേരെ വഴങ്ങി.

ആ വീട്ടിലേക്കു് ഞാൻ എങ്ങനെ മടങ്ങും

(19-ാം പേജിൽനിന്നു തുടർച്ച)

ത്തിലെ ഒരു ലോഡ്ജിന്റെ പതിനൊന്നാം നമ്പർ മുറിയിലേക്കു മാററി. പലതവണ അവർ അവിടെ ഒന്നിച്ചുകൂടി പാവങ്ങാട്ടെ തടത്തിൽവീടു കൊള്ള ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചു.

ജൂൺ 20 ശനിയാഴ്ച പദ്ധതി നടപ്പിൽ വരുത്തുന്നതിനുവേണ്ടി നിശ്ചയിച്ചു. അന്നു് ലോഡ്ജിൽനിന്നു നാലുപേരും വേണ്ട ഒരുക്കങ്ങളോടെ ധൈര്യത്തിനു് ചാരായവും കഞ്ചാവും ഉപയോഗിച്ചു് പാവങ്ങാട്ടേക്കു് ബസ്സുകയറി. പിടിച്ചുകെട്ടുന്നതിനുവേണ്ട കയർ ഓരോരുത്തരും അരയിൽ ചുററിക്കെട്ടിയിരുന്നു. കത്തിയും മുഖംമൂടുന്നതിനു് പാകത്തിൽ മുറിച്ചെടുത്ത കറുത്ത തുണിയും നായ്ക്കളെ പാട്ടിലാക്കുന്നതിനുവേണ്ട മധുരപലഹാരങ്ങളുമെല്ലാം കരുതിയിരുന്നു. വഴിയാത്രക്കാരെപ്പോലെ നിരത്തിലും മററും കുറച്ചുസമയം ചെലവഴിച്ചു സമയംപോക്കി. മെല്ലെ ഒച്ചയുണ്ടാക്കാതെ മതിൽ കയറി പറമ്പിൽ കടന്നു. വീടു് അടച്ചുകഴിഞ്ഞിരുന്നു. കെട്ടുറപ്പുള്ള പഴയവീട്ടിൽ കടന്നുകൂടാൻ മററു മാർഗ്ഗങ്ങളില്ല. വാതിലിനും ജനലിനും മുട്ടി ശബ്ദമുണ്ടാക്കി. അപ്പോൾ മാസ്റ്റർ വാതിൽ തുറക്കുമെന്നും അങ്ങനെ അകത്തു കടക്കാൻ കഴിയുമെന്നുമാണു് അവർ കരുതിയിരുന്നതു്. പക്ഷേ വാതിൽ തുറക്കപ്പെടുകയുണ്ടായില്ല. പുറത്തേക്കുള്ള ലൈററ് പ്രകാശിക്കുകയും അകത്തുനിന്നു് 'ആരെടാ' എന്നൊക്കെ ശബ്ദമുണ്ടാക്കുകയും നായ്ക്കൾ കുരച്ചു ചാടുകയും ചെയ്തതോടെ അവർ ഓടിക്കളഞ്ഞു. നിരാശരായ ''സാഹസികർ'' വീണ്ടും ലോഡ്ജിൽതന്നെ തിരിച്ചെത്തി. ഉദ്യമത്തിൽനിന്നും പിന്മാറാൻ അവർ തയ്യാറായില്ല. കൂടുതൽ ആവേശംപൂണ്ടു് അടുത്ത ദിവസം മാസ്റ്റർ വാതിലടയ്ക്കുന്നതിനു മുമ്പുതന്നെ സ്ഥലത്തെത്തണമെന്ന തീരുമാനവുമെടുത്തു. എന്നാലേ അകത്തു കടക്കാൻ പററുകയുള്ളുവല്ലോ. അതിനിടെ തലേന്നു് വീട്ടിൽ ആരോവന്നു വാതിലിനു് മുട്ടിയ കാര്യം കാർത്ത്യായനി ടീച്ചർ അടുത്തുള്ള സാറാമ്മ ടീച്ചറോടു് പറഞ്ഞിരുന്നു. എന്നാൽ മാസ്റ്റർ അത്ര കാര്യമായെടുത്തില്ല.

ഞായറാഴ്ച രാത്രി ഒമ്പതു മണിക്കുതന്നെ കൂടുതൽ ധൈര്യം ആർജ്ജിച്ചു് നാലുപേരും ലോഡ്ജിൽ നിന്നിറങ്ങി. എരഞ്ഞിക്കൽവഴി പോകുന്ന ഒരു ബസ്സിൽ കയറി പാവങ്ങാട്ടുവന്നിറങ്ങി. മഴയുള്ളതുകൊണ്ടു് രണ്ടു കുടയും നടപടിക്കു് തൊട്ടുമുമ്പു് കഴിക്കാൻ ഒരു കുപ്പിയിൽ കുറച്ചു ചാരായവും അവർ കരുതിയിരുന്നു. തലേ ദിവസത്തെപ്പോലെ മതിൽ കയറി വീട്ടുപറമ്പിലെത്തി. മാസ്റ്ററും ടീച്ചറും റേഡിയോ നാടകം കേട്ടു വരാന്തയിലിരിക്കുകയാണു്. നല്ല സമയം തന്നെ. അവസാനത്തെ ചാരായവും പങ്കിട്ടു് അവർ നേരെ വരാന്തയിലേക്കു കയറി മാസ്റ്ററേയും ടീച്ചറേയും പിടിച്ചു് അകത്തേക്കു കൊണ്ടുപോയി. അകത്തെ സ്വീകരണമുറിയിൽനിന്നു് രണ്ടുപേരും അലമുറയിട്ടു. ചെറുത്തുനിൽക്കുന്നതിനിടയ്ക്കു് മുഖംമൂടികളിലൊരാൾ റേഡിയോയുടെ ശബ്ദം കൂട്ടി. പിന്നെ അവിടെ നടക്കുന്ന ''നാടക''ങ്ങളൊന്നും പുറത്തേക്കു കേൾക്കാമായിരുന്നില്ല. അങ്ങനെ വളരെ ആസൂത്രണം ചെയ്തു് നടപ്പിലാക്കാൻ ശ്രമിച്ച ഒരു കൊള്ള നിമിഷങ്ങൾക്കകം തകർന്നു തരിപ്പണമായി എന്നുമാത്രമല്ല, അപ്രതീക്ഷിതമായ ഒരു കൊലപാതകത്തിൽ എത്തിച്ചേരുകയും ചെയ്തു. സംഭവം നടന്ന രണ്ടാംദിവസംതന്നെ ഗംഗാധരൻ മാസ്റ്റർക്കു് ബോധം വീണ്ടുകിട്ടി. എന്നാൽ തന്റെ സഹധർമ്മിണി മരിച്ചുപോയ വിവരം അദ്ദേഹത്തെ അറിയിച്ചിരുന്നില്ല. സ്ത്രീകളുടെ വാർഡിൽ അവർ സുഖംപ്രാപിച്ചു വരുന്നുവെന്നാണു് ചോദിച്ചാൽ പറയുക. ഇപ്പോൾ അദ്ദേഹത്തിനു് കാര്യം മനസ്സിലായിട്ടുണ്ടു്. അതിൽ അതീവ ദുഃഖാലുവാണദ്ദേഹം. ആ വീട്ടിൽ ഞാൻ ഇനി എങ്ങനെ മടങ്ങും: അദ്ദേഹം വിലപിക്കുന്നു.

കഴുത്തു് ശരിക്കും തിരിക്കാൻപോലും കഴിയാത്ത മാസ്റ്റർക്കു് സംസാരിക്കുന്നതിനും പ്രയാസമുണ്ടു്. ഇനി ഒരു ഓപ്പറേഷൻ കൂടി വേണ്ടിവരും. അതു കഴിഞ്ഞാൽ ആശുപത്രിയിൽ നിന്നും ഡിസ്ചാർജ്ജായി തടത്തിൽ വീട്ടിലെ മൂകതയിലേക്കു് അദ്ദേഹം തിരിച്ചു ചെല്ലും; ആ മൂകതയുമായി ശേഷിച്ച ജീവിതം ചെലവിടാൻ വിധിക്കപ്പെട്ട മാസ്ററർ.

ബംഗാളി നോവൽ

അമ്മ

മഹാശ്വേതാദേവി

പരിഭാഷ: ലീലാ സർക്കാർ

ആറ്

സുജാതയ്ക്കു് വ്രതി തന്നെ അവഗണിക്കുവാൻ തുടങ്ങിയെന്നു തോന്നിയതിനാലാണു് പറഞ്ഞതു്: “നിനക്കു് അമ്മയെക്കൊണ്ടു് എന്താണാവശ്യം? അമ്മയെപ്പറ്റി അന്വേഷിക്കാൻ തന്നെ നിനക്കു നേരമില്ല. പകലില്ല, രാത്രിയില്ല. തോന്നുമ്പോൾ ഇറങ്ങിപ്പോകും. ചോദിച്ചാൽ പറയും ജോലിയുണ്ടെന്നു്.”

“ഉവ്വു് അമ്മേ, കാര്യമുണ്ടു്.”

“എന്റെ ദൈവമേ! ഇപ്പോൾത്തന്നെ ഇത്ര ജോലി? നിന്റെ ചേട്ടനെപ്പോലെ സീരിയസ്സായി ജോലിയെടുക്കാൻ തുടങ്ങുമ്പോൾ കഥയെന്താകും?” വിനി ചോദിച്ചു.

“ഞാൻ സീരിയസ്സായല്ല എന്തെങ്കിലും ചെയ്യുന്നതെന്നു് ആരാണു പറഞ്ഞതു്?”

“ഉം, അറിയാം. ഇരുന്നുസൊള്ളി താവളത്തിൽ സമയം കളയൽ വലിയ സീരിയസ് ജോബല്ലേ?”

“ആരു പറഞ്ഞു? ഞങ്ങൾ ഒന്നിച്ചു സംസാരിക്കുന്നതു് സീരിയസ് കാര്യങ്ങളല്ലെന്നു് എങ്ങനെ അറിഞ്ഞു?”

“അറിയാം മിസ്റ്റർ, അറിയാം. പിന്നെ ഒരു കാര്യവും അറിയാം!”

“എന്താണതു്?”

“നന്ദിനിയുമായി സംസാരിക്കുന്നതു് ഏറ്റവുമധികം സീരിയസ്സായ ജോലിയാണെന്നു്.”

“അതാരാ പറഞ്ഞതു്?”

“ആരു പറയാൻ? ഇവിടെ നന്ദിനിയുടെ ഫോൺ വരുന്നതു് ഞാനെടുക്കാറില്ലേ ഇടയ്ക്കൊക്കെ?”

വ്രതി ചിരിച്ചു. ഒട്ടും ശബ്ദമില്ലാത്ത ചിരി. അവന്റെ കണ്ണുകളാണു് അധികവും ചിരിക്കുക. മുഖത്തു് പ്രകാശം. ചിരിച്ചുകൊണ്ടു് ഉത്തരം പറയാതിരിക്കാൻ അവനു് ഭംഗിയായി അറിയാം. ഉത്തരം ഒഴിവാക്കാനുള്ള നല്ലവഴി.

“വരൂ അമ്മേ, നമുക്കു ലൂഡോ കളിക്കാം.”

വിനി വീണ്ടും പറഞ്ഞു: “ഇന്നു് വ്രതിക്കു് എന്തോ ഒരു കാര്യമുണ്ടു് അമ്മയുടെ അടുത്തു്. തീർച്ചയാണു്.”

“വേണമെങ്കിൽ വരാം,” വ്രതി വിനിയോടു പറഞ്ഞു.

“ഞാനില്ലപ്പാ—തുലിയുടെ കൂടെ ഒരിടത്തു പോകണം. അവളുടെ കൂടെ പോയില്ലെങ്കിൽ അവളുടെ ഭാവം മാറും.”

“പോകാനിഷ്ടമില്ലെങ്കിൽ പോകുന്നതെന്തിനു്?” മൃദുസ്വരത്തിലാണു് വ്രതി ചോദിച്ചതു്.

സുജാതയും വ്രതിയും മുകളിലേക്കു പോയി. ലൂഡോ കളിച്ചുകൊണ്ടിരിക്കെ സുജാത ചോദിച്ചു: “വ്രതി, നന്ദിനി ആരാണു്?”

“ഒരു പെൺകുട്ടി.”

“ഒരുദിവസം എന്നെ കാണിച്ചു തരില്ലേ?”

“കാണണമെന്നുണ്ടെങ്കിൽ കാണിച്ചു തരാം.”

“കാണണമെന്നുണ്ടല്ലോ, അതല്ലേ.”

“കണ്ടാൽ ചിലപ്പോൾ ഇഷ്ടമാവില്ല.”

“ഉം, എന്തുകൊണ്ടു്?”

“തനി സാധാരണ ഒരു പെൺകുട്ടിയാണു്.”

“അതിനെന്താ?”

“ബോസിനിഷ്ടമാവില്ല.”

അച്ഛനെ വ്രതി ബോസ് എന്നാണു വിളിക്കാറു്. അവനു് ഓർമ്മവച്ച നാൾ മുതൽ, “ഞാനാണു് ഈ വീട്ടിലെ ബോസ്. ഞാൻ പറയുന്നതു മാത്രമേ ഈ വീട്ടിൽ നടക്കാവൂ” എന്നാണവൻ കേട്ടിട്ടുള്ളതു്. അങ്ങനെ ആ പേരു് അവൻ ഉപയോഗിക്കുവാൻ തുടങ്ങി.

“ഇഷ്ടമാവില്ലെങ്കിൽ വേണ്ട.”

“അമ്മേ, അമ്മയ്ക്കറിയാമോ ഒരു കാര്യം? അഞ്ചുമണിക്കുശേഷം ബോസ് എവിടേക്കാണു് പോകുന്നതെന്നറിയാമോ? എന്നും?”

ഉടനെ സുജാത മനസ്സിലാക്കി. ടൈപ്പിസ്റ്റ് പെണ്ണും ദിവ്യനാഥനും തമ്മിലുള്ള വേഴ്ചകൾ അപ്പോൾ വ്രതിക്കും അറിയാം!

“എന്തിനാണു് ഈ കാര്യമിപ്പോൾ, വ്രതി?”

“വെറുതെ. അറിയാമോ അമ്മയ്ക്കു്?”

“അക്കാര്യമവിടെയിരിക്കട്ടെ വ്രതി.”

കുറച്ചുനേരം വ്രതി മനസ്സിരുത്തി കളിച്ചു. പിന്നെ ചോദിച്ചു:

“എന്നെപ്പറ്റി അമ്മ വളരെയധികം വിഷമിക്കുന്നുണ്ടോ?”

“എന്തു വിഷമം വ്രതി?”

“പറയൂ അമ്മേ?”

“ഇല്ലല്ലോ. ഒരു വിഷമവുമില്ല വ്രതി.”

“ചിലപ്പോൾ തോന്നുകയാണു് ഉണ്ടെന്നു്. ചേട്ടൻ, ചേച്ചിമാർ ഇവരെക്കൊണ്ടൊന്നും അമ്മയ്ക്കു് ഒരു പ്രയാസവുമില്ല.”

സുജാത ഒന്നും പറഞ്ഞില്ല.

“അവർക്കൊക്കെ സുഖമാണോ അമ്മേ?”

“അങ്ങനെയല്ലേ പറയുന്നതു്.”

“വിചിത്രംതന്നെ.”

“എന്താണതിൽ വൈചിത്ര്യം?”

“അമ്മ എന്തുകൊണ്ടാണിങ്ങനെ പാസ്സീവ് ആയതമ്മേ?”

“അല്ലാതെ വേറെന്തുവഴി? മക്കളുടെ കാര്യത്തിൽ എന്നെ എന്നും പാസ്സീവ് ആക്കിയല്ലേ വച്ചിരുന്നതു്? നിന്റെ അച്ഛനും നിന്റെ അച്ഛമ്മയും...”

ആദ്യത്തെ മൂന്നു മക്കളുടെ കാര്യത്തിൽ തന്റെ അമ്മയെ സന്തുഷ്ടമാക്കാൻവേണ്ടി ദിവ്യനാഥൻ സുജാതയ്ക്കു് സാധാരണ അധികാരംപോലും നൽകിയില്ല. സുജാതയുടെ സ്ഥാനം കാലിനു കീഴിലും അമ്മയ്ക്കു് സ്ഥാനം ശിരസ്സിലും നൽകി ദിവ്യനാഥൻ.

സുജാതയ്ക്കാണെങ്കിൽ ആത്മാഭിമാനം കുറച്ചധികമായിരുന്നു. വിവാഹശേഷം ഇവിടെ വന്ന ഉടനെ സുജാത ഒരുകാര്യം മനസ്സിലാക്കി. തന്നെ നേപഥ്യത്തിലെത്രത്തോളം നിറുത്താൻ കഴിയുമോ അത്രയും മറ്റുള്ളവർക്കു് നല്ലതു്. ‘മറ്റുള്ളവർ’ മറ്റാരുമല്ല, ദിവ്യനാഥനും ശ്വശ്രുവും. ജ്യോതിയും നീപയും തുലിയും സുജാതയെ ആവുന്നതും അവഗണിച്ചുകൊണ്ടു നടന്നു. അങ്ങനെ അവർ വളർന്നു വലുതായപ്പോൾ കാലക്രമേണ അവർ മൂന്നുപേരും സുജാതയ്ക്കു് ‘മറ്റുള്ളവരാ’യിത്തീർന്നു.

ദിവ്യനാഥൻ ഒരിക്കലും സുജാതയുടെ മനസ്സിലെ ഇത്തരം വ്യഥകളുടെ അഗാധതലങ്ങളിലേക്കെത്താറില്ലെന്നതു് മറ്റൊരു വാസ്തവം മാത്രം. ഭാര്യയെക്കുറിച്ചു് കൂടുതൽ ചിന്തയൊന്നും അദ്ദേഹത്തിനില്ല. ഭാര്യ, ഭർത്താവിനെ സാധാരണ മട്ടിൽ എങ്ങനെ സ്നേഹിക്കുമോ, ആദരിക്കുമോ അതുപോലെയൊക്കെ നടന്നു. ഭർത്താവിനു ഭാര്യയുടെ സ്നേഹവും ബഹുമാനവും ലഭിക്കുവാൻ പ്രത്യേകശ്രമത്തിന്റെ ആവശ്യമൊന്നുമില്ല. ദിവ്യനാഥൻ വിചാരിക്കാറുണ്ടു് വീടുണ്ടാക്കിക്കൊടുത്തിട്ടുണ്ടു്, ജോലിക്കു വേലക്കാരുണ്ടു്, തന്റെ ചുമതലകൾ വേണ്ടതിലധികം ചെയ്തിട്ടുണ്ടു് എന്നെല്ലാം. വീടിനു പുറമെ പെൺകുട്ടികളുമായുള്ള ബന്ധങ്ങൾ രഹസ്യമായിവയ്ക്കണമെന്നും ദിവ്യനാഥനു വിചാരമില്ല. തനിക്കു് എന്തും ചെയ്യാനുള്ള അധികാരവുമുണ്ടെന്നായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം.

വിവേകമില്ലാത്തവനാണു് ദിവ്യനാഥൻ എന്നു് എങ്ങനെ പറയാം. കമ്പനിയിൽ ധാരാളം പണം ആദായം കിട്ടാൻ തുടങ്ങിയപ്പോൾ സുജാതയോടു് ബാങ്കിലെ ജോലി ഉപേക്ഷിക്കാൻ പറഞ്ഞു.

സുജാത പക്ഷേ, അതു് ഉപേക്ഷിച്ചില്ല. തന്റെ സ്വഭാവദൗർബ്ബല്യത്തിന്റെ കാര്യം തന്റെ മക്കൾക്കും അറിയാമെന്നതും ദിവ്യനാഥൻ അറിയുന്നുണ്ടു്. അതിലൊന്നും അദ്ദേഹം ലജ്ജിതനാകാറില്ല. ആദ്യത്തെ മൂന്നു മക്കളും തന്നെ പുരുഷോചിതമായ ഗുണങ്ങളുള്ളവനെന്നു മാനിക്കുന്നു എന്നുമറിയാം. അദ്ദേഹമൊരിക്കൽ ജ്യോതിയോടു പറഞ്ഞു: “നിന്റെ അമ്മ കുറച്ചു പാസ്സീവ് ആണു്. എന്തുകൊണ്ടാണു് ജോലി ഉപേക്ഷിക്കാത്തതു്? ഇച്ചിങ്ങ് ഫോർ ഇൻഡിപെൻഡൻസ് എന്നു പറയുന്ന വകുപ്പിൽപ്പെട്ട സ്ത്രീയല്ല സുജാത. ഫാഷൻകാണിച്ചു് വിലസുക എന്നതുമല്ല ഉദ്ദേശ്യം. പിന്നെ ജോലി എന്തുകൊണ്ടു വിടുന്നില്ല? അദ്ഭുതം!”

“അച്ഛൻ അമ്മയോടു പറഞ്ഞോ?”

“ഞാൻ പറഞ്ഞു. ഇനി ജോലിനോക്കേണ്ട ആവശ്യമൊന്നുമില്ലല്ലോ. ഇനി ജോലിയെല്ലാം വേണ്ടെന്നുവച്ചു് വീട്ടുകാര്യങ്ങൾ ശ്രദ്ധിക്കു. അമ്മയാണെങ്കിൽ ഇപ്പോഴില്ല. എന്താണപ്പോൾ പറഞ്ഞതെന്നോ, കുട്ടികൾ കൊച്ചുങ്ങളായിരിക്കുമ്പോൾ വീട്ടിലിരുന്നു് അവരെ നോക്കാൻ കഴിഞ്ഞിരുന്നെങ്കിൽ എത്ര നന്നായിരുന്നുവെന്നു്. അന്നു് ജോലിയുമുണ്ടായിരുന്നില്ല. എന്നിട്ടെന്തേ? എന്തെങ്കിലുമൊരു ചുമതല എനിക്കുണ്ടായിരുന്നുവോ? കുട്ടികൾ വളർന്നു. അവരിപ്പോൾ വലിയവരായി. വീട്ടിൽ എല്ലാ കാര്യങ്ങളും നിയമമനുസരിച്ചു് നടക്കുന്നുമുണ്ടു്. ഇനി എന്റെ പ്രയോജനം അധികമുള്ളതായി തോന്നുന്നില്ല.”

സുജാതയെ ദിവ്യനാഥനു് ഒരിക്കലും മനസ്സിലാക്കാൻ കഴിഞ്ഞില്ല. സ്വതന്ത്രജീവിതം ആഗ്രഹിക്കുന്ന മഹിളയല്ല സുജാത. എത്ര ഫാഷനബിൾ മഹിളകളാണു് ഫാഷനബിൾ ജോലികൾ ചെയ്തു് കൽക്കത്തയിലെ റോഡുകളിൽക്കൂടി കൂസലില്ലാതെ കാറോടിച്ചു നടക്കുന്നതു്. സുജാത അവരിലൊരുവളെപ്പോലെയുമല്ല.

സുജാത ശാന്തയാണു്, അല്പഭാഷിണിയാണു്. ആഗ്രഹങ്ങളും വസ്ത്രധാരണവും പണ്ടത്തെ സ്ത്രീകളെപ്പോലെ. വീട്ടിലെ കാറിൽ നിവൃത്തിയുണ്ടെങ്കിൽ കയറാറില്ല. ട്രാമിലാണു് ബാങ്കിലേക്കുള്ള പോക്കുംവരവും. മറ്റൊരിടത്തേക്കും വീട്ടിൽനിന്നു പോകാറില്ല. ബന്ധുക്കളുടെ അടുത്തോ സ്നേഹിതകളുടെ അടുത്തോ കൂടുതൽ അടുപ്പമൊന്നുമില്ല. വീട്ടിലെത്തിയാൽ കുറച്ചുനേരം എന്തെങ്കിലും വായിക്കും. പൂച്ചട്ടിയിലേയും ടബ്ബിലേയും ചെടികൾക്കു് വെള്ളമൊഴിക്കും. ചെറിയ മകനെ അടുത്തു കിട്ടിയാൽ എന്തെങ്കിലും രണ്ടു വാക്കു സംസാരിക്കും.

ജോലി വിടാഞ്ഞതു് സുജാതയുടെ രണ്ടാമത്തെ ദ്രോഹമാണെങ്കിൽ ആദ്യത്തെ ദ്രോഹം വ്രതിക്കു രണ്ടു വയസ്സായപ്പോൾ ചെയ്തു അവർ. അഞ്ചാമതും സുജാതയെ അമ്മയാക്കുവാനുള്ള ദിവ്യനാഥന്റെ ശ്രമം അവർ നിരസിച്ചു.

ദിവ്യനാഥൻ അന്നു് എന്തെന്നില്ലാതെ കോപിച്ചു പറഞ്ഞു: “വിവാഹിതരായാൽ ഭാര്യാഭർത്താക്കന്മാരുടെ ചില കടമകളൊക്കെയുണ്ടു്. നിനക്കെന്താണതിൽ വിരോധം?”

“ഇല്ല, ഇനിവേണ്ട.” സുജാത നിർദ്ദയം നിരസിച്ചു.

“എന്തു്? നീ എന്നെ ഡിഫൈ ചെയ്യുകയാണോ?”

“നിങ്ങളുടെ ഈ തൃപ്തിക്കുവേണ്ടി നിങ്ങൾ എന്നെ മാത്രമാശ്രയിച്ചു് ഒരു നാളും കഴിഞ്ഞിട്ടില്ലല്ലൊ.”

“നീ എന്താണു പറയാനുദ്ദേശിക്കുന്നതു്?”

“അതു് നിങ്ങൾക്കു നല്ലപോലെ അറിയാമല്ലോ. എനിക്കും അറിയാം.” അടുത്തടുത്തു് സുജാത പ്രസവത്തിനു തയ്യാറായിരുന്ന കാലത്തു് ദിവ്യനാഥൻ അന്യയുവതികളുമായി സമ്പർക്കംപുലർത്തിപ്പോന്നിരുന്നു. ഇതിനുശേഷം അതു കൂടി. പക്ഷേ, അതൊരു കെണിയോ വലയോ ആയിരുന്നുവെങ്കിൽ സുജാത അതിൽ പിടികൊടുത്തില്ല.

വ്രതിയുടെ മരണത്തിനുമുമ്പു് വ്രതിയുമായി നടന്ന സംഭാഷണസമയത്തു് സുജാത ഇതൊന്നും പറഞ്ഞില്ല. പക്ഷേ ഇപ്പോൾ സുജാത എല്ലാം വ്യക്തമായി കാണുകയാണു്. വ്രതിക്കു് എല്ലാം അറിയാമായിരുന്നു. അതുകൊണ്ടു് അവനെപ്പോഴും അമ്മയുടെ കാര്യത്തിലാണു ശ്രദ്ധ. സുജാതയ്ക്കു് അസുഖം വന്നാൽ പത്തുവയസ്സു പ്രായത്തിൽപോലും വ്രതി വേഗം കളിനിറുത്തി ഓടിവന്നു് അമ്മയുടെ അടുത്തിരിക്കുമായിരുന്നു. “ഞാൻ തലയ്ക്കലിരുന്നു് വീശിത്തരാം അമ്മയ്ക്കു്” എന്നു പറയും.

ദിവ്യനാഥൻ പറയും: “മിൽക്സോപ്പ്. പെണ്ണിനെപ്പോലെയുള്ള ചെറുക്കൻ. നോ മാൻലിനസ്സ്.”

വ്രതി അതിനു വിരുദ്ധമായി തെളിയിച്ചു. എത്ര സാഹസവും എന്തു പുരുഷത്വവും ചേർന്നാണു് തന്നെ ഈശ്വരൻ തയ്യാറാക്കിയതെന്നു് തെളിവുനല്കി അവൻ ഈ ലോകത്തിൽനിന്നും മറഞ്ഞു.

അന്നു് എത്രനേരമാണു് അവൻ അമ്മയുടെ മുഖത്തേക്കുതന്നെ നോക്കിയിരുന്നതു്. അവൻ പറഞ്ഞു: “മതി കളിച്ചതു് അമ്മേ നമുക്കിരുന്നു് സംസാരിക്കാം. വരൂ, ഇന്നൊരുപാടു കാര്യങ്ങൾ സംസാരിക്കണം നമുക്കു്.”

“നിൽക്കു്, അടുക്കളയിൽ പോയി നോക്കി വേണ്ടതു പറഞ്ഞിട്ടുവരാം.”

“എന്താ ഇന്നു് ചെറിയേടത്തി ഇല്ലേ?”

“ഇല്ല. തുലി ടോണിയുടെ എക്സിബിഷന്റെ തിരക്കിലാണു്. ഒരിക്കൽ വന്നു് വിനിയേയും കൊണ്ടുപോകും.”

“അങ്ങിനെയാണോ.”

“നാളെ നിനക്കു കഴിക്കാൻ എന്താണു വേണ്ടതു്?”

“എന്താ ഇങ്ങിനെ പെട്ടെന്നു ചോദിക്കാൻ?”

(തുടരും)

നോവൽ

ദൈവമക്കൾ



സാറാ തോമസ്

ഇരുപത്തൊമ്പതു്

"കാപ്പിരി എന്നാണു് ഇപ്പോഴത്തെ ഓമനപ്പേരു്. കോണി കയറി ക്ലാസ്സിൽ എത്തുന്നതിനിടയിൽ മൂന്നു നാലിടത്തു നിന്നെങ്കിലും ആ വിളി കേൾക്കാം, പുറകെ പെൺപിള്ളേരുടെ കുണുങ്ങിച്ചിരികളും..."

"വെയിലിൽ കുരുത്തവരാണു് നമ്മൾ. നീ പരിഹാസം ഇപ്പോൾ ആദ്യമായി കേൾക്കയല്ലല്ലോ."

"ശരിതന്നെ. പക്ഷേ, എന്തോ എനിക്കു വല്ലാത്ത ശ്വാസംമുട്ടൽ. ഒക്കെ പോകട്ടെ, ലക്ചർ ക്ലാസ്സിൽചെന്നിട്ടു് വെറുതെ മിഴിച്ചിരിപ്പാണു്. ഒന്നും തലയിൽ കയറുന്നില്ല. പഠിച്ചിട്ടു് കുറെനാളായില്ലേ. ഇന്നലെ ഫിസിയോളജി പ്രാക്ടിക്കൽ ക്ലാസ്സിൽവച്ചു് സാറിന്റെ ശകാരം കൂടെ—തവളയെ നേരേ ഡിസെക്ട് ചെയ്യാൻ തനിക്കറിഞ്ഞുകൂടല്ലോ, എങ്ങനെ മെഡിസിനു കടന്നുകൂടിയെന്നു്. അപ്പോഴത്തെ കമൻറു് എന്തായിരുന്നെന്നോ! തവളേടെക്കൂടെന്നു്...ഹോ, തൊലിപൊളിയുകയായിരുന്നു. തല ഉയർത്താൻ കഴിഞ്ഞില്ല."

"നിറുത്തു്, നിന്നെപ്പോലെയുള്ളവർ"—ഈശ്വരന്റെ ശബ്ദത്തിലെ കാർക്കശ്യം! തീപാറുന്ന കണ്ണുകൾ മനസ്സിൽ കാണുകയായിരുന്നു.

"ഞാനെന്താണു പറയേണ്ടതു്, നിനക്കൊന്നും ഒരിക്കലും തലപൊക്കണമെന്നില്ല. അതാണു് കുഴപ്പം. നിന്റെ നാക്കു തളർന്നുപോയിരുന്നോ? കുന്നിനെ പൂട്ടിയിട്ടുള്ള നിന്റെ കൈയും ബലമില്ലാതായിപ്പോയോ?"

"എന്തു പ്രാന്താ നീ പറയുന്നതു്. ക്ലാസിൽ ഞാൻ അടിപിടിയുണ്ടാക്കണമെന്നോ? എന്നിട്ടു് നിന്നെപ്പോലെ—പെണങ്ങാതെടാ, എനിക്കു് നിന്നെപ്പോലെ വീറും വാശിയുമൊന്നുമില്ലെന്നറിഞ്ഞുകൂടേ. എല്ലാം വിട്ടു് നാട്ടിലേക്കു പോയാലോ എന്നു തോന്നിപ്പോവുകയാണു്."

"വിഡ്ഢിത്തം പറയാതെ. അവിടെച്ചെന്നു് കുന്നിനെ പൂട്ടാമെന്നാണോ? ജോലിയും കളഞ്ഞില്ലേ."

"എനിക്കറിഞ്ഞുകൂടാ. പക്ഷേ, ഇങ്ങനെനിന്നു സഹിച്ചു് മനസ്സു നീറിക്കഴിയാൻ."

"അങ്ങനെ കമ്പിട്ടു കിടന്നു് എല്ലാം സഹിക്കേണ്ട ആവശ്യമില്ലെന്നു് ഇനിയെങ്കിലും തലയിൽ കേറ്റാൻ നോക്കു്."

"പിന്നെയും നീ പ്രാന്തുപറയുകയാണു്. ഇവരെയൊക്കെ എതിർക്കാൻ ഞാനാരാ?"

"നീ ആരുമല്ലായിരിക്കാം, ഞാനുമല്ലായിരിക്കും. പക്ഷേ, ആരുമല്ലാത്ത അങ്ങനെ കുറെപ്പേരില്ലേ, നമ്മളൊക്കെ വിചാരിച്ചാൽ..."

"എടാ ഈച്ചരാ, നീ മണ്ടത്തരം ഒന്നും കാണിക്കല്ലേ. നീ പണ്ടേ ലക്കില്ലാത്തവനാ. എന്റെ വെഷമംകൊണ്ടു പറഞ്ഞുപോയതാ. നിനക്കു ബുദ്ധിയുണ്ടു്. നീ പഠിച്ചു് വല്യ ഡോക്ടറാവുകേംചെയ്യും. എത്ര ആശവെച്ചാ മച്ചമ്പി നിന്നെ ഇങ്ങോട്ടയച്ചിരിക്കുന്നതു്? ഞാൻ പറഞ്ഞതൊക്കെ മറന്നുകള. നേരേ ചൊവ്വേ പഠിച്ചു നന്നാകാൻ നോക്കു്."

ഈശ്വരന്റെ അമർത്തിയുള്ള മൂളൽ ഒരു പോർവിളിപോലെയാണു് മനസ്സിൽ ഉടക്കിയതു്.

വഴിവിട്ടു് എതിർധ്രുവങ്ങളിലേക്കു് അപഥസഞ്ചാരം നടത്തുന്ന തന്റെ രണ്ടു സഹോദരങ്ങൾ—കുഞ്ഞിക്കണ്ണനു് അങ്ങനെയാണു തോന്നിയതു്. അവരെ നേർവഴിക്കു നടത്താൻ ഒരു ശ്രമം നടത്തേണ്ടതല്ലേ.

വാതിൽ തുറന്നു് അകത്തേക്കു കടന്നതും ഈശ്വരന്റെ കൂട്ടുകാരൻ ചാടി എണീറ്റുകഴിഞ്ഞു. വേഗം തിരിച്ചറിഞ്ഞു. അന്നു് ഡൈനിങ് ഹാളിൽ വച്ചു് ഈശ്വരനെ പിടിച്ചിരുത്താൻ ശ്രമിച്ച ചെറുപ്പക്കാരൻ! കാപ്പിരിപോലെ തന്നെ. തലയോടുപറ്റി സ്പ്രിങ്പോലെ ചുരുണ്ടുകൂടിയ തലമുടി. പുറത്തേക്കു കടക്കാൻ തുടങ്ങിയതും കൈ പിടിച്ചു് ലോഹ്യത്തിൽ പറഞ്ഞു:

"ഇരിക്കു്, നമുക്കെല്ലാം തമ്മിൽ പരിചയപ്പെടണ്ടേ. ഒന്നുമില്ലെങ്കിലും നമ്മളെല്ലാം ഒരേ വർഗ്ഗക്കാരല്ലേ—എന്റെ പേരു് കുഞ്ഞിക്കണ്ണൻ. നിങ്ങൾക്കൊക്കെ വീടും കുടിയും ഉണ്ടെന്നു തോന്നുന്നു. എനിക്കാണെങ്കിൽ ആരുമില്ല. കിടക്കാടം തമ്പുരാൻ പിടിച്ചുപറ്റുകയും ചെയ്തു. എങ്കിലും ഞാൻ ഇവിടെ പിടിച്ചുനിന്നു് കരപറ്റാൻ നോക്കുകയാണു്."

അത്രയും കേട്ടപ്പോഴാണു് തന്നെ തുറിച്ചുനോക്കി നിന്ന കണ്ണുകളിലെ ആശങ്കാഭാവം നീങ്ങിയതു്.

"എന്റെ പേരു് കുട്ടപ്പനെന്നു്. കൂത്താട്ടുകുളംകാരനാ. ഇൻറർ പാസ്സായേച്ചു ഞങ്ങളുടെ പഞ്ചായത്താഫീസിൽ കഴിഞ്ഞ അഞ്ചുവർഷങ്ങളായി ക്ലാർക്കുപണി ചെയ്യുകയായിരുന്നു. വീട്ടീന്നുപോയിവന്നാ മതി. വിശക്കാതെയും തണുക്കാതെയും ഒക്കെ അങ്ങനെ കഴിഞ്ഞുകൂടുകയായിരുന്നു. ഇപ്പോഴത്തെ പഞ്ചായത്തു പ്രസിഡൻറിന്റെ നിർബ്ബന്ധമാ, എന്നെ ഈ ഊരാക്കുടുക്കിൽക്കൊണ്ടു ചാടിച്ചതു്. വയ്യ, എന്നെക്കൊണ്ടു് ഈ പഠിത്തം പറ്റുമെന്നു തോന്നുന്നില്ല. എളയ പിള്ളാരെയും പള്ളിക്കൂടത്തിൽ വിടുന്നുണ്ടായിരുന്നു. എന്റെ ശമ്പളത്തിൽ ഒരുവിധം അങ്ങനെ കഴിഞ്ഞുകൂടുകയായിരുന്നു. ഇവിടെ മെഡിക്കൽകോളേജു് തുടങ്ങിയപ്പഴേ പലരും പറഞ്ഞതാ. ഇതൊരവസരമാ, ഇവിടെയൊന്നു പഠിക്കാൻ. ഞാൻ കേട്ടില്ല. എനിക്കു് ഇവിടെനിന്നൊന്നു് രക്ഷപ്പെടണമെന്നുള്ള വിചാരമേ ഇപ്പോഴുള്ളൂ."

കണ്ണുകളിൽ നിറഞ്ഞുതുളുമ്പുന്ന ദൈന്യത!

"കുട്ടപ്പൻ അങ്ങനെ നിരാശപ്പെട്ടാലോ. വന്നിട്ടു് കൊച്ചുദിവസങ്ങളല്ലേ ആയുള്ളൂ. ആദ്യമൊക്കെ ഞങ്ങൾക്കും അങ്ങനെയൊക്കെത്തോന്നി. കടിച്ചുപിടിച്ചങ്ങു് സഹിക്കണം. തലമുറകളായി നമ്മൾ, നമ്മുടെ അച്ഛനമ്മമാർ എന്തൊക്കെ സഹിച്ചിരിക്കുന്നു. അതൊക്കെ ഓർക്കുമ്പോൾ ഈ റാഗിങ്ങൊക്കെ നിസ്സാര കാര്യങ്ങൾ—അപ്പോൾ പിന്നെ..."

"അപ്പോൾ പിന്നെ, എന്താ നിങ്ങൾ പറഞ്ഞോണ്ടു വരുന്നതു്?"

ഈശ്വരന്റെ രക്തം എത്ര വേഗമാണു് ചൂടു പിടിക്കുന്നതു്.

"ഈ സഹനത്തിനു് ഒരവസാനം ഇല്ലേന്നോ? അതോ വേണ്ടെന്നോ? ജനാധിപത്യഭരണമാണെന്നല്ലേ പറയുന്നതു്. ഇപ്പോൾ തല ഉയർത്തി നടക്കാൻ കഴിഞ്ഞില്ലെങ്കിൽ എപ്പോഴാ? എന്റെ മനസ്സിൽ പഴയ ഒരു ദിവസം ഓർമ്മയുണ്ടു്. വർഷങ്ങൾക്കുമുൻപു് സ്വാതന്ത്ര്യദിനത്തിൽ ഞങ്ങളുടെ സ്കൂൾ കോമ്പൗണ്ടിൽ ഒരു മീറ്റിങ്ങുണ്ടായിരുന്നു. അന്നു് ഞങ്ങളുടെ എം. എൽ. എ. എല്ലാ കുട്ടികൾക്കും മിട്ടായികളും ത്രിവർണ്ണപതാകയും കൊടുത്തു. എന്നിട്ടു്, പറഞ്ഞതെന്താണെന്നോ? ഇന്നു തുടങ്ങി നമ്മൾ അടിമകളല്ല. നമ്മൾ എല്ലാവരും സ്വതന്ത്രഭാരതത്തിലെ സഹോദരന്മാർ മാത്രമാണെന്നു്. ഞങ്ങൾ, വലിയ ജന്മികളുടെ വീട്ടിലെ അടിയാന്മാരായ ഞങ്ങൾ, അതു വിശ്വസിച്ചു. മനസ്സു തുറന്ന ആശ്വാസത്തോടെ.

"അന്നു ഞങ്ങൾ ആ ഗ്രാമം മുഴുവൻ ഒരേ സ്വരത്തിൽ, ഒരേ ആവേശത്തോടെ, ഒരേ വിശ്വാസത്തോടെ ഭാരതമാതാവിനു ജയ് വിളിച്ചു. പക്ഷേ, അതു് മറ്റൊരു വഞ്ചനയുടെ തുടക്കമാണെന്നു് അറിഞ്ഞില്ല. അറിഞ്ഞിരുന്നെങ്കിൽ..."

ഈശ്വരൻ പൊട്ടിത്തെറിക്കയായിരുന്നു.

"ഇയാൾ പറഞ്ഞതൊക്കെ ശരിയാണു്. പക്ഷേ, ഈ കാര്യത്തിൽ ഇത്രയ്ക്കു് വികാരാധീനനായിക്കൂടാ. നോക്കു്, വർഷങ്ങളായുള്ള ഒരു വ്യവസ്ഥിതി ഒരു ദിവസംകൊണ്ടു് മാറ്റിയെടുക്കാനൊക്കുമോ? ആ മാറ്റത്തിന്റെ കാലഘട്ടമാണിപ്പോൾ. ഇല്ലെങ്കിൽ നമ്മളൊന്നും ഇതുവരെ എത്തുമായിരുന്നില്ലല്ലോ. കുറച്ചൊക്കെ പൊറുക്കാനും സഹിക്കാനും നമ്മളും തയ്യാറാകണ്ടേ?"

"ഓ, സഹിച്ചും പൊറുത്തും മടുത്തു. ആരെയും കുറ്റംപറയണ്ട. നിങ്ങളെപ്പോലെയുള്ളവരുടെ ഈ അടിയാൻ മനസ്ഥിതിക്കു് മാറ്റംവരാതെ..."

അക്ഷമയോടെ മേശപ്പുറത്തു് ഇടിച്ചു് അവൻ ആക്രോശിച്ചപ്പോൾ കുട്ടപ്പൻ വായ് പൊത്തിക്കളഞ്ഞു:

"എടാ ഒന്നുപതുക്കെ. ആരെങ്കിലും കേട്ടാൽ നിന്നെ വെറുതെ വിടുമെന്നാണോ? അവർ നിന്നെ പെടുത്തിയ പാടൊക്കെ ഇത്ര പെട്ടെന്നു മറന്നോ?"

"മറന്നെന്നോ? എന്റെ മനസ്സു് തിളച്ചുകൊണ്ടിരിക്കയാണു്. തിരിച്ചടിക്കാനുള്ള ആദ്യത്തെ അവസരം തന്നെ ഉപയോഗപ്പെടുത്തുകയും ചെയ്തു."

അവന്റെ ശബ്ദം ഉയർന്നിരുന്നു. കുട്ടപ്പൻ ചാടിഎണീറ്റു:

"ഞാൻ പോവുകയാണു്. ഇവൻ ഇന്നു് എന്തെങ്കിലും കുഴപ്പം വരുത്തിവച്ചേ അടങ്ങൂ എന്നാണു തോന്നുന്നതു്."

അവൻ കതകുചാരി പുറത്തിറങ്ങി. ഈശ്വരൻ അക്ഷമയോടെ കൈകൾ കൂട്ടിത്തിരുമ്മി കാലുകൾ ഏന്തി മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുകയാണു്.

"ഇത്രയേറേ വാശിപിടിക്കേണ്ട കാര്യമൊന്നും ഇല്ലീശ്വരാ. നിന്നെ മാത്രമല്ലല്ലോ റാഗ് ചെയ്തതു്. എന്നെങ്കിലും റാഗിങ്ങിന്റെ സ്വാദറിയാതെ ആർക്കും തന്നെ മെഡിക്കൽകോളേജിൽ കടന്നുകൂടാമെന്നു വിചാരിക്കണ്ടാ. ഇതിൽ ജാതിയും മതവും പണവും സ്റ്റാറ്റസും ഒന്നും കാര്യമല്ല. അതു് തീർച്ചയാണു്."

"പിന്നെ, എന്റെ മുടിമാത്രം ഇങ്ങനെ ചെയ്തതു്? നാലഞ്ചുപേർകൂടി അമുക്കിപ്പിടിച്ചില്ലായിരുന്നെങ്കിൽ...എന്നിട്ടു് ഞാൻ കാലുമടക്കികൊടുത്തു."

"അതാണു് നിനക്കുപറ്റിയ അബദ്ധം. എതിർക്കാൻ ശ്രമിക്കാതിരുന്നെങ്കിൽ! അല്ലെങ്കിലും ഓരോരുത്തരെ ഓരോവിധത്തിൽ റാഗ് ചെയ്യുന്നു. അത്രതന്നെ. നിങ്ങളുടെ ബാച്ചിലെ ആ പാവപ്പെട്ട കൃഷ്ണപിഷാരടിയെ ചാരായം കുടിപ്പിച്ചതു്—അയാൾ രണ്ടുദിവസം ഛർദ്ദിച്ചു ഛർദ്ദിച്ചു് തളർന്നുകിടന്നില്ലേ."

"നോക്കൂ, നിങ്ങൾ എന്നെ പറഞ്ഞുമനസ്സിലാക്കാൻ ഒന്നും ശ്രമിക്കണ്ട. വേറേ പണി നോക്കു്. എനിക്കു് ഇവന്മാരെയൊക്കെ നല്ലവണ്ണം അറിയാം. എന്റെ അനുഭവങ്ങൾ—കൊറെ ചവിട്ടുകൊണ്ടിട്ടുള്ളതാ. ഓർമ്മവച്ചപ്പോൾ തുടങ്ങി..."

കൂടുതൽ സംസാരിച്ചിട്ടു പ്രയോജനമില്ലെന്നു തോന്നി.

അല്ലെങ്കിലും പറഞ്ഞു ഫലിപ്പിക്കാൻ താൻ എപ്പോഴും പരാജയപ്പെട്ടിട്ടേയുള്ളൂ. വാർഡന്റെ അന്വേഷണവും, വിശദീകരണം ചോദിക്കലും ഒക്കെ മല എലിയെ പ്രസവിച്ചതുപോലെ ആയി. കുഞ്ഞപ്പിയുടെ നാവനങ്ങിത്തുടങ്ങിയതു് അപ്പോൾ മാത്രമാണു്.

"ഓ! ഞാൻ അത്രയ്ക്കങ്ങു പേടിച്ചുപോയി. പാവം ആ കൃഷ്ണപിഷാരടി തൊലിവെളുപ്പുന്നേയുള്ളൂ. പണവും ആൾക്കാരും ഒന്നുമില്ല. ഭാഗ്യത്തിനു ചാരായം അകത്തു ചെന്നതുകൊണ്ടു് പയ്യനെ റാഗ് ചെയ്തതു് ആരാണെന്നു് ഒരു ബോധവുമില്ല. പിന്നെ പ്രതികൾ നമ്മുടെ ജോസഫും ശങ്കരപ്പിള്ളയും ഒക്കെയല്ലേ. മന്ത്രിയുടെയും ചീഫ് സെക്രട്ടറിയുടെയും ഒക്കെ ബന്ധുക്കൾ! പ്രിൻസിപ്പൽ വിചാരിച്ചാൽ അവ്രെ എന്തുചെയ്യാൻ!"

●

ഈശ്വരൻ കോളേജിൽപോയി വന്നാൽ മുഴുവൻ സമയവും മുറിയിൽ കുത്തിയിരുന്നു വായിക്കുന്നതു കാണാം. വർത്തമാനം വളരെ അപൂർവ്വമായി മാത്രം. നിശ്ശബ്ദരായ റൂംമേറ്റിനെ ആയിരുന്നു ഇഷ്ടവും. കുഞ്ഞപ്പിയെപ്പോലുള്ള വായാടി ആയിരുന്നെങ്കിൽ വിഷമിച്ചുപോയേനേ! ഒരിക്കൽ അവൻ റൂമിൽ ഇല്ലാത്തപ്പോൾ മേശപ്പുറത്തു തുറന്നുവച്ചിരിക്കുന്ന പുസ്തകം മറിച്ചുനോക്കി. പാഠപുസ്തകം ഒന്നുമല്ല. റഷ്യൻ റെവല്യൂഷൻ! മെഡിക്കൽ കോളേജിൽ ഇതുവരെ രാഷ്ട്രീയം തലപൊക്കിയിട്ടില്ല. കഴിഞ്ഞയാണ്ടിൽ യൂണിയൻ ഇലക്ഷൻ വന്നപ്പോൾ തങ്ങൾക്കൊക്കെ അതൊരതിശയമായിരുന്നു. അക്കാര്യം ചോദിച്ചപ്പോൾ ഹോസ്റ്റൽ സെക്രട്ടറി പരമേശ്വരൻ നായർ പറഞ്ഞതാണു്: "തത്വത്തിൽ മെഡിക്കൽ കോളേജിൽ രാഷ്ട്രീയം വേണ്ടെന്നാണു്. മദ്രാസ് മെഡിക്കൽസിലും സ്റ്റാൻലി മെഡിക്കൽസിലുമൊക്കെ അങ്ങനെയാണു്. അവരുടെ പാരമ്പര്യമാണല്ലോ തൽക്കാലം നമ്മുടേതു്. രാഷ്ട്രീയം പൊതുജനങ്ങൾക്കു്. അവരെ ചികിത്സിക്കുന്ന നമ്മൾ അതിനു് അതീതരായിരിക്കണം."

പിന്നെ ഒരിക്കൽ ഈശ്വരനോടു് നേരിട്ടു പറയുകയും ചെയ്തു:

"നോക്കു്, ഫസ്റ്റ് ഇയറിൽതന്നെ ശരിക്കു പഠിച്ചില്ലെങ്കിൽ സെക്കൻഡ് ഇയർ കടന്നുകൂടാൻ വിഷമിക്കും. ഈ അനാട്ടമിയിലെ പേരുകളൊക്കെ തലയിൽ കയറണോ. കഴിഞ്ഞ ബാച്ചിൽ എൺപതു പേരിൽ ഇരുപത്തെട്ടുപേരാണു് തോറ്റതു്. ഡോക്ടറാവാൻ പോകേണ്ടവനു് രാഷ്ട്രീയം എന്തിനു്? അല്ലെങ്കിലും അതൊക്കെ നേതാക്കന്മാർക്കു വിട്ടുകൊടുക്കുകയല്ലേ നല്ലതു്."

"നേതാക്കന്മാർ!"

അവന്റെ മുഖത്തെ പുച്ഛരസം കണ്ടപ്പോൾ തന്റെ ഉപദേശം വേണ്ടിയിരുന്നില്ലെന്നു് തോന്നിപ്പോയി.



"ഖദറും ഉടുത്തു് നാടുനീളെ ആദർശം പ്രസംഗിച്ചതുകൊണ്ടു് എന്തെങ്കിലും ഗുണം വരുമെന്നാണോ? അല്ലെങ്കിലും ഈ നേതാക്കന്മാരൊക്കെ ആരാണു്? ഉയർന്ന ജാതിക്കാർ! നമ്മളെ തല്ലിച്ചതച്ചു് അടിയാന്മാരാക്കിയവർ. അവർ നമ്മെ ഒപ്പം കരുതുമെന്നാണോ. നമുക്കു വേണ്ടതെന്താണെന്നു പറയാൻ ആരുമില്ല. തമ്പുരാന്റെ അയ്യത്തുകിടന്നു് അവരുടെ കല്യാണവിരുന്നിന്റെ എച്ചിലിലകളിൽ സന്തോഷം കണ്ടതുപോലെ ഇപ്പോൾ അവർ എറിഞ്ഞുതരുന്ന കുറെ അപ്പക്കഷണങ്ങൾകൊണ്ടു തൃപ്തിപ്പെടാനാണു് നമുക്കു് കൂടുതൽ താല്പര്യം! നമുക്കു് ഒരു നേതാവില്ല. നമുക്കു് ഉശിരും ഉണർവും തരാൻ നമ്മുടെ കൂട്ടത്തിൽ ആരുമില്ല. അതിനൊരാൾ..."

(തുടരും)

കഥ

പുനർജ്ജന്മം

ശോഭാ വാരിയർ

അവൾ നിശ്ശബ്ദയായിരുന്ന് കാപ്പികുടിച്ചു. ഈ ചൂടിലും കാപ്പി ഓർഡർ ചെയ്തതെന്തിനാണെന്നറിയില്ല. രാഹുലിന് എപ്പോഴും കാപ്പിമതി. അവൾക്ക് തണുത്തതു കുടിക്കാനാണിഷ്ടം. പക്ഷേ, അതു പറയാൻ മടി. അതുകൊണ്ട് കാപ്പിതന്നെ കുടിക്കേണ്ടിവന്നു.

"ഞാൻ പറയുന്നതൊന്നും നീ ശ്രദ്ധിക്കുന്നില്ല."

രാഹുൽ പരിഭവത്തോടെ പറഞ്ഞപ്പോഴാണ് അവൾ സ്വന്തം ലോകത്തിൽനിന്നു പുറത്തുവന്നത്. ക്ഷമ ചോദിക്കാനിഷ്ടമില്ലാത്ത അവൾ ചെറുതായൊന്നു ചിരിച്ചു. അങ്ങനെ അവൾ ചിരിക്കുന്നതു കാണാൻ രാഹുലിന് വലിയ ഇഷ്ടമാണ്. ചെറിയ വെളുത്ത പല്ലുകൾ പകുതി കാണിച്ച്, തല അല്പം ചരിച്ച്. അപ്പോൾ അവൾ സുന്ദരിയാകും. അയാൾ, അവളെ അന്നാദ്യമായി കാണുന്നതുപോലെ നോക്കി. ഇവൾ സുന്ദരിയാണോ? താനിതൊന്നും ശ്രദ്ധിച്ചിട്ടേയില്ല. തങ്ങൾ സംസാരിക്കുന്നത് പെയിന്റിങ്ങുകളെപ്പറ്റിമാത്രം. പെട്ടെന്ന് അയാൾ പറഞ്ഞു:

"നീ നിന്റെ പെയിന്റിങ് എക്സിബിഷൻ നടത്തുന്നെന്നു കേട്ടല്ലോ!" ചെറിയ പുച്ഛരസമുണ്ടായിരുന്നു വാക്കുകളിൽ.

"കലയെപ്പറ്റി ഒരു ചുക്കും അറിയാത്ത കുറേ കുടവയറന്മാർ വായിൽത്തോന്നിയ പൊള്ളത്തരങ്ങൾ പറയുന്നതു കേൾക്കാനായിട്ടാണല്ലോ നീ നിന്റെ പടങ്ങൾ പ്രദർശിപ്പിക്കുന്നതെന്നതിൽ സങ്കടം തോന്നുന്നു. സോറി, നിന്റെ ഡാഡിയുടെ സുഹൃത്തുക്കളെപ്പറ്റി അങ്ങനെയൊന്നും പറയാൻ പാടില്ല. എന്നാലും..."

അവൾ ഒന്നും മിണ്ടാതെ കുനിഞ്ഞിരുന്നപ്പോൾ അയാൾക്ക് ആവേശം കയറി. കാപ്പിക്കപ്പ് മുന്നോട്ട് തള്ളിനീക്കി അയാൾ ചോദിച്ചു: "ഇതാണോ നീ ഇത്രനാളും പറഞ്ഞിരുന്ന ആദർശങ്ങൾ? ആസ്വദിക്കാൻ കഴിവുള്ളവർക്കു കൊടുത്താൽ അതിനർത്ഥമുണ്ട്. ഇതു കുറേ ചായംതേച്ച അമ്മച്ചിമാർക്കും, തടിയന്മാർക്കും. പച്ചയായിപ്പറഞ്ഞാൽ, പണച്ചാക്കുകൾക്ക്. നിനക്ക് ഈ പ്രദർശനംവേണ്ടെന്നു പറയാമായിരുന്നില്ലേ? നോക്ക്, ചാറ്റർജി വരുമ്പോൾ നിന്നെ വച്ചേക്കില്ല. ഫൈവ് സ്റ്റാർ ഹോട്ടലിന്റെ അഞ്ചാമത്തെനിലയിൽ...അതൊക്കെ നിനക്കും നിന്റെ മമ്മിക്കുമേ പറ്റൂ."

അയാളുടെ വാക്കുകൾ അവളെ വല്ലാതെ വേദനിപ്പിച്ചു. പക്ഷേ, എതിർത്തൊന്നും പറയാൻ കെല്പില്ലാത്തവളെപ്പോലെ മിണ്ടാതിരുന്നു.

അവൾക്ക്, സ്വർണ്ണലിപികളിൽ അച്ചടിച്ച ക്ഷണക്കത്തിനെക്കുറിച്ച് ഓർമ്മ വന്നു. ഈ വിവരം സുഹൃത്തുക്കളെ ആരെയും അറിയിക്കരുതെന്ന് വിചാരിച്ചതായിരുന്നു. പക്ഷേ, അവർ എങ്ങനെയോ അറിഞ്ഞു. ഇതൊന്നും വേണ്ടായിരുന്നുവെന്ന് അവൾ ആത്മാർത്ഥമായി ആഗ്രഹിച്ചു. അങ്ങനെ മമ്മിയോടു പറയാൻ കഴിവുണ്ടായിരുന്നെങ്കിൽ ഇന്ന് രാഹുലിന്റെ മുൻപിൽ കുറ്റബോധത്തോടെ ഇരിക്കേണ്ടിവരുമായിരുന്നില്ല. താനെന്നും എല്ലാവരുടേയും മുൻപിൽ നിശ്ശബ്ദയാണ്. ആ നിശ്ശബ്ദതയെ ചൂഷണം ചെയ്യുകയാണ് എല്ലാവരും എന്നറിയാം, എന്നാലും തനിക്ക് എതിർക്കാൻ കഴിയുന്നില്ല. കുട്ടിയായിരുന്നപ്പോൾ മുതൽ ഡാഡിയും മമ്മിയും പറയുന്നതു മാത്രമേ ചെയ്തിട്ടുള്ളു, അവയൊന്നും ഇഷ്ടമില്ലാതിരുന്നിട്ടും. തന്റെ ആഗ്രഹമെന്താണെന്ന് ഒരിക്കൽപോലും അവർ ചോദിച്ചിരുന്നില്ല. എല്ലാം തീർച്ചയാക്കിയശേഷം അതുപോലെ ചെയ്യാനാവശ്യപ്പെടും.

അവളുടെ മുഖഭാവം കണ്ടപ്പോൾ രാഹുൽ പറഞ്ഞു: "നോക്ക്, നീ വിഷമിക്കാൻ പറഞ്ഞതല്ല. ആദർശങ്ങൾ പ്രസംഗിച്ചാൽമാത്രം പോരാ, അതു പ്രാവർത്തികമാക്കുകയും വേണം. സ്യൂഡോ ഇന്റലക്ച്വലായി ഇങ്ങനെ ജീവിക്കുന്നതെന്തിനാണ്?"

"രാഹുൽ, ഈ പ്രദർശനം വെറുമൊരു രസത്തിനായിട്ടാണെന്ന് വിചാരിച്ചൂടേ?"

അത്രയും പറയാനേ അവൾക്കു കഴിഞ്ഞുള്ളൂ. പറഞ്ഞുതീർന്നപ്പോഴാണ് ആ വാക്കുകളിലെ പൊള്ളത്തരം മനസ്സിലായത്. ഛേ! ഒന്നും മിണ്ടണ്ടായിരുന്നു. പലതും പറയാനായി ഉള്ളിലുണ്ട്. പക്ഷേ, ഒരിക്കലും ഉദ്ദേശിക്കുന്നതായിരിക്കില്ല പുറത്തുവരിക.

"നിനക്കും, നിന്റെ പടങ്ങൾ എന്റെ പടങ്ങളുടെ കൂടെ വയ്ക്കാം. ഡാഡീടെ കൂട്ടുകാർ തീർച്ചയായും വാങ്ങും. നിനക്കു പൈസയും കിട്ടും."

രാഹുൽ ഒന്നും മിണ്ടാതെ തുറിച്ചുനോക്കി. അല്പനേരം കണ്ണിമയ്ക്കാതെ നോക്കിയപ്പോൾ അവൾ വിളറി. എന്താണു താൻ പറഞ്ഞത്, അവളോർത്തു. ദൈവമേ! തനിക്കെന്തുപറ്റി! താൻ രാഹുലിനോട് പടങ്ങൾ ഫൈവ് സ്റ്റാർ ഹോട്ടലിൽ പ്രദർശിപ്പിക്കാൻ പറഞ്ഞു. എന്തിനങ്ങനെ പറഞ്ഞു? എന്നോ മമ്മി അതിനെപ്പറ്റി സൂചിപ്പിച്ചിരുന്നു. പക്ഷേ, താനിതു രാഹുലിനെ അറിയിക്കരുതായിരുന്നു.

രാഹുലിന്റെ മുഖഭാവം മാറുന്നതൊന്നും അവളറിഞ്ഞില്ല, അയാൾ പറഞ്ഞതൊന്നും അവൾ കേട്ടില്ല.

"വയറിനു വേണ്ടിയാണ് ഞാൻ വരയ്ക്കുന്നതെങ്കിലും ഞാൻ കലയെ ആദരിക്കുന്നു, സ്നേഹിക്കുന്നു. പൈസ എനിക്കു പുല്ലാണ്. മാസങ്ങൾ പട്ടിണി കിടന്നാലും, ഞാനെന്റെ പടങ്ങൾ, അത് ആസ്വദിക്കാൻ കഴിവില്ലാത്തവർക്ക് വിൽക്കില്ല, തീർച്ച. ഇനി ഇതിനെപ്പറ്റി സംസാരിച്ചാൽ നമ്മുടെ സുഹൃദ്ബന്ധംകൂടി നശിച്ചെന്നിരിക്കും." അയാൾ കലിതുള്ളി എണീറ്റുപോയി. അവൾ അനങ്ങാൻ കഴിവില്ലാത്തവളെപ്പോലെ അവിടെത്തന്നെ ഇരുന്നു. ക്ഷമ ചോദിക്കാൻ പോലും തോന്നിയില്ല.

പെട്ടെന്ന് ആരോ തോളിൽ തട്ടിയപ്പോൾ ഞെട്ടിത്തിരിഞ്ഞു. രാഹുൽ തിരിച്ചുവന്നിരിക്കുകയാണ്.

"വെരി സോറി. നിന്നെ എനിക്കറിയാം. പിന്നെ നിന്റെ കാര്യത്തിൽ ഞാനിടപെടാനും പാടില്ലാത്തതാണ്. നമുക്ക് വേറെ വല്ലതും സംസാരിച്ചുകൊണ്ടുനടക്കാം. വെയിലത്തു നടക്കുന്നതിനു വിഷമമില്ലല്ലോ?"

അവർ പലതും സംസാരിച്ചുകൊണ്ട് അവളുടെ വീടുവരെ നടന്നു.

"അകത്തു വരുന്നോ?" വരില്ലെന്നറിയാം; എന്നിട്ടും അവൾ പതുക്കെ ചോദിച്ചു.

"ഇല്ല. നിന്റെ മമ്മിയും ഞാനും രണ്ടു ധ്രുവങ്ങളിൽ ജീവിക്കുന്നവരാണ്. വാ തുറന്നാൽ ഞങ്ങൾ വഴക്കിടും. പ്രദർശനം വിജയിക്കാൻ ആശംസകൾ! ഞങ്ങളാരും വരില്ല. പഞ്ചനക്ഷത്രഹോട്ടലിൽ കയറാനുള്ള യോഗ്യതയൊന്നും ഈ പാവങ്ങൾക്കില്ല."

അയാൾ നടന്നുനീങ്ങി.

പ്രദർശനദിവസം അടുക്കുന്തോറും അവൾക്കു ഭയംകൂടിവന്നു. എങ്ങനെ ഇത്രയധികം ആൾക്കാരെ നേരിടും? അവരോട് എന്തു പറയും? താൻ വാചാലയാകുന്നത് ക്ലാസ്സിൽവച്ചു മാത്രമാണ്. അതും കലയെപ്പറ്റി സംസാരിക്കുമ്പോൾ മാത്രം. പ്രദർശനത്തിനു പോകാതെ അവിടെ ഒളിച്ചിരിക്കാൻ അവൾ തീരുമാനിച്ചു. പക്ഷേ, അതൊന്നും സംഭവിച്ചില്ല. അവളുടെ മമ്മി നിർബ്ബന്ധപൂർവ്വം വെളിയിലിറക്കി. ആദ്യമായി അവൾ അവരെ ധിക്കരിച്ചു. നരച്ച പാന്റ്സിട്ട് കാറിൽ കയറിയിരുന്നു.

"ഇതുകണ്ടോ പുന്നാരമോളുടെവേഷം!" അവർക്കു ദേഷ്യംവന്നു.

"അവൾക്ക് ഇഷ്ടമുള്ളത് ഇടട്ടേ. നീയെന്തിനാ ഇതിലൊക്കെ ഇടപെടുന്നത്?" ഡാഡി സമാധാനിപ്പിച്ചു.

ദൂരെ നിന്നേ അവൾ തിളങ്ങുന്ന 'സ്വാഗതം' കണ്ടു. ആ വാക്കുകൾ അവളെ നോക്കി പല്ലിളിക്കുന്നതായിത്തോന്നി. 'മനോഹര'മെന്ന് പലരും പറഞ്ഞിട്ടും അവൾക്കതിൽ യാതൊരു ആകർഷണീയതയും തോന്നിയില്ല. ഏതോ ഭൂതത്തിന്റെ മുഖച്ഛായയുണ്ടതിന് —അവൾ വിചാരിച്ചു.

കാറിൽ കൊണ്ടിറക്കിയിട്ട് ഡാഡി പറഞ്ഞു: "ഞാൻ വരുന്നില്ല, എനിക്ക് നീ വരച്ചതൊന്നും മനസ്സിലാവില്ല."

അവൾക്ക് ആദ്യമായി ആ മനുഷ്യനോട് ആദരവു തോന്നി. പലപ്പോഴും ഹൃദയത്തിൽ എന്തോ വിങ്ങുന്നതുപോലെ തോന്നിയിട്ടാണ് വരയ്ക്കാറ്. അതിനുശേഷം തനിക്കുപോലും ഒന്നും മനസ്സിലാകാറില്ല. അതെല്ലാം നോക്കിയിട്ടല്ലേ ഓരോരുത്തൻ 'അത്യുഗ്രം' എന്നൊക്കെ പറയാൻ പോകുന്നതെന്ന് അവൾ പുച്ഛത്തോടെ ഓർത്തു.

അവൾ മുറിയുടെ ഒരു മൂലയിൽ പോയിനിന്നു. അവിടെ നിൽക്കുന്ന ഓരോ നിമിഷവും യുഗങ്ങളായിത്തോന്നി. അഭിനന്ദനങ്ങൾ സഹിക്കാം. പക്ഷേ, അഭിപ്രായ പ്രകടനങ്ങളാണ് അസഹനീയം.

കുമ്പയും കുലുക്കി ഒരാൾ മമ്മിയോട് പറയുന്നതു കേട്ടു:

"മിസസ് നായർ, നിങ്ങളുടെ മകൾ വലിയൊരു ആർട്ടിസ്റ്റാണ്. ഇതെല്ലാം വാങ്ങി എന്റെ ഡ്രോയിങ്റൂം അലങ്കരിക്കണമെന്നുണ്ട്. പക്ഷേ, ബാക്കിയുള്ളവർ പിണങ്ങില്ലേ. എന്നാലും രണ്ടു മൂന്നെണ്ണം അങ്കിളിനുവേണം, കേട്ടോ രതീ. ഹിഹിഹി..." ഉള്ളിൽ അരിശം നിറഞ്ഞെങ്കിലും അവൾ ചിരിച്ചു.

ഇറങ്ങിപ്പോ എല്ലാവരും എന്നലറണമെന്നുണ്ട്. പക്ഷേ ധൈര്യം വരുന്നില്ല.

"നോക്കൂ രതി, നിന്റെ പടങ്ങളെല്ലാം ഇന്നേ ബുക്ക് ചെയ്തുകഴിഞ്ഞു ഓരോരുത്തർ. നാളത്തെ പ്രദർശനംകൂടി കഴിഞ്ഞിട്ടു കൊണ്ടുപോകാമെന്ന് ഞാൻ പറഞ്ഞു. നീ മിടുക്കിയാണ്. അയാം പ്രൗഡ് ഓഫ് യൂ." അവർ സന്തോഷത്താൽ വീർപ്പുമുട്ടി.

"നിന്റെ സുഹൃത്തുക്കൾക്ക് വല്ലതും ഇവിടെ വയ്ക്കാമായിരുന്നു. അവർക്ക് നാലു കാശു കിട്ടിയേനേ."

അവളതു കേട്ടില്ലെന്നു നടിച്ചു. അവൾക്കു മനസ്സിലായി, ഇഷ്ടമില്ലാത്തത് അവഗണിക്കാനുള്ള ഈ പ്രവണതയാണ് തന്നെ ഇങ്ങനെ നിശ്ശബ്ദയാക്കിയതെന്ന്. അതുകാരണമാണ് എല്ലാവരും എല്ലാം തന്റെമേൽ അടിച്ചേല്പിക്കുന്നത്. "ഇനി ഇതു തുടരില്ല. എന്നെങ്കിലും എന്റെ ഉള്ളിലെ രതി പൊട്ടിത്തെറിക്കും."

വീട്ടിലേക്കു മടങ്ങാറായപ്പോൾ എല്ലാ പടങ്ങളും കൊണ്ടുപോകണമെന്നവൾ ശഠിച്ചു. മമ്മി പറഞ്ഞതൊന്നും വകവയ്ക്കാതെ എല്ലാം എടുത്ത് കാറിൽ വയ്പിച്ചു.

മുറിയിൽ എല്ലാ പടങ്ങളും അടുക്കിവച്ചപ്പോൾ അവൾക്ക് ആശ്വാസം തോന്നി. "ഇവ എന്റേതാണ്, എന്റേതു മാത്രം. എന്റെ കുട്ടികളെപ്പോലെ എന്റെ സ്വന്തം." ഓരോന്നിന്റേയും ജനനത്തിനു പിന്നിലെ പ്രേരണയെപ്പറ്റി ഓർത്തപ്പോൾ ഹൃദയം വിങ്ങിപ്പൊട്ടി.

"അതേ, എന്റെ മനസ്സ് എന്നും അസ്വസ്ഥമായിരുന്നു. ഇവയെല്ലാം ആ അസ്വസ്ഥതയുടെ, എന്റെ ജീവന്റെ ഒരംശമാണ്. ഇവ നശിച്ചാൽ ഞാനും നശിക്കും. അതോടെ എന്റെ ജീവിതത്തിലെ ദുഃഖപൂർണ്ണമായ ഒരധ്യായവും."

പുനർജന്മമുണ്ടാകാൻ പോകുന്നു എന്ന് പിറുപിറുത്തുകൊണ്ട് അവൾ ഓരോ ചിത്രമായി കത്തിച്ചു.

●



അഞ്ച്

ഒരു മുത്തശ്ശി അമേരിക്കയിൽ

യു.എസ്. സ്പേസ് മ്യൂസിയത്തിൽ

യാത്രാവിവരണം

മിസസ് എം. പി. പോൾ

ആർലിങ്ങ്ററൻ ശ്മശാനത്തിൽ കണ്ട വൃക്ഷങ്ങൾക്ക നിറം മാററം ഉണ്ടാകാഞ്ഞതു് ഒരു പ്രത്യേകതയായിത്തോന്നി. താഴോട്ടിറങ്ങിയപ്പോഴാണ് കേററം മോശമല്ലെന്നു തോന്നിയതു്. ദീപയും റെഞ്ചിയും തെന്നിത്തെന്നി താഴോട്ടു പോകുന്നു. അവക്കൊരു നേരമ്പോക്കു്. പയസ് കുടുംബത്തോടൊപ്പം ഞങ്ങൾ പ്രഭാപൂരിതമായ വാഷിങ്ടൺ സിററിയിൽ ഒരോട്ടപ്രദക്ഷിണം നടത്തി.

അമേരിക്കൻ പ്രസിഡന്റിന്റെ വൈററ് ഹൗസ് ശരിക്ക് വെളുത്ത ഒരു വീട്ട തന്നെയാണ് പുറംകാഴ്ചയിൽ. പുൽത്തകിടിയുടെ നടുവിലായി ചതുരാകൃതിയിലുള്ള ഒരു വലിയ വീട്. കോൺഗ്രസ് ആസ്ഥാനമായ ക്യാപ്പറേറാൾ മന്ദിരം ഗാംഭീര്യത്തോടെ തലയുയർത്തിപ്പിടിച്ചു നില്ക്കുന്നു. ഓരോന്നും കണ്ടുകണ്ടങ്ങനെ നീങ്ങുമ്പോൾ സ്പേസ് മ്യൂസിയം-ഭീമാകാരമായ ഈ കെട്ടിടം റോഡിൽനിന്നു നോക്കുമ്പോൾ ഒരു സുഷിരംപോലുമില്ലാത്ത കോട്ടയാണെന്നു തോന്നി. "ഇന്ന് പുറംകാഴ്ചകൊണ്ടു തൃപ്തിപ്പെടാം. നാളെ അകമെല്ലാം സൗകര്യമായി കാണാം. കാണാൻ ഒരുപാടുണ്ട്" പയസ് പറഞ്ഞു. പിറേറന്ന് ഒമ്പതുമണിക്ക് ഞങ്ങൾ പുറപ്പെട്ടു. ആദ്യം ക്യാപ്പറേറാൾ മന്ദിരത്തിലേക്കാണു പോയതു്. സന്ദർശകരും കുറവായിരുന്നില്ല. മന്ദിരത്തിന്റെ മുൻവശത്തുനിന്ന് ബേർട്ടിയും പയസ്സും റെഞ്ചിയും ഒരുപാട് പടങ്ങളെടുത്തു. ഏറെ പടികൾ കേറണം അകത്തെത്തുന്നതിന്. പഴമയെ അനുസ്മരിപ്പിക്കുന്ന അനേകം പുതുമകളാണ് അവിടെ. ലോകപ്രസിദ്ധമായ പെയിന്റിങ്ങുകൾ, മൺമറഞ്ഞു പോയ പ്രസിഡന്റുമാരുടെ പ്രതിമകൾ, മാർബിളിൽ ചെയ്തിട്ടുള്ള വിചിത്ര വേലത്തരങ്ങൾ. എല്ലാററിനും പിന്നിലൊരു ചരിത്രമുണ്ട്. രസകരമായ ഒരു ചരിത്രം. എന്തിനു പറയുന്നു? കേറിയും ഇറങ്ങിയും നടന്നും നന്നേ ക്ഷീണിച്ചു ഞങ്ങൾ അവസാനം സെനററ്ഹാളിൽ പ്രവേശിച്ചു. അമേരിക്കയുടെ ഭാഗധേയത്തെപ്പററി വിചിന്തനംചെയ്തു തീരുമാനമെടുക്കുന്ന സെനററ്ഹാൾ. ഔദ്യോഗിക ഇരിപ്പിടങ്ങൾ കൂടാതെ സന്ദർശകർക്കു വേണ്ടി വളരെ സൗകര്യമുള്ള ഗ്യാലറിയുണ്ട്. "അമ്മയ്ക്കു് ഇരിക്കണോ?" പയസ്സിന്റെ ചോദ്യം. ഞങ്ങൾ പത്തു മിനിട്ടു നേരം ഹാളിലിരുന്നു വിശ്രമിച്ചു.

പിന്നീടു പോയതു് സ്പേസ് മ്യൂസിയത്തിലേക്കാണ്. ചാററമഴയും ആൾത്തിരക്കുമുണ്ടായിരുന്നു. ആദ്യമായി കണ്ണിൽപെടുന്നതു് ബഹിരാകാശ വാഹനത്തിന്റെ ഒരു മോഡലാണ്. ഗൈഡ് അതേപ്പററിയുള്ള കാര്യങ്ങൾ വിവരിക്കുന്നതു് എനിക്കുണ്ടോ മനസ്സിലാകുന്നു. അല്പം മനസ്സിലാക്കിയിട്ടു വലിയ കാര്യവുമില്ല. തിരിച്ചെത്തിയ മാതൃവാഹനം അതേപടി സൂക്ഷിച്ചിരിക്കുന്നു. ആംസ്ട്രോങ് വാഹനത്തിലേക്ക് ഗോവണിപ്പടികൾ കേറുന്നതായ ഒരു ദൃശ്യം. എന്നെ അവിടെ പിടിച്ചുനിറുത്തി. ബേർട്ടി ഒരു പടം പിടിച്ചു. ചന്ദ്രനിലേക്ക് യാത്ര തിരിക്കുന്ന ആംസ്ട്രോങ്ങും ഞാനും! സംഗതി കൊള്ളാം. ചന്ദ്രനിൽനിന്നും കൊണ്ടുവന്ന ഒരു കല്ല്. ചുവപ്പും കറുപ്പും കലർന്ന നിറം. താറാവിന്റെ മുട്ടയുടെ വലിപ്പമുണ്ട്. ഇരുമ്പുചങ്ങലയാൽ ചുററപ്പെട്ട ഒരിടത്തു് ഒരു കൊച്ചു മേശപ്പുറത്താണ് തടവുകാരനെപ്പോലെ ആ സാധനം വച്ചിരിക്കുന്നതു്. ഒരു കറുമ്പൻ പൊലീസുകാരൻ കാവലിനുമുണ്ട്. നമുക്കു വേണമെങ്കിൽ ഒന്നു തൊട്ടു തലോടാം. ഞാനൊന്നു തൊട്ടുനോക്കി—നല്ല മാർദ്ദവം. അമേരിക്കക്കാരുടെ ആദ്യത്തെ വിമാനം, കപ്പൽ, ബോട്ട്, മച്ചുപായ, ചെറുതോണികൾ ഇങ്ങനെ പലതും മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

മണി ഒന്നുകഴിഞ്ഞു. ഒന്നരയ്ക്കു തുടങ്ങുന്ന ഒരു മൂവിയുണ്ട്. നല്ല വിശപ്പും. പക്ഷേ, മ്യൂസിയത്തിൽ തണുത്ത വെള്ളമല്ലാതെ മററാഹാരമൊന്നും കിട്ടാറില്ല. എന്താണ് വേണ്ടതെന്നായി. ദാഹം തീർത്തു് മൂവി കാണാൻ തീരുമാനിച്ചു. വല്ലാത്ത തിക്കും തിരക്കും. ഒരുവിധത്തിൽ ഞങ്ങൾ തിയേററിനകത്തായി. സുഖസൗകര്യമുള്ള ഇരിപ്പിടങ്ങൾ. മുന്നിൽ വെള്ളനിറത്തിൽ ഉയരമേറിയ സ്ക്രീൻ പയസ്, എന്റെ തൊട്ടടുത്തുതന്നെയുണ്ട്. ഇടിവെട്ടുന്നതുപോലൊരു ശബ്ദം. ഞെട്ടിപ്പോയി. വെടി, പടക്കം മുതലായതിന്റെ ശബ്ദകോലാഹലം. അന്നേരം ബേർട്ടിയെപ്പററി ഞാനോർത്തുപോയി. തങ്കത്തിന്റെ കല്യാണം. സാധാരണ കെട്ടു കഴിഞ്ഞു് വീട്ടുനടയിലെത്തുമ്പോഴും മധുരം കൊടുക്കുന്ന അവസരത്തിലും ധാരാളം പടക്കങ്ങളും വെടിയും വാണവും ഒക്കെ പൊട്ടിക്കുന്ന പതിവ് അന്നും ചുരുക്കമായി ഇന്നുമുണ്ട്. കല്യാണമടുത്തപ്പോൾ പടക്കക്കാരൻ അന്തോ എത്തി.

"പെങ്ങളെ! ഇഞ്ചിനീരു് മോളുടെ കല്യാണമാണ്. ഒരുപാട് പടക്കവും വെടിയും എല്ലാം വേണം. രണ്ടു കുരവയും. എല്ലാം അന്തോ ഭംഗിയായി ചെയ്തുകൊണ്ടുവരാം."

"ഇത്തവണ പടക്കമൊന്നും വേണ്ട അന്തോ! അതുകൊണ്ടുള്ള കുറവ് ഞാനേററു."

"എന്നു പറഞ്ഞാൽ പററില്ല പെങ്ങളെ. ഇതു് അന്തോന്റെ അഭിമാനത്തിന്റെം വയററിപ്പിഴപ്പിന്റേം പ്രശ്നമല്ലേ?"

അന്തോ ചുമ്മാ തലചൊറിഞ്ഞു കൊഞ്ചാൻ തുടങ്ങിയാലോ? മക്കൾ ആരോ ഇടപെട്ടു. ഒടുവിൽ കരിമരുന്നു വാങ്ങാനുള്ള പണവുമായി അയാൾ സ്ഥലംവിട്ടു. കല്യാണദിവസം വധൂവരന്മാരും ബന്ധുക്കളും അതിഥികളുമടക്കം വളരെപ്പേർ വീടിന്റെ നടയിലെത്തി. അന്തോന്റെ ഒരു തകർപ്പൻ പൊട്ടിക്കലും. ഗർഭം കലക്കി ഉൾപ്പെടെ. ഏതാനും മിനിട്ടുനേരത്തേക്ക് ശബ്ദധോരണി. ആ മണവാളൻ പിന്നീട് പലപ്പോഴും അന്നത്തെ വെടിപടക്കങ്ങളെപ്പററി നേരമ്പോക്കായി പറയുമായിരുന്നു. പിന്നീട് കല്യാണങ്ങൾ പലതു നടന്നു. പക്ഷേ, ബേർട്ടിയെ ഓർത്തു് അന്തോനെ ഒഴിവാക്കുകയാണ് പതിവ്. പറഞ്ഞുവന്നതു് സ്പേസ് മ്യൂസിയത്തിലെ മൂവിയെപ്പററി ആണല്ലോ. ഇടിവെട്ടിനുശേഷം മുന്നിലൊരു പർവ്വതമോ? ശക്തിയായ കാററും മഴയും മിന്നലും പാറക്കെട്ടുകളും കുററിക്കാടുകളും. എല്ലാം കിഴക്കാംതൂക്കായി കാണുന്നു. മഞ്ഞുകട്ടകളിൽനിന്ന് വെള്ളം താഴോട്ടൊലിക്കുന്നു. വലിയ വലിയ മഞ്ഞുകട്ടകൾ അടർന്നടർന്ന് കീഴ്പോട്ടു വീഴുന്നു. സംഭ്രമജനകമായ ആ സമയത്തു് നാമും അതോടടുക്കുന്നതുപോലൊരു തോന്നൽ.

"ഈശ്വരാ! നമ്മളെല്ലാം ഇവിടെത്തന്നെ ഇല്ലേ പയസ്?" ഞാൻ ചോദിച്ചു.

"ഉണ്ടല്ലോ. അമ്മ ഭയന്നുപോയോ? എല്ലാം അമേരിക്കക്കാരന്റെ വിദ്യകളല്ലേ!" പയസ് പറഞ്ഞു.

അടുത്തതു് ഒരു വനാന്തരമായിരുന്നു. അവിടെ എല്ലാത്തരത്തിലുംപെട്ട ക്രൂരമൃഗങ്ങളും സർപ്പങ്ങളും അതാതിന്റെ വലിപ്പത്തിലും ക്രൂരതയിലും. കൊടുംകാട്ടിൽ കൂടി ഓടിയും ഇഴഞ്ഞും മദിച്ചും ഇണചേർന്നും കഴിയുന്ന കാഴ്ച. ഒരു നിമിഷം വളരെ അതിശയമായിത്തോന്നി. അടുത്തതു് ദാഹജലത്തിനുവേണ്ടിയുള്ള തീർത്ഥയാത്രയായിരുന്നു. അതെവിടമായിരിക്കും. രാജസ്ഥാനിലെ മണലാരണ്യമാണോ? ദീർഘകായരായ സ്ത്രീകൾ കുടങ്ങളുമേന്തി ജാഥപോലെ പോകുന്നു. ഇടയ്ക്കു് കണ്ടെത്തുന്ന കിണറുകളിൽ ഒന്നിലും ജലമില്ല—നിരാശരായി അവർ യാത്രതുടരുന്നു. കൂടെ ഒട്ടകപ്പുറത്തിരുന്നു യാത്രചെയ്യുന്ന പുരുഷന്മാരും. എന്തൊരു വലിയ മനുഷ്യരാണവർ! നടന്നുനടന്ന് അവസാനം ഉറവയുള്ള ഒരു കിണർ കണ്ടെത്തുന്നു. ചുററുംനിന്ന് വെള്ളംകോരി ദാഹം തീർത്തശേഷം കുടങ്ങളെല്ലാം നിറച്ച് വീണ്ടും മനുഷ്യരും ഒട്ടകങ്ങളും യാത്ര തുടരുന്നു.

പലതും കണ്ട കൂട്ടത്തിൽ ശ്രദ്ധേയമായ രണ്ടു കേരളീയരംഗം—പ്രകൃതി അനുഗ്രഹിച്ച ഒരുപ്രദേശവും അദ്ധ്വാനശീലരായ മനുഷ്യരും. അവരുടെ പ്രയത്നവും. ഫലവൃക്ഷങ്ങൾ തഴച്ച് വളർന്നുനിൽക്കുന്ന വളപ്പിന്റെ ഒരു വശത്തായി

(ശേഷം 49-ാം പേജിൽ)

ലേഖികയും കുടുംബവും കാപ്പറേറാൾ മന്ദിരത്തിനു മുമ്പിൽ

സ്പേസ് മ്യൂസിയത്തിൽ

മേന്മയിൽ മികച്ചതെന്ന്
കാലം തെളിയിച്ചത്
W.D.&H.O.WILLS
GOLD FLAKE
HONEY DEW
STATUTORY WARNING
CIGARETTE SMOKING IS INJURIOUS TO HEALTH
വിൽസ്
ഗോൾഡ് ഫ്ലെയ്ക്ക്
നിങ്ങൾക്ക് വാങ്ങാവുന്ന ഏററവും മികച്ച
പ്ലെയിൻ സിഗററ്റ്
കൂടിയ വില 10ന് രൂ. 1.50 പ്രാദേശിക നികുതികൾക്കു വിധേയം.
ഓരോ യഥാർത്ഥ വിൽസ് ഗോൾഡ് ഫ്ലെയ്ക്ക് സിഗററിന്മേലും കാണാം ഡബ്ല്യൂ.ഡി & എച്ച്.ഒ.വിൽസ്
നിയമപ്രകാരമുള്ള മുന്നറിയിപ്പ്: സിഗററ്റ്വലി ആരോഗ്യത്തിന് ഹാനികരം
STATUTORY WARNING: CIGARETTE SMOKING IS INJURIOUS TO HEALTH
GFP/CAS-1/81 MAL

[illegible] ടുബാക്കോ ട്രേഡേഴ്സ്
മൊത്തവ്യാപാരി: ആററിങ്ങൽ

പുതിയ പുസ്തകങ്ങൾ

കൗമുദി ന്യൂസ് സർവീസ്

ആധുനിക സംവേദനക്ഷമതയും ഒരു വിമർശകനും

മൗനം തേടുന്ന വാക്ക്. വിമർശനം. വി. രാജകൃഷ്ണൻ. വില–10 രൂപ. വിതരണം: നാഷണൽ ബുക്ക്സ്റ്റാൾ. അഞ്ചു ലേഖനങ്ങളുടെ ഒരു സമാഹാരം. ഇതിൽ രണ്ടെണ്ണം ചലച്ചിത്ര സംബന്ധിയാണ്. 'അരവിന്ദന്റെ ലോകം' എന്ന ലേഖനത്തിൽ അരവിന്ദന്റെ ചലച്ചിത്രപ്രതിഭയുടെ ഇതളുകൾ വേർതിരിച്ചു പഠിക്കുന്നു. അമേരിക്കൻ നാടകകൃത്തായ ആർതർ മില്ലറുമായി നടത്തിയ കൂടിക്കാഴ്ചയുടെ സ്വതന്ത്രരൂപം 'മൗനത്തിനുശേഷം' എന്ന തലക്കെട്ടിൽ ചേർത്തിരിക്കുന്നു. നമ്മുടെ ചില പ്രമുഖ നോവലിസ്റ്റുകളുടെ രചനകളെ മുൻനിറുത്തിക്കൊണ്ടു നടത്തുന്ന ശൈലീവിചാരമാണ് 'ശൈലിയുടെ പ്രകാശതീരങ്ങളിൽ' എന്ന പഠനപ്രബന്ധം. ആധുനിക സംവേദനക്ഷമതയുടെ സൂക്ഷ്മഭാവങ്ങളെക്കുറിച്ചു മലയാള വായനക്കാർക്ക് അവബോധമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ എഴുതപ്പെട്ട ഗൗരവാവഹമായ ഒരു പുസ്തകമാണിത്. ഇതിലെ അക്ഷരപ്പിശകുകൾ കടുത്തക്ഷോഭംതന്നെ വായനക്കാരിൽ ജനിപ്പിക്കും.



മലയാളഗീത

ഭാഷാഭഗവദ്ഗീത. വിവത്തനം: കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ. പ്രസാ: സാഹിത്യപ്രവത്തക സഹകരണസംഘം. വില-4 രൂപ. മലയാളം എക്കാലവും സ്മരിക്കുന്ന മഹാനായ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ തയ്യാറാക്കിയ ഭാഷാവിവർത്തനമാണ് ഈ 'ഭാഷാഭഗവദ്ഗീത'. മഹാപണ്ഡിതനായ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ ലളിതമായ പദ്യങ്ങളിൽ അടുക്കിവച്ച 'ഭാഷാഭഗവദ്ഗീത' നേരത്തേ പ്രശംസിക്കപ്പെട്ടിട്ടുണ്ട്. ഗീത നാവിൻതുമ്പത്തു കൊണ്ടുനടക്കാൻ ഈ വിവർത്തനം സഹായിക്കുന്നു.

ആത്മാർത്ഥത തുടിക്കുന്ന കഥകൾ

കുട്ടങ്കാണി എന്ന ആദിവാസി. കഥകൾ. എ. എം. വാസുദേവൻപിള്ള. പ്രസാ: സാഹിത്യ പ്രവത്തക സഹകരണസംഘം. വില–6 രൂപ. ഒമ്പതു കഥകളുടെ ഒരു സമാഹാരം. 'കുട്ടങ്കാണി എന്ന ആദിവാസി'തന്നെയാണ് ഈ സമാഹാരത്തിലെ മെച്ചപ്പെട്ട കഥ. കുറച്ചൊക്കെ ജീവിതമറിയുന്ന ഒരാളാണെന്നു തോന്നുന്നു ഈ കഥാകാരൻ. ചില കഥകളിൽ ദീപ്തമായ വികാരാവിഷ്കരണം സാധിക്കുന്നുണ്ട്. അഭിനയമില്ലാത്ത കഥപറച്ചിൽ, ആത്മാർത്ഥതയുടെ പ്രകടനംകൂടിയാണല്ലോ.

കുട്ടിക്കൃഷ്ണമാരാരുടെ ആത്മാവിലൂടെ

മാരാരുടെ കത്തുകൾ. പ്രസാധകർ: മാരാർ സാഹിത്യപ്രകാശം, കോഴിക്കോട്–3. വില–17 രൂപ. കുട്ടിക്കൃഷ്ണമാരാർ പലർക്കായി എഴുതിയ നൂററമ്പതോളം കത്തുകളുടെ സമാഹാരമാണിത്. സാഹിത്യത്തിലും ജീവിതത്തിലും മാരാർ പിന്നിട്ട എല്ലാ കാലഘട്ടങ്ങളുടെയും പ്രതിഫലനം ഈ കത്തുകളിലൂടെ ദൃശ്യമാവുന്നു. മാരാരെപ്പോലുള്ള ഒരു വലിയ സാഹിത്യവിമർശകന്റെ സ്വകാര്യക്കത്തുകളും സാഹിത്യത്തിന് അവകാശപ്പെട്ടതാണ്. അദ്ദേഹം എങ്ങനെ ചിന്തിച്ചുവെന്നും ജീവിച്ചുവെന്നും ഈ കത്തുകളിൽനിന്നു കൂടുതൽ മനസ്സിലാവുന്നു. ഇത്തരം കത്തുകൾ ശേഖരിച്ചു പ്രസിദ്ധീകരിക്കുന്ന സമ്പ്രദായം മലയാളത്തിൽ പണ്ട് ഇല്ലാത്തതാണ്. അതിനാൽ ഈ സംരംഭം വാഴ്ത്താനുള്ളതുതന്നെ.



സിനിമ

മരിച്ചവന്റെ തിരിച്ചുവരവു്

കോഴിക്കോടൻ

കഥയിൽ ചോദ്യമില്ലെന്നു പറയാറുള്ളതു് പണ്ട്. ഇന്നു് പിടിച്ചുവച്ച് ചോദിക്കും; തൊലിയുരിക്കുകയും ചെയ്യും. ചലച്ചിത്രം ഒരു വിനോദമാധ്യമമാണെന്നും മറ്റെല്ലാ കലകളുടേയുമെന്നപോലെ സിനിമാക്കലയുടേയും പ്രയോജനം ആനന്ദമാണെന്നും ഉറച്ചു വിശ്വസിക്കുന്നവനെന്നു കരുതേണ്ടിയിരിക്കുന്ന ഒരു സംവിധായകന്റെ സൃഷ്ടിയായാലും ചോദ്യങ്ങൾ തുരുതുരെ വരും. ഭാഗ്യദീപം പിക്ചേഴ്സിനുവേണ്ടി കെ. പി. പിള്ള സംവിധാനംചെയ്ത പാതിരാസൂര്യനിൽ ഇത്രയധികം പാട്ടുകളും (ദക്ഷിണാമൂർത്തിയും ശ്രീകുമാരൻതമ്പിയും യേശുദാസ്, വാണി ജയറാം, ജയചന്ദ്രൻ, അമ്പിളി എന്നിവരും ചേർന്നൊരുക്കിയ പാട്ടുകൾ അഞ്ചാണ്. അതിൽതന്നെ 'ജീവിതമേ, ഹാ! ജീവിതമേ; മറക്കാൻ പഠിക്കുന്ന കഥയല്ലോ,' എന്നു തുടങ്ങുന്ന ഗാനം ഒരു സ്വാമിയാരുടെ വേഷം കെട്ടി രംഗത്തുവന്നുതന്നെയാണ് യേശുദാസ് പാടുന്നതു്.) സ്വപ്നങ്ങളും, കളിയും, സ്റ്റണ്ടും കാബറേ നൃത്തങ്ങളും (സർപ്പത്തെ അതിശയിക്കുമാറു് അനായാസം പുളഞ്ഞുകളിക്കുന്ന ജയമാലിനിയുടെ അംഗലാവണ്യചലനങ്ങൾ കണ്ണുകൾക്കു് ഒരു വിരുന്നത്രെ.) എന്തിനു്, ആവശ്യമില്ലാത്ത കഥാപാത്രങ്ങൾപോലും കടന്നുകൂടുവാൻ കാരണം ഈ വെറും വിനോദപ്രിയത്വമാണ്. അതായതു് ജനം വയറു നിറഞ്ഞ സന്തോഷത്തോടും സംതൃപ്തിയോടും തിയേറ്റർ വിടണമെന്ന വാശിയോടുകൂടിയ ആഗ്രഹം. അപ്പോൾ വരുന്ന ചോദ്യം: നേരംകളയാൻമാത്രമുള്ള ഒരു ഉപാധിയാണോ സിനിമ?

രസമുള്ള ഭാവന

മരിച്ചെന്നു കരുതിയ കഥാനായകൻ മറ്റൊരു പേർ സ്വീകരിച്ച് വേഷം മാറി ഭാവം പകർന്നു് കണ്ണിൽ പ്രതികാരത്തിന്റെ കിരണാങ്കുരങ്ങളുമായി വന്ന സംഭവവും പ്രതികരണവുമാണ് പാതിരാസൂര്യനു് കാന്തിപ്പകിട്ടും വർണ്ണമാധുര്യവും നൽകിയിരിക്കുന്നതു്. മരിച്ച ആൾ തിരിച്ചുവരുമോ? സൂര്യൻ പാതിരയ്ക്കല്ല അർദ്ധരാത്രിയിലുദിച്ചാൽപോലും അങ്ങനെയൊന്നു് ഒരു നാളും സംഭവിക്കാൻ പോകുന്നില്ല. ഇനി മരിച്ചെന്നു വിശ്വസിച്ച് ശവപ്പെട്ടിയിലടക്കം ചെയ്യപ്പെട്ടവൻ മടങ്ങിവന്നാലോ? എന്തായാലും കഥ. ഓർക്കാൻ രസമുള്ളതാണ് ആ ഭാവന. പരേതൻ പണക്കാരനായിരുന്നാലത്തെ സ്ഥിതിവിശേഷം പറയുകയും വേണ്ട. മരണത്തിൽ ദുഃഖിച്ച് കണ്ണീർപ്പുഴയൊഴുക്കിയവരും കണ്ണുകലക്കിയവരും അയാളെ തള്ളിപ്പറയുകയല്ല, തള്ളിപ്പുറത്താക്കുക തന്നെ ചെയ്യുകയും. ജെയിംസ് തോമസിനു് അതാണു സംഭവിച്ചതു്.

സ്നേഹിതനായ സ്റ്റീഫനേയും കൂട്ടി അത്യാസന്നനിലയിൽകിടക്കുന്ന തന്റെ രക്ഷിതാവായ ഫാദർ ഗബ്രിയലിനെ കാണാൻ കോയമ്പത്തൂർക്കു പോയതായിരുന്നു അദ്ദേഹം. "കടക്കൂ പുറത്തു്; ഇനി ഇവിടെ താമസിക്കേണ്ട," എന്നു പറഞ്ഞു് വീട്ടുടമസ്ഥൻ ചിത്രങ്ങൾ പുറത്തെടുത്തെറിഞ്ഞപ്പോൾ, ആ വഴിക്കു വന്ന ജെയിംസ് അതിലൊന്നു് ആയിരം രൂപ നല്കി വാങ്ങിയതു മുതല്ക്കാണ് സ്റ്റീഫനും ജെയിംസും തമ്മിലുള്ള പരിചയത്തിന്റെ ആരംഭം. സ്റ്റീഫനു് ഒരു സ്റ്റുഡിയോ വരെ ഉണ്ടാക്കിക്കൊടുത്തു, ജെയിംസ്. കോളറ പിടിച്ചായിരുന്നു ഗബ്രിയേലിന്റെ അന്ത്യം. അന്ത്യകർമ്മങ്ങളിൽ പങ്കെടുത്തു് ഹോട്ടൽ മുറിയിൽ തിരിച്ചെത്തിയ ജെയിംസ് തലചുറ്റി വീണു. പകർച്ചവ്യാധിയെ ഭയപ്പെട്ടിരുന്ന സ്റ്റീഫൻ, ജെയിംസ് മരിച്ചെന്നു നിനച്ച് പെട്ടെന്നു് അയാളെ ശവപ്പെട്ടിയിലാക്കി ശ്മശാനത്തിലെത്തിച്ച് സ്ഥലം വിട്ടുകളഞ്ഞു. സ്റ്റീഫനു് തന്റെ സ്നേഹിതനെ ഒഴിവാക്കണമെന്നുണ്ടായിരുന്നുവോ, ആവോ? എന്തായാലും അദ്ദേഹത്തെ ജീവനോടെ പെട്ടിയിലാക്കിയ സംഭവം അപ്പടി വിഴുങ്ങിയാൽ നെഞ്ഞത്തിരിക്കും. ഒരു ടംബ്ലർ വെള്ളം കുടിച്ചാലല്ലാതെ അതു് കീഴ്പ്പോട്ടിറങ്ങുകയുമില്ല.

ഒരു നല്ല ഉറക്കം കഴിഞ്ഞുണരുമ്പോലെ ജെയിംസ് ശവപ്പെട്ടിയിൽനിന്നു പുറത്തു കടന്നുവരുന്നതു കാണാൻ രസമുണ്ട്. നേരം കളയാതെ ദുഃഖിച്ചിരിക്കുന്ന തന്റെ ഭാര്യയേയും മകളേയും കാണാൻ അദ്ദേഹം ബംഗ്ലാവിലേക്കു ചെന്നു. സ്റ്റീഫനും ജോളിയും ആനന്ദത്തോടെ ആലിംഗനബദ്ധരായിരിക്കുന്നതാണ് ജെയിംസിന്റെ കണ്ണുകൾ കണ്ടതു്. പിന്നീടദ്ദേഹം അവിടെ നിന്നില്ല. തന്റെ കണ്ണുകൾ തുറന്ന ജെയിംസ് പിന്നെ വന്നതു് അലക്സാണ്ടർ ജോൺ ആയിട്ടാണ്; തന്നെ വഞ്ചിച്ച ഭാര്യയോടും സ്നേഹിതനോടും പകരം ചോദിക്കാനുള്ള ദൃഢനിശ്ചയത്തോടെ, നയതന്ത്രജ്ഞതയോടെ.

പ്രതികാരത്തിന്റെ സാമ്പിൾ

"ഈ ലോകത്തിൽ എല്ലാ സുഖസൗകര്യങ്ങളും കൈയടക്കിവയ്ക്കുന്നതു് പണമാണെ"ന്നും അതുകൊണ്ടു് താൻ കല്യാണം കഴിക്കുന്നതു് പണമുള്ള ആളെ മാത്രമായിരിക്കുമെന്നും കൂട്ടുകാരികളോടു് ബഡായി പറയാറുണ്ടായിരുന്ന ജോളിയാണ്, എസ്റ്റേറ്റുകളുടെ ഉടമയും ലക്ഷാധിപതിയുമായ ജെയിംസിന്റെ ഭാര്യാപദമലങ്കരിച്ചതു്. "ഒരു ചിത്രകാരനെന്ന നിലയ്ക്കു് നിങ്ങളുടെ ജീവിതത്തിലെ അനശ്വര നിമിഷത്തിനു രൂപം നല്കിയതാണെ"ന്നു പറഞ്ഞു് ജെയിംസിന്റേയും ജോളിയുടേയും ഒന്നിച്ചുള്ള ഒരു ചിത്രമായിരുന്നു സ്റ്റീഫൻ നൽകിയ വിവാഹസമ്മാനം. ആ സൗന്ദര്യാരാധകൻ ഒന്നുകൂടി പറയാതിരുന്നില്ല: "കാണുന്നവരുടെ മനസ്സിനെ ചൂണ്ടയിട്ടു് അവരെ നിങ്ങളോടടുപ്പിക്കുന്ന വശ്യസൗന്ദര്യം നിങ്ങൾക്കുണ്ട്." ജോളി–ജെയിംസുമാരുടെ ദാമ്പത്യവല്ലരിയിൽ സ്വീനിയെന്ന ചിത്രശലഭംപോലുള്ള പൂവിരിഞ്ഞിട്ടിപ്പോൾ ആറേഴുകൊല്ലം കഴിഞ്ഞുകാണും. ജോളി–സ്റ്റീഫൻ സ്നേഹബന്ധം ഇന്നും അഭംഗുരം തുടരുന്നുവെന്നാണല്ലൊ ഇതിന്റെയെല്ലാം അർത്ഥം. അവർക്കിരുവർക്കും വിവാഹിതരാകാനുള്ള തടസ്സം നീങ്ങിക്കിട്ടി. സത്യത്തിൽ അതിനു പ്ലാനിടുകയായിരുന്നു അവരിരുവരും. ആയിടയ്ക്കാണ് അലക്സാണ്ടർ ജോൺ എന്ന ലക്ഷാധിപതിയുടെ എഴുന്നള്ളത്തു്. ഈയാൾക്കു പണക്കാരനാവാനുള്ള സന്ദർഭവും ശ്മശാനത്തിൽനിന്നു കിട്ടിയ ഒരു പെട്ടി—സ്വർണ്ണാഭരണങ്ങൾ നിറഞ്ഞ പെട്ടി—യുണ്ടാക്കിക്കൊടുത്തു. ജെയിംസിനെ അറിയുന്ന ആൾ എന്ന നിലയ്ക്കാണ് അദ്ദേഹത്തെ സ്റ്റീഫൻ പരിചയപ്പെടുന്നതു്. സ്റ്റീഫനിലൂടെ ജോളിയും. ജോളിക്കു് ലക്ഷം രൂപ വിലവരുന്ന ഒരു മനോഹര ഹാരമായിരുന്നു അലക്സാണ്ടർ സമ്മാനമായി കൊടുത്തയച്ചതു്. "സ്റ്റീഫന്റെ കാര്യം വിട്ടു, ഞാനിപ്പോൾ എന്റെ മനസ്സുമുഴുവൻ അങ്ങേക്കു സമർപ്പിക്കുന്നു," എന്നുവരെ ജോളിയെക്കൊണ്ടു പറയിക്കാൻ അലക്സാണ്ടർക്കു കഴിഞ്ഞു. എല്ലാം പണത്തിന്റെ മറിമായം. അതിന്റെ ഉജ്ജ്വലപ്രഭയിൽ ദോഷങ്ങൾ പാഞ്ഞൊളിക്കുന്ന വഴി കാണുകയില്ല. മറിച്ച് പണത്തിന്റെ അഭാവത്തിൽ ഉള്ള ഗുണം കെട്ടുപോകുകയും ചെയ്യും. താൻ മിസസ് ജോളി ജെയിംസിനെ വിവാഹം കഴിക്കാൻ പോകുന്നുവെന്നു് അലക്സാണ്ടർ, ഒരു സൽക്കാരത്തിൽ സ്നേഹിതന്മാരോടു വിളംബരം ചെയ്തപ്പോൾ സ്റ്റീഫൻ ചൊടിച്ചു. അയാൾ ബംഗ്ലാവിലേക്കു കുതിച്ചു; പിന്നാലെ അലക്സാണ്ടറും. അവിടെവച്ച് അലക്സാണ്ടർ തന്റെ താടിയും കണ്ണടയും തൊപ്പിയും ടോപ്പും വലിച്ചുമാറ്റിയപ്പോൾ ഇളിഭ്യനായ സ്റ്റീഫൻ സ്വയം വെടിവച്ചു മരിച്ചു. ഭയവിഹ്വലയും വിസ്മയവിഭ്രാന്തയുമായ ജോളി പൊട്ടിച്ചിരിച്ചതു് ഭ്രാന്തിന്റെ തുടക്കവും.

ബോക്സോഫീസ് ഫോർമുലകൾ മുറുകെപ്പുണർന്നുകൊണ്ടുള്ളതാണ് പിള്ളയുടെ സംവിധാനമെങ്കിലും അതിനു് കുറെയൊക്കെ ഉൾപ്പൊരുത്തവും ഒഴുക്കും താളാത്മകതയും ഉണ്ടെന്നു പറയാതെ തരമില്ല. അഭിനയത്തിൽ നായകനും നായികയും വില്ലനും ഒരുപോലെ തന്മയത്വാവേശം പ്രകടിപ്പിക്കുകയും ചെയ്തിരിക്കുന്നു. താടിയും തൊപ്പിയുംവച്ച് വേഷപ്രച്ഛന്നനായി രംഗപ്രവേശംചെയ്ത നിത്യവസന്തത്തിന്റെ അലക്സാണ്ടറാണ് ജെയിംസിനെക്കാൾ ഭേദം. ആ ഗമയ്ക്കും ഗൗരവത്തിനും പച്ചച്ചിരിക്കും ഒരന്തസ്സുണ്ട്. ജെയിംസിനെ കല്യാണം കഴിക്കാൻ കഴിഞ്ഞ ഭാഗ്യാംഗനയുടെ മനോഭാവത്തിൽവന്ന മാറ്റം, അതു് സ്റ്റീഫനിലും പിന്നീടു് അലക്സാണ്ടറിലും പടർന്നുകയറുന്ന ശ്രീവിദ്യയുടെ അഭിനയം, ജോളിയുടെ ഭാഗം അന്യൂനസുന്ദരമാക്കിയിരിക്കുന്നു. സോമന്റെ സ്റ്റീഫനു് ആദ്യത്തെ സീക്വൻസിൽ നൽകിയ ടോപ്പായിരുന്ന ഒരു ചിത്രകാരനെന്ന നിലയ്ക്കു് അങ്ങോർക്കു് ഭംഗിയും അനുയോജ്യവും. പിന്നീടു് ആ കഥാപാത്രത്തിന്റെ മനംമാറ്റത്തിനനുസരിച്ച് തലമുടിയുടെ ഫാഷനും മാറിയിരിക്കാം. കുട്ടിക്കാലംമുതൽക്കേ ജെയിംസിന്റെ ഭൃത്യനായ അടൂർ ഭാസിയുടെ പാപ്പച്ചനും ഭൃത്യയായി വേഷമിട്ട ടി. ആർ. ഓമനയുടെ ദേവകിയമ്മയും നീതിപുലർത്തിയ വേഷങ്ങളാണ്. ജെയിംസിനെ നോക്കി നെടുവീർപ്പിടുകയും പകൽക്കിനാവു കാണുകയും ചെയ്യുന്ന ദേവകിയമ്മയുടെ മകൾ രജനിയുടെ റോളെടുത്ത ജയഭാരതിയും അലക്സാണ്ടറുടെ സഹായിയായി മാറിയ സത്താറിന്റെ ബഷീറും, അവൻ സ്വപ്നം കാണുന്ന പ്രമീളയുടെ അയിഷയും ഈ ചിത്രത്തിന്റെ നീളം കൂട്ടാനേ ഉപകരിച്ചിട്ടുള്ളൂ. ബേബി സംഗീതയുടെ സ്വീനി മോൾ തരക്കേടില്ല. കഥാപാത്രങ്ങളുടെ സൗന്ദര്യവൈരൂപ്യങ്ങൾ പകർത്തുന്നതിനിടയിൽ, രാജഗോപാലന്റെ ക്യാമറ ഊട്ടിയുടെ പ്രകൃതിസൗന്ദര്യത്തിൽ മതിമറന്നുനിന്നുപോയ സന്ദർഭങ്ങളും ഉണ്ട്. കഥയുടെ വികാരാവേശങ്ങൾ നിലനിറുത്തുന്നതിൽ എം. എൻ. അപ്പുവിന്റെ പ്രസാധനകല നിർവഹിച്ച പങ്കും എടുത്തുപറയണം.

പാതിരാസൂര്യനിൽ ജയഭാരതി

കഥ ആരുടെ?

പാതിരാസൂര്യനുവേണ്ടി ശ്രീകുമാരൻ തമ്പി രചിച്ച ഗാനങ്ങൾക്കു ലയഭംഗിയുണ്ട്. അവ അർത്ഥസമ്പുഷ്ടങ്ങളുമാണ്. യേശുദാസ് പാടിയ 'പാതിരാസൂര്യനുദിച്ചു നിൻ പറുദീസ നരകമെന്നറിഞ്ഞു' എന്ന ശീർഷകഗാനവും 'സൗഗന്ധികങ്ങളേ വിടരുവിൻ, സമാധിയിൽ നിന്നുണരുവിൻ' എന്നതും കൂട്ടത്തിൽ തലയുയർത്തി നിൽക്കുന്നു.

ഭാഗ്യദീപം തന്നെയാണ് ഈ ചിത്രത്തിന്റെ കഥയും തിരക്കഥയും സംഭാഷണവും രചിച്ചതെന്നു് ടൈറ്റിലുകൾ. സത്യം പറഞ്ഞാൽ അതു തട്ടിപ്പല്ലേ? ഇതിന്റെ മൂലം അന്വേഷിക്കാൻ പശ്ചിമഘട്ടം കയറിമറിഞ്ഞാൽ മതിയോ, അതോ ഏഴാംകടലിനക്കരെയെത്തണോ? ഈശ്വരനറിയാം. "അപ്പം തിന്നാൽപ്പോരേ, കുഴിയെണ്ണണോ?' എന്നു ചോദിക്കാം: കുഴിയും എണ്ണണം. എന്നാലേ ഇന്നത്തെ തലമുറയ്ക്കു തൃപ്തിയാവൂ.

വി. സി. വിപ്ലവം

(9–ാം പേജിൽ നിന്നു തുടർച്ച)

ളായതുകൊണ്ടാണല്ലോ ഇന്ദിരാകോൺഗ്രസ് നേതാവായ അദ്ദേഹം ഈ വാദം ഉന്നയിക്കുന്നതു്. ഭരണകക്ഷികളുടെ അഭിപ്രായം "ബാഹ്യസ്വാധീന"മാണെങ്കിൽ അദ്ദേഹത്തിന്റെ അഭിപ്രായമോ? വിദ്യാഭ്യാസ വിദഗ്ധനായതുകൊണ്ടല്ല, ഇന്ദിരാ കോൺഗ്രസ് നേതാവായതുകൊണ്ടാണല്ലോ അദ്ദേഹത്തിനു യു. ജി. സി. നോമിനിയാകാൻ കഴിഞ്ഞതു്. അദ്ദേഹം ഇത്രയും ഉയർന്ന ഒരു അക്കാഡമിക് കമ്മിറ്റിയിൽ കടന്നുകൂടിയതു് "ബാഹ്യസ്വാധീനം"മൂലം അല്ലെന്നു പറയാൻ കഴിയുമോ? ഈ കാര്യത്തിൽ "ബാഹ്യസ്വാധീനം" ആദ്യം കടന്നുവന്നതുതന്നെ ആ വഴിക്കാണുതാനും.

പാനൽ കമ്മിറ്റിയുടെ ശിപാർശകൾ ജൂൺ 30–ാം തീയതി ഗവർണക്കു് സമർപ്പിക്കപ്പെട്ടു. അപ്പോൾ സ്ഥലത്തില്ലായിരുന്ന ഗവർണർ ജൂലൈ 5–ാം തീയതിയാണ് തലസ്ഥാനത്തു് എത്തിച്ചേർന്നതു്. അന്നുതന്നെ പ്രതിപക്ഷനേതാവു് കെ. കരുണാകരൻ ഗവർണറെ സന്ദർശിക്കുകയും ചെയ്തു. ഇത്ര ധൃതിപിടിച്ച് പ്രതിപക്ഷ നേതാവിനു് ഗവർണറെ പോയിക്കാണാൻ പ്രാധാന്യമുള്ള ഒരു സാഹചര്യമല്ല അപ്പോൾ നിലവിലിരുന്നതു്. വി സി. നിയമനക്കാര്യത്തിൽ സ്വന്തം കക്ഷിയുടെ അഭിപ്രായം ഗവർണറെ അറിയിക്കാനാണ് അദ്ദേഹം അത്ര വേഗം ചെന്നതെന്നു് അനുമാനിക്കാവുന്നതേയുള്ളൂ. ഡെൽഹിയിൽനിന്നുതന്നെ ചില ഉന്നതന്മാർ വി. സി. നിയമനത്തെപ്പറ്റി ഗവർണറുമായി സംസാരിച്ചിരുന്നുവെന്നു് ഒരു ശ്രുതിയുണ്ട്. ഡോക്ടർ വർഗീസിന്റെ പേരിനെ എതിർത്തുകൊണ്ടും പാനൽ അസാധുവായി പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടും ഗവർണർക്കു് കത്തു നൽകിയ ഇന്ദിരാ കോൺഗ്രസ് നേതാവും പാനൽ കമ്മിറ്റി അംഗവുമായ വി. കെ. കര്യൻ, പെട്ടെന്നു് ആ അഭിപ്രായം മാറ്റുകയും ഡോക്ടർ വർഗീസിന്റെ പേരു് ശിപാർശചെയ്തുകൊണ്ടു് മറ്റൊരു കത്തുകൂടി ഗവർണക്കു നൽകുകയും ചെയ്തുവെന്നും കേൾക്കുന്നുണ്ട്.

അങ്ങനെ ജൂലൈ 5–ാം തീയതി തന്നെ ഡോക്ടർ വർഗീസിനെ വൈസ് ചാൻസലറായി നിയമിച്ചുകൊണ്ടു് ഗവർണർ ഉത്തരവു പുറപ്പെടുവിച്ചു; മന്ത്രിസഭയോടു് വി. സി. നിയമനത്തെപ്പറ്റി ഒന്നും ആലോചിക്കാതെ.

കേരള സർവകലാശാലയുടെ ചരിത്രത്തിൽ, ഇവിടത്തെ കോളേജുകളിലൊന്നിൽ പഠിപ്പിച്ചിരുന്ന അത്ര സീനിയറല്ലാത്ത ഒരു പ്രൊഫസർ വൈസ്ചാൻസലറാകുന്നതു് ആദ്യമാണ്. ഡോക്ടർ വർഗീസിനേക്കാൾ സീനിയോറിറ്റിയുള്ള അനേകം പ്രൊഫസർമാർ ഈ സർവ്വകലാശാലയിലെ വിവിധ ഡിപ്പാർട്ടുമെന്റുകളിലും കോളേജുകളിലും ഉണ്ട്. അവരിൽ പലർക്കും ഒന്നിലധികം ഗവേഷണബിരുദങ്ങൾ ഉണ്ട്. പലരും അവരുടെ വിഷയത്തിൽ വളരെ ആധികാരികമായി കരുതപ്പെടുന്ന ഗ്രന്ഥങ്ങളും പ്രബന്ധങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. പലരും വിദ്യാഭ്യാസരംഗത്തും, ആംഗലസാഹിത്യത്തിൽത്തന്നെയും അസൂയാവഹമായ അംഗീകാരം ലഭിച്ചുകഴിഞ്ഞിട്ടുള്ളവരുമാണ്.

പ്രഭാത് ന്യൂസ്റ്റിൽ

ഒ. എൻ. വി. യുടെ കൃതികൾ

നീലക്കണ്ണുകൾ (കവിത)
പേജ്: 48. വില: രൂപ 2.00.

അനന്തമായ ദുഃഖത്തിൻെറ നിത്യഹരിതഭൂമിയാണ് തേയിലക്കാടുകൾ. അവിടെ കൊളുന്തിറുത്തും. കണ്ണുനീരു വിഴുങ്ങിയും ചാട്ടവാറടിയേററും ആയുസ്സു ഹോമിക്കുന്ന ആയിരങ്ങളുടെ കദനകഥയാണ് നീലക്കണ്ണുകൾ. ശക്തിയുടെയും സൗന്ദര്യത്തിൻെറയും ഉപാസകനായ ഒ. എൻ. വി. യുടെ ശ്രദ്ധേയമായ ഖണ്ഡകാവ്യത്തിൻെറ പുതിയ പതിപ്പ്.

ദാഹിക്കുന്ന പാനപാത്രം
(കവിത)
പേജ്: 176. വില: രൂപ 6.50.

ഗാനാത്മകതയും, വികാരസാന്ദ്രതയും സംക്ഷിപ്തമോഹനതയും ഒത്തിണങ്ങിയ മുപ്പത്തിയാറ് ഭാവഗീതങ്ങളുടെ സമാഹാരം. ഒരു പുത്തൻ സാമൂഹ്യനീതിക്കുവേണ്ടിയുള്ള 'തുയിലുണർത്തു'പാട്ടുകൾ കൂടിയാണിവ. പ്രൊഫ: ജോസഫ് മുണ്ടശ്ശേരിയുടെ പ്രൗഢോജ്ജ്വലമായ അവതാരിക.

ഗാനമേള (ഗാനസമാഹാരം)
പേജ്: 100. വില: രൂപ 5.50.

മലയാളനാടകവേദിയുടെ ആത്മാവിൽ തുടിച്ചു നിൽക്കുന്ന മാനവചേതനയുടെ മധുരനാദ മലർമഞ്ജരികളായ നൂറു ഗാനങ്ങളുടെ സമാഹാരം. പാണൻെറ തുടിയുടെ ഈണവും ഓണവില്ലിൻെറ നാദവും മുളങ്കാടുകളുടെ മർമ്മര ധ്വനിയും ഇതിൽ ലയിച്ചുചേർന്നിരിക്കുന്നു.

ഗാനകേളി
(ചലച്ചിത്രഗാനങ്ങൾ)
പേജ്: 83. വില: രൂപ 3.50.

ആഴിത്തിരയുടെ താളവും പൂവിലുണരുന്ന ഉഷസ്സിൻെറ ആദിമചുംബന സീൽക്കാരവുമുള്ള കാവ്യാത്മകങ്ങളായ 101 ചലച്ചിത്ര ഗാനങ്ങളുടെ സമാഹാരം.

പ്രഭാത് ബുക്ക് ഹൗസ്
[illegible] തിരുവനന്തപുരം 695024
[illegible] 66568, 66616, കേബിൾ: പ്രഭാത്
[illegible] കൊല്ലം, ആലപ്പുഴ, എറണാകുളം,
[illegible] പാലക്കാട്, കോഴിക്കോട്, കണ്ണൂർ

തരംഗിണി മാസിക

നാലു നോവലുകൾ

നിഴലിൻെറ വെളിച്ചം : രാജൻ ചിന്നങ്ങത്ത്
ദുഃഖപുത്രി : ആനന്ദവല്ലി
പ്രതിമയ്ക്കുകത്തെ രഹസ്യം : മായാദാസൻ
പുനർജന്മം : യതീന്ദ്രൻ കാരയിൽ

കൊച്ചുബാവയുടെ കൊച്ചുകഥകൾ, സിംഫണി ചന്ദ്രൻെറ "ഹാസ്യമാണ് പക്ഷേ—" (കാർട്ടൂൺ) നളിനീകാന്തൻെറ 'എത്രയെത്ര അറിയപ്പെടേണ്ടവർ' എന്നീ സ്ഥിരം പംക്തികൾ. ചമ്പൽക്കാട്ടിലെ ഫൂലാൻദേവിയെന്ന കൊള്ളക്കാരിയുടെ കഥ ദിവാകരൻ പാണ്ടൂർ തുടർച്ചയായെഴുതുന്നു.

വില ഒരു രൂപ

പി. ഒ. എടമുട്ടം
തൃശ്ശൂർ ജില്ല–680568

READ

RATHNABALA

CHILDREN'S ILLUSTRATED TAMIL
MONTHLY MAGAZINE
Post Box No. 17
SIVAKASI 626123.

For Presentation Articles

GIFT HOUSE

Main Road, QUILON-1.
Phone No. 3506

Somsons

വിവാഹത്തിനു മുൻപും പിൻപും

ഉണ്ടാവുന്ന എല്ലാ രഹസ്യവ്യാധികളേയും നാഡി തളർച്ച, ബലഹീനത, ധാതുക്ഷയം, മൂത്രാശയ രോഗങ്ങൾ ഇവകളേയും മാററി നവചൈതന്യം ഉണ്ടാക്കുന്നതാണ്. ഇന്നു തന്നെ ഇന്ത്യയിൽ പ്രസിദ്ധപ്പെട്ട ലൈംഗികരോഗവിദഗ്ധൻ Dr.M. S. സർക്കാറിനെ (Govt. Regd.) സമീപിക്കുക. എല്ലാ ദിവസവും ചികിത്സിക്കുന്നു.

ഡോ: M. S. സർക്കാർ
ഡിസ്പെൻസറി
മണക്കാട്ട് മാർക്കററ്, കോർപ്പറേഷൻ നഴ്സറി സ്കൂളിനു പുറകുവശം, കരുമം റോഡ്, തിരുവനന്തപുരം.

സ്ത്രീകൾക്ക്

ലാവണ്യകല്പം

Licence No. 31/25 D/80

പ്രസവരക്ഷയ്ക്ക് അത്യുത്തമം
സ്രാവരോഗങ്ങൾക്കു ഫലപ്രദം
(പഥ്യമാചരിക്കേണ്ടതില്ല)

ആയുർവ്വേദാചാര്യ—
കെ. കുഞ്ഞുരാമൻ വൈദ്യൻ
(Gold Medalist)

പൗരസ്ത്യ ഫാർമസി
& സേവാസദനം
ക്ലിനിക്
P. O. Perinad (691 601), Quilon
Phone: 2859



ദീർഘകാല സുഖാനുഭൂതി
അത്യാകർഷകമായ ശരീരകാന്തി
ഉന്മാദം ചൊരിയുന്ന പരിമളം
ഇവ നൽകുന്നു റോച്ചാസ്

റോച്ചാസ്

റോച്ചാസ് ലെവൻഡർ,
റോസ് സാൻഡൽ
ബ്യൂട്ടി ടാൽക്,
ബ്യൂട്ടി ക്രീം, ഷാംപൂ
(ടോണിക്, ലെമൺ
പുതിയ ഫോർമുല).
എഗ് പ്രോട്ടീൻ

മില്ലററ് റോച്ചാസ്
(പ്രൈ) ലിമിററഡ്.
മദ്രാസ്-600034.
ഫോൺ: 85016 ● 87773.

മുത്തശ്ശി അമേരിക്കയിൽ

(49-ാം പേജിൽനിന്നു തുടർച്ച)

കാലങ്ങളായി തുമ്പ കാണാത്ത വീതിയുള്ളൊരു തോട്ട്. അരികുചേർന്ന ധാരാളം കെട്ടുവള്ളങ്ങൾ. കള്ളിമുണ്ട് ഞെറിഞ്ഞുടുത്ത് ചട്ടയുമിട്ട ക്രിസ്ത്യാനി പെണ്ണുങ്ങൾ—പാവാടപ്രായക്കാർ. എന്നുവേണ്ട ജാതിമതഭേദമില്ലാതെ ഉഷാറായി എല്ലാവരും ജോലി ചെയ്യുന്നു. ചീഞ്ഞമടല് തല്ലുന്നു. ഇതു കണ്ടപ്പോൾ വീടിനടുത്തുള്ള അടിച്ചിലിക്കടവെന്ന മടലുതല്ലുസ്ഥലമാണ് ഓർമ്മവന്നത്. മദ്ധ്യവയസ്സനായ ഒരുത്തൻ റാട്ടുപിരിക്കുന്നു. അയാൾ അല്പം ശേലായിട്ടാണ് ഇരിപ്പ്. ആരോഗ്യമുള്ള തെങ്ങുകളിൽ നിന്ന് നല്ലിളം കള്ള് ഇറക്കുന്ന സമയമാണ്. ഉണങ്ങിയ ചകിരിക്കെട്ടുകൾ ഒരു കൂട്ടർ വള്ളത്തിൽ കേറ്റുമ്പോൾ വേറൊരുകൂട്ടർ റാട്ടിൽപിരിച്ച കയറുകെട്ടുകളുമായി വേറൊരു വള്ളത്തെ സമീപിക്കുന്നു. ഈ സമയമത്രയും നമ്മുടെ റാട്ടുപിരിക്കാരൻ നല്ലൊരു മൂളിപ്പാട്ടും ശൃംഗാരച്ചിരിയുമായി കൊച്ചുചട്ടയിട്ട ചെറുപ്പക്കാരികളെ നോക്കി നോക്കി രസിക്കുന്നു. തലയിലൊരു വട്ടക്കെട്ടും കഴുത്തിൽ കാശുരൂപവും. അമ്പട രസികാ! എന്നു പറയാൻ തോന്നി.

അടുത്തത് മത്സ്യത്തൊഴിലാളി രംഗമാണ്. ഏതായിരിക്കുമോ ആ കടപ്പുറം. മീൻപിടിത്തക്കാരുടെ കടലിലേക്കുള്ള പുറപ്പാടും മീനുംകൊണ്ടുള്ള കുതിച്ചുവരവും. കടപ്പുറത്തേക്ക് വള്ളം കേറുന്നതോടെ ചാവാലിപ്പട്ടികൾ മുതൽ എല്ലാവരും ഉത്സാഹഭരിതരാകുന്നു. കൊട്ടക്കൽ വാങ്ങൽ, ഉന്തും തള്ളും, കുട്ടികളുടെ കള്ളത്തരങ്ങൾ എല്ലാം, ഇവിടെ വച്ചു കാണാത്തത് അമേരിക്കയിലെ സ്പേസ് മ്യൂസിയത്തിലിരുന്നു കണ്ടു രസിച്ചു.

അവസാനത്തേത് യന്ത്രയുഗമാണ്. അവിടെ മനുഷ്യപ്രയത്നമില്ല. എല്ലാം യന്ത്രങ്ങളും തീയും പുകയും. മനുഷ്യരുടെ തിരക്കിട്ട ഓട്ടം. കാറുകളും ജീപ്പുകളും ട്രക്കുകളുമെല്ലാം ചീറിപ്പായുന്നു. അപകടങ്ങൾ പലതും സംഭവിക്കുന്നു.

നമ്മുടെ ഔസേപ്പോ, തോട്ടുവക്കത്തുള്ള ഷെഡ്ഡിൽ ഇരുന്ന് സുഖശീതളമായകാറേററ് റാട്ടുപിരിക്കുന്നു.

(തുടരും)

●

പൂക്കച്ചവടം: അമേരിക്കൻ സ്റ്റൈൽ

(15-ാം പേജിൽനിന്നു തുടർച്ച)

യിൽ പൂക്കളിറക്കും. അമേരിക്കയിലെ പ്രശസ്തങ്ങളായ യൂണിവേഴ്സിററികളിൽ നിന്ന് സയൻസിലും ബിസിനസ്സിലും ഉന്നതബിരുദങ്ങൾ നേടിയവരുടെ മേൽനോട്ടത്തിലാണ് ഈ വിളവെടുപ്പ്. കൊളംബിയായിലെ ഇൻവേഷൻസ് ടാർഗായുടെ ഉടമസ്ഥൻ ഹെർനാഡോ കെയ്സീഡോ പറയുന്നു: "പുഷ്പവ്യവസായം മറെറന്തിനെക്കാളുമുപരി മാനേജ്മെൻറിനെ ആശ്രയിച്ചിരിക്കുന്നു. ഹാർവാർഡിലും സ്റ്റാൻഫോർഡിലുംനിന്നു പിഎച്ച്. ഡി. എടുത്തവരാണ് എൻെറ കീഴിൽ ജോലി ചെയ്യുന്നത്."

കണ്ണിനിമ്പം തരുന്ന റോസ്, ലവംഗം, ജമന്തി, ലില്ലി, ക്രിസാന്തമം എല്ലാം പൂത്തുലയുന്ന ഹരിതഗൃഹങ്ങൾക്കു പിന്നിൽ സാങ്കേതിക പരിജ്ഞാനത്തിൻെറയും കഠിന പരിശ്രമത്തിൻെറയും ചരിത്രമുണ്ട്. സുസജ്ജമായ ലബോറട്ടറികളിൽ വിവിധയിനം പൂക്കളുപയോഗിച്ചുള്ള പരീക്ഷണങ്ങൾ അനസ്യൂതം നടക്കുന്നു. ഏതുതരം ചെടിയാണു നട്ടുവളർത്തേണ്ടതെന്ന് പരീക്ഷണശാലകൾ നിശ്ചയിക്കുന്നു. കീടങ്ങളിൽ നിന്നും രോഗങ്ങളിൽനിന്നും അപകടമുണ്ടാകാതെ കാത്ത് വളർത്തിയെടുക്കുന്ന പൂച്ചെടികളിലെ പൂക്കൾ തരംതിരിക്കേണ്ടതുണ്ട്. ഓരോ ഘട്ടത്തിലും മനുഷ്യൻെറ കൈവിരലുകൾ തന്നെ വേണം. യന്ത്രം അകന്നുനിൽക്കേണ്ട ഒരു തുറയാണ് പൂക്കളുടെ ലോകമെന്നു പറയാം. പൂക്കൾ പായ്ക്കുചെയ്തു കയററിഅയയ്ക്കുംമുമ്പ് അതിദ്രുതമായ ശീതീകരണത്തിനു വിധേയമാകുന്നു; ലക്ഷ്യസ്ഥാനത്തെത്തും മുമ്പേ ഇതൾ വാടാതിരിക്കാൻ. ട്രക്കുകളിലും കപ്പലുകളിലും വിമാനത്തിലുമായി മണമുള്ള ഈ നിറക്കൂട്ടുകൾ സഞ്ചരിക്കുന്നു. അവ തിടുക്കത്തിലാണ്: അകലങ്ങളിലെവിടെയോ ഒരു വിവാഹം, ഒരു മരണം, ഒരു സമാഗമം! ചെന്നെത്തേണ്ടതുണ്ട്.

നിങ്ങളുടെ വീട്ടിൽ ഒരു ഡോക്ടർ

ഡോ: ജി. വേലായുധൻ എം. ഡി.

മി. ടി. പി. ഡി—നെയ്യാററിൻകര

ചോദ്യം:

എൻെറ കാലിൻെറ ഒടികളിൽ (കാലുകളും അരക്കെട്ടും സന്ധിക്കുന്ന ഭാഗങ്ങളിൽ) പലപ്പോഴും ചൊറിഞ്ഞുപൊട്ടുന്നു. വിവിധ ഡോക്ടർമാരുടെ നിർദ്ദേശപ്രകാരം Pragmatart, Quadriderm Piodin എന്നീ Allopathic Ointmentകളും Mahathikthalepam എന്ന ആയുർവേദിക് ഓയിൻറ്മെൻറും ഉപയോഗിച്ചുനോക്കി. ഒരു ശമനവുമില്ല. പലപ്പോഴും ഇതു കുറയാറുണ്ടെങ്കിലും മരുന്നു നിറുത്തിക്കഴിഞ്ഞാൽ വീണ്ടും ഉണ്ടാകുന്നു. മേല്പറഞ്ഞ മരുന്നുകൾ എല്ലാംതന്നെ ഒരു മാസത്തോളം തുടർച്ചയായി ഉപയോഗിച്ചുനോക്കിയിട്ടുള്ളതാണ്. ഇതിന് ഒരു പ്രതിവിധി നിർദ്ദേശിച്ചുതരുമെന്നു വിശ്വസിക്കുന്നു.

ഉത്തരം:

നിങ്ങൾ ഒരു നല്ല ത്വഗ്‌രോഗവിദഗ്ദ്ധനെ സമീപിക്കണം.

മി. ആർ. ജെ.—ആലപ്പുഴ

ചോദ്യം:

20 വയസ്സുപ്രായമുള്ള അവിവാഹിതനായ ഒരു യുവാവാണു ഞാൻ. എന്നെ അലട്ടുന്ന പ്രധാന പ്രശ്നം ഇതാണ്; ഉറക്കത്തിൽ സ്വപ്നസ്ഖലനം ഉണ്ടാകുന്നതല്ലാതെ സ്വയംഭോഗത്തിനു ശ്രമിക്കുമ്പോൾ ബീജം പുറത്തേക്കു വരുന്നില്ല. ഇത് വല്ല രോഗവുമാണോ?

ഉത്തരം:

ഇതു പല കാരണങ്ങളാലാകാം. സ്വയംഭോഗം നടത്തുന്നതുവഴി വികാരം മൂർധന്യാവസ്ഥയിൽ എത്താത്തതുകൊണ്ടാവാം. മാനസികമായ കാരണങ്ങളാലും ഇങ്ങനെ സംഭവിക്കാം. അപൂർവ്വമായി ചിലർക്കു ശുക്ലം സ്ഖലിക്കുന്നത്, ലിംഗാഗ്രത്തിൽക്കൂടി പുറത്തുവരാതെ മൂത്രാശയത്തിലേക്കു ഒഴുകിപ്പോകുന്നു. ഇതു മൂത്രം പരിശോധിച്ചാൽ അറിയാവുന്നതാണ്. ഒരു ഡോക്ടറെ കണ്ടു പരിശോധിപ്പിക്കണം.

മിസ് ടി. കെ. ആർ.—പേട്ട

ചോദ്യം:

19 വയസ്സുള്ള അവിവാഹിതയായ എനിക്ക് എല്ലാ മാസവും ആർത്തവം ഉണ്ടാകാറില്ല. കൃത്യമായ തീയതി കഴിഞ്ഞാണ് എനിക്കു മിക്കപ്പോഴും ആർത്തവം ഉണ്ടാകാറുള്ളത്. ഞാനൊരു ഹോമിയോ ഡോക്ടറെ കണ്ടു. ഡോക്ടർ എന്നെ പരിശോധിച്ച് കഴിക്കാൻ ഹോമിയോ പിൽസ് തന്നു. രണ്ടുമൂന്നുമാസം കൃത്യസമയത്തു് ആർത്തവം ഉണ്ടായി. പിന്നീട് പഴയതുപോലെ നിലച്ചു പോകുകയാണ്. 45, 50 ഈ ദിവസങ്ങളാകുമ്പോഴാണ് പിന്നീട് ആർത്തവം ഉണ്ടാകാറുള്ളത്. 9-ാം ക്ലാസ് പഠിത്തമുള്ള എനിക്ക് ഉമ്മ ഈവക കാര്യങ്ങളൊന്നും പറഞ്ഞു മനസ്സിലാക്കിത്തരുകയില്ല. അനിയത്തി എന്നോട് ഓരോ പ്രശ്നവും ചോദിക്കുന്നു. എന്താണു പറയേണ്ടതെന്നറിയാതെ ഞാൻഅവളുടെ മുന്നിൽ തോൽക്കുകയാണ്. ആർത്തവം ഉണ്ടാകാറാകുമ്പോൾ ഹോമിയോ ഗുളികകഴിക്കുന്നതു നല്ലതാണോ? എന്താണ് എനിക്ക് ആർത്തവം എല്ലാമാസവും ഉണ്ടാകാത്തതു്?

ഉത്തരം:

ചില പെൺകുട്ടികൾക്ക് ആർത്തവം താമസിച്ചുണ്ടാകുന്നത്, പ്രത്യേകിച്ചും ആർത്തവം തുടങ്ങി, അതായത് പുഷ്പിണിയായി കുറച്ചു കാലത്തേക്ക് പത്തും പതിനഞ്ചും ദിവസമൊക്കെ ആർത്തവം താമസിച്ചുവരുന്നത്, സാധാരണമാണ്. ആർത്തവം താമസിച്ചുവരുന്നതിൽ കൂടുതൽ ഉൽക്കണ്ഠ—മനഃപ്രയാസം തോന്നിയാൽ അതുകാരണമായി മാത്രം ആർത്തവം കൂടുതൽ കൂടുതൽ താമസിച്ചുണ്ടാകുന്നതാണ്. ആർത്തവം ഉണ്ടാകുമ്പോൾ അതിൻെറ ആരംഭത്തിൽ വയററിൽ വേദന അനുഭവപ്പെടുന്നത് അണ്ഡാശയത്തിൽ അണ്ഡം ഉല്പാദിപ്പിക്കപ്പെടുന്നു എന്നതിനു തെളിവാണ്. വേദന അനുഭവപ്പെടാത്തവർക്ക് അണ്ഡം ഉണ്ടാകുന്നില്ലെന്നു പറയുന്നതു ശരിയല്ല. ആർത്തവത്തോടുകൂടി വേദന അനുഭവപ്പെടുന്നുണ്ടെങ്കിൽ, ആർത്തവം കുറച്ചൊക്കെ താമസിക്കുന്നതു തീരെ കാര്യമാക്കാനില്ല. വേദന അനുഭവപ്പെടുന്നില്ലെങ്കിൽ തന്നെയും പത്തൊമ്പതുവയസ്സുമാത്രം പ്രായമായ നിങ്ങൾ ആർത്തവം താമസിച്ചുണ്ടാകുന്നതിനെപ്പററി ആലോചിച്ചു വിഷമിക്കേണ്ടതില്ല. പലപ്പോഴും വിവാഹാനന്തരം ഇതു താനേ ക്രമപ്പെട്ടുകൊള്ളും. വിവാഹാനന്തരം ഒരു വർഷത്തിനകം ഗർഭധാരണം നടന്നില്ലെങ്കിൽ മാത്രമേ ഇതേപ്പററിയുള്ള അന്വേഷണങ്ങളും ചികിത്സകളും ആവശ്യമുള്ളു.

മി. പി. പി. എസ്.—കൊച്ചി

ചോദ്യം:

ഞാൻ 19 വയസ്സുള്ള ഒരു കോളേജ് വിദ്യാർത്ഥിയാണ്. നാലു വർഷം മുമ്പാരംഭിച്ചതാണ് ഹസ്തമൈഥുനം. ദിവസവും ഒന്നും രണ്ടും പ്രാവശ്യം ഈ പ്രക്രിയയിൽ ഏർപ്പെടുന്നു. എൻെറ ശരീരം വളരെ ശോഷിച്ചതു് ഇതുകാരണമാണെന്നു ഞാൻ വിശ്വസിക്കുന്നു. ഇപ്പോൾ ഇതു നിറുത്തിയാൽ കൊള്ളാമെന്നാഗ്രഹിക്കുന്നു. സ്വയം നിയന്ത്രിക്കാം എന്നുവച്ചാൽ പരമാവധി രണ്ടുദിവസംവരെ നിൽക്കും. ഇതു തടയാൻ പ്രത്യേക മരുന്നുവല്ലതുമുണ്ടോ?

ഉത്തരം:

ഹസ്തമൈഥുനം കൊണ്ടു ദേഹം മെലിയാൻ കാരണമില്ല. എന്നാൽ ഹസ്തമൈഥുനം ശരീരത്തിനു ദോഷമാണെന്നുള്ള ഭയവും അതേസമയം ഹസ്തമൈഥുനം നിറുത്താൻ കഴിയാതെ വരുന്നതും ചില മാനസികവും ശാരീരികവുമായ പ്രയാസങ്ങൾക്കു കാരണമാകാം. സ്വയം നിയന്ത്രിക്കാൻ ശ്രമിക്കുകയും ലൈംഗികവികാരങ്ങൾ ഉത്തേജിപ്പിക്കുന്ന ചിന്തകളും സാഹചര്യങ്ങളും ഒഴിവാക്കുകയുമല്ലാതെ ഹസ്തമൈഥുനംതടയാൻ മററു യാതൊരു മാർഗ്ഗങ്ങളുമില്ല; മരുന്നുകളുമില്ല.

Published by M. S. Sreenivasan on behalf of Laisa Publications Private Ltd., Trivandrum-695024 and printed by him at Ravi Printers & Publishers Pvt. Ltd., KAUMUDI BUILDINGS Trivandrum-695024. Editor: M. S. MANI

Business Executives

BOMBAY-Mrs Mrinalini Hegde
phone: Office 230313 Res: 816622

CALCUTTA-Mrs. Aloka Guha
Phone: 456750

MADRAS-Mrs. Nirmala Menon
Phone: Office 86649 Res: 81407

NEW DELHI-Mrs. Deepak Dawar
Phone: Office 385311 Res: 618000

BANGALORE-Mrs. Mini Jayaprakash
Phone: Office 576808 Res: 55169

COCHIN
Mrs. Mangala Nayak
Phone: Office 37228 Res: 37234